# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

2019 ഏപ്രിൽ-ജൂൺ

പുസ്തകം 29, ലക്കം 2

പ്രത്യേക പതിപ്പ്

ܝܘܒܠܐ

# യൂബോലൊ



അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് തിരുമേനിയുടെ യാത്രയയപ്പും
അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയുടെ സ്ഥാനാരോഹണവും



ജൂൺ 15ന് ഷഷ്ടിപൂർത്തിയാഘോഷിച്ച
അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ
ക്ലീമീസ് കാതോലിക്കാ ബാവായക്ക്

## മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ
## ജന്മദിനാശംസകൾ



ഔദ്യോഗിക ജീവിതത്തിൽ നിന്നും
വിരമിച്ച അഭിവന്ദ്യ ക്രിസോസ്റ്റം പിതാവിന്



പത്തനംതിട്ട ഭദ്രാസനത്തിന്റെ ദ്വിതീയ ഇടയനായി
ചുമതലയേറ്റ അഭിവന്ദ്യ ഐറേനിയോസ് പിതാവിന്

## മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ
## പ്രാർത്ഥനാശംസകൾ

# വിമലനാദം

മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

2019 ഏപ്രിൽ-ജൂൺ

പുസ്തകം 29, ലക്കം 2


## പണിപ്പുരയിൽ


റവ. ഫാ. പൗലോസ് കിഴക്കിനേടത്ത്

റവ. ഫാ. വർഗീസ് പന്തിരായിത്തടത്തിൽ

റവ. ഫാ. തോമസ് ആറ്റുമാലിൽ

റവ. ഫാ. കുര്യാക്കോസ് കറുത്തേടത്ത്

റവ. ഫാ. ജോർജ്ജ് അറയ്ക്കമ്യാലിൽ

ശ്രീ. പീറ്റർ കീയാലിൽ

ശ്രീ. എഡിസൺ ജി. വർഗീസ്

ശ്രീ. എബീഷ് കൂരാപ്പിള്ളിൽ

സാങ്കേതിക സഹായം

ബ്രദർ പൗലോസ് പരിയാരത്ത്





'യൂബോലൊ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം പിന്തുടർച്ച, കൈമാറ്റം എന്നാണ്. പഴയ നിയമത്തിലും പുതിയ നിയമത്തിലും പിന്തുടർച്ചയെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിച്ചിരുന്നു. സുറിയാനി സഭയിൽ അപ്പസ്തോലിക - പൗരോഹിത്യ പിന്തുടർച്ചയെയും വിശ്വാസ കൈമാറ്റത്തെയും സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിക്കുന്നു.


Lay out and Design
Italix Design Print Media
Thodupuzha. Mob: 9207737774

Printed & Published by,

Editor, Vimalanadam
Muvattupuzha Diocesan Centre,
Mudavoor P.O., Muvattupuzha - 685 669
vimalanadam@gmail.com

# മലങ്കര സുറിയാനി കത്തോലിക്കാ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ

## മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മെത്രാനായി
## അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ നിയമനം

Prot. No. 02/2019

# ഉത്തരവ്

മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാ ബാവാ**

**സഭയുടെ ശാശ്വത നന്മയ്ക്കായി**

*സ്വയംഭൂവും സർവശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിന് സ്തുതി!*

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയാമെത്രാനും, യൂറോപ്പ്-ഓഷ്യാനിയ എന്നിവിടങ്ങളിലെ അപ്പസ്തോലിക് വിസിറ്റേറ്ററും, മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ കോ-അഡ്ജുത്തോർ ബിഷപ്പുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായ്ക്ക് അഭിവാദനങ്ങളും ശ്ലൈഹിക ആശീർവാദവും!

അഭിവന്ദ്യനായ സഹോദരാ,

ദൈവം തന്റെ അജഗണമായ സഭയ്ക്ക് എല്ലായ്പ്പോഴും ഇടയന്മാരെയും, നേതാക്കന്മാരെയും നൽകുന്നു. നമ്മുടെ സംപൂജ്യ സഹോദരൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്തായുടെ വിരമിക്കലിനുശേഷം മൂവാറ്റുപുഴ ഭദ്രാസനത്തിലെ ആത്മാക്കളുടെ ജാഗ്രതയുള്ള ഒരു ഇടയനെ ഭദ്രാസനത്തിന് നൽകുന്നതിലേയ്ക്ക് ഇപ്പോൾ നമ്മുടെ ശ്രദ്ധ തിരിക്കുന്നു. "എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്കു തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും" (ജെറ. 3: 15) എന്ന തിരുവചനത്തെ അടിസ്ഥാനമാക്കി പരിശുദ്ധ സുന്നഹദോസ് പിതാക്കന്മാർ ഒരുമിച്ചുകൂടി. താങ്കൾ, അനുയോജ്യമായ ബൗദ്ധിക പരിശീലനവും നമ്മുടെ സഭയുടെ വിവിധ പ്രേഷിത മേഖലകളിൽ അജപാലന അനുഭവ സമ്പത്തും മാതൃകാ പൗരോഹിത്യ ഗുണവിശേഷണങ്ങളുമുള്ള മെത്രാനായി 2017-ൽ നിയമിതനായതിനാൽ, 2019 മാർച്ച് മാസം 11 മുതൽ 15 വരെ കൂടിയ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനവും തെരഞ്ഞെടുപ്പും അനുസരിച്ച്, പൗരസ്ത്യ സഭാനിയമസംഹിതയിലെ 213 §2, 85 §2, 86 §1 & §2 കാനോനകൾ പ്രകാരം, നാം, മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കാ ബാവാ, ഇതിനാൽ, താങ്കളെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മെത്രാനായി നിയമിക്കുന്നു. ഈ ശുശ്രൂഷയും പദവിയും ഉൾക്കൊള്ളുന്ന എല്ലാ അവകാശങ്ങളും കടമകളും താങ്കൾക്ക് ഉണ്ടായിരിക്കുന്നതാണ്. പൗരസ്ത്യ സഭകളുടെ കാനോനസംഹിതയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക നിയമങ്ങളും നിയമാനുസൃതമായ ആചാരങ്ങളും അനുശാസിക്കുന്ന എല്ലാ കാര്യങ്ങളും നിർബന്ധമായി പാലിക്കുവാനും സംരക്ഷിക്കുവാനും അനുഷ്ഠിക്കുവാനും താങ്കൾ കടപ്പെട്ടിരിക്കുന്നു.

സംപൂജ്യ സഹോദരാ, സഭയിൽ, ഭദ്രാസനാദ്ധ്യക്ഷൻ എന്ന ഒരു പുതിയ ശുശ്രൂഷയിലേക്ക് താങ്കൾ ഉയർത്തപ്പെട്ടിരിക്കുന്ന ഈ വേളയിൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ മൂവാറ്റുപുഴ ഭദ്രാസനത്തിലെ ദൈവജനം മുഴുവന്റെമേലും ധാരാളമായി ചൊരിയുവാൻ താങ്കൾ തുടർന്നും പ്രവർത്തിക്കണം. താങ്കൾ സഭയിൽ 1985 മുതൽ നിർവഹിച്ചുവരുന്ന പൗരോഹിത്യ ശുശ്രൂഷയും, തിരുവനന്തപുരം മൈനർ സെമിനാരിയുടെയും, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെയും റെക്ടറായുള്ള താങ്കളുടെ സേവനവും, തിരുവനന്തപുരം മേജർ അതിഭദ്രാസന കോടതിയുടെ ജുഡീഷ്യൽ വികാരിയും ജഡ്ജിയും, മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ വൈസ്-ചാൻസിലർ, മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭാകോടതിയുടെ അദ്ധ്യക്ഷൻ എന്നീ പദവികളിലുള്ള താങ്കളുടെ ശുശ്രൂഷയും, ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ സിഞ്ചെല്ലൂസായും, സി.ബി.സി.ഐ.യുടെ കോർ-ടീം അംഗവും കോർഡിനേറ്ററുമായും, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സിഞ്ചെല്ലൂസ് എന്നീ നിലകളിലുള്ള താങ്കളുടെ സേവനവും ദൈവത്തിന്റെ ഉപരിമഹത്വത്തിനും, ദൈവജനത്തിന്റെ നന്മയ്ക്കും ഉതകുന്നവയായിരുന്നു. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മെത്രാനെന്ന പുതിയ കാനോനിക നിയോഗം, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ ബാവായായ നമ്മോടും പരിശുദ്ധ സുന്നഹദോസിനോടും ചേർന്ന്, നമ്മുടെ സഭയുടെ അഭിവൃദ്ധിക്ക് സഹായകരമാകുമെന്ന് നമുക്ക് ബോദ്ധ്യമുണ്ട്. താങ്കളുടെ മേൽപ്പട്ട ശുശ്രൂഷ നമ്മുടെ സഭയുടെ അപ്പസ്തോലിക സഭാജീവിതത്തെ ശക്തിപ്പെടുത്തുമെന്ന് നാം പ്രത്യാശിക്കുന്നു. സാർവത്രിക സഭയുടെ പിതാക്കന്മാരുടെയും മല്പാന്മാരുടെയും പ്രബോധനങ്ങളും നമ്മുടെ പുണ്യപിതാവ് ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെയും പ്രശസ്തരായ നമ്മുടെ സഭാദ്ധ്യക്ഷന്മാരുടെയും ജ്വലിക്കുന്ന പ്രവാചക തീക്ഷ്ണതയും താങ്കളുടെ കൺമുമ്പിൽ ഉണ്ടായിരിക്കണം. സുവിശേഷപ്രഘോഷണമാണ് നമ്മുടെ പ്രധാന ദൗത്യം. ഏവരേയും സാർവത്രിക സഭാകൂട്ടായ്മയിൽ ഒന്നിപ്പിക്കുക എന്നത് നമ്മുടെ സഭയുടെ ഹൃദയാഭിലാഷമാണ്. ആകയാൽ താങ്കളുടെ ശുശ്രൂഷയുടെ അവകാശങ്ങളും ചുമതലകളും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നന്മയ്ക്കായും സാർവത്രിക കത്തോലിക്കാ സഭാകൂട്ടായ്മയിലെ ദൈവജനത്തിന്റെയും പൊതുസമൂഹത്തിന്റെയും വളർച്ചയ്ക്കായും ഉപയോഗിക്കണം.

സഭയിലെ ഈ പുതിയ കാനോനിക നിയമനത്തോടുകൂടി നവസ്ഥാനാരോഹിതൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ മൂവാറ്റുപുഴ ഭദ്രാസന മെത്രാൻ എന്ന് ഔദ്യോഗികമായി അറിയപ്പെടുന്നതാണെന്ന് ഇതിനാൽ ഏവരെയും ഞാൻ അറിയിക്കുന്നു.

ഈ ഉത്തരവിന് വിരുദ്ധമായി യാതൊന്നും നിലനിൽക്കുന്നതല്ല. നമ്മുടെ ഈ ഉത്തരവും, പുതിയ സഭാശുശ്രൂഷാ ഭരമേല്പിക്കലും നമ്മുടെ അഭിവന്ദ്യ സഹോദര മെത്രാപ്പോലീത്ത യൂഹാനോൻ മാർ തെയഡോഷ്യസിന്റെ നന്മയ്ക്കും, ആഗോള സഭാകൂട്ടായ്മയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും സമ്പുഷ്ടമായ ഫലം ഉളവാക്കുമെന്ന് നാം പ്രത്യാശിക്കുന്നു. ഭദ്രാസനത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെയും സകല വിശുദ്ധരുടെയും വിശിഷ്യാ നമ്മുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും മാദ്ധ്യസ്ഥവും പ്രാർത്ഥനയും താങ്കൾക്ക് തുണയായിരിക്കട്ടെ.

തിരുവനന്തപുരം, കാതോലിക്കേറ്റ് സെന്ററിലെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ നിന്നും, നമ്മുടെ കർത്താവിന്റെ സംവത്സരം രണ്ടായിരത്തിപത്തൊൻപത് ജൂൺ മാസം പന്ത്രണ്ടാം ദിവസം, നമ്മുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ശുശ്രൂഷയുടെ പന്ത്രണ്ടാം വർഷം നൽകപ്പെട്ടത്.

✠ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ ബാവാ**

✠ **ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ്**
പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി

# The Syro Malankara Catholic Church

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

Residence & Communication
**MAJOR ARCHBISHOP'S HOUSE**
**PATTOM, TRIVANDRUM - 695 004**
**KERALA, INDIA**
Office Tel: +91-471-2541642, 254 1643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: +91-471-2533644, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മൂവാറ്റുപുഴ ഭദ്രാസനാധിപൻ അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്ത കാനോൻ നിയമം അനുശാസിക്കുന്ന വിരമിക്കൽ പ്രായം പൂർത്തിയാക്കി 2019 ജൂൺ 11-ാം തീയതി ഭദ്രാസനാധ്യക്ഷസ്ഥാനത്തുനിന്നും വിരമിക്കുന്നു. അതോടൊപ്പം, മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പിന്തുടർച്ചാവകാശമുള്ള മെത്രാനായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷനായി ജൂൺ 12ന് സ്ഥാനാരോഹണം ചെയ്യുന്നു. ഭദ്രാസനാധ്യക്ഷനെന്ന നിലയിൽ ഏറെ അഭിനന്ദനാർഹമായ ഇടയശുശ്രൂഷയാണ് അഭിവന്ദ്യ ജൂലിയോസ് തിരുമേനി കാഴ്ചവച്ചത്. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അജപാലന, സാമുഹ്യ, വിദ്യാഭ്യാസ മേഖലകളിൽ ശ്ലാഘനീയമായ ശുശ്രൂഷയാണ് അദ്ദേഹം നിർവ്വഹിച്ചത്. ഭദ്രാസനത്തിന്റെ കത്തീഡ്രൽ ദൈവാലയവും ഭദ്രാസന കാര്യാലയവും നിർമ്മിച്ചതിലൂടെ ഭൗതീകമായ അടിസ്ഥാന സൗകര്യങ്ങൾ അദ്ദേഹം ഭദ്രാസനത്തിന് സംലഭ്യമാക്കി. ഒരു മെത്രാനെന്ന നിലയിൽ പൗരസ്ത്യ സുറിയാനി സഭകളുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും ഊഷ്മളമാക്കുന്നതിനും നിസ്തുലമായ സംഭാവനയാണ് അദ്ദേഹം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് നൽകിയത്.

കൂടാതെ, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജും ഡന്റൽ കോളേജും ഫാർമസി കോളേജും സ്ഥാപിക്കുന്നതിൽ അദ്ദേഹം പുലർത്തിയ ജാഗ്രതയും നൽകിയ സംഭാവനകളും അനുഭവിച്ച ക്ലേശങ്ങളും വിലമതിക്കപ്പെട്ടവയും അദ്ദേഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷയുടെ നാഴികക്കല്ലുകളുമാണ്. ഭദ്രാസനാധ്യക്ഷ സ്ഥാനത്തുനിന്നും അഭിവന്ദ്യ മാർ ജൂലിയോസ് തിരുമേനി വിരമിക്കുന്ന ഈ അവസരത്തിൽ സഹോദര മെത്രാനെന്ന നിലയിലും സഭയുടെ മേജർ ആർച്ച് ബിഷപ്പ് - കാതോലിക്കാ ബാവ എന്ന നിലയിലും ഞാൻ അദ്ദേഹത്തെ ആത്മാർത്ഥമായി അഭിനന്ദിക്കുകയും ആയുരാരോഗ്യങ്ങൾ നേരുകയും ചെയ്യുന്നു. തുടർന്നും അഭിവന്ദ്യ മാർ ജൂലിയോസ് തിരുമേനിയുടെ മേൽപ്പട്ട ശുശ്രൂഷ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിവിധ മേഖലകൾക്ക് വെളിച്ചം പകരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി ഒരു വർഷത്തോളമായി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പിന്തുടർച്ചാവകാശമുള്ള മെത്രാനായി ശുശ്രൂഷ നിർവ്വഹിച്ചുവരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കൂരിയ മെത്രാനെന്ന നിലയിലും യൂറോപ്പ്, ഓഷ്യാന എന്നിവിടങ്ങളിലെ അപ്പസ്തോലിക സന്ദർശകനെന്ന നിലയിലും സ്തുത്യർഹമായ മേൽപ്പട്ട ശുശ്രൂഷയാണ് അദ്ദേഹം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അധ്യക്ഷനായി 2019 ജൂൺ 12ന് അഭിവന്ദ്യ മാർ തെയഡോഷ്യസ് തിരുമേനി മാർ ജൂലിയോസ് തിരുമേനിയുടെ പിൻഗാമിയായി സ്ഥാനാരോഹണം ചെയ്യപ്പെടുന്നത് സഭാധ്യക്ഷനെന്ന നിലയിൽ എനിക്ക് ഏറെ സന്തോഷം നൽകുന്നു. വ്യത്യസ്തങ്ങളായ നിരവധി വേദികളിൽ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ച പരിചയവും അനുഭവങ്ങളുമുള്ള അഭിവന്ദ്യ മാർ തെയഡോഷ്യസ് തിരുമേനിക്ക് മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷനെന്ന നിലയിൽ ഊർജ്ജസ്വലമായ മേൽപ്പട്ടശുശ്രൂഷ നിർവ്വഹിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ദർശനവും നേതൃഗുണവും വിശാലമനോഭാവവും മുവാറ്റുപുഴ ഭദ്രാസനത്തിലെ ദൈവമക്കൾക്കും വൈദികർക്കും സന്യസ്തർക്കും ആ പ്രദേശത്തെ എല്ലാവിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദമാകുമെന്നതിൽ സംശയമില്ല. ദൈവം തന്റെ അനന്തമായ കൃപയും വരങ്ങളും അനുഗ്രഹങ്ങളും അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനിയുടെമേൽ ചൊരിയട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. സന്തോഷകരമായ ഈ സന്ദർഭത്തിൽ മൂവാറ്റുപുഴ ഭദ്രാസനത്തിലെ എല്ലാ ബഹു. വൈദീകരെയും സന്യസ്തരെയും ദൈവമക്കളെയും അഭ്യുദയകാംക്ഷികളെയും ഞാൻ അഭിനന്ദിക്കുന്നു. ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis

**കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

**George Cardinal Alencherry**
Major Archbishop
Syro-Malabar Church

## ആശംസ

മലങ്കര കത്തോലിക്കാ സഭയിലെ മുവാറ്റുപുഴ രൂപതയുടെ ഇടയസ്ഥാനത്ത് നിന്ന് അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് തിരുമേനി വിരമിക്കുകയും രൂപതയുടെ മൂന്നാമത്തെ ഇടയനായി അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി മേൽപ്പട്ട ശുശ്രൂഷ ആരംഭിക്കുകയും ചെയ്യുകയാണല്ലോ. മുവാറ്റുപുഴ രൂപതയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു അവസരമാണിത്.

ഉത്തരവാദിത്വമൊഴിയുന്ന അഭിവന്ദ്യ ജൂലിയോസ് തിരുമേനി ശക്തമായ നിലപാടുകൾ സ്വീകരിച്ച് ദീർഘവീക്ഷണത്തോടെ രൂപതയെ നയിക്കുന്നതിൽ ശ്രദ്ധപതിപ്പിച്ച ഇടയനാണ്. സമഗ്രമായ കാഴ്ചപ്പാടുകളും നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനശൈലിയും കൈമുതലായ പിതാവ് ഇനിയും സഭയുടെ കർമ്മരംഗങ്ങളിൽ തന്റെ സാന്നിധ്യം കൊണ്ടും ഇടപെടലുകൾകൊണ്ടും സജീവമായി തുടരണമെന്നതാണ് എന്റെ ആഗ്രഹം.

പിൻഗാമികളുടെ വഴിയേ നല്ലിടയന്റെ ഹൃദയഭാവങ്ങൾ ഉൾക്കൊണ്ട് രൂപതയെ നയിക്കാൻ നിയുക്തനായിരിക്കുന്ന അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് അജപാലന ശുശ്രൂഷയിലും സഭയുടെ ആസ്ഥാനത്തുള്ള സേവനരംഗങ്ങളിലും മികവ് തെളിയിച്ച വ്യക്തിയാണ്. വിവിധമേഖലകളിൽ അദ്ദേഹം ചെയ്ത ശുശ്രൂഷകളിൽ നിന്ന് ആർജ്ജിച്ചെടുത്ത അനുഭവസമ്പത്ത് മൂവാറ്റുപുഴ രൂപതയുടെ ഇടയശുശ്രൂഷയിൽ പിതാവിന് കരുത്താകുമെന്ന് ഉറപ്പാണ്.

മൂവാറ്റുപുഴ രൂപതയുടെ രണ്ടാമത്തെ മെത്രാനെന്ന നിലയിൽ ശുശ്രൂഷ പൂർത്തിയാക്കുന്ന അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് തിരുമേനിക്കും രൂപതയുടെ മൂന്നാമത്തെ അധ്യക്ഷനായി ചുമതലയേൽക്കുന്ന അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിക്കും സീറോ മലബാർ സഭയുടെ പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

**കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

**The Syro - Malabar Major Archiepiscopal Curia**
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727.
E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

# ARCHDIOCESE OF VERAPOLY

Latin Archbishop’s House, Marine Drive, PB No. 2581, Kochi 682 031, Kerala, India


## ആശംസ

മൂവാറ്റുപുഴ മലങ്കര കത്തോലിക്കാ രൂപതയുടെ പുതിയ ഇടയനായി യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് അഭിഷിക്തനാകുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷം. കേരള കത്തോലിക്കാ സഭയ്ക്ക് ദൈവം നൽകിയ ഈ വലിയ അനുഗ്രഹത്തിന് ദൈവത്തിന് നമുക്ക് നന്ദി പറയാം. പിതാവ് രൂപതയ്ക്ക് ഒരു അനുഗ്രഹമാണ് എന്നതിൽ എനിക്ക് ഉറപ്പുണ്ട്. തനിക്ക് ഏല്പിക്കപ്പെട്ട അജപാലന-ഭരണ ഉത്തരവാദിത്വങ്ങളിൽ നൈപുണ്യതയും തന്റേതായ വ്യക്തിമുദ്രയും പതിപ്പിച്ചിട്ടുള്ള വ്യക്തിത്വമാണ് തെയഡോഷ്യസ് പിതാവിനുള്ളത്. രൂപതയുടെ മുൻഗാമി ഏബ്രഹാം മാർ ജൂലിയോസ് പിതാവിന്റെ നേതൃപാടവവും ഭരണ നൈപുണ്യതയും ഇടയനടുത്ത സ്നേഹതീക്ഷണതയും തന്റെ അജപാലന ദൗത്യത്തിൽ അദ്ദേഹത്തിന് മുതൽക്കൂട്ടാവും. തെയഡോഷ്യസ് പിതാവിന് എന്റെയും വരാപ്പുഴ അതിരൂപതയുടേയും പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

**മാർ ജോസഫ് കളത്തിപ്പറമ്പിൽ**

വരാപ്പുഴ മെത്രാപ്പോലീത്ത

# ഇടയമൊഴി



കർത്താവിൽ പ്രിയ മക്കളെ,

മൂവാറ്റുപുഴ സംഗമങ്ങളുടെ ഭൂമികയാണ്- തൊടുപുഴയാറും കാളിയാറും കോതയാറും ചേർന്ന ത്രിവേണി സംഗമ ഭൂമിക; പുത്തൻകൂർ വിഭാഗത്തിലെ വിവിധ സഭകളുടെ സംഗമ ഭൂമിക. മൂവാറ്റുപുഴ ഭദ്രാസനമുൾക്കൊള്ളുന്ന വിശാല ഭൂപ്രദേശമാകട്ടെ വിവിധ സംസ്കാരങ്ങളുടെ, ഭാഷ കളുടെ സംഗമഭൂമികയാണ്. കത്തോലിക്കാ സഭയെ സംബന്ധിച്ചും ത്രിവിധ റീത്തുകളുടെ ശക്തമായ സാന്നിദ്ധ്യവും ഈ മണ്ണിനെ പുണ്യമുള്ളതാക്കുന്നു. ഈ സംഗമ ഭൂമികയിൽ പുനരൈക്യത്തിന്റെ സന്ദേശവുമായി പതിനാറാണ്ട് മുമ്പ് സ്ഥാപിതമായ ഈ ഭദ്രാസനത്തിന് ശക്തമായ അജപാലന അടിത്തറ പാകിയ അഭിവന്ദ്യ ആർച്ച്ബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയെയും അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് തിരുമേനിയെയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ഈ ഭദ്രാസനത്തിന്റെ തൃതീയ ഇടയനായി ബലഹീനനായ ഞാൻ ചുമതലയേറ്റെടുത്തിരി ക്കുന്നത് ഏറെ പ്രത്യാശയോടെയും സമർപ്പണത്തോടെയുമാണ്. ഒരു ഭദ്രാസനത്തിൽ പ്രതീക്ഷകളും സ്വപ്നങ്ങളും പൂവണിയുന്നത് ഭദ്രാസനാദ്ധ്യക്ഷനും വൈദികരും സന്യസ്തരും വിശ്വാസികളേ വരും കൂട്ടായി പ്രവർത്തിക്കുമ്പോഴാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ ഉത്തമ സാക്ഷ്യത്തിന്റെ തല ങ്ങളിലേക്ക്, കൂടുതൽ പുരോഗതിയിലേക്ക് ഈ ഭദ്രാസനത്തെ വളർത്താൻ നമുക്ക് സാധിക്കും. കുടുംബങ്ങളുടെ വിശുദ്ധീകരണത്തിലൂടെ, ഇടവകകളുടെ ആത്മീയ മുന്നേറ്റത്തിലൂടെ, വൈദികരു ടെയും സന്യസ്തരുടെയും ത്യാഗോജ്ജ്വലമായ പ്രേഷിത പ്രവർത്തനത്തിലൂടെ, ദൈവജനത്തിന്റെ നിരന്തരമായ പ്രാർത്ഥനയിലൂടെ ഈ സ്വപ്ന സാക്ഷാത്കാരത്തിലേക്ക് നമുക്ക് ഒരുമിച്ച് പ്രയാണം ചെയ്യാനാകും. ജൂലൈ മാസത്തിൽ നടക്കുന്ന വൈദിക സമ്മേളനവും ദൈവദാസൻ മാർ ഈവാനി യോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്രയും ഭദ്രാസന അസംബ്ലിയും നമു ക്കേവർക്കും നമ്മുടെ ഭദ്രാസനത്തിനും പുതുചൈതന്യവും നവീന ദിശാബോധവും നൽകട്ടെ എന്ന പ്രാർത്ഥനയോടെ,

നിങ്ങളുടെ പിതാവ്,

+ Mar theodosius

**✠ യൂഹാനോൻ മാർ തെയഡോഷ്യസ്**

മൂവാറ്റുപുഴ ഭദ്രാസനമെത്രാപ്പോലിത്ത

# പഠനം

"പത്രോസ് പറഞ്ഞു: കർത്താവേ, നീ എല്ലാം അറിയുന്നു.
ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു.
യേശു പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക."
(യോഹന്നാൻ 21: 17)



**റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരിൽ**
(പ്രൊഫസർ, സെന്റ് മേരീസ് മലങ്കര സെമിനാരി
തിരുവനന്തപുരം)

# ശ്രേഷ്ഠാചാര്യ ശുശ്രൂഷ ബൈബിൾ വീക്ഷണത്തിൽ

ആചാര്യന്മാരുടെയും ആചാര്യശുശ്രൂഷയുടെയും ഉറവിടം തേടിയുള്ള യാത്ര ഏറെ ക്ലേശകരവും തീരാത്ത സങ്കീർണതയിൽ ചെന്നെത്തുന്നതുമാണ്. പരമ്പരാഗത വീക്ഷണങ്ങൾ പലതും ചരിത്രത്തിന്റെ പിൻബലമില്ലാത്തതും മനുഷ്യ സങ്കല്പത്തിന്റെ മാത്രം പിന്തുണയുള്ളതുമാണ്. പഴയ നിയമകാലത്തെ പുരോഹിതന്മാരും പ്രധാനപുരോഹിതന്മാരും ദീർഘകാലത്തെ കൂട്ടിച്ചേർക്കലുകളും അധികാര ദുർമ്മോഹങ്ങളും വഴി എന്തൊക്കെയോ ആയിത്തീർന്നു. എന്നാൽ, അതെല്ലാം യഹൂദമതത്തിന്റെ തുടക്കത്തിലേ ഉണ്ടായിരുന്നതായിരുന്നെന്നും എല്ലാം ദൈവം നിശ്ചയിച്ചു നൽകിയതാണെന്നും പറയാനാകില്ല. ചരിത്രത്തിന്റെ ആത്യന്തിക നിയന്താവ് ദൈവമെന്ന നിലയിൽ, എല്ലാ മാറ്റങ്ങളുടെയും പിറകിൽ ദൈവത്തിന്റെ അറിവും അനുവാദവുമുണ്ടെന്ന അർത്ഥത്തിൽ, ദൈവത്തിന്റെ പങ്ക് അംഗീകരിക്കേതുണ്ടെങ്കിലും ചരിത്രത്തെ, ദൈവം നിയന്ത്രിക്കുന്ന ചരിത്രത്തെത്തന്നെ, തന്റെ സ്വാർത്ഥ ചിന്തയ്ക്കനുസരണമായി മാറ്റി മറിക്കാൻ മനുഷ്യനു കഴിയുമെന്ന പൊതുജ്ഞാനത്തിന്റെ വെളിച്ചത്തിലേ ബൈബിളിലെ ആചാര്യദർശനം വിലയിരുത്താനാവൂ.

### തുടക്കദർശനം

ആചാര്യത്വം എപ്പോൾ തുടങ്ങിയെന്ന ചോദ്യം മതം എപ്പോൾ തുടങ്ങിയെന്ന ചോദ്യത്തിലേക്കാണ് നമ്മെ നയിക്കുന്നത്. മതം എന്നു തുടങ്ങി? മനുഷ്യൻ ഉണ്ടായപ്പോൾ എന്നു പറയാം. മനുഷ്യൻ ബുദ്ധി പ്രാപിച്ചപ്പോൾ മുതൽ മതചിന്തയുള്ളവനായിത്തീർന്നുവെന്നും മതചിന്ത രൂപപ്പെട്ടപ്പോൾ മുതൽ മതകർമ്മങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന പുരോഹിതന്മാർ (ആചാര്യന്മാർ) ഉണ്ടായെന്നും വിചാരിക്കാം. കാരണം, മനുഷ്യബുദ്ധിയിലെ ഒരു പ്രധാന അംശമാണ് ഉപകരണങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയത്. വെറും പാറ ചെത്തിയൊരുക്കിയാൽ ശക്തമായ കൂർത്തുമൂർത്ത ഉപകരണമായി ഉപയോഗിക്കാമെന്നും അതുകൊണ്ട് തനിക്കെതിരെ വരുന്ന മൃഗങ്ങളെയും മറ്റു ജീവികളെയും എറിഞ്ഞു വീഴ്ത്താമെന്നും മനുഷ്യൻ മനസ്സിലാക്കിയപ്പോൾ എന്താണു സംഭവിച്ചത്? ആ കല്ലിൽ അദൃശ്യമായി ഒരു ഉപകരണം ഒളിച്ചിരുന്നെന്നും തന്റെ ചെത്തിമിനുക്കൽ വഴി ആ അദൃശ്യമായ ഉപകരണം ഇപ്പോൾ ദൃശ്യമായെന്നുമല്ലേ? ഈ കണ്ടെത്തൽ തന്റെ അസ്തിത്വത്തിന്റെ കാരണഭൂതനായ അദൃശ്യ ദൈവത്തിലേക്ക് മനുഷ്യനെ തിരിച്ചിട്ടുണ്ടാകാം. അങ്ങനെ, മതങ്ങൾ ആവിർഭവിച്ചുവെന്നു ചിന്തിക്കാം. 'മനുഷ്യൻ മതങ്ങളെ

സൃഷ്ടിച്ചു; മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു'വെന്ന വയലാറിന്റെ വാക്കുകളുടെ അടിസ്ഥാന ബലഹീനത, പരിണാമവാദമൊക്കെ എടുത്തുപയോഗിക്കുന്നെങ്കിലും പരിണാമവാദത്തിലെ തന്നെ അടിസ്ഥാന മനുഷ്യ ദർശനം ഉൾക്കൊള്ളാൻ കഴിയാതെ പോയി എന്നതാണ്.

ഉത്പത്തിപ്പുസ്തകത്തിൽ ഇങ്ങനെയൊരു വാക്യമുണ്ട്: 'സേത്തിനും ഒരു പുത്രൻ ജനിച്ചു. സേത്ത് അവനെ എനോഷ് എന്നു വിളിച്ചു. അക്കാലത്ത് മനുഷ്യൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാൻ തുടങ്ങി (ഉത്പ 4:26). ഈ എനോഷ് ബൈബിളിലെ വിവരണമനുസരിച്ച് മനുഷ്യവംശത്തിലെ മൂന്നാം തലമുറക്കാരനാണ്. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാൻ തുടങ്ങിയെന്നാൽ എന്താണർത്ഥം? സംഘടിതമതത്തിന്റെ ആരംഭമാണോ ഉദ്ദേശിക്കുന്നത്? വ്യക്തമല്ല. മനുഷ്യൻ സാമൂഹികജീവിതം ആരംഭിച്ചതോടെ സംഘടിത മതവും ആരംഭിച്ചുവെന്നാണുദ്ദേശിക്കുന്നതെങ്കിൽ, ഇവിടെ സ്വീകാര്യമായ ഒരു പ്രസ്താവനയാണുള്ളത്. പക്ഷേ, മതനേതാക്കളെപ്പറ്റി ഇവിടെ നിന്നും ഒന്നും മനസ്സിലാക്കാൻ പറ്റില്ല. ജലപ്രളയത്തിനു ശേഷം നോഹ ദൈവത്തിനു പ്രീതികരമായ ബലിയർപ്പിച്ചതായി ഉത്പ 8:20-ൽ പറയുന്നു. നോഹ പുരോഹിതനായിരുന്നോ? അല്ലെങ്കിൽ, എങ്ങനെ ബലിയർപ്പിക്കാൻ കഴിഞ്ഞു? നോഹയുടെ കാലത്തും മതം സംഘടിതമായി കഴിഞ്ഞിരുന്നു എന്നുവേണം വിചാരിക്കാൻ.

## അബ്രഹാമിന്റെ മതം

അബ്രഹാമാണല്ലോ തെരഞ്ഞെടുക്കപ്പെട്ട ഇനത്തിലെ ആദ്യ നേതാവ്. കാനാനിൽ, ദൈവവിളിയനുസരിച്ചെത്തിയ അബ്രാം ഷെക്കെമിൽ തനിക്കു പ്രത്യക്ഷപ്പെട്ട കർത്താവിന് ഒരു ബലിപീഠം പണിയുന്നു. (ഉത്പ 12:7). പക്ഷേ, ബലിയർപ്പിച്ചതായി പറയുന്നുമില്ല. വീണ്ടും ബഥേലിനു കിഴക്ക് അബ്രഹാം ഒരു ബലിപീഠം പണിത് കർത്താവിന്റെ നാമം വിളിച്ചു (ഉത്പ 12:8). നാമം വിളിക്കുകയെന്നാൽ എന്താണർത്ഥം? ബലിയർപ്പിച്ചതായി പറയുന്നുമില്ല. അബ്രഹാമിന്റെ നേതൃത്വത്തിലുള്ള ജനങ്ങളുടെ മതത്തിൽ ബലിയർപ്പണം ഇല്ലായിരുന്നു എന്ന് വരുമോ? എന്നാൽ, പിന്നീട് ദൈവം തന്നെ അബ്രഹാമിനോടു ബലിയർപ്പിക്കാൻ ആവശ്യപ്പെടുന്നുമുണ്ട്: 'നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്ക് പോകുക... അവിടെ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം' (ഉത്പ 22:2). ഇതാണ് അബ്രഹാം അർപ്പിച്ച ആദ്യ ബലി. എന്നാൽ, ഈ ബലി പൂർത്തിയാക്കാൻ



ദൈവം അനുവദിക്കുന്നില്ല. ബലിമധ്യേ ബലിവസ്തു മാറ്റപ്പെടുന്നു. ഏക മകനു പകരം ഒരു മുട്ടാടിനെ ബലിയർപ്പിച്ചു. അബ്രഹാമിന് എങ്ങനെ ബലികഴിക്കാൻ കഴിയും? അദ്ദേഹം പുരോഹിതനായിരുന്നോ? ഒരു കാര്യം ഇവിടെ വ്യക്തമാകുന്നു. അബ്രഹാമിന്റെ മതം പൂർണ്ണമായ വികാസം പ്രാപിക്കാത്ത കാലമാണിവിടെ പ്രതിനിധാനം ചെയ്യപ്പെടുന്നത്. ഈ കാലഘട്ടത്തിൽ ഓരോ സമൂഹത്തിന്റെയും നേതൃത്വം വഹിച്ചവർ തന്നെ പുരോഹിതന്മാരായും പ്രവർത്തിച്ചിരുന്നുവെന്ന് വിചാരിക്കണം. മോശയുടെ കാലംവരെയും ഇതായിരുന്നു സ്ഥിതിയെന്നാണ് പഴയനിയമത്തിലെ ചില സൂചനകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

## ആചാര്യനും ശ്രേഷ്ഠാചാര്യനും

അഹറോനെയും മക്കളെയും പുരോഹിതന്മാരായി അഭിഷേകം ചെയ്യാൻ ദൈവം മോശയോടു കൽപ്പിക്കുന്നത് പുറപ്പാട് 28-ാം അധ്യായത്തിലാണ് (28:1-29:37). എന്നാൽ, ഇവിടെ പുരോഹിതൻ എന്നല്ലാതെ പ്രധാന പുരോഹിതനെന്നൊരു പ്രയോഗം കാണുന്നില്ല. പുരോഹിത കർമ്മങ്ങളിൽ ഏറ്റവും പ്രധാനമെന്ന് കരുതപ്പെട്ടിരുന്ന പാപപരിഹാരദിനത്തിലെ കർമ്മങ്ങളെപ്പറ്റിപറയുന്നിടത്തും പുരോഹിതൻ എന്നല്ലാതെ, ശ്രേഷ്ഠപുരോഹിതൻ എന്നൊരു പ്രയോഗം കാണുന്നില്ല (ലേവ്യർ 16:1 ff; 23:26 ff; സംഖ്യ 29:7 ff). ഇത് യഹൂദമതം പൂർണ്ണരൂപം പ്രാപിച്ചതിനുശേഷമുള്ള കാലഘട്ടത്തിലെ സ്ഥിതിയാണ്. രാജവാഴ്ചയുടെ കാലഘട്ടത്തിലും ജറുസലേം ദേവാലയം അതിന്റെ മഹിമപ്രതാപത്തോടെ നിലനിന്ന

കാലത്തും ശ്രേഷ്ഠാചാര്യൻ (പ്രധാന പുരോഹിതൻ) എന്നൊരു സ്ഥാനം ഉണ്ടായിരുന്നുവെന്നു തോന്നുന്നില്ല. ദാവീദ് രാജാവ് വാഗ്ദാനപേടകം ജറുസലേമിൽ സ്ഥാപിച്ച് അതിന്റെ മുമ്പിൽ ശുശ്രൂഷ ചെയ്യാൻ പുരോഹിതന്മാരെ നിയമിച്ചു. അബിയാഥറും (1 സാമുവേൽ 23:26 ff; 30:7 ff;) അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ മകനായ അബിമെലെക്കും (1 ദിന 18:16) ദാവീദിന്റെ കൊട്ടാരത്തിലെ പുരോഹിതന്മാരായിരുന്നു. എന്നാൽ, ഇവരെ പ്രധാന പുരോഹിതന്മാരെന്നു വിളിച്ചിരുന്നില്ല. എന്നാൽ, രാജവാഴ്ചയുടെ അന്ത്യത്തോടടുത്ത് പുരോഹിത ശുശ്രൂഷയിൽ വീണ്ടും നവീകരണങ്ങളുണ്ടായെന്നും പുരോഹിതഗണത്തിലെ ഒരാളെ ശ്രേഷ്ഠാചാര്യനായി പരിഗണിച്ചിരുന്നെന്നും മനസ്സിലാക്കാം. ബാബിലോൺകാർ യൂദയാ ആക്രമിച്ച് തോൽപിച്ചശേഷം ജറുസലേം ദേവാലയം നശിപ്പിച്ചതായും പ്രധാന പുരോഹിതനായ സെറായിയായെയും സഹപുരോഹിതനായ സെഫാനിയെയും വധിച്ചതായും 2 രാജ. 25:8-11 ൽ നാം വായിക്കുന്നു. ഇതു രാജവാഴ്ചയുടെ അവസാന ഘട്ടമാണ്.

### ശ്രേഷ്ഠപുരോഹിതനും രാജകീയ സ്ഥാനവും

ഏതാണ്ട് അമ്പതു വർഷത്തെ ബാബിലോൺ പ്രവാസത്തിനുശേഷം ബി.സി 537-ൽ ജറുസലേമിലേക്കു മടങ്ങിവന്ന യഹൂദരുടെ മതപരവും സാമൂഹികവുമായ ജീവിതത്തിൽ അടിസ്ഥാനപരമായ പല മാറ്റങ്ങളും ഉണ്ടായി. ആ മാറ്റങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് രാജാവ് ഇല്ലാതിരുന്നതും പ്രധാന പുരോഹിതൻ രാജാവിന്റെ സ്ഥാനത്ത് ജനങ്ങളുടെ നേതാവായി അവരോധിക്കപ്പെട്ടതും. ബി.സി. 515 ൽ ജറുസലേം ദേവാലയം പുനർനിർമ്മിക്കപ്പെട്ടു. ബാബിലോണിൽ നിന്ന് തിരികെവന്ന ജനങ്ങൾ സംഘടിക്കപ്പെട്ടു. പിന്നീടവർക്ക് നേതൃത്വം നല്കിയത് എസ്രായും നെഹെമിയായുമാണ്. മതപരമായ കാര്യങ്ങളിൽ എസ്രായും രാഷ്ട്രീയ-സാമൂഹിക കാര്യങ്ങളിൽ നെഹെമിയായും നേതൃത്വം നല്കി. ഈ എസ്രാ പുരാഹിതനായിരുന്നു, മുഖ്യ പുരോഹിതൻ എന്ന് എസ്രായെ വിശേഷിപ്പിക്കുന്നില്ലെങ്കിലും അദ്ദേഹം മുഖ്യപുരോഹിതൻ തന്നെയായിരുന്നുവെന്ന് വ്യക്തമാണ്. കാരണം, മറ്റു മുഖ്യ പുരോഹിതന്മാരെ അദ്ദേഹമാണ് സംഘടിപ്പിക്കുന്നത് (എസ്രാ 8:29) അദ്ദേഹത്തെ കൂടാതെ വേറെയും മുഖ്യപുരോഹിതർ ഉണ്ടായിരുന്നുവെന്നും മനസ്സിലാക്കാം.

ബാബിലോൺ പ്രവാസത്തിനുശേഷം ഒരിക്കലും യഹൂദർക്ക് സ്വന്തമായ രാജാക്കന്മാർ ഉണ്ടായിരുന്നില്ല. പിന്നീട് എന്നും അവർ ഏതെങ്കിലും വിദേശീയ രാജാവിന് വിധേയരായിരുന്നു. എന്നാൽ, ജനം പ്രധാന പുരോഹിതന്റെ നേതൃത്വത്തിൽ സംഘടിതരായിരുന്നു. വിദേശരാജാക്കന്മാർ മതപരമായി യഹൂദരെ അധീനപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഒരിക്കലും അതു പൂർണ്ണമായും സാധിച്ചിരുന്നില്ല. ജനങ്ങൾ ശ്രേഷ്ഠാചര്യന്റെ നേതൃത്വത്തിൽ മതപരവും സാമൂഹികവുമായി ഏതാണ്ട് സ്വതന്ത്രജീവിതം നയിച്ചിരുന്നു. ഇക്കാലത്ത് ഒരു സമയത്ത് ഒരു ശ്രേഷ്ഠപുരോഹിതൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം മതപരമായ സാമൂഹിക ജീവിതത്തിൽ രാജാവിന്റെ സ്ഥാനം വഹിച്ചിരുന്നു. ഈ സ്ഥിതി നമ്മുടെ കർത്താവിന്റെ കാലത്തും അതിനുശേഷം AD 70 വരെയും തുടർന്നുവെന്നാണ് യഹൂദചരിത്രത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

### ശ്രേഷ്ഠാചാര്യനും സാൻഹെദ്രിനും

യഹൂദരുടെ സാമൂഹിക ചരിത്രത്തിലെ ഒരു പ്രധാനഘട്ടമാണ് സാൻഹെദ്രിൻ ഭരണ ക്രമം. വിദേശരാജാക്കന്മാരുടെ രാഷ്ട്രീയ അധികാരത്തിൻ കീഴിൽ മതപരവും സാമൂഹികവുമായ സ്വതന്ത്രത നിലനിർത്താൻ വേണ്ടി രൂപീകരിച്ച സംഘടനയാണ് സാൻഹെദ്രിൻ. 'സുനെദ്രിയോൺ'



എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് സാൻഹെദ്രിൻ എന്ന പദം രൂപപ്പെട്ടത്. ഭരണസമൂഹം (Council) എന്നാണ് ഈ പദത്തിന്റെ അർത്ഥം. യഹൂദരെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ഈ കൗൺസിലാണ് നിശ്ചയിച്ചിരുന്നത്. ഇതിന്റെ ഭരണക്രമത്തെപ്പറ്റി ബൈബിളിൽ 1 മക്കബായർ 11:23; 12:6; 14:28; 2 മക്ക 1:10;4:44; 11:27 എന്നിവിടങ്ങളിൽ പറയുന്നു. മഹാനായ അന്ത്യോക്കസ് എന്നറിയപ്പെടുന്ന സെലൂസിഡ് രാജാവിന്റെ ഭരണകാലത്താണ് (BC 223-187) സാൻഹെദ്രിൻ നിലവിൽ വന്നതെന്ന് യഹൂദ ചരിത്രകാരനായ ജോസെഫൂസ് രേഖപ്പെടുത്തിയിട്ടുണ്ട്.

എഴുപത്തൊന്നംഗങ്ങളുള്ള ഒരു സമിതിയാണ് സാൻഹെദ്രിൻ. ഓരോ കാലത്തെയും മുഖ്യപുരോഹിതനായിരുന്നു ഈ സമിതിയുടെ അദ്ധ്യക്ഷൻ. നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തോടനുബന്ധിച്ചു നടന്ന ആലോചനകൾ അന്നത്തെ സാൻഹെദ്രിനിലാണ് നടന്നത്. അന്ന് കയ്യാഫാസായിരുന്നു പ്രധാനപുരോഹിതനും സാൻഹെദ്രിൻ സഭയുടെ അദ്ധ്യക്ഷനും. അദ്ദേഹത്തിന്റെ അമ്മായിയപ്പനായിരുന്ന അന്നാസായിരുന്നു അദ്ദേഹത്തിനു മുൻപുള്ള പ്രധാന പുരോഹിതൻ. ഇവർ രണ്ടു പേരും യേശുവിന്റെ ജീവിതകാലത്തെ പ്രധാന പുരോഹിതന്മാരായിരുന്നെന്ന് ലൂക്കാ (3:2) സാക്ഷിക്കുന്നു.

സാൻഹെദ്രിൻ സഭ ഏതാണ്ടൊരു ജനാധിപത്യ സ്വഭാവമുള്ള ഭരണസമിതിയായിരുന്നു. പ്രധാന കുടുംബങ്ങളിലെ തലവന്മാർ, നേരത്തേ പുരോഹിതന്മാരായിരുന്നവർ, സദൂക്കായർ എന്നിവരാണ് ഈ സമിതിയിലെ അംഗങ്ങൾ. ഓരോ കാലത്തെയും പ്രധാന പുരോഹിതനു മാത്രമേ, ഈ സമിതിയുടെ അദ്ധ്യക്ഷപദവി വഹിക്കാൻ കഴിയുമായിരുന്നുള്ളൂ. വിദേശികൾ തങ്ങളെ ഭരിക്കുമ്പോഴും സാമൂഹിക-മതപരമായ ജീവിതത്തിൽ സമാധാനവും സ്വാതന്ത്ര്യവും യഹൂദർക്ക് നൽകിയത് ഈ സമിതിയാണ്.



### ശിമയോൻ എന്ന ശ്രേഷ്ഠാചാര്യൻ

പഴയനിയമത്തിൽ ഏറ്റവുമധികം പ്രകീർത്തിക്കുന്ന പ്രധാന പുരോഹിതനാണ് ശിമയോൻ. പ്രഭാഷകന്റെ പുസ്തകത്തിന്റെ അവസാനഭാഗത്ത് പൂർവ്വപിതാക്കളെയും മഹത്തുക്കളെയും പ്രകീർത്തിക്കുന്നു (44:1-50:21). ഇവരിൽ ഏറ്റവും അവസാനമായി പ്രകീർത്തിക്കപ്പെടുന്നത് ശിമയോൻ എന്ന പ്രധാന പുരോഹിതനാണ്. ‘സഹോദന്മാർക്കു നേതാവും ജനത്തിന് അഭിമാനവുമായിരുന്നു’ (50:1) എന്നാണ് അദ്ദേഹത്തെ പ്രഭാഷകൻ വിശേഷിപ്പിക്കുന്നത്. അഞ്ചു വാക്യങ്ങളിൽ നിറഞ്ഞു നിൽക്കുന്ന (50:6-10) ഉപമകളുടെ തോരണം കൊണ്ടാണ് പ്രഭാഷകൻ ശിമയോൻ എന്ന ശ്രേഷ്ഠാചാര്യനെ വിശേഷിപ്പിച്ചിരിക്കുന്നത്. പ്രധാന പുരോഹിതന് ജനങ്ങളുടെ ഇടയിൽ ഉണ്ടായിരുന്ന ഉന്നതമായ സ്ഥാനവും ജനങ്ങൾ അദ്ദേഹത്തിനു നല്കിയിരുന്ന ബഹുമാനവും ഈ വാക്കുകളിൽ നിന്ന് വ്യക്തമാണല്ലോ.





**മോസ്റ്റ് റവ. ഡോ. കുര്യാക്കോസ്**
**മാർ തെയോഫിലോസ് മെത്രാപ്പോലീത്ത**
(റെസിഡന്റ് മെത്രാപ്പോലീത്ത, ഉദയഗിരി സെമിനാരി, വെട്ടിക്കൽ)

# പൗരസ്ത്യ സഭയിൽ എപ്പിസ്ക്കോപ്പസിയുടെ പ്രാധാന്യം: സുറിയാനി സഭാവീക്ഷണത്തിൽ

## ദൈവികവിളി, നിയോഗം

''പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിപ്പാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കുവാൻ അയയ്ക്കുന്നതിനുമായി പന്ത്രണ്ടു പേരെ നിയോഗിച്ചു'' (മർക്കോ. 3:13) പുതിയ ഇസ്രായേലായ വി. സഭയുടെ അടിസ്ഥാന ശിലകളായവരെ നിയോഗിക്കുന്ന ക്രിസ്തു തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപായി, താൻ തിരഞ്ഞെടുത്ത് നിയമിച്ച തന്റെ അപ്പസ്തോലന്മാരോട് പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്ന് കല്പിച്ച് അവരുടെ മേൽ ഊതി; പരിശുദ്ധാത്മാവിനെ നൽകി, പാപമോചനാധികാരവും സുവിശേഷ ദൗത്യവും ഭരമേൽപ്പിച്ച് ദൈവരാജ്യത്തിന്റെ വ്യാപനം ഭൂമിയിൽ തുടരുവാൻ അവരെ നിയോഗിക്കുന്നു. (യോഹ. 20: 21, 23) ക്രിസ്തീയ വിശ്വാസപ്രകാരം മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ രക്ഷാപ്രവർത്തനം ഭൂമിയിൽ തുടരുവാൻ ക്രിസ്തുവിനാൽ വിളിച്ച്, നിയോഗിക്കപ്പെട്ടവരായിരുന്നു അപ്പസ്തോലന്മാർ. ആ നിയോഗം തുടർന്ന് നൽകപ്പെട്ട്, നിവർത്തിക്കപ്പെടുന്ന സ്ഥാപനമാണ് എപ്പിസ്ക്കോപ്പസി. അതിന്റെ ദൃശ്യഭാവമാണ് എപ്പിസ്ക്കോപ്പ അല്ലെങ്കിൽ മെത്രാപ്പോലീത്ത. രണ്ടായിരം വർഷങ്ങൾക്കു ശേഷവും ക്രിസ്തു സാന്നിദ്ധ്യവും രക്ഷാപ്രവർത്തങ്ങളും ഇന്ന് നിലനിൽക്കുന്നതും അനുഭവവേദ്യമാകുന്നതും തലമുറകൾക്ക് നൽകപ്പെടുന്നതും മഹാപുരോഹിതന്മിലൂടെയോ, അദ്ദേഹത്താൽ നിയോഗിക്കപ്പെടുന്ന പുരോഹിതന്മാരിലൂടെയോ ആണ്. ആദിമസഭയെയും ഇന്നത്തെ സഭയെയും ചേർത്തുനിർത്തുന്ന കണ്ണിയും എപ്പിസ്ക്കോപ്പസിയാണ്. അതുകൊണ്ടാണ് വി. ഇഗ്നാത്തിയോസ് (എ.ഡി. 115) പറയുന്നത് ''എപ്പിസ്ക്കോപ്പയെക്കൂടാതെ സഭയോടനുബന്ധിച്ച ഒന്നും ഒരുവനും ചെയ്യരുത്. വി. കുർബ്ബാന എപ്പിസ്ക്കോപ്പയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന പുരോഹിതനോ അർപ്പിക്കണം''. വി. സിപ്രിയാൻ (എ.ഡി. 252)

പറയുന്നു: ''എപ്പിസ്ക്കോപ്പായിൽ നിന്ന് അന്യപ്പെട്ട് നിൽക്കുന്ന വൻ സഭക്ക് ഇതരനും ദൈവിക വാഗ്ദാനങ്ങളുടെ പരിധിയിൽ നിന്ന് അന്യനായിത്തീരുന്നവനു മായിരിക്കും''.

ദൈവിക തിരഞ്ഞെടുപ്പും ഉടമ്പടിയും അനുസരിച്ച് ഇസ്രായേൽ പുരോഹിത ജനമായിത്തീർന്നതുപോലെ, മാമോദീസായിലൂടെ ഓരോ ക്രിസ്ത്യാനിയും പുരോഹിത ജനമാകുന്നു (1 പത്രോസ് 2:4-10). എന്നാൽ, ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് എല്ലാവരും പ്രവേശിക്കുന്നില്ല. അത് ദൗത്യനിർവഹണത്തിനായി പ്രത്യേകമായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമുള്ളതാണ്. ക്രിസ്തുവിന്റെ സ്ഥാനപതിയും ഗൃഹവിചാരകൻമാരുമായി വേർതിരിക്കപ്പെടുന്നവരാണ് അവർ. വി. പൗലോസ് 2 കൊരി. 5:20ലും 1 കൊരി. 4.1ലും ഊന്നിപ്പറയുന്നത് ഈ കാര്യമാണ്. എഫേസ്യർ 4:11-12ലും ഇത് വ്യക്തമാക്കുന്നു. ക്രിസ്തു തന്റെ അപ്പോസ്തോലന്മാരിലൂടെ തുടങ്ങിയ ഈ ശുശ്രൂഷ പിൻഗാമികളിലേക്ക് കൈമാറാവുന്നതാണ്. ശ്ലീഹന്മാരുടെ പിൻഗാമികളായ മേല്പട്ടക്കാർ അല്ലെങ്കിൽ, എപ്പിസ്ക്കോപ്പാമാർ ആ ദൗത്യം തുടരുന്നു. ക്രിസ്തുവിന്റെ അജപാലന ശുശ്രൂഷയുടെ തുടർച്ചയായ ഈ ശുശ്രൂഷയിൽ രാജകീയം (നയിക്കുക), പ്രവാചകം (പഠിപ്പിക്കുക), പുരോഹിതം (വിശുദ്ധീകരിക്കുക) എന്നീ ദൗത്യങ്ങൾ അടങ്ങിയിരിക്കുന്നു.

***''എപ്പിസ്ക്കോപ്പായിൽ നിന്ന് അന്യപ്പെട്ട് നിൽക്കുന്നവൻ സഭക്ക് ഇതരനും ദൈവിക വാഗ്ദാനങ്ങളുടെ പരിധിയിൽ നിന്ന് അന്യനായി ത്തീരുന്നവനു മായിരിക്കും''.***



## മെത്രാപ്പോലീത്ത അപ്പോസ്തോലിക പിൻതുടർച്ചയുടെ ദൃശ്യഭാവവും മാദ്ധ്യമവും

ക്രിസ്തീയ വിശ്വാസപ്രകാരം ഒരു മഹാപുരോഹിതനേയുള്ളൂ; നിത്യ മഹാപുരോഹിതനായ ക്രിസ്തു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കാളിത്തമാണ് പുരോഹിതന് നൽകുന്നത്. ആ പങ്കാളിത്തത്തിലേക്ക് നിയോഗിക്കപ്പെട്ട അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് മാർപ്പാപ്പയും പാത്രിയർക്കീസും അവരാൽ വാഴിക്കപ്പെടുന്ന മെത്രാപ്പോലീത്തായും. ഈ പിൻതുടർച്ചയിൽ നാം കാണുന്നത് ക്രിസ്തുവും 12 അപ്പസ്തോലന്മാരും ചേർന്ന സാന്നിദ്ധ്യമാണ്. അതിന്റെ പൂർണ്ണ സാന്നിദ്ധ്യം നാം അനുഭവിക്കുന്നത് ആരാധനാക്കൂട്ടായ്മയിൽ പ്രത്യേകിച്ച്, വി. കുർബ്ബാനയിലാണ്. അതുകൊണ്ടുതന്നെയാണ് വി. കുർബ്ബാനമദ്ധ്യേ, ആരാധനാ സമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ മെത്രാപ്പോലീത്ത കൈവെപ്പ് സ്വീകരിക്കുന്നത്. സഭയിലെ ഉന്നതസ്ഥാനി നേരിട്ടോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ അനുവാദത്തോടെ ചുരുങ്ങിയത് 3 മെത്രാപ്പോലീത്താമാരുടെയെങ്കിലും സാന്നിദ്ധ്യത്തിലോ മാത്രമേ വാഴ്ച്ച നടത്തുവാൻ അനുവാദമുള്ളൂ. ഇത് അപ്പോസ്തോലിക പിൻതുടർച്ചയെയും അപ്പസ്തോല കൂട്ടായ്മയെയും (Collegiality) ഉറപ്പുവരുത്തുവാനും അതിൽ പങ്കാളിയാക്കുവാനുമായിട്ടാകുന്നു.

## മെത്രാപ്പോലീത്ത: ഐക്യത്തിന്റെ പ്രതീകം

സഭാജീവിതത്തിന്റെയും ഘടനയുടെയും അനിവാര്യഘടകവും ഐക്യത്തിന്റെ അടിസ്ഥാ

ന പ്രതീകവുമാണ് മെത്രാപ്പോലീത്ത. അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസ് എഴുതുന്നു "Wherever the Bishop appears, let the congregation be present. Just as wherever Christ is, there is Catholic Church'' (St. Ignatius of Antioch, Letter to the Smyrnaeans 8:2). മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ ഇടവകയും ചേർന്ന ആരാധനാ സമൂഹത്തിൽ ക്രിസ്തുവിന്റെ കാതോലിക സഭയുടെ പ്രത്യക്ഷഭാവം വെളിപ്പെടുന്നു. സാർവ്വത്രീക സഭയുമായി ഒരു പ്രാദേശിക സഭയെ ബന്ധിപ്പിക്കുന്ന ഘടകമായിക്കൂടെ മെത്രാപ്പോലീത്ത മാറുന്നു. ലോകം മുഴുവനും വ്യാപിച്ചു കിടക്കുന്ന സഭയെ ബന്ധിപ്പിക്കുന്ന അപ്പോസ്തോലിക കൂട്ടായ്മയുടെ കണ്ണിയായ മെത്രാപ്പോലീത്ത സഭൈക്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമാകുന്നു.

## മെത്രാപ്പോലീത്തായുടെ യോഗ്യതയും ചുമതലയും

ഈ കാര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, ആധുനിക ലോകത്തുള്ള മാനദണ്ഡങ്ങൾക്കും ചുമതലകൾക്കും പുറമെ, പുതിയ നിയമത്തിലും സഭാപിതാക്കന്മാരുടെ എഴുത്തുകളിലും നിഷ്കർഷിച്ചിരുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്. ആദിമസഭയിൽ മേല്പ്പട്ടക്കാരെ സൂചിപ്പിക്കുവാൻ 2 പദങ്ങൾ ഉപയോഗിച്ചിരുന്നതായി കാണാം. Presbyteros, Episcopos എന്നിവയായിരുന്നു ആ പദങ്ങൾ. Presbyteros എന്നത് യഹൂദ ക്രിസ്ത്യാനികളും Episcopos എന്നത് പുറജാതി ക്രിസ്ത്യാനികളും ഉപയോഗിച്ചിരുന്നു എന്നു പറയപ്പെടുന്നു. Presbyteros എന്ന വാക്കിന് മൂപ്പൻ, പ്രായം ചെന്നയാൾ എന്നെല്ലാം അർത്ഥം പറയാം.

യഹൂദമതത്തിൽ വിശ്വസ്തതയും ആദരവും അർഹിക്കുന്നവരായിരുന്നു മൂപ്പൻമാർ (Elders) (സംഖ്യ 11:16). അപ്പസ്തോല പ്രവർത്തനങ്ങളിലും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലും പൊതുലേഖനങ്ങളിലും ഇവരുടെ സ്ഥാനവും പ്രബോധനാധികാരവും ഇടയത്വാധികാരങ്ങളും



വിവരിക്കുന്നു (അ.പ്ര. 11: 29, 1 പത്രോ. 5:1–4) യാക്കോബ് ശ്ലീഹായുടെ ലേഖനത്തിൽ രോഗികളെ തൈലം പൂശുവാനും പ്രാർത്ഥിക്കുവാനും അവരുടെ അടുക്കൽ കൊണ്ടുവന്നു എന്ന് കാണാം. (യാക്കോ. 5:14) പുതിയ നിയമകാലത്ത് മഹാപുരോഹിത, പുരോഹിത, ശെമ്മാശ ശുശ്രൂഷകൾ കാണുന്നുണ്ടെങ്കിലും അന്ത്യോഖ്യായിലെ വി. ഇഗ്നാത്തിയോസിന്റെ കാലത്താണ് മെത്രാപ്പോലീത്ത, പുരോഹിതൻ, ശെമ്മാശൻ എന്ന് കൃത്യമായ നിയമനം നടത്തുന്നത്. ആരാധനയുടെ അദ്ധ്യക്ഷനായ മെത്രാപ്പോലീത്തായും അദ്ദേഹത്തോട് ചേർന്ന് പുരോഹിതന്മാരും ശെമ്മാശ്ശന്മാരും. മെത്രാപ്പോലീത്ത ക്രിസ്തുവിന്റെ സ്ഥാനപതിയായി, ആരാധനയിൽ അദ്ധ്യക്ഷനായി, വിശ്വാസത്തിന്റെ ഭടനായി ഭരണക്രമീകരണം നടത്തിവന്നു.

അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെടുവാനുള്ള യോഗ്യതകൾ: അനിന്ദ്യനായിരിക്കണം; തന്നിഷ്ടക്കാരനും കോപിയും മദ്യപ്രിയനും ദുർല്ലാഭമോഹിയും ആയിരിക്കരുത്; വിശ്വാസമർമ്മം ശുദ്ധമനസ്സാക്ഷിയോടെ പാലിക്കുന്നവനാകണം എന്നു

***നിത്യ മഹാപുരോഹിതനായ ക്രിസ്തുവിന്റെ സ്ഥാനപതിയായി, മറ്റൊരു ക്രിസ്തുവായി, തന്റെ ജനത്തിന് ജീവനും പാപമോചനവും രക്ഷയും നൽകുവാനുള്ള ബലിയർപ്പകനും, ബലിവസ്തുവുമായി മഹാപുരോഹിതൻ രൂപാന്തരപ്പെടുന്നു.***

തുടങ്ങുന്ന നിബന്ധനകൾ കാണാം (തീത്തോസ് 1:1, 1 തിമോ. 3:1). 3-ാം നൂറ്റാണ്ടിലെഴുതപ്പെട്ട Didascalia Apostolorum, നല്ല വിദ്യാസമ്പന്നരും വിശ്വാസത്തിന്റെ എല്ലാവശവും തന്റെ ജനത്തിന് വിവരിച്ചു കൊടുക്കുവാൻ കഴിവുള്ളവരുമായിരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു (Did. 2:25). അച്ചടക്കമില്ലാത്തവർക്ക് ഉപദേശകനായിരിപ്പാൻ തക്കവണ്ണം ലളിത ഭക്ഷണ പാനീയക്രമം പാലിക്കുവാനും അമിതവ്യയം, സുഖലോലുപത, മാംസഭക്ഷണഭോജനം ഇവയിൽ നിന്ന് ഒഴിഞ്ഞിരിപ്പാനും നിഷ്കർഷിച്ചിരിക്കുന്നു. ത്മാവിൽ പരിപാലിക്കുവാനും (അ.പ്ര. 20:28) സഭാകാര്യങ്ങൾ ക്രമത്തിലാക്കുവാനും (തീത്തോസ് 1:5) ചുമതലപ്പെട്ടവരായി കാണാം. Didascalia Apostolorum പറയുന്നു. ''പാപക്കെട്ടുകളിൽ നിന്ന് നിങ്ങളെ അഴിച്ചുവിടുന്ന, വെള്ളത്താൽ വീണ്ടും ജനിപ്പിച്ച് പരിശുദ്ധാത്മാവു കൊണ്ട് നിറച്ച്, വചനമാകുന്ന പാൽ കുടിപ്പിച്ച്, ഉപദേശങ്ങളാകുന്ന അപ്പം നൽകി ദൈവിക വാഗ്ദാനങ്ങൾക്കവകാശികളാക്കിയ മെത്രാപ്പോലീത്തായെ ബഹുമാനിക്ക'' എന്ന് (2:33).

''പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നു'' എന്ന് പറയുമ്പോൾ സ്ഥാനാർത്ഥി, ഞാനത് സമ്മതിച്ച് സ്വീകരിച്ചിരിക്കുന്നു എന്നു പറയുന്നു. ശുശ്രൂഷയുടെ അവസാനം എപ്പിസ്ക്കോപ്പയെ കസേരയിലിരുത്തി 'ഓക്സിയോസ്' (ഇവൻ യോഗ്യൻ) എന്ന് ചൊല്ലി മുകളിലേക്ക് ഉയർത്തുന്നു. അന്ത്യോഖ്യൻ സുറിയാനി പാരമ്പര്യത്തിൽ എപ്പിസ്ക്കോപ്പസിയും ശുശ്രൂഷ പൗരോഹിത്യവും മാമോദിസാമൂലം ലഭിക്കുന്ന രാജകീയ പൗരോഹിത്യത്തോട്, വിശ്വാസിസമൂഹത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ലഭിക്കുന്ന



(Did. 2:5). അപ്പസ്തോല പ്രവർത്തികൾ പരിശോധിക്കുമ്പോൾ അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളായ അദ്ധ്യക്ഷന്മാരായ എപ്പിസ്ക്കോപ്പാമാരും കൈവെയ്പ്പ് നൽകി പരിശുദ്ധാത്മാവിനെ പകർന്നു കൊടുക്കുവാനും (അ.പ്ര. 8:15, 17) പുരോഹിതരെയും മറ്റ് സ്ഥാനികളെയും കൈവയ്പ്പ് നൽകി നിയമിക്കുവാനും (അ.പ്ര. 6: 6, 13: 3, 1 തീമോ. 5: 21, 22) തന്റെ അദ്ധ്യക്ഷതയിലുള്ള സഭാംഗങ്ങളെ പരിശുദ്ധാ

### മെത്രാപ്പോലീത്ത: ദൈവത്താൽ വിളിക്കപ്പെട്ട്, നിയോഗിക്കപ്പെട്ടവൻ; ദൈവജനത്താൽ സ്വീകരിക്കപ്പെട്ടവൻ

എപ്പിസ്കോപ്പയുടെ വാഴ്ച്ചാ ശുശ്രൂഷ വി. കുർബ്ബാനയുടെ മദ്ധ്യേയാണ് നടത്തപ്പെടുന്നത്. കാർമ്മികരുടെയും സന്നിഹിതരായിരിക്കുന്ന വിശ്വാസി സമൂഹത്തിന്റെയും സാന്നിദ്ധ്യത്തിലാണ് നടക്കുന്നത്. കാർമ്മികർ സ്ഥാനാർത്ഥിയുടെ മുൻപാകെ

അപ്പസ്തോലിക പിന്തുടർച്ചയും കൈവയ്പ്പും സഭയുടേതാണ്. അതുകൊണ്ടുതന്നെ, ദൈവികമായ കൈവയ്പ്പിനുശേഷം ദൈവജനത്തിന്റെ 'Oxios' സ്വീകാര്യതയും ഇതിന്റെ അഭേദ്യമായ ഭാഗമായി നിൽക്കുന്നു. ദൈവത്താൽ വിളിക്കപ്പെട്ട് നിയോഗിക്കപ്പെടുന്നയാൾ ദൈവജനത്തിനുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുവാൻ സന്നദ്ധനാവുകയും ദൈവിക വഴികളിൽ തങ്ങളെ നയിക്കുവാൻ, ദൈവരാജ്യത്തിന്റെയും ജീവന്റെ

യും മർമ്മങ്ങൾ പഠിപ്പിക്കുവാൻ, രക്ഷയ്ക്കായുള്ള കൗദാശിക ജീവിതത്തിന്റെ വിശുദ്ധിയിലേക്ക് പ്രവേശിപ്പിക്കുവാൻ അങ്ങയെ ഞങ്ങൾ സ്വീകരിക്കുന്നു എന്ന് പ്രഖ്യാപിക്കയും ചെയ്യുമ്പോൾ, നിത്യ മഹാപുരോഹിതനായ ക്രിസ്തുവിന്റെ സ്ഥാനപതിയായി, മറ്റൊരു ക്രിസ്തുവായി, തന്റെ ജനത്തിന് ജീവനും പാപമോചനവും രക്ഷയും നൽകുവാനുള്ള ബലിയർപ്പകമാണ്. ക്രിസ്തുവിന്റെ രക്ഷണ്യപ്രവർത്തനം ഈ ലോകത്ത് തുടരുവാൻ തിരഞ്ഞെടുത്ത് കൈവെയ്പിലൂടെ അധികാരപ്പെടുത്തിയ അപ്പോസ്തോലിക പിന്തുടർച്ച ഇന്ന് സഭയിൽ എപ്പിസ്ക്കോപ്പ/മെത്രാപ്പോലീത്തായിലൂടെയാണ് തുടരുന്നത്. ആദിമ സഭയെയും ഇന്നിനെയും ബന്ധിപ്പിക്കുന്ന പൗരോഹിത്യശുശ്രൂഷ എപ്പിസ്ക്കോപ്പായിലൂടെ നിലനിർത്തപ്പെട്ടുപോരുന്നു. എപ്പിസ്നല്ല, ശുശ്രൂഷിക്കുവാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി നൽകുവാനും വേണ്ടിയാകുന്നു'' (വി. മർക്കോസ് 10:45). തന്റെ ആടുകൾക്കു വേണ്ടി ജീവൻ നൽകുവാൻ, തന്നെത്തന്നെ സമർപ്പിച്ച നിത്യമഹാപുരോഹിതനായ ക്രിസ്തുവിനോട് താദാത്മ്യപ്പെടുന്ന മഹാപുരോഹിതനായ ഇടയശ്രേഷ്ഠൻ, ഈ തൊഴുത്തിലുൾപ്പെടാത്ത ആട്ടിൻകൂട്ടത്തിനുവേണ്ടിയും സമർ



നും ബലിവസ്തുവുമായി മഹാപുരോഹിതൻ തന്നെ രൂപാന്തരപ്പെടുന്നു. ഇതാണ് കൈവയ്പ്പിലൂടെ ലഭിക്കുന്ന അധികാരവും അവകാശവും. എപ്പിസ്ക്കോപ്പസിയില്ലായെങ്കിൽ ഈ ലോകത്തിൽ സഭയില്ല എന്നതോടൊപ്പം, ദൈവജനത്തെ കൂടാതെയുള്ള എപ്പിസ്ക്കോപ്പസിയും അർത്ഥശൂന്യമായി നിൽക്കുന്നു.

### ഉപസംഹാരം

എപ്പിസ്ക്കോപ്പസി എന്നത് ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട പരിശുദ്ധമായ ഒരു സ്ഥാനക്കോപ്പായും അദ്ദേഹത്തോട് ചേർന്ന ഇടവകയും സാർവ്വത്രീക സഭയുടെ ദൃശ്യഭാഗമായി,ഐക്യത്തിലും കൂട്ടായ്മയിലും സാർവ്വത്രീകസഭയുമായി ബന്ധപ്പെടുത്തുന്നു. മാമോദീസായിലൂടെ രാജകീയ, പൗരോഹിത്യ ഗണത്തിലാക്കപ്പെടുന്ന സഭാമക്കളോട്, ആരാധനാ സമൂഹത്തോട് ചേർന്നാണ് സഭയിൽ എപ്പിസ്കോപ്പയുടെ സ്ഥാനം. ദൈവം വിളിച്ചു വേർതിരിക്കുന്നയാൾ ദൈവത്തിന്റെ ജനത്തിനായി തന്നെത്തന്നെ സമർപ്പിക്കുന്നു. ഈ നിയോഗം ''ശുശ്രൂഷിക്കപ്പെടുവാപ്പിതനായി, ലോകം മുഴുവനും ഒരു മേച്ചിൽപ്പുറവും സകലജാതിയും ജീവന്റെ പങ്കാളിത്തത്തിലേക്ക് നയിക്കപ്പെട്ട്, ഒരാട്ടിൻ കൂട്ടവും ഒരിടയനും ആയിത്തീരുന്ന അനുഭവത്തിലേക്കുള്ള മഹത്തായ വിളിയും ശുശ്രൂഷയുമാണിത് (വി. യോഹ. 10:16–18).

■




# ചരിത്രം

*"We are not makers of history.*
*We are made by history."*

*Martin Luther King Jr.*







**ശ്രീ. ഷിബു പനച്ചിക്കൻ**
(ജനറൽ സെക്രട്ടറി മലങ്കര
കാത്തലിക് അസ്സോസിയേഷൻ, മൂവാറ്റുപുഴ)

# മൂവാറ്റുപുഴ രൂപത
## ഒരു ചുരുക്കെഴുത്ത്

അവിഭക്ത തിരുവല്ല രൂപത പമ്പാ നദി മുതൽ വടക്കൻ മലബാറുംകഴിഞ്ഞ് കന്നട മണ്ണിൽ ഷിമോഗ വരെയും തമിഴ്നാട്ടിൽ നീലഗിരിയും കോയമ്പത്തൂർ, ഈറോഡ് വരെയും വിസ്തൃതവും വിശാലവുമായിരുന്നു. 1978 ഒക്ടോബർ 28ന് മലബാറും കന്നട മണ്ണും നീലഗിരി കുന്നുകളും ഉൾപ്പെടുന്ന ബത്തേരി രൂപത നിലവിൽ വന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അഞ്ചാമത് രൂപതയായ മൂവാറ്റുപുഴ രൂപത നിലവിൽ വരുന്നത് 2003 ജനുവരി 15നാണ്. മദ്ധ്യകേരളത്തിലെ പ്രധാന ജില്ലകളായ എറണാകുളം, തൃശൂർ, പാലക്കാട്, തമിഴ്നാട്ടിൽ കോയമ്പത്തൂർ, ഈറോഡ്, തിരിപ്പൂർ, സേലം എന്നീ മേഖലകളും ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിന്റെ ഭാഗങ്ങളും ഉൾപ്പെടുന്ന വലുതും സാംസ്കാരികമായി വ്യത്യസ്തവുമായ ഒരു ഭൂമികയാണ് രൂപതയുടെ പ്രവർത്തന ദേശങ്ങൾ.

2003 ജനുവരി 15ന് മൂവാറ്റുപുഴ ഭദ്രാസന സ്ഥാപനത്തോടൊപ്പം, മൂവാറ്റുപുഴ രൂപതയുടെ പ്രഥമ മെത്രാനായി അഭി. ഡോ. തോമസ് മാർ കൂറിലോസ് തിരുമേനി 2003 ഫെബ്രുവരി 6ന് സ്ഥാനാരോഹണം ചെയ്തു. മൂവാറ്റുപുഴ രൂപതയുടെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങളിൽ നിന്നുകൊണ്ടുതന്നെ അഭി. കൂറിലോസ് പിതാവ് അജപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. മൂവാറ്റുപുഴ രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സമൃദ്ധി ആരംഭിച്ചതും ചിട്ടപ്പെടുത്തിയതും അഭിവന്ദ്യ കൂറിലോസ് പിതാവിന്റെ നേതൃത്വമായിരുന്നു. കീഴില്ലത്ത് രൂപതാ കാര്യാലയം സ്ഥാപിച്ചതും അഭിവന്ദ്യ പിതാവിന്റെ വികസന കാഴ്ചപ്പാടിലായിരുന്നു. മൈനർ സെമിനാരിയുടെ ആരംഭവും വെങ്ങോലയിൽ സെമിനാരിയുടെ അടിസ്ഥാന സൗകര്യ വികസനവും മൂവാറ്റുപുഴ വിമലഗിരി ഇന്റർനാഷണൽ സ്കൂളിന്റെ സ്ഥാപനവും പിതാവിന്റെ ഭരണകാലഘട്ടത്തിലെ പ്രധാന കാൽവയ്പ്പുകളായിരുന്നു. മാമലശേരി നിത്യസഹായമാതാ പള്ളിയും തൃശൂർ മിഷനും പിതാവിന്റെ പരിലാളനകൾ ഏറ്റുവളർന്ന ഇടവകകളാണ്.

2008 ഫെബ്രുവരി 9ന് മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയ അദ്ധ്യക്ഷനായി അഭി. ഡോ. ഏബ്രഹാം മാർ ജൂലിയോസ് തിരുമേനി സ്ഥാനാരോഹിതനായി. തുടർന്ന്, രൂപതയുടെ വളർച്ചയ്ക്കുവേണ്ടിയുള്ള പദ്ധതികൾ ബഹു. വൈദികരുടേയും സന്യസ്തരുടേയും അൽമായരുടേയും പങ്കാളിത്തത്തോടെ ചർച്ച ചെയ്ത് അഭിപ്രായ ഏകീകരണം നടത്തി. രൂപതയുടെ

ആസ്ഥാന ദേവാലയത്തിനായിരുന്നു പ്രഥമ പരിഗണന നൽകിയത്. അങ്ങനെ, ഭദ്രാസന ദേവാലയം മൂവാറ്റുപുഴ വാഴപ്പിള്ളിയിൽ 2012 ജനുവരി 25ന് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ കൂദാശ ചെയ്യപ്പെട്ടു. ബൈസന്റൈൻ വാസ്തു ശില്പത്തിൽ തീർത്ത ഭാരതത്തിലെ ആദ്യ ദേവാലയം കൂടിയാണ് മൂവാറ്റുപുഴ ഭദ്രാസനത്തിന്റേത്. 1977 ഒക്ടോബർ 9-ാം തീയതി പരി. പോൾ ആറാമൻ മാർപാപ്പ വിശുദ്ധനായി പ്രഖ്യാപിച്ച ലെബനോനിലെ താപസവര്യനായ വിശുദ്ധ ഷർബേലിന്റെ തിരുശേഷിപ്പ് ഇന്ത്യയിലാദ്യമായി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ നിത്യ ആരാധനാ ചാപ്പലിൽ സ്ഥാപിച്ചു.

രൂപതയുടെ പ്രവർത്തന മേഖലയായ തമിഴ്നാട്ടിലേക്ക് സുവിശേഷീകരണത്തിന്റെ വയലുകൾ ഒരുക്കപ്പെടുവാനുള്ള അക്ഷീണ പ്രയത്നത്തിന്റെ നാളുകളായിരുന്നു പിന്നീട്. കോയമ്പത്തൂർ കിണത്തുക്കടവ്, പൊള്ളാച്ചി, അവ്വൈനഗർ എന്നിവിടങ്ങളിൽ പുതിയ മിഷൻ കേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ചു. എറണാകുളം കാക്കനാട് കേന്ദ്രീകരിച്ച് പുതിയ ഇടവകയും നിലവിൽ വന്നു. ദേവാലയത്തോടൊപ്പം, മോറിയ ധ്യാനകേന്ദ്രവും വിശ്വാസവളർച്ചയുടെ, പ്രാർത്ഥനാനുഭവത്തിന്റെ ഭവനമായി മാറി. ചാലക്കുടി മുരിങ്ങൂരിൽ 2018ൽ രൂപത പുതിയ ഇടവക സ്ഥാപിക്കുകയും ദേവാലയത്തിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തു. അഗതികൾക്കും അശരണർക്കുമായി പണി കഴിപ്പിച്ച വടകോട് അഗതിമന്ദിരം പാർ



*പ്രഥമ കത്തീഡ്രൽ ദേവാലയം*

ശ്വവത്ക്കരിക്കപ്പെട്ടവരോടുള്ള പക്ഷം ചേരലായിരുന്നു. അനാഥരോടും അശരണരോടുമുള്ള സഭയുടെ കരുതലിന്റെ ഭവനം കൂടിയാണിത്.

ഭദ്രാസനത്തിന്റെ ഭരണ സിരാകേന്ദ്രമായി രൂപതാ കാര്യാലയത്തിന്റെ നിർമ്മാണം 2018ൽ പൂർത്തീകരിക്കുകയും ഡിസംബർ 6-ാം തീയതി സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ കൂദാശ ചെയ്യപ്പെടുകയും ചെയ്തു. ആധുനിക സൗകര്യങ്ങളോടെ, വിശാലവും മനോഹരവുമായ രൂപതാ കാര്യാലയം ഭദ്രാസനത്തിന്റെ വളർച്ചയുടെ പ്രതീകം കൂടിയാണ്. അഭി. ഏബ്രഹം മാർ ജൂലിയോസ് പിതാവിന്റെ ദീർഘവീക്ഷണവും അശ്രാന്ത പരിശ്രമവും ബഹു. വൈദികരുടെ അദ്ധ്വാനത്തിന്റെ ഫലവുമായാണ് ഭദ്രാസന കാര്യാലയം എന്ന സ്വപ്നം യാഥാർത്ഥ്യമായത്.

ഭദ്രാസനം ദൈവജനത്തിന്റെ മാത്രമല്ല, രൂപതാ അതിർത്തിയിൽ വരുന്ന എല്ലാ വിഭാഗം ജനങ്ങളുടേയും സമഗ്രവികസനം ലക്ഷ്യം വച്ചാണ് പ്രവർത്തിക്കുന്നത്. അതാണ് ഒരു പ്രാദേശിക സഭ എന്ന നിലയിൽ ഒരു രൂപതയുടെ ദൈവദത്തമായ ദൗത്യം. അതിനാൽ, രൂപതാംഗങ്ങളുടേതുപോലെതന്നെ പൊതുസമൂഹത്തിന്റേയും ആത്മീയ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ പുരോഗതി ലക്ഷ്യമാക്കിയാണ് മൂവാറ്റുപുഴ രൂപത പ്രവർത്തിക്കുന്നത്. ഈ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനായി രൂപതയിൽ വിവിധ കാര്യാലയങ്ങൾ പ്രവർത്തിക്കുന്നു. മതബോധനം, ആരാധനാക്രമം, സുവിശേഷീകരണം, ബൈബിൾ അപ്പസ്തോലേറ്റ്, ഫാമിലി അപ്പസ്തോലേറ്റ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, മദ്യവർജ്ജനം, ലേബർ മൂവ്മെന്റ്, യുവജനം, ബാലസഖ്യം, എം.സി.എ. എന്നീ കാര്യാലയങ്ങളിലൂടെ രൂപതയുടെ പ്രവർത്തനങ്ങൾ രൂപതാംഗങ്ങളിലേക്കും പൊതുസമൂഹത്തിലേക്കും എത്തിക്കുന്നു.



രൂപതയെ 11 വർഷക്കാലം നയിച്ച അഭി. ഡോ. ഏബ്രഹം മാർ ജൂലിയോസ് പിതാവിനെ ദൈവജനം ഹൃദയത്തിൽ സൂക്ഷിക്കുന്നു. അഭി. പിതാവ് നൽകിയ സ്നേഹത്തിന്, അനുഗ്രഹങ്ങൾക്ക്, നന്ദി അർപ്പിക്കുന്നു. ഭദ്രാസനത്തിന്റെ പുതിയ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്യുന്ന അഭി. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തയ്ക്ക് മൂവാറ്റുപുഴ ഹൃദയപൂർവ്വം ആശംസകൾ അർപ്പിക്കുന്നു.

അപ്പസ്തോലന്മാരാകുന്ന അടിത്തറയിൽ ക്രിസ്തുവാകുന്ന മൂലക്കല്ലിൽ പണിയപ്പെട്ട സഭയുടെ മക്കളായ ഞങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു. മൺമറഞ്ഞ പൂർവ്വ സൂരികളേ, പുരോഹിത ഗണമേ, മഹിതരായ മാമുനിമാരേ, അല്മായ സാക്ഷികളേ ഏവർക്കും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ നേരുന്നു.

■




**റവ. ഡോ. മത്തായി കടവിൽ OIC**

(പ്രൊഫസർ, സെന്റ് മേരീസ്
മലങ്കര സെമിനാരി, തിരുവനന്തപുരം)


# മൂവാറ്റുപുഴ രൂപത സംസ്കാരാധിഷ്ഠിത സഭൈക്യശുശ്രൂഷയിൽ

അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് തിരുമേനി മൂവാറ്റുപുഴ രൂപതയുടെ അജപാലന ശുശ്രൂഷ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിക്ക് കൈമാറുന്ന ഈ അവ സരത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നിരണം പ്രസംഗമാണ് (1925 മെയ് 1) മനസ്സിലേക്ക് കടന്നുവരുന്നത്. മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടശേഷം നടന്ന അനുമോദന പ്രസംഗങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചും തലേ ദിവസം (1925 ഏപ്രിൽ 30) രണ്ടാം കാതോലിക്കാ ആയി വാഴിക്കപ്പെട്ട മാർ ബസ്സേലിയോസ് ദ്വിതീയൻ ബാവായെ അനുമോദിച്ചും നടത്തിയ പ്രസംഗത്തിലെ മുഖ്യപ്രമേയം സഭൈക്യമായിരുന്നു. സഭയിൽ നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ വിഭജനങ്ങളുടെ പശ്ചാത്തലത്തിൽ യോജിപ്പിനായി പ്രവർത്തിക്കുകയെന്നതാണ് സഭാ നേതൃത്വത്തിന്റെ പ്രഥമവും പ്രധാനവുമായ കടമയെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അന്ത്യോക്യൻ സഭയുടെ ഇടപെടലുകളെ തുടർന്ന് 1912-ൽ ഉണ്ടായ വിഭജനം തുടങ്ങി പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ ഇടപെടലുകൾ വഴി 19-ാം നൂറ്റാണ്ടിലും കത്തോലിക്ക മിഷനറിമാരുടെ ഇടപെടൽ വഴി 17-ാം നൂറ്റാണ്ടിലും കേരള നസ്രാണി സമുദായത്തിലുണ്ടായ വിള്ളലുകൾ പരിഹരിക്കുവാൻ സഭാനേതൃത്വം പരിശ്രമിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

1910ൽ എഡിൻബറോയിൽ ആരംഭിച്ച ആധുനിക എക്യൂമെനിക്കൽ ചിന്തകളുടെ പ്രതിഫലനമാണ് പിതാവിന്റെ വാക്കുകളിൽ പ്രകടമായത്. എഡിൻബറോ കോൺഫ്രൻസിന്റെ മുഖ്യസംഘാടകനായിരുന്ന റിച്ചാർഡ് മോട്ട് 1912-ൽ സെറാംപൂരിൽ സംഘടിപ്പിച്ച മിഷനറി സമ്മേളനത്തിലുള്ള പങ്കാളിത്തം ഇതിന് വഴിതെളിച്ചു. എഡിൻബറോ കോൺഫ്രൻസിൽ സംബന്ധിച്ച സെറാംപൂർ പ്രൊഫസർമാരുമായുള്ള സമ്പർക്കം ഇതിനെ കൂടുതൽ ബലപ്പെടുത്തി. വിഭജിത സഭകൾ സുവിശേഷ സാക്ഷ്യത്തിന് തടസ്സമായതിനാൽ സഭകളുടെ ഐക്യത്തെകുറിച്ച് ചിന്തിക്കുവാനുള്ള ആഹ്വാനത്തിൽനിന്നുമാണ് ആധുനിക എക്യുമിനിസം രൂപപ്പെട്ടത്. സഭയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നൂറ്റാണ്ട് സഭൈക്യത്തിന്റെ നൂറ്റാണ്ടാ

ണ്. രണ്ടാം വത്തിക്കാൻ സുനഹദോസും സഭകളുടെ ലോക കൗൺസിലും (World Council of Churches- WCC), ബൈസന്റെൻ പാരമ്പര്യത്തിൽപ്പെട്ട കിഴക്കൻ സഭകളും സുറിയാനി പാരമ്പര്യത്തിൽപ്പെട്ട ഓറിയന്റൽ സഭകളും സഭൈക്യ ചർച്ചകളിൽ സജീവമായി പങ്കുചേർന്നു. സഭകൾ തമ്മിലുള്ള ഭിന്നതകൾ ഏറെ പഠനത്തിനും ചർച്ചയ്ക്കും വിഷയമായിട്ടുണ്ട്. എഫേസൂസിലും (431) കൽക്കദോനിയായിലും (451) നടന്ന സുന്നഹദോസുകളിൽ ഇതര സഭകളുമായി കത്തോലിക്കാ സഭ നടത്തിയ സംവാദങ്ങൾക്കുശേഷം ഒപ്പ് വച്ച ധാരണാപത്രങ്ങളിലൂടെ പുരാതന സഭകൾ തമ്മിലുള്ള വ്യത്യാസം വിശ്വാസവിഷയത്തിലല്ലായെന്ന് ലോകം തിരിച്ചറിഞ്ഞു. വിവിധ ഭാഷകളിലും സംസ്കാരത്തിലും പെട്ടവർ നടത്തിയ ആശയവിനിമയങ്ങൾ മനസ്സിലാക്കുന്നതിൽ വന്ന വീഴ്ചകളാണ് സഭാ ഭിന്നതകളുടെ കാരണമെന്ന് ഇന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. സഭൈക്യത്തെ സംബന്ധിച്ച പഠനങ്ങൾ ഓരോ സഭയുടെയും ചരിത്രത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള പഠനത്തിന് വഴിമാറുന്ന കാഴ്ചയാണ് തുടർന്ന് കണ്ടത്. സഭൈക്യത്തെ സംബന്ധിച്ച സമകാലീന പഠനങ്ങൾ സംസ്കാരാധിഷ്ഠിത എക്യുമെനിസത്തിന് (Inter Cultural Ecumenism) കൂടുതൽ പ്രാധാന്യം നൽകുന്നു. കേരളീയ നസ്രാണി സമൂഹത്തിലെ വിവിധ സഭകളും സംസ്കാരാധിഷ്ഠിത സഭൈക്യത്തെക്കുറിച്ച് ചിന്തിക്കാൻ സമയമായിരിക്കുന്നു. സഭയെ വിഭജിക്കുവാനിടയായ ദർശനങ്ങളോടുള്ള പ്രതിബദ്ധതയേക്കാൾ (Denominational Affinity) കേരളീയ നസ്രാണി സമൂഹം യോജിപ്പിനുള്ള വഴിതേടേണ്ടത് തങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന സംസ്കാരത്തിലാണ്.

മാർത്തോമാശ്ലീഹ വന്നിറങ്ങിയ കൊടുങ്ങല്ലൂരും സമീപ പ്രദേശങ്ങളും കേരള നസ്രാണി സമൂഹത്തിന്റെ പിള്ളത്തൊട്ടിലാണ്. മൂന്നാം നൂറ്റാണ്ട് മുതൽ കേരളത്തിലെത്തിയ സുറിയാനി കുടിയേറ്റക്കാരുടെ പരിപോഷണത്തിലാണ് ഈ സഭ വളർന്നു വന്നത്. മുഹമ്മദീയരുടെ ആക്രമണത്തെ തുടർന്ന് ചിതറിക്കപ്പെട്ട നസ്രാണി സമൂഹം പെരിയാറിന്റെയും മൂവാറ്റുപുഴയാറിന്റെയും ഇവകളുടെ കൈവഴികളിലൂടെയും യാത്ര ചെയ്ത് പുതിയ ഇടങ്ങളിൽ സഭയെ കെട്ടിപ്പടുത്തു. മാർത്തോമ്മാ ശ്ലീഹായിൽ നിന്നും സ്വീകരിച്ച സുവിശേഷ സത്യം സുറിയാനി ആരാധനാ പാരമ്പര്യത്തിന്റെ സഹായത്തോടെ ചിട്ടപ്പെടുത്തിയ ഭാരതീയ ക്രൈസ്തവ സംസ്കൃതി കേരള നസ്രാണി സമൂഹത്തിന്റെ പൊതുസ്വത്താണ്. ഈ സംസ്കൃതിയിലേക്കാണ് 16-ാം നൂറ്റാണ്ടിൽ കത്തോലിക്കാ മിഷനറിമാർ കടന്നുവന്നത്. കേരളീയ നസ്രാണിസമൂഹത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ കടന്നുകൂടിയ അന്ധവിശ്വാസത്തെയും ദുരാചാരങ്ങളെയും നീക്കുവാൻ മിഷനറിമാർ നൽകിയ സംഭാവനകളെ അംഗീകരിക്കുന്നതോടൊപ്പം, തങ്ങളുടെ വിശ്വാസാചാരങ്ങളെ പൂർണ്ണമായി തിരസ്കരിക്കുകയും പൂർവ്വീകാചാരാനുഷ്ഠാനങ്ങളുടെ സ്ഥാനത്ത് തങ്ങൾക്ക് അന്യമായ ലത്തീൻ രീതിയെ പ്രതിഷ്ഠിക്കുകയും തങ്ങളുടെമേൽ ആ



ധിപത്യം പുലർത്തുകയും ചെയ്ത മിഷനറിമാരോടുള്ള പ്രതിഷേധമാണ് 1653ലെ കൂനൻ കുരിശ് സത്യം. തുടർന്നുള്ള കാലഘട്ടം പുനർനിർമ്മിതിയുടെ കാലഘട്ടമാണ്. ലത്തീനീകരണത്തിലൂടെ നഷ്ടപ്പെട്ട ആചാരാനുഷ്ഠാനങ്ങളിൽ പലതും വീണ്ടെടുത്തതോടൊപ്പം 1665 മുതൽ കേരളത്തിൽ വന്ന അന്ത്യോക്യൻ സഭാ നേതൃത്വത്തിന്റെ സഹായത്തോടെ സുറിയാനി ആരാധനാരീതിയെ പുനഃസൃഷ്ടിക്കുവാൻ മലങ്കരസഭയ്ക്ക് കഴിഞ്ഞു.

സുറിയാനി രീതികളെ കേരളീയ രീതിയിൽ പുനരാവിഷ്കരിച്ച ഈ സഭാസമൂഹത്തിലേക്കാണ് പ്രൊട്ടസ്റ്റന്റ് മിഷനറിമാർ കടന്നുവന്നത്. ആധുനിക വിദ്യാഭ്യാസത്തിന്റെ സാദ്ധ്യതകൾ വൈദിക പരിശീലനത്തിന് പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ 1815ൽ കോട്ടയത്ത് ആരംഭിച്ച സെമിനാരി പ്രൊട്ടസ്റ്റന്റ് ആശയ പ്രചാരത്തിനുള്ള വേദിയായി. പ്രൊട്ടസ്റ്റന്റ് മിഷനറിമാർ വിശ്വാസകാര്യങ്ങളിൽ നടത്തിയ ഇടപെടലുകൾ വീണ്ടും സഭയെ പിളർപ്പിലേക്ക് നയിച്ചു. ഇതിലൂടെ സഭാംഗങ്ങളിൽ ഒരു വിഭാഗം പ്രൊട്ടസ്റ്റന്റ് ആശയങ്ങളിലേക്ക് പോയതോടൊപ്പം, മലങ്കര സഭയുടെ ഭരണസംവിധാനം സമൂലമാറ്റത്തിന് വിധേയമാകുകയും ചെയ്തു. മിഷനറിമാരുമായിട്ടുള്ള തർക്കങ്ങൾ സഭയെ കോടതിയിലേക്ക് വലിച്ചിഴച്ചു. കൊച്ചിൻ അവാർഡ് (1840), കൊല്ലം പഞ്ചായത്ത് വിധി, റോയൽ കോടതി വിധി (1889) തുടങ്ങിയ വിധികളിലൂടെ സഭാഭരണം മൂന്നംഗ ട്രസ്റ്റിമാരിൽ (മെത്രാൻ ട്രസ്റ്റി, വൈദിക ട്രസ്റ്റി, അല്മായ ട്രസ്റ്റി) കേന്ദ്രീകൃതമായി. സഭാഭരണം കോടതി കയറിയതോടെ സഭയുടെ കാനോനകളെക്കാൾ പ്രാധാന്യം ട്രസ്റ്റ് ഭരണഘടന കൈവരിച്ചു. പരിശുദ്ധാത്മനിവേശിതമായി നടക്കുന്ന സഭയുടെ വിശ്വാസക്രമങ്ങളും ഭരണരീതികളും ജനാധിപത്യ രീതിയിൽ ഭൗതീക സ്വാധീനമനുസരിച്ച് നിർണ്ണയിക്കുന്ന രീതിയിലേക്ക് മലങ്കര സഭ വഴുതിവീണു.



പ്രൊട്ടസ്റ്റന്റ് സ്വാധീനത്തിൽ ഉലഞ്ഞ മലങ്കര സഭയെ വീണ്ടും അപ്പസ്തോലിക സഭാബന്ധത്തിൽ ഉറപ്പിക്കുന്നതിന് 1876ലെ മുളന്തുരുത്തി സുന്നഹദോസ് കാരണമായി. അന്ത്യോക്യൻ പാത്രിയർക്കീസിന് വിധേയമായി മലങ്കര മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മലങ്കര സഭയുടെ ഭരണനിർവ്വഹണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ഒരു പരിധിവരെ മുളന്തുരുത്തി സുന്നഹദോസിന് കഴിഞ്ഞു. എന്നാൽ, സഭയുടെ ഉൾഭരണ സംവിധാനത്തിൽ പാത്രിയർക്കീസിന്റെയും മെത്രാപ്പോലീത്തായുടെയും ചുമതലകൾ കൃത്യമായി നിശ്ചയിക്കപ്പെട്ടിരുന്നില്ല. ഇത് 1912ലെ ഭിന്നതയ്ക്ക് കാരണമായി. സഭാ ഭരണനിർവ്വഹണത്തിന് കാനോൻനിയമവും ട്രസ്റ്റ് അടിസ്ഥാനത്തിലുള്ള ഭരണഘടനയും ഉപയോഗിച്ചപ്പോഴുണ്ടായ വൈജാത്യമാണ് ഭിന്നിപ്പിന്റെ അടിസ്ഥാനം.

ഇവിടെയാണ് ഈവാനിയൻ ദർശനത്തിന്റെ പ്രസക്തി. കാതോലിക്ക സ്ഥാപനത്തിന്റെ പിന്നിലെ ബുദ്ധികേന്ദ്രമായ മാർ ഈവാനിയോസ് പിതാവ് അന്ത്യോക്യൻ പാത്രിയർക്കീസുമായുള്ള സംസർഗ്ഗം നഷ്ടപ്പെടാതെ മലങ്കര സഭയെ സ്വതന്ത്രമായി നയിക്കുന്നതിനുള്ള സംവിധാനമായാണ് കാതോലിക്കാ സിംഹാസനത്തെ വിവക്ഷിച്ചത്. സഭാസംസർഗ്ഗം നഷ്ടപ്പെടാതെ

സ്വത്വസംരക്ഷണത്തിന് വേണ്ടി ആവിഷ്ക്കരിച്ച അധികാരസ്ഥാനം ബാവാകക്ഷിയും മെത്രാൻ കക്ഷിയുമായി വേർപിരിഞ്ഞതോടെ ഈവാനിയോസ് പിതാവ് ആത്മീയതയുടെ വഴിതേടി. ഈ ആത്മീയ യാത്രയിലാണ് ബഥനി സ്ഥാപിക്കപ്പെട്ടത്. ഈ ആത്മീയ അനുഭവത്തിലാണ് പുരാതന സഭകളുമായുള്ള സംസർഗം വീണ്ടെടുക്കുവാൻ തന്റെ തലവനും പിതാവുമായി നിയോഗിതനായ രണ്ടാം കാതോലിക്കായോടും മലങ്കര സമൂഹത്തോടും നിരണം പ്രസംഗത്തിലൂടെ ആവശ്യപ്പെട്ടതും. മെത്രാൻ സ്ഥാനത്തേയ്ക്കുയർത്തപ്പെട്ട പിതാവ് കക്ഷി വഴക്കുകളിൽ ഉൾപ്പെടാതെ ബഥനിയുടെ മെത്രാനായിട്ടാണ് വാഴിക്കപ്പെട്ടത്. ബഥനിയുടെ അധികാരം ദേശപരിധിയിൽ (Teritorial Jurisdiction) ഒതുങ്ങുന്നതല്ല, മറിച്ച് വ്യക്തി കേന്ദ്രീകൃതമായിരുന്നു (Personal Jurisdiction). യാക്കോബായ സഭയിലെ ക്നാനായ സമുദായത്തിനും സിംഹാസന പള്ളികൾക്കും പൗരസ്ത്യ സുവിശേഷ സമാജം വക പള്ളികൾക്കും സമാനമായ ഒരു ഭരണ സംവിധാനം. സഭയുടെ വിശ്വാസകാര്യങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും സഭയുടെ കാനോനുകളും സ്ഥാവരജംഗമവസ്തുക്കളുടെ കാര്യനിർവ്വഹണത്തിന് ദേശത്തിന്റെ നിയമവും അവലംബിച്ചു.

അപ്പോസ്തോലിക സഭയുമായുള്ള സംസർഗ്ഗവും സ്വത്വസംരക്ഷണവും ഇവാനിയൻ സഭാദർശനത്തിന്റെ അടിസ്ഥാനമായി നിലകൊണ്ടു. മെത്രാനായശേഷം സുന്നഹദോസിന്റെ അനുമതിയോടെ പൂർവ്വികസഭകളുമായുള്ള സംസർഗ്ഗത്തിനുവേണ്ടി പരിശ്രമിച്ചത് ഇതിന്റെ ഭാഗമായാണ്. 1928 ലെ കോടതിവിധി അനുകൂലമായപ്പോൾ, സഭൈക്യശ്രമത്തിൽ നിന്ന് ഓർത്തഡോക്സ് കക്ഷി പിൻവാങ്ങിയെങ്കിലും ബഥനി മെത്രാപ്പോലീത്തയും ബഥനി എപ്പിസ്കോപ്പയും ബഥനി ആശ്രമസ്ഥനും ബഥനി മഠാംഗങ്ങളും ബഥനി ഇടവകാംഗങ്ങളുമടങ്ങുന്ന ബഥനി സഭ കത്തോലിക്ക സഭയുമായി 1930 ൽ പുനരൈക്യപ്പെട്ടു. ആഗോളസഭയുമായുള്ള സംസർഗ്ഗത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമാണ് ഇതിലൂടെ കൈവരിച്ചത്.

സഭയുടെ സ്വതന്ത്ര പദവി നഷ്ടപ്പെടുത്തിയുള്ള വിധേയത്വവും സഭയുടെ സ്വാതന്ത്ര്യത്തിന്റെ പേരിൽ സംസർഗ്ഗം നഷ്ടപ്പെടുത്തുന്നതും മലങ്കരസഭയ്ക്ക് ഭൂഷണമല്ല. മറിച്ച്, കേരള നസ്രാണികളുടെ സാംസ്കാരിക പൈതൃകങ്ങൾ സംരക്ഷിച്ചുകൊണ്ട് പുരാതന സഭയുമായി സഹവർത്തിത്വത്തിൽ പോകണമെന്ന ഈവാനിയൻ ദർശനം ഇന്നും പ്രസക്തമായി തുടരുന്നു. എന്നാൽ, സഭൈക്യത്തിന്റെ പേരിൽ ഇതര സഭകളിൽ വിള്ളൽ സൃഷ്ടിക്കുന്നത് ഭൂഷണമല്ല. മറിച്ച്, കത്തോലിക്കാ സഭ, മലങ്കര യാക്കോബായ സഭയും മലങ്കര ഓർത്തഡോക്സ് സഭയുമായി നടത്തിവരുന്ന സംവാദങ്ങളുടെ തുടർച്ചയായി ഓരോ സഭാവിഭാഗങ്ങളെയും അവരുടെ പ്രത്യേകതകൾ അംഗീകരിച്ചുകൊണ്ട് കേവല സഹവർത്തിത്വത്തെക്കാൾ സംസർഗ്ഗത്തിൽ വരുന്നതിനുള്ള വേദികൾ കണ്ടെത്തുവാനുള്ള നേതൃത്വം വഹിക്കാൻ കഴിയട്ടെ.

***കേരള നസ്രാണികളുടെ സാംസ്കാരിക പൈതൃകങ്ങൾ സംരക്ഷിച്ചുകൊണ്ട് പുരാതന സഭയുമായി സഹവർത്തിത്വത്തിൽ പോകണമെന്ന ഈവാനിയൻ ദർശനം ഇന്നും പ്രസക്തമായി തുടരുന്നു.***

ഭാരതീയ ക്രൈസ്തവ സംസ്കൃതി കുടികൊള്ളുന്ന ഭൂമിക കർമ്മമണ്ഡലമാക്കിയ മൂവാറ്റുപുഴ രൂപത ഇതിന് നേതൃത്വം വഹിക്കണം. ഭാരതീയ ക്രൈസ്തവ സംസ്കൃതിയുടെ ഈറ്റില്ലമായ മൂവാറ്റുപുഴ ലത്തീനീകരണ ശ്രമങ്ങളെ പ്രതിരോധിക്കുകയും പൂർവ്വീകാചാരങ്ങളെ പുനഃപ്രതിഷ്ഠിക്കുകയും ചെയ്തനാടാണ്. അന്ത്യോഖ്യായിൽ നിന്ന് വന്ന സഭാ പിതാക്കൻമാരുടെ കർമ്മ മണ്ഡലവും അവരിൽ ഭൂരിഭാഗം പേരുടേയും കബറിടങ്ങളും ഈ ദേശത്തിന്റെ സമ്പത്താണ്. പ്രൊട്ടസ്റ്റന്റ് അധിനിവേശത്തിന് എതിരെയുള്ള പോരാട്ടവും ഈ മണ്ണിൽ നിന്നു തന്നെയായിരുന്നു. സുറിയാനി ആരാധനാരീതിയോടൊപ്പം, ഭാരതത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിലുള്ള വിവിധ ആചാരാനുഷ്ഠാനങ്ങൾ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. കേരളീയ നസ്രാണി സമൂഹത്തിന്റെ സ്വന്തമായ ഈ പ്രത്യേകതകളോടെ പുരാതന സഭകളുമായുള്ള സംസർഗ്ഗത്തിൽ വർത്തിക്കുവാൻ സഹായകമായ വിധത്തിൽ വിവിധ സഭകളുമായി സംസ്കാരാധിഷ്ഠിത എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ മുവാറ്റുപുഴ രൂപതയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

■



# പൈതൃകം

"നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കൻമാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ."

ഹെബ്രായർ 13 : 7



**വെരി റവ. മോൺ. ചെറിയാൻ താഴമൺ**
(വികാരി ജനറാൾ, തിരുവല്ല അതിരൂപത)

# പുനരൈക്യത്തിന്റെ പുണ്യപിതാക്കന്മാർ

## ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസും പുണ്യശ്ലോകൻ മാർ തെയോഫിലോസും

ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത മലങ്കര സഭയുടെ ആധുനിക ചരിത്രഗതിയെ നയിച്ചിരുന്ന ചരിത്രപുരുഷനായിരുന്നു. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഭിന്നതയും മാത്സര്യവും നിമിത്തം ക്ഷയോന്മുഖമായിരുന്ന പുത്തൻകൂർ സമുദായത്തിന്റെ പുനരുദ്ധാരണത്തിനും ശാക്തീകരണത്തിനും ദൈവാത്മാവിനാൽ പ്രചോദിതനായി അദ്ദേഹം എടുത്ത നിലപാടുകളും മുന്നോട്ടുവച്ച ആശയങ്ങളും ചെയ്തകാര്യങ്ങളും ശരിയായിരുന്നു എന്ന് മാത്രമല്ല, അവ ദൈവനടത്തിപ്പായിരുന്നു എന്ന് ചരിത്രവും സാക്ഷിക്കുന്നു. മലങ്കരയിലെ പൗര സ്ത്യ കാതോലിക്കാ സിംഹാസന പുനഃസ്ഥാപനം, ബഥനി സന്യാസ പ്രസ്ഥാനങ്ങളുടെയും ബഥനി പള്ളികളുടെയും തുടക്കം, ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യം, മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനം തുടങ്ങിയ മലങ്കര സഭാചരിത്രത്തിലെ അതിപ്രധാനമായ സംഭവങ്ങളുടെയെല്ലാം മുഖ്യ സൂത്രധാരകനും ശക്തിഹേതുവുമായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും അദ്ദേഹത്തെ നിഴൽപോലെ പിൻതുടരുകയും തപസ്സും പ്രാർത്ഥനയും കൊണ്ട് പിൻ ബലം കൊടുക്കുകയും ബഥനിയുടെ തുടക്കത്തിനും തുടർച്ചയ്ക്കും കൈത്താങ്ങാകുകയും മലങ്കര പുനരൈക്യത്തിനും മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനത്തിനും തിരുവല്ലാ ഭദ്രാസനത്തിന്റെ അടിസ്ഥാനം ഉറപ്പിക്കുന്നതിനും ദൈവം തിരഞ്ഞെടുത്ത് നിയോഗിച്ച യതിവര്യൻ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തയുടെയും ദർശനങ്ങളും നേതൃത്വവും പ്രവൃത്തികളും എപ്രകാരമാണ് മലങ്കര സഭയുടെ ആധുനികകാല ചരിത്രത്തെ സ്വാധീനിച്ചതെന്ന പരിശോധനയ്ക്കുള്ള ഒരു എളിയ ശ്രമമാണ് തുടർതാളുകളിൽ.

## പശ്ചാത്തലവിവരണം

മാർത്തോമ്മാ ശ്ലീഹായിൽ നിന്നും ക്രൈസ്തവ വിശ്വാസം സ്വീകരിച്ച കേരളത്തിലെ ആദിമ സഭ ഏക വിശ്വാസവും ഏക ആരാധനാരീതിയും സ്വന്തമാക്കിയിരുന്നു. എന്നാൽ, പതിനാറാം നൂറ്റാണ്ടിൽ അവർ രണ്ട് ക്രൈസ്തവ സമൂഹങ്ങളായി വിഭജിക്കപ്പെടുകയും ഒരു കൂട്ടർ ലത്തീൻ (പോർട്ടുഗീസ്) സഭാധികാരികൾക്ക് വിധേയമാവുകയും മറുകൂട്ടർ അതിനു വിസമ്മതിക്കുകയും ചെയ്തു. ഇപ്രകാരം കീഴ്പ്പെടുവാൻ വിസമ്മതിച്ചവർ തങ്ങളുടെ അനിശ്ചിതാവസ്ഥ തുടരാതെ, സാധുവായ കൈവയ്പ്പ് തേടി അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനോട് കൂട്ടായ്മ പുലർത്തുന്ന ഒരു സ്വതന്ത്ര സഭയായി പരിണമിക്കുകയും ചെയ്തു. ഈ വിഭാഗത്തെയാണ് മലങ്കര സഭ എന്ന സംജ്ഞകൊണ്ട് വിവക്ഷിക്കുന്നത്. ലത്തീൻ (പോർട്ടുഗീസ്) സഭാധികാരികൾക്ക് വിധേയപ്പെടുവാൻ വിസമ്മതിക്കുക വഴി സാർവ്വത്രിക സഭാകൂട്ടായ്മയും അപ്പസ്തോല സംഘത്തിന്റെ തലവനായ വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ റോമാ മാർപ്പാപ്പായുമായുള്ള സംസ്സർഗ്ഗവും നഷ്ടമായ മലങ്കര സഭ അവ വീണ്ടെടുത്ത് പൂർവ്വസ്ഥിതി പ്രാപിക്കുവാനുള്ള ആദ്യ കാലശ്രമങ്ങൾ പരാജയപ്പെട്ടതുമൂലമുണ്ടായ അനിശ്ചിതത്വത്തിനു പരിഹാരം തേടിയ പ്രക്രിയയിലാണ് അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുമായുള്ള കൂട്ടായ്മയിൽ എത്തിപ്പെട്ടത്. തുടർന്നും മലങ്കര സഭ റോമാ മാർപ്പാപ്പായുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കുവാൻ നിരന്തരം ശ്രമിച്ചുകൊണ്ടാണിരുന്നത്. അനേക പരിശ്രമങ്ങൾ പലവിധകാരണങ്ങളാൽ പരാജയപ്പെട്ടു എങ്കിലും 1926ൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ കാതോലിക്കാ ബാവായുടേയും വട്ടശ്ശേരിൽ തിരുമേനിയുടെയും മറ്റ് മെത്രാപ്പോലീത്താമാരുടെയും കൂട്ടായ തീരുമാനപ്രകാരം ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നടത്തിയ പരിശ്രമങ്ങൾ 1930 സെപ്റ്റംബർ 20ന് വിജയമണിഞ്ഞു. അതാണ് ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യം. അതിലൂടെ രൂപപ്പെട്ട സാർവ്വത്രിക സഭാകൂട്ടായ്മയിൽ നവാഗതയായ വ്യക്തിഗത സഭയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ. 1653ൽ നഷ്ടപ്പെട്ട സാർവ്വത്രിക സഭാസംസർഗ്ഗം വീണ്ടെടുക്കുവാൻ ഒന്നാം മാർത്തോമ്മാ മുതൽ അനേകർ നടത്തിയ പരിശ്രമങ്ങൾ അവസാനം 1930-ൽ മാർ ഈവാനിയോസിലൂടെ സഫലമായി.

ഏകമായിരുന്ന കേരളത്തിലെ ആദിമസഭയിൽ അധീശത്വം സ്ഥാപിക്കുവാനുള്ള ലത്തീൻ (പോർട്ടുഗീസ്) സഭാധികാരികളുടെ അതിരുവിട്ട ആവേശം സഭയിൽ വിഭജനത്തിനിടയാക്കിയെന്നും ഭിന്നിച്ച സമൂഹം അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനോട് കൂട്ടായ്മ പുലർത്തുന്ന സഭയായി രൂപാന്തരപ്പെട്ടെന്നും നാം കണ്ടു. സംസർഗ്ഗത്തിനും കൂട്ടായ്മയ്ക്കുമപ്പുറം അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധീശത്ത്വം മലങ്കര സഭ ഒരിക്കലും ആവശ്യപ്പെടുകയോ അംഗീകരിക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ, പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ അധീശത്വത്തെ അതിജീവിക്കുവാനും പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസിയോസിന്റെ അവകാശ



വാദങ്ങളെ ഖണ്ഡിക്കുവാനുമുള്ള ആവേശത്തിൽ, താത്വികമായി ആഗ്രഹിക്കാതെയാണെങ്കിലും പ്രായോഗികമായി അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ നുകത്തിൻകീഴിൽ മലങ്കര സഭ ചെന്നുപെട്ടു. ലഭ്യമായ അവസരങ്ങൾ മുതലാക്കി അന്ത്യോക്യാ പാത്രിയർക്കീസും മലങ്കരയിൽ അധികാരം ഉറപ്പിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അതുവഴിയുണ്ടായ അസ്വസ്ഥതകളാണ് മലങ്കരസഭയെ ഒഴിയാബാധപോലെ ആവാഹിച്ചിരിക്കുന്നത്. ലത്തീൻ (പോർട്ടുഗീസ്) ആധിപത്യം അംഗീകരിക്കാൻ വിസമ്മതിച്ചതുമൂലം ആഗ്രഹിക്കാതെ എങ്കിലും സാർവ്വത്രിക സഭാ സംസർഗ്ഗവും പത്രോസിന്റെ പിൻഗാമിയായ റോമാ മാർപ്പാപ്പായുമായുള്ള കൂട്ടായ്മയും നഷ്ടപ്പെട്ട മലങ്കര സമൂഹം വീണ്ടും ആഗ്രഹിക്കാ

തെതന്നെ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ അധീശത്വത്തിൻ കീഴിൽ ചെന്നുപെട്ടു. ഇതുമൂലം ശാന്തമായ നദിപോലെ സ്വച്ഛന്ദമായി ഒഴുകിക്കൊണ്ടിരുന്ന മലങ്കരയിലെ ക്രൈസ്തവസഭയിൽ നിലയ്ക്കാത്ത പ്രവാഹങ്ങളും കോളിളക്കങ്ങളും കൊടുങ്കാറ്റും നൂറ്റാണ്ടുകളായി തുടർന്ന പശ്ചാത്തലത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ ദൈവാത്മാവ് നടത്തിയ ചില ഇടപെടലുകൾ മലങ്കര മക്കൾ അറിയേണ്ടവയാണ്.

### മലങ്കരയിൽ പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപനം

കേരളത്തിലെ ക്രൈസ്തവ സമൂഹത്തിലുണ്ടായ ഭിന്നതയും അതിനെ തുടർന്ന് ലത്തീൻ (പോർട്ടുഗിസ്) അധികാരത്തെ അംഗീകരിക്കാൻ വിസമ്മതിച്ച വിഭാഗം അംഗീകൃത കൈവയ്പ്പിനായി ഗത്യന്തരമില്ലാതെ, അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസുമായി സംസർഗ്ഗത്തിലെത്തിപ്പെട്ടതും പാത്രിയർക്കീസിന് ആത്മീയ അധികാരം അംഗീകരിച്ചു കൊടുത്ത മലങ്കര സഭയിൽ ഭൗതിക അധികാരത്തിനായി അദ്ദേഹം ശ്രമിച്ചതും മലങ്കര സഭ അതിനെ പ്രതിരോധിക്കാൻ ശക്തിയുക്തം ശ്രമിക്കുന്നതും നാം നേരത്തെ കണ്ടിരുന്നു. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ മേൽക്കോയ്മയിൽ നിന്ന് മോചനം നേടേണ്ടത് മലങ്കര സഭയുടെ നിലനില്പിനും വളർച്ചയ്ക്കും അനിവാര്യമാണന്ന് തിരിച്ചറിഞ്ഞ പണിക്കരുവീട്ടിൽ ഫാ. പി. റ്റി. ഗീവർഗീസ് (മാർ ഈവാനിയോസ് മെത്രാപ്പോലീത്ത) വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായെയും സഭാ മാനേജിംഗ് കമ്മറ്റിയെയും മലങ്കര അസോസിയേഷനെയും മറ്റ് സഭാ നേതൃത്വത്തെയും ഇത് ബോദ്ധ്യപ്പെടുത്തുക യും മോചനത്തിനുള്ള മാർഗ്ഗം കണ്ടെത്തി അവരുമായി പങ്കുവയ്ക്കുകയും ചെയ്തു. തീഗ്രീസിലെ അന്യം നിന്നുപോയ കാതോലിക്കാ സിംഹാസനം മലങ്കരയിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും മലങ്കരയിൽ ഒരു കാതോലിക്കായെ വാഴിക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹം കണ്ടെത്തിയ മാർഗ്ഗം. അതിനുള്ള വഴിയും അദ്ദേഹം സഭാധികാരികളുടെ



മുമ്പാകെ അവതരിപ്പിച്ചു. തുർക്കി സർക്കാർ അധികാരത്തിൽ നിന്ന് പുറത്താക്കിയിരുന്ന അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസ് അബ്ദൽ മിശിഹായെ മലങ്കരയിൽ എത്തിച്ച് കാതോലിക്കാസിംഹാസനസ്ഥാപനവും കാതോലിക്കാ വാഴ്ചയും നടത്തുക. കൊല്ലവർഷം 1086 മിഥുന മാസത്തിൽ (1911) എം.ഡി. സെമിനാരിയിൽ കൂടിയ മാനേജിംഗ് കമ്മറ്റി അബ്ദൽ മിശിഹായുമായി ബന്ധപ്പെടുവാൻ തീരുമാനിക്കുകയും മേൽ നടപടികൾക്കായി ഫാ. പി. റ്റി. ഗീവർഗീസിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഫാ. പി. റ്റി ഗീവർഗീസാണ് അബ്ദൽ മിശിഹായുമായി എഴുത്തുകുത്തുകൾ നടത്തി അദ്ദേഹത്തെ മലങ്കരയിൽ എത്തിച്ചതെന്ന് 1094 കന്നി മാസം നാലാം തീയതി (1918 സെപ്റ്റംബർ 20) വട്ടിപ്പണക്കേസിൽ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി കൊടുത്ത മൊഴിയിൽ വ്യക്തമാക്കുന്നുണ്ട്. (ഇസഡ്. എം. പാറേട്ട്. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്, എം. ഓ. സി പബ്ലിക്കേഷൻസ്, 2013. പേജ് 300–303). 'ശതാബ്ദി കൊണ്ടാടുന്ന കാതോലിക്കേറ്റിന്റെ കാലികപ്രാധാന്യം' എന്ന ഗ്രന്ഥത്തിന്റെ 14–ാം പുറത്ത് കാതോലിക്കേറ്റിന്റെ പിന്നിൽ നിന്നവർ എന്ന തലക്കെട്ടിനിടയിലും ഫാ. പി.റ്റി. ഗീവർഗീസിന്റെ (ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്) ചിത്രവും പേരും നല്കിയിട്ടുള്ളതും ശ്രദ്ധേയമാണ്.

ഒരു കാതോലിക്കായുടെ കീഴിൽ സ്വയംഭരണസഭയായി ത്തീരുകയാണ് മലങ്കര സഭയിൽ സമാധാനം സ്ഥാപിക്കുവാനുള്ള പ്രഥമ പടി എന്നുള്ള മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ബോദ്ധ്യമാണ് മലങ്കരയിൽ പൗരസ്ത്യ കാതോലിക്കേറ്റിന്റെ സ്ഥാപനത്തിന് വഴി തെളിച്ചത്. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കാ സിംഹാസനത്തിൽ അന്ന് നിലനിന്നിരുന്ന അവസ്ഥാവിശേഷം പ്രയോജനപ്പെടുത്തി സർക്കാർ അധികാരഭ്രഷ്ടനാക്കിയിരുന്ന അബ്ദൽ മിശിഹാ പാത്രിയർക്കീസിനെ മലങ്കരയിൽ എത്തിച്ച് കാതോലിക്കാ വാഴ്ച നടത്തുക എന്ന അതിസാഹസികമായ കാര്യമാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചത്. മറ്റ് പലരും അറച്ചുനിന്നിട്ടും പാത്രിയർക്കീസിനെ മലങ്കരയിൽ എ

ത്തിച്ചതും മലങ്കരയിൽ എത്തിക്കഴിഞ്ഞിട്ട് ഭയപ്പെട്ട പാത്രിയർക്കീസ് കാതോലിക്കാ വാഴ്ചയിൽ നിന്ന് പിന്മാറാൻ പോയപ്പോൾ, നേരിൽക്കണ്ട് ധൈര്യപ്പെടുത്തി കാതോലിക്കാ വാഴ്ച നടത്തിച്ചതും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ധൈര്യവും സമയോചിതമായ ഇടപെടലുകളുമായിരുന്നു എന്നത് ചരിത്രസത്യമാണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കത്തിടപാടുകൾ ആയിരുന്നു അബ്ദൽ മിശിഹാ പാത്രിയർക്കീസിന്റെ മലങ്കരയിലേക്കുള്ള വരവിനും കാതോലിക്കാ വാഴ്ചയ്ക്കും ഇടയാക്കിയത് എന്ന് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ കുന്നംകുളം കേസിൽ 1091 ഇടവ മാസം 13-ാം തീയതി നല്കിയ മൊഴിയിലും വ്യക്തമാക്കുന്നുണ്ട്.

പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിന്റെ മലങ്കരയിലെ പുനഃസ്ഥാപനമാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വയംഭരണാവകാശം വീണ്ടെടുത്തതും ഇന്നു കാണുന്ന വളർച്ചയ്ക്ക് വഴിതെളിച്ചതും. കാതോലിക്കാ സിംഹാസന സ്ഥാപനത്തിന്റെ പിന്നിൽ പ്രവർത്തിച്ച ബുദ്ധിയും പ്രേരണയും നേതൃത്വവും പണിക്കരുവീട്ടിൽ ഫാ. പി. റ്റി. ഗീവർഗീസിന്റേതായിരുന്നു (മാർ ഈവാനിയോസ്). മാത്രമല്ല, മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അവിശ്രമപരിശ്രമമില്ലായിരുന്നെങ്കിൽ അബ്ദൽ മിശിഹാ ഇതിനു സന്നദ്ധനാകുകയോ കേരളത്തിൽ ആഗതനാകുകയോ ചെയ്യുമായിരുന്നില്ല. കാതോലിക്കാ വാഴ്ചയ്ക്ക് നേരിട്ട വിഘ്നങ്ങളെ വിജയപൂർവ്വം തരണം ചെയ്തതും മാർ ഈവാനിയോസ് തന്നെ. കാതോലിക്കേറ്റിനു നേരിടേണ്ടി വന്ന അഗ്നിപരീക്ഷകളെ അതിജീവിക്കാൻ സഹായിച്ചതും ആ വിദൂരവീക്ഷകന്റെ പ്രവർത്തനങ്ങളായിരുന്നു. (Cf. ഫാ. വർഗ്ഗീസ് കിളിച്ചിമല, കാതോലിക്കാ സപ്തതിയും വിസ്മരിക്കപ്പെടുന്ന ഒരു നഗ്ന യാഥാർത്ഥ്യവും. 1982, പേജ് 4)

## ബഥനിയുടെ സ്ഥാപനം

മലങ്കര സഭയുടെ തനിമയും സ്വയംഭരണവും സംരക്ഷിച്ചുകൊണ്ടുള്ള നവീകരണവും ഭാരത സുവിശേഷീകരണവുമായിരുന്നു മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രത്യേക താല്പര്യം. മലങ്കരസഭയുടെ സ്വത്വവും സ്വയംഭരണവും നിലനിർത്തുവാനായി പൗരസ്ത്യ കാതോലിക്ക സിംഹാസനം മലങ്കരയിൽ സ്ഥാപിക്കുവാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ മുൻപു നാം കണ്ടു. എന്നാൽ, കാതോലിക്കാ സിംഹാസന സ്ഥാപനവും ശാശ്വത സമാധാനം മലങ്കരയിൽ സ്ഥാപിക്കുവാൻ പര്യാപ്തമാകുന്നില്ല എന്നു കണ്ടതിൽ അദ്ദേഹം അസ്വസ്ഥനായിരുന്നു. ഈ അസ്വസ്ഥത അദ്ദേഹത്തെ നിരാശയിലേക്കും നിഷ്ക്രിയത്വത്തിലേക്കുമല്ല, കൂടുതൽ ദൈവാശ്രയത്തിലേക്കും ആലോചനയിലേക്കും പ്രവർത്തനത്തിലേക്കുമാണ് തിരിച്ചത്. ഈ പശ്ചാത്തലത്തിലാണ് അദ്ദേഹം സെറാമ്പൂരിലെ ശുശ്രൂഷ ഏറ്റെടുത്ത് മലങ്കരയിൽ നിന്ന് മാറി നിന്നത്. ആ സമയത്തെല്ലാം അദ്ദേഹത്തിന്റെ ചിന്ത മലങ്കര സഭയുടെ നവീകരണത്തെക്കുറിച്ചായിരുന്നു. അധികാരഘടന കൊണ്ടു മാത്രം സഭയിൽ സമാധാനം കൈവരില്ല. അതിന് അറിവും ആഴമായ ആദ്ധ്യാത്മികതയും ആവശ്യമാണെന്നദ്ദേഹം തിരിച്ചറിഞ്ഞു. വൈദികരുടെയും അല്മായരുടെയും വിദ്യാഭ്യാസത്തിലൂടെ സഭയെ നവീകരിക്കുക, സഭയുടെ പ്രേഷിത പ്രവർത്തനം ഊർജ്ജിതമാക്കാൻ ഒരു മിഷനറി സമൂഹം ആരംഭിക്കുക തുടങ്ങിയ ചിന്തകൾ അദ്ദേഹത്തെ ആകർഷിച്ചു. എന്നാൽ, ഇവയെക്കാൾ ഉപരിയായി സമ്പൂർണ്ണ സമർപ്പണത്തിലൂടെ യേശുവിൽ വിലയം പ്രാപിക്കാൻ കഴിയുന്ന സന്യാസമാണ് സഭയ്ക്ക് ഇന്നാവശ്യം എന്ന് അദ്ദേഹം മനസ്സിലാക്കി. അതിന്റെ ഫലമായാണ്



1913 മുതൽ 1919 വരെ സെറാമ്പൂരിൽ ആയിരുന്നകാലത്ത് അദ്ദേഹം ബഥനി സന്യാസ പ്രസ്ഥാനം ആരംഭിച്ചത്. അദ്ദേഹത്തെ ബഥനിയുടെ ശില്പി എന്നാണ് ഇസഡ്. എം. പാറേട്ട് തന്റെ ഗ്രന്ഥത്തിൽ വിശേഷിപ്പിക്കുന്നത് (പേജ് 361) സെറാമ്പൂരിൽ ഇരുന്നുകൊണ്ട് അതിനുള്ള നടപടികൾ ആരംഭിച്ചിരുന്നതായും പാറേട്ട് വ്യക്തമാക്കുന്നുണ്ട് (പേജ് 362). സഭയുടെ നവീകരണവും പ്രേഷിത വേലയും എന്ന ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് മാർ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമം സ്ഥാപിച്ചത്. 1094 ഇടവമാസം 17-ാം തീയതി (1919 മെയ് 31) കൈപ്പട്ടൂർ പള്ളിയിൽ നിന്ന് അഭിവന്ദ്യ വട്ടശ്ശേരിൽ തിരുമേനി പുറപ്പെടുവിച്ച സർക്കുലറിൽ നിന്ന് ഇത് വ്യക്തമാണ്. ''സഭയുടെ ശ്രദ്ധമുഴുവനും സുവിശേഷവേലയിൽ വയ്ക്കുന്നതിന് സഹായിക്കുന്നതായ പല ഏർപ്പാടുകളും താമസിയാതെ ചെയ്യേണ്ടിയിരിക്കുന്നു. ഇതിലേയ്ക്ക് പ്രാരംഭമായി നമ്മുടെ വാത്സല്യപുത്രൻ ഫാ. പി. റ്റി. ഗീവർഗീസ് എം. എ. നമ്മുടെ ആജ്ഞാനുസരണവും അനുമതിയോടുകൂടിയും പല ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. ഇപ്രകാരമുള്ള ഉണർച്ചയും പ്രതിഷ്ഠയും നമ്മുടെ സമുദായത്തിൽ ഉണ്ടാകുന്നതിനുവേണ്ടിയുള്ള പരിശ്രമമായി ബഥനിയെ സ്ഥാപിച്ചിരിക്കുന്നു. ബഥനിയും അതിനോടു ചേർന്നുള്ള സ്ഥാപനങ്ങളും വഴിയായി വേലചെയ്ത് ഭക്തിമാർഗ്ഗത്തിൽ നമ്മുടെ സഭയെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ആഗ്രഹത്തോടും സന്യാസനിഷ്ഠകളിലും സുവിശേഷവേലകളിലും ആയുസ്സിനെ വിനിയോഗിക്കണമെന്നാഗ്രഹിച്ചുകൊണ്ട് ദൈവാശ്രയത്തോടും അപ്പസ്തോലിക ആഗ്രഹത്തോടുംകൂടി ബഥനി ആശ്രമസ്ഥർ പുറപ്പെട്ടിരിക്കുന്നു.''

ബഥനി ആശ്രമവും കന്യാസ്ത്രീ മഠവും സ്ഥാപിച്ചതോടൊപ്പം, ബഥനി പള്ളികളും സ്ഥാപിക്കുവാൻ അദ്ദേഹം നേതൃത്വം കൊടുത്തു. സഭയിലെ ഇടവക പള്ളികൾ ചില കുടുംബങ്ങളുടെയോ ഏതാനും വ്യക്തികളുടെയോ നിയന്ത്രണത്തിലും നടത്തിപ്പിലുമാകയാൽ പലതരത്തിലുള്ള വൈഷമ്യങ്ങൾ സഭ അനുഭവിച്ചിരുന്നു. അതിനൊരു പരിഹാരമായിട്ടായിരുന്നു അദ്ദേഹം ബഥനി പള്ളികൾ എന്ന ആശയം സഭയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയത്.

ബഥനി ആശ്രമവും കന്യാസ്ത്രീമഠവും ബഥനിപള്ളികളും



മലങ്കര മെത്രാപ്പോലീത്തായുടെ കീഴിൽ ആയിരുന്നില്ല, മറിച്ച് ബഥനി മെത്രാപ്പോലീത്തായുടെ കീഴിൽ ആയിരുന്നു എന്നതും, ബഥനി മെത്രാപ്പോലീത്ത തന്റെ മെത്രാഭിഷേക സമയത്ത് മലങ്കര മെത്രാപ്പോലീത്തായ്ക്ക് മറ്റ് മെത്രാപ്പോലീത്താമാർ ചെയ്യുന്നതുപോലെ വിധേയത്വം വാഗ്ദാനം ചെയ്ത് ഒപ്പിട്ട് നല്കിയിരുന്നില്ല എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. കാരണം ബഥനി വേറിട്ട് നിന്നിരുന്ന ഒരു സഭാസംവിധാനമായിരുന്നു, ഈ ക്രമീകരണവും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദീർഘദൃഷ്ടിയുടെ ഫലമായിരുന്നു. സഭയിൽ നിലനിന്നിരുന്ന കേസുകളിൽ നിന്നും ഭിന്നതകളിൽ നിന്നും മാറിനിൽക്കേണ്ടത് സഭയുടെയും സമൂദായത്തിന്റെയും വളർച്ചയ്ക്കും ആത്മീയ സുസ്ഥിതിക്കും പ്രേഷിത മുന്നേറ്റത്തിനും അനിവാര്യമാണെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചിരുന്നു. കക്ഷിവഴക്കുകൾക്കതീതമായ ഇടവക കൂട്ടായ്മകളായിരുന്നു ബഥനി പള്ളികൾ വഴി അദ്ദേഹം ലക്ഷ്യം വച്ചത്. ബഥനി വഴിയായി സഭാമക്കളിൽ ഉണ്ടായ ഉത്തേജനം വളരെ വലുതായിരുന്നു. ബഥനിയുടെ സ്ഥാപനത്തിനു ശേഷമുള്ള മലങ്കരസഭയുടെ ചരിത്രം പരിശോധിച്ചാൽ ഇത് വ്യക്തമാണ്. ഇവിടെയും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദർശനവും പ്രവൃത്തികളും സത്യവും സമയോചിതവും ആയിരുന്നു എന്ന് വ്യക്തം.

## പുനരൈക്യത്തിന്റെ പ്രണേതാവ്



പൗരസ്ത്യ കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിച്ച് സഭയ്ക്ക് ഭരണ സ്വാതന്ത്ര്യവും സ്വയം ഭരണവും ഉറപ്പാക്കിയിട്ടും സഭാമക്കളുടെ ആത്മീയ നവീകരണവും പ്രേഷിത തീക്ഷ്ണതയും വർദ്ധിപ്പിക്കുവാൻ ബഥനി സമൂഹം സ്ഥാപിച്ചിട്ടും, ഇടവകകളെ കുടുംബാധിപത്യത്തിൽ നിന്നും വ്യക്തികളുടെ ആധിപത്യത്തിൽ നിന്നും മോചിപ്പിക്കാനായി ബഥനിപ്പള്ളികൾ സ്ഥാപിച്ചിട്ടും താൻ ആഗ്രഹിച്ച സമാധാനവും ശാന്തതയും ആത്മീയ ഉല്ക്കർഷവും സഭയ്ക്ക് ലഭ്യമായില്ല. അതിന്റെ കാരണം തേടിയ അദ്ദേഹത്തിനു മനസ്സിലായി അപ്പസ്തോല സംഘത്തിന്റെ തലവനായ വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ റോമാ മാർപ്പാപ്പായുമായുള്ള സംസർഗ്ഗം സഭാപൂർണ്ണതയ്ക്ക് അനിവാര്യമാണെന്നും അതിന്റെ അഭാവമാണ് മലങ്കര സഭയിലെ അസമാധാനത്തിനു കാരണമെന്നും. ഈ സഭാദർശനം അദ്ദേഹം വട്ടശ്ശേരിൽ തിരുമേനിയുമായും മറ്റ് മെത്രാപ്പോലീത്താമാരുമായും പങ്കുവയ്ക്കുകയും റോമാ മാർപ്പാപ്പായുമായി കൂട്ടായ്മ നേടുന്നതിനുള്ള കത്തിടപാടുകൾ നടത്തുവാൻ അവരുടെ അനുവാദം നേടുകയും ചെയ്തിരുന്നു. 1926-ൽ മെത്രാൻ കക്ഷിയിലെ മെത്രാന്മാർ സമ്മേളിച്ച് ഐക്യത്തിനു വേണ്ടിയുള്ള അന്വേഷണങ്ങൾ നടത്തുവാൻ ബഥനി മെത്രാപ്പോലീത്തയായിരുന്ന മാർ ഈവാനിയോസിനെ നിയോഗിച്ചു. (Cf. സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ "പുനരൈക്യ സുവർണ്ണജൂബിലിയും മലങ്കര സഭയും", കോട്ടയം, 1980, പേജ് 14).

"സകലവും ഉപേക്ഷിക്കേണ്ടി വന്നാലും - ആരിൽ നിന്നെല്ലാം എതിർപ്പുകളെ അഭിമുഖീകരിക്കേണ്ടിവന്നാലും-റോമാ മാർപ്പാപ്പായുടെ ഭരണത്തിൻ കീഴിൽ കത്തോലിക്കാ സഭയുമായി പുനരൈക്യം പ്രാപിച്ചാൽ മാത്രമേ, ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധി മലങ്കര സഭയ്ക്ക് കൈ വരുത്തുവാൻ സാധിക്കുകയുള്ളുവെന്നായിരുന്നു മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ സുദൃഢമായ അഭിപ്രായം" (റവ. ഫാ. തോമസ് ഇഞ്ചക്കലോടി. ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് ജീവചരിത്രം. ബഥനി പബ്ലിക്കേഷൻസ്, കോട്ടയം, 2012. പേജ് 358). 1926 ൽ പരുമലയിൽ വച്ച് സഭയിലെ മെത്രാപ്പോലീത്താമാർ ആലോചിച്ച് ചുമതലപ്പെടുത്തിയതനുസരിച്ച് റോമുമായുള്ള പുനരൈക്യത്തിനായി മാർ ഈവാനിയോസ് മെത്രാപ്പോലീത്ത കത്തിടപാടുകൾ ആരംഭിച്ചിരുന്നു. ദീർഘനാളത്തെ പ്രാർത്ഥനയുടെയും കത്തിടപാടുകളുടെയും ഫലമായി 1930ൽ മാർപ്പാപ്പായിൽ നിന്ന് പുനരൈക്യത്തിനുള്ള അനുവാദം ലഭിച്ചു. അങ്ങനെ 1653 ലെ ഭിന്നതയെ തുടർന്ന് വിഘടിച്ചുമാറിയ പുത്തൻകൂർ സമൂഹം ഒന്നാം മാർത്തോമ്മായുടെ കാലം മുതൽ നടത്തിയിട്ടുള്ള പുനരൈക്യശ്രമങ്ങൾ മാർ ഈവാനിയോസിലൂടെ സഫലമായി. എന്നാൽ, പുനരൈക്യത്തിനു വേണ്ടി താല്പര്യപൂർവ്വം കത്തിടപാടുകൾ നടത്തുവാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ പ്രോത്സാഹിപ്പിച്ചിരുന്ന വട്ടശ്ശേരിൽ തിരുമേനിയും മറ്റ് മെത്രാപ്പോലീത്താമാരും പുനരൈക്യത്തിൽനിന്നും പിന്മാറിയത് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ വേദനിപ്പിച്ചു. എന്നാലും സത്യസഭ പരിശുദ്ധ കത്തോലിക്കാ സഭയാണെന്നും സഭാപൂർണ്ണതയ്ക്ക് മലങ്കര സഭയും പരിശുദ്ധ കത്തോലിക്കാ സഭാ കൂട്ടായ്മയിൽ പരിശുദ്ധ റോമാ മാർപ്പാപ്പായുമായി സംസർഗ്ഗത്തിൽ ആയിരിക്കണമെന്നും അതുകൊണ്ടുമാത്രമേ മലങ്കര സഭയിൽ സമാധാനം സ്ഥാപിക്കാനും ഭിന്നതകൾ അവസാനിപ്പിക്കാനും പ്രേഷിത മുന്നേറ്റം നടത്താനും സാധിക്കുകയുള്ളു എന്നുമുള്ള സത്യം ഗ്രഹിച്ചിരുന്ന മാർ ഈവാനിയോസ്



പീയൂസ് പതിനൊന്നാമൻ മാർപാപ്പ

മെത്രാപ്പോലീത്താ പുനരൈക്യവുമായി മുന്നോട്ടുപോയി. വലിയ എതിർപ്പുകളെയും ഭീഷണികളെയും തൃണവൽഗണിച്ച് സുവിശേഷത്തിലെ നിധി കണ്ടെത്തിയ രത്നവ്യാപാരിയെപ്പോലെ സകലതും ഉപേക്ഷിച്ച് മറ്റ് നാല് പേരോടൊപ്പം 1930 സെപ്റ്റംബർ 20ന് പുനരൈക്യപ്പെട്ട് പരിശുദ്ധ കത്തോലിക്കാ സഭയിൽ അംഗമായി. അതാണ് ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യത്തിന്റെ തുടക്കം. അനേകായിരങ്ങൾ ആ വഴി തെരഞ്ഞെടുത്തു. 1932 – ൽ അത് മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനത്തിലും മലങ്കര സുറിയാനി കത്തോലിക്കാ സഭാ രൂപീകരണത്തിലും എത്തി. നൂറ്റാണ്ടുകളായി മലങ്കര സഭാമക്കൾ ആഗ്രഹിച്ച സമാധാനം, ശാന്തത, ആദ്ധ്യാത്മികത നിറഞ്ഞ അന്തരീക്ഷം, കോടതിയും വ്യവഹാരവും ഗോഗ്വാ വിളികളുമില്ലാത്ത ഇടവകകൾ, ഭരണക്രമങ്ങൾ എല്ലാം നേടിയെടുത്ത പുനരൈക്യം!

സാർവ്വത്രികസഭയും മലങ്കരസഭയും തമ്മിൽ അടുപ്പവും അന്യോന്യാംഗീകാരവും നേടിയെടുക്കുന്നതിന് സുദീർഘവും ആയാസകരവുമായ സംവാദം ആവശ്യമായിരുന്നു. ശ്രമകരമായ ഈ ദൗത്യമാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നിറവേറ്റിയത്. മലങ്കരസഭ ഒന്നാകെ സാർവ്വത്രിക സഭാകൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്ത് ഉൾച്ചേർക്കപ്പെട്ടുകഴിഞ്ഞു എന്നതാണ് യാഥാർത്ഥ്യം. റോമിലെ അപ്പസ്തോലിക സിംഹാസനം മലങ്കരസഭയെ ഒരു അപ്പസ്തോലിക പ്രാദേശിക സഭയായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, മലങ്കരമക്കൾ എല്ലാവരും ഈ വസ്തുത തിരിച്ചറിഞ്ഞ് ആ അനുഭവത്തിലേയ്ക്ക് കടന്നുവന്നിട്ടില്ല. യേശുക്രിസ്തുവിന്റെ രക്ഷാകര വ്യാപാരങ്ങളിലൂടെ മനുഷ്യവർഗ്ഗം മുഴുവനും രക്ഷിക്കപ്പെട്ടു. എന്നാൽ, എല്ലാ മനുഷ്യരും ഈ സത്യം തിരിച്ചറിഞ്ഞ് ആ അനുഭവത്തിലേയ്ക്ക് എത്തിയിട്ടില്ല. എല്ലാ മനുഷ്യരും യേശുവിലൂടെ കരഗതമായ രക്ഷയുടെ അനുഭവത്തിലേയ്ക്ക് കടന്നുവന്നിട്ടില്ല എന്നതുകൊണ്ട് യേശുക്രിസ്തുവിന്റെ രക്ഷാകര കർമ്മത്തിന്റെ മഹത്വം കുറയുന്നില്ല. അതുപോലെ തന്നെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ശ്രമഫലമായി സാധിതമായ പുനരൈക്യത്തിന്റെ അനുഭവത്തിലേയ്ക്ക് മലങ്കരമക്കൾ എല്ലാവരും കടന്നുവന്നിട്ടില്ല എന്നതുകൊണ്ട് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ശ്രമത്തിന്റെയോ അതിലൂടെ നേടിയെടുത്ത മലങ്കരസഭയുടെ സാർവ്വത്രിക സഭയുമായുള്ള കൂട്ടായ്മയുടെയോ മഹത്വം കുറയുന്നില്ല. എല്ലാവരും ഈ കൂട്ടായ്മാനുഭവത്തിലേയ്ക്ക് വരുവാനുള്ള പരിശ്രമങ്ങൾ തുടരേണ്ട കാര്യം ഇവിടെ സ്മരണീയം.

## മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനം

1930 സെപ്റ്റംബർ 20 ലെ ചരിത്രപ്രസിദ്ധമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും മറ്റ് നാല്പേരുടെയും പുനരൈക്യത്തെ തുടർന്ന് പുനരൈക്യ കാറ്റ് മലങ്കരയിലാകമാനം വ്യാപിച്ചു. പതിനായിരങ്ങൾ പുനരൈക്യത്തിലൂടെ സത്യസഭാമാതാവിന്റെ മടിയിൽ അണഞ്ഞുകൊണ്ടിരുന്നു. ഈ സന്ദർഭത്തിൽ പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിക്കുന്നതിനും പുനരൈക്യപ്പെടുന്നവർക്കായി മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി അംഗീകരിച്ചു കിട്ടുന്നതിനുമായി മാർ ഈവാനിയോസ് മെത്രാപ്പോലീത്ത 1932 ഏപ്രിൽ 11-ാം തീയതി റോമിലേക്ക് പുറപ്പെട്ടു. ഏപ്രിൽ 12 മുതൽ ജൂലൈ 2 വരെ അദ്ദേഹം അവിടെ താമസിച്ചു. അതിനിടയിൽ അഞ്ച് പ്രാവശ്യം മാർപ്പാപ്പയെ സന്ദർശിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. (ഏപ്രിൽ 26, മെയ്2, മെയ് 6, മെയ് 11, ജൂൺ 2) ഈ സന്ദർശനങ്ങളിലെല്ലാം അദ്ദേഹം മലങ്കര പുനരൈക്യത്തിന്റെ തൽസ്ഥിതിയെക്കുറിച്ചും ഭാവിയെക്കുറിച്ചും മാർപ്പാപ്പായുമായി ചർച്ചകൾ നടത്തിയിരുന്നു. തന്റെ അവസാനത്തെ സന്ദർശനത്തിന്റെ പത്താം ദിവസം മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചുകൊണ്ടുള്ള

മാർപ്പാപ്പായുടെ കല്പന പുറത്തിറങ്ങി (ജൂൺ 11). വത്തിക്കാനിലെ ഭരണകേന്ദ്രത്തെ അത്ഭുതപ്പെടുത്തിയ ഒരു സംഭവമായിരുന്നു ഇത്. സാധാരണഗതിയിൽ വളരെക്കാലത്തെ അന്വേഷണങ്ങൾക്കും കത്തിടപാടുകൾക്കും നടപടികൾക്കും ശേഷം മാത്രം സാധിക്കുന്ന ഒരു കാര്യം മാർ ഈവാനിയോസ് തിരുമേനി ഏതാനും ദിവസങ്ങൾ കൊണ്ട് നേടിയെടുത്തു. മാർ ഈവാനിയോസ് പിതാവിന്റെ വ്യക്തി പ്രാഭവവും ദൈവനടത്തിപ്പും എന്നല്ലാതെ എന്തു പറയാൻ. സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഒരു സഭകൂടി ചേർക്കപ്പെട്ടു.

പലരും അന്ന് കണക്കുകൂട്ടി ഈ സഭ താമസംവിനാ അന്യം നിന്നുപോകും. കാരണം, ശത്രുക്കൾ അത്രയധികവും ശക്തരുമായിരുന്നു. എന്നാൽ, ശക്തമായ അടിത്തറമേൽ മാർ ഈവാനിയോസ് തിരുമേനി ഉറപ്പിച്ച സഭ ഉത്തരോത്തരം വളർന്നുകൊണ്ടിരിക്കുന്നു. 1932-ൽ സ്ഥാപിതമായ ഹയരാർക്കി പാത്രിയർക്കീസിനു തുല്യ അധികാരമുള്ള മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കാ ബാവായാൽ നയിക്കപ്പെടുന്ന സ്വയം ഭരണാധികാരമുള്ള വ്യക്തിഗത സഭയായി 2005ൽ കത്തോലിക്കാസഭയിൽ ഉയർത്തപ്പെട്ടു. കത്തോലിക്കാ സഭാകൂട്ടായ്മയിലെ ഏറ്റവും ഊർജ്ജസ്വലമായ സഭ എന്ന് പരിശുദ്ധ മാർപ്പാപ്പായാൽ അഭിനന്ദിക്കപ്പെടുവാൻ തക്ക സജീവ ശുശ്രൂഷയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ നിർവ്വഹിക്കുന്നത്. സഭയുടെ തലവനും പിതാവുമായ കാതോലിക്കാ ബാവായെ കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തി വത്തിക്കാന്റെ ഭരണകേന്ദ്രത്തിൽ ഉൾക്കൊള്ളിക്കുവാനും മാർപ്പാപ്പാ തിരുമനസ്സായി. ഭാരതമാസകലം സുവിശേഷപ്രവർത്തനം നടത്തുവാനുള്ള അനുവാദവും മലങ്കര സഭ സാർവ്വത്രിക സഭാ അധികാരികളിൽ നിന്ന് കരസ്ഥമാക്കി. വിശുദ്ധ പത്രോസ് ശ്ലീഹായുടെ യഥാർത്ഥ പിൻഗാമി നേതൃത്വം നൽകുന്ന സാർവ്വത്രിക സഭാ കൂട്ടായ്മയിൽ ഒരു സ്വതന്ത്ര സഭയായി മലങ്കര സുറിയാനി കത്തോലിക്കാ സഭ ഉയർത്തപ്പെട്ടപ്പോൾ, 1653 മുതൽ പുനരൈക്യത്തിനുവേണ്ടി ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്ത മലങ്കര സഭാ നേതാക്കന്മാരുടെ ചിരകാലാഭിലാഷമാണ് ഫലമണിഞ്ഞത്. 1912 ലെ പൗരസ്ത്യകാതോലിക്കാ സിംഹാസനസ്ഥാപനം കൊണ്ട് ആഗ്രഹിച്ച സ്വയം ഭരണാധികാരം ലഭ്യമായി; ബഥനി സ്ഥാപിക്കുക വഴി ലക്ഷ്യം വച്ച ഭാരതമാസകലമുള്ള സുവിശേഷ പ്രവർത്തനത്തിനുള്ള അവകാശാനുവാദങ്ങൾ ലഭ്യമായി; സഭയുടെ നവീകരണമെന്ന മലങ്കരസഭയുടെ ആഗ്രഹവും സഫലയായി. മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചുകിട്ടുന്നതിനുള്ള പരിശ്രമങ്ങൾ നൂറുശതമാനവും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെതായിരുന്നു. അതുവഴി മലങ്കര സഭയ്ക്കു ലഭിച്ചിരിക്കുന്ന നന്മകൾക്കെല്ലാം നാം അദ്ദേഹത്തോടാണ് കടപ്പെട്ടിരിക്കുന്നത്.



## യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത

1891 ഫെബ്രുവരി 26-ാം തീയതി വ്യാഴാഴ്ച ചേർപ്പുങ്കൽ മറ്റത്തിൽ മൂലകുടുംബത്തിന്റെ ശാഖയായ ഒളശ്ശ കളപ്പുരയ്ക്കൽ

കുടുംബത്തിൽ ശ്രീ. എബ്രാഹം തരകന്റെയും ശ്രീമതി അച്ചാമ്മ യുടെയും കടിഞ്ഞൂൽ പുത്ര നായി യാക്കോബ് മാർ തെയോ ഫിലോസ് പിതാവ് ജനിച്ചു. 1891 മാർച്ച് മാസം 16-ാം തീയതി തിങ്കളാഴ്ച കല്ലുങ്കത്ര പള്ളിയിൽ വച്ച് ചാലാശേരിൽ വന്ദ്യ ഔസേപ്പ് കത്തനാർ യാക്കോബ് എന്ന പേരു നൽകി ശിശുവിനു മാമോദീസായും മുറോൻ അഭിഷേകവും നൽകി. കളപ്പുരയ്ക്കൽ വന്ദ്യ മാത്തൂത്തരകൻ കത്തനാരായിരുന്നു ജ്ഞാനസ്നാന പിതാവ്. അക്ഷരാഭ്യാസം അടുത്തുണ്ടായിരുന്ന ആശാൻ കളരിയിലും പ്രാഥമിക വിദ്യാഭ്യാസം ഒളശ്ശയിലെ പ്രൈമറി സ്കൂളിലും തുടർന്നുള്ള വിദ്യാഭ്യാസം കോട്ടയം എം.ഡി സെമിനാരിയിലുമായിരുന്നു. സ്തുത്യർഹമായ നിലയിൽ മെട്രിക്കുലേഷൻ പരീക്ഷ വിജയിച്ച അദ്ദേഹത്തിന് മാതൃ വിദ്യാലയമായ എം.ഡി. സെമിനാരിയിൽ തന്നെ അധ്യാപകനായി നിയമനവും ലഭിച്ചു. M.D. സെമിനാരി പ്രിൻസിപ്പാൾ ആയിരുന്ന പണിക്കരുവീട്ടിൽ ഫാ. പി. റ്റി. ഗീവർഗീസ് എം.എയുടെ കൂടെയായിരുന്നു താമസിച്ചിരുന്നത്.

ഒളശ്ശ ഇടവകക്കാരുടെ പ്രത്യേക താല്പര്യവും അഭ്യർത്ഥനയും പരിഗണിച്ച് മലങ്കര മെത്രാപ്പോലീത്താ വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി യാക്കോബിന് ശെമ്മാശപട്ടം നൽകി. തുടർന്നും എം. ഡി. സെമിനാരിയിൽ അധ്യാപനവും എം.എ അച്ചന്റെ കീഴിൽ വൈദിക പരിശീലനവും തുടർന്നുകൊണ്ടിരുന്നു. മലങ്കര നസ്രാണി സമുദായത്തിന്റെ അഭ്യുന്നതിക്ക് ഉതകുമെന്നു കണ്ട് സെറാമ്പൂർ കോളജിൽ പ്രൊഫസർ ആകാനുള്ള ക്ഷണം സ്വീകരിക്കുവാൻ എം.എ അച്ചൻ തീരുമാനിച്ചു. യുവവൈദികരും ശെമ്മാശന്മാരുമായ ഏതാനും പേരെയെങ്കിലും സെറാമ്പൂരിൽ കൊണ്ടുപോയി പഠിപ്പിക്കുവാൻ സാധിക്കുമെന്നതിനാലായിരുന്നു എം. എ അച്ചൻ എം.ഡി പ്രിൻസിപ്പാൾ പദവി ഉപേക്ഷിച്ച് സെറാമ്പൂർ കോളജിൽ പ്രൊഫസർ ആയി ജോലി സ്വീകരിക്കുവാൻ തയാറായത്. എം.എ. അച്ചന്റെ മനസ് അറിയാമായിരുന്ന യാക്കോബ് ശെമ്മാശനും അദ്ധ്യാപക ജോലി ഉപേക്ഷിച്ച് ഗുരുവിനോടൊപ്പം സെറാമ്പൂരിലേക്കു പോയി. ഇന്റർമീഡിയേറ്റ് പാസായി അവിടെ ഓണേഴ്സ് പഠനത്തിനു ചേർന്നു. സെറാമ്പൂർ കോളജിൽ പ്രൊഫസർ ആയിരിക്കുമ്പോൾ തന്നെ എം. എ. അച്ചൻ താല്പര്യമുള്ള ശെമ്മാശന്മാരെ കൂട്ടി സന്യാസ ജീവിതചര്യകൾ പാലിച്ചു തുടങ്ങുകയും സന്യാസാശ്രമ സ്ഥാപനത്തിനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ആശ്രമം തുടങ്ങാനായി ഫാ. പി.റ്റി. ഗീവർഗീസ് നാട്ടിലേക്കു മടങ്ങിയപ്പോൾ ഓണേഴ്സ് പഠനം ഉപേക്ഷിച്ച് യാക്കോബ് ശെമ്മാശനും ആശ്രമത്തിൽ ചേരാനായി ഗുരുവിനോടൊപ്പം നാട്ടിലേക്കു പോന്നു. ആശ്രമം സ്ഥാപിക്കുന്നതിനും ആശ്രമനിയമം ക്രോഡീകരിക്കുന്നതിനും വ്രതവാഗ്ദാനം നടത്തി ബഥനി സന്യാസ പ്രസ്ഥാനം ആരംഭിക്കുന്നതിനും യാക്കോബ് ശെമ്മാശൻ ഫാ. പി.റ്റി. ഗീവർഗീസിനോടൊപ്പം ഉണ്ടായിരുന്നു.

1924 -ൽ അദ്ദേഹം വൈദികനായി അഭിഷിക്തനായി. ആശ്രമാദ്ധ്യക്ഷൻ അദ്ദേഹത്തെ ആശ്രമത്തിലെ പ്രഥമ ഗുരുവായി നിയമിച്ചു. 1927 ഡിസംബർ 12-ാം തീയതി 'മഹത് വ്രതം' എടു



ത്ത് യാക്കോബ് അച്ചൻ റമ്പാനായി. 1928 ഡിസംബർ 19-ാം തീയതി ചേർന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ സുന്നഹദോസ് യാക്കോബ് റമ്പാനെ ബഥനിയുടെ എപ്പിസ്കോപ്പാ ആയി വാഴിക്കാൻ തീരുമാനിക്കുകയും 1929 ഫെബ്രുവരി 14-ന് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തെയോഫിലോസ് എന്ന പേരിൽ വാഴിക്കുകയും ചെയ്തു. തുടർന്ന്, ബഥനി മെത്രാപ്പോലീത്ത മാർ ഈവാനിയോസ് തിരുമേനി ബഥനി പള്ളികളുടെ ചുമതല മാർ തെയോഫിലോസ് തിരുമേനിയെ ഏല്പിച്ചു. തിരുവല്ലാ ബഥനി അരമനയിൽ താമസിച്ചുകൊണ്ടാണ് അദ്ദേഹം ചുമതലകൾ നിർവഹിച്ചിരുന്നത്.

1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടൊപ്പം മാർ തെയോഫിലോസ് പിതാവും കൊല്ലം അരമനയിൽവച്ച് പുനരൈക്യപ്പെട്ട് സാർവത്രിക സഭാകൂട്ടായ്മയിൽ പ്രവേശിച്ചു. 1932 ജൂൺ മാസം 11-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭാ ഹയരാർക്കി സ്ഥാപിതമാകുകയും 1933 നവംബർ മാസം ആറാം തീയതി തിങ്കളാഴ്ച തിരുവല്ലാ അതിരൂപത കാനോനികമായി നിലവിൽ വരികയും യാക്കോബ് മാർ തെയോഫിലോസ് പിതാവ് രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി ചുമതല ഏൽക്കുകയും ചെയ്തു. തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിന് കിഴക്ക് ഹൈന്ദവ സ്നേഹിതൻ ശ്രീ. കുട്ടൻപിള്ളയുടെ കുഴിയിൽ വീട് കൂലിക്കെടുത്ത് അവിടെ താമസിച്ചുകൊണ്ടാണ് അദ്ദേഹം രൂപതാഭരണം ആരംഭിച്ചത്. കല്ലടാവിലെ കാലിത്തൊഴുത്തിൽ പിറന്ന്, വഴിയോരങ്ങളിൽ അന്തിയുറങ്ങി, പത്രോസിന്റെ പടകിൽ യാത്ര ചെയ്ത്, ആകാശത്തിനും ഭൂമിക്കും മദ്ധ്യേ മരക്കുരിശിൽ മരിച്ച് ആരാന്റെ കല്ലറയിൽ സംസ്കരിക്കപ്പെട്ട യേശുകർത്താവിന്റെ യഥാർത്ഥ ശിഷ്യൻ. ഒരിഞ്ചു ഭൂമിയോ ഒരു രൂപയുടെ സമ്പാദ്യമോ സ്വന്തമായില്ലാതെ, വാടക വീട്ടിൽ ആരംഭിച്ച പുനരൈക്യ സുവിശേഷ ശുശ്രൂഷകൾ മുപ്പതും അറുപതും നൂറും മടങ്ങായി ഫലം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. മധ്യതിരുവിതാംകൂറിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ശക്തമായ അടിസ്ഥാനം ഉറപ്പിക്കാൻ ദൈവം 'തന്റെ ഭക്തനായ' മാർ തെയോഫിലോസ് പിതാവിനെ ഉപകരണമാക്കി. അനേകായിരങ്ങൾ മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരിക്കുകയും പുനരൈക്യപ്പെട്ട് സാർവത്രിക സഭാ കൂട്ടായ്മയിലേക്കു വരികയും ചെയ്തുകൊണ്ടിരുന്നു. അവർക്കാവശ്യമായ ഇടവക സംവിധാനങ്ങളും പള്ളികളും സ്വരുക്കൂട്ടുന്നതിനും പൗരോഹിത്യ ശുശ്രൂഷകൾക്കാവശ്യമായ വൈദികരുടെ സേവനം ലഭ്യമാക്കുന്നതിനും രൂപതയ്ക്കാവശ്യമായ ഭരണകേന്ദ്രം ഉണ്ടാക്കുന്നതിനും കാനൻ നിയമപ്രകാരമുള്ള ഭരണസംവിധാനങ്ങൾ ക്രമീകരിക്കുന്നതിനും രൂപതാ ഭരണ നിയമാവലി ക്രോഡീകരിക്കുന്നതിനും സന്യാസാശ്രമം സ്ഥാപിക്കുന്നതിനും അല്മായ പ്രേഷിതരെ രൂപീകരിക്കുന്നതിനായി ഇന്നത്തെ എം.സി.എയുടെ ആദ്യരൂപമായ 'വിശ്വസസാക്ഷ്യസംഘം' എന്ന അല്മായ സംഘടന രൂപീകരിക്കുന്നതിലും അദ്ദേഹം കാണിച്ച ദീർഘവീക്ഷണവും നേതൃപാടവവും ചരിത്രത്തിന്റെ ഭാഗമാണ്.

ദീർഘകാലം രൂപതാഭരണം നിർവഹിക്കാൻ ശാരീരിക അനാരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും ഇപ്പോൾ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ സ്ഥിതിചെയ്യുന്ന സ്ഥലവും പ്രഥമ കത്തീഡ്രൽ ദൈവാലയവും പുഷ്പഗിരി മെഡിക്കൽ കോളജും അനുബന്ധ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലവും ചെറുപുഷ്പഗിരി അരമനയും (1934 നവംബർ 24-ന് കൂദാശ ചെയ്തു.) വൈദിക പരിശീലനത്തിന് മൈനർ സെമിനാരിയും തിരുവല്ലാ ബഥനി ആശ്രമം സ്ഥിതി ചെയ്യുന്ന സ്ഥലവും ആദ്യം അവിടെ ആരംഭിച്ച ദിവ്യരക്ഷകാശ്രമവും ദശകങ്ങൾ പിന്നിട്ടിട്ടും വിശ്വാസികളുടെ എണ്ണം പതിന്മടങ്ങ് വർധിച്ചിട്ടും ആവശ്യത്തിന് സ്ഥല സൗകര്യവും ഉറപ്പുമുള്ള തോട്ടഭാഗം, വെണ്ണിക്കുളം, അയിരൂർ തുടങ്ങിയ പള്ളികളും തിരുവല്ലായിലെ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസും ഇന്നും അദ്ദേഹത്തിന്റെ ശുശ്രൂഷാ കാലത്തെ തേജോമയമായി നിലനിർത്തുന്നു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്നും വിരമിച്ച് വിശ്രമ ജീവിതം നയിച്ചിരുന്ന അദ്ദേഹം തപസിലും പ്രാർത്ഥനയിലും പുലർത്തിയിരുന്ന ചിട്ടയും നിഷ്ഠയും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഊർജ്ജദായകമായിരിക്കുന്നു. നാട്ടുകാരുടെ 'മാലാഖയ്ക്ക് അടുത്ത തിരുമേനി' 1956 ജൂൺ മാസം 27-ാം തീയതി ബുധനാഴ്ച കാലം ചെയ്ത് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കബറടക്കപ്പെട്ടു. അന്നു മുതൽ അനേകർ അദ്ദേഹത്തിന്റെ കബറിടത്തിൽ എത്തി പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കുന്നു. അദ്ദേഹത്തിന്റെ മധ്യസ്ഥം ശക്തമാണെന്നുള്ളത് തന്റെ വ്യക്തിപരമായ അനുഭവമാണെന്ന് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ലാളിത്യവും വിനയവും വിധേയത്വവും സഹാനുഭൂതിയും പ്രാർത്ഥനാ ജീവിതവും അദ്ദേഹത്തിൽ പ്രത്യേകം വിളങ്ങി ശോഭിച്ചിരുന്ന പുണ്യങ്ങളാണ്. മറ്റുള്ളവർ അദ്ദേഹത്തെ 'മാലാഖയ്ക്ക് സദൃശ്യൻ' എന്നു വിശേഷിപ്പിച്ചിരുന്നപ്പോഴും 'വിശുദ്ധരിൽ നിസാരൻ' (എഫെ. 3:9) എന്നു സ്വയം കരുതിയ പൗലോസ് ശ്ലീഹായെപ്പോലെയും തന്നെത്തന്നെ വെറുമയാക്കിയ (സങ്കീ. 22:6) ദാവീദിനെപ്പോലെയും വിനയപ്പെടുവാനും മറ്റുള്ളവരെ തന്നെ

ക്കാൾ വലിയവരും ബഹുമാന്യരുമായി കരുതുവാനുമാണ് അദ്ദേഹം താല്പര്യപ്പെട്ടിരുന്നത്. 'അങ്ങ് ഈ ദാസനോടു കാണിച്ച കാരുണ്യത്തിനും വിശ്വസ്തതയ്ക്കും ഞാൻ ഒട്ടും അർഹനല്ല' (ഉല്പ. 32: 10) എന്ന പൂർവ യാക്കോബിനുണ്ടായിരുന്ന ചിന്ത തന്നെയാണ് യാക്കോബ് മാർ തെയോഫിലോസ് പിതാവിനും ഉണ്ടായിരുന്നത്. തന്റെ ഗുരുവിന്റെ താല്പര്യവും നിർദ്ദേശവും അനുസരിച്ച് പ്രവർത്തിക്കുവാനും ബഹുമാനവും ആദരവും അദ്ദേഹത്തിനു നൽകുവാനുമായിരുന്നു മാർ തെയോഫിലോസ് പിതാവിന്റെ ശ്രദ്ധ.

ജീവിതലാളിത്യത്തിനും എളിയവരോടും ഏഴകളോടും ഒത്തുചേരുന്നതിനും അദ്ദേഹം പ്രത്യേകം ശ്രമിച്ചിരുന്നു. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടിരുന്നവരും അവശതയനുഭവിച്ചിരുന്നവരുമായവരുടെ സമൂഹങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരെയും യേശുവിന്റെ സ്നേഹ കൂട്ടായ്മയായ സഭയിലേക്ക് കൂട്ടിക്കൊണ്ടുവരുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ സഹായികളും സഹകാരികളുമായി അവരെ നിയമിക്കുന്നതിലും അദ്ദേഹം പ്രത്യേകം താല്പര്യമെടുത്തിരുന്നു.

മാർ ഈവാനിയോസ് തിരുമേനി മുന്നോട്ടുവച്ച സഭാദർശനങ്ങൾക്കനുസരിച്ച് തന്റെ ശുശ്രൂഷയ്ക്ക് ഭരമേല്പിക്കപ്പെട്ടിരുന്ന സഭാഘടകത്തെ നയിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തുടക്കകാലത്തെ വിജയത്തിന്റെയും ദ്രുതവളർച്ചയുടെയും പ്രധാന കാരണങ്ങളിലൊന്ന് ഈ സവിശേഷ ബന്ധമായിരുന്നു. ഇന്നും നമ്മുടെ



സഭയുടെ ശക്തി സഭാതലവനോടും പരസ്പരവും അഭിവന്ദ്യ മെത്രാപ്പോലീത്താമാർക്കും ബഹു. വൈദികർക്കും സന്യസ്തർക്കും ദൈവജനത്തിനുമുള്ള ബന്ധവും കൂട്ടായ്മയുമാണ്. ഇതിന് സഭയായി നാം മാർ തെയോഫിലോസ് പിതാവിനോടു കടപ്പെട്ടിരിക്കുന്നു.

## സമാപ്തി

മലങ്കരയുടെ പുണ്യശ്ലോകനായ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും പുണ്യശ്ലോകൻ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെയും സത്യാന്വേഷണങ്ങൾ മലങ്കര സഭയുടെ ചരിത്രത്തിൽ വളരെയധികം ഗുണപരമായ മാറ്റങ്ങളും നേട്ടങ്ങളും കൈവരുത്തുവാൻ ഇടയാക്കിയതായി നാം കണ്ടു. അനിഷേധ്യവും പകരം വയ്ക്കാനില്ലാത്തതുമായിരുന്നു അവരുടെ നേതൃത്വം. ചരിത്രപരമായും ആത്മീയമായും സഭാശാസ്ത്രപരമായും ദൈവശാസ്ത്രപരമായും ശരിയായിട്ടുള്ളതായിരുന്നു അവരുടെ ഓരോ നടപടിയും ഇടപെടലുകളും. മലങ്കരസഭയുടെ സ്വയംഭരണാവകാശം വീണ്ടെടുത്ത പൗരസ്ത്യ കാതോലിക്കേറ്റിന്റെ സ്ഥാപനവും ആത്മീകനവീകരണവും പ്രേഷിത ചൈതന്യവും വീണ്ടെടുത്ത ബഥനിയുടെ സ്ഥാപനവും സാമൂദായിക മുന്നേറ്റത്തിനു വഴി തെളിച്ച സ്ത്രീകൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനവും സഭാപൂർണ്ണതയും സാർവ്വത്രിക സഭാസംസർഗ്ഗവും വീണ്ടെടുത്ത പുനരൈക്യവും മലങ്കര അപ്പസ്തോലിക സഭയെ അപ്പസ്തോല സംഘത്തലവൻ വിശുദ്ധ പത്രോസിന്റെ യഥാർത്ഥ പിൻഗാമി റോമിലെ പരിശുദ്ധ മാർപ്പാപ്പാ നേതൃത്വം നല്കുന്ന അപ്പസ്തോലിക കൂട്ടായ്മയിലെത്തിച്ച് സഭാപൂർണ്ണത വീണ്ടെടുത്ത മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപനവും എല്ലാം അവരുടെ നടപടികളിൽ ചിലതു മാത്രമാണ്. അവയെല്ലാം ശരിയായിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. ഫലത്തിൽ നിന്നാണല്ലോ വൃക്ഷത്തെ തിരിച്ചറിയുക മാർ

ഈവാനിയോസ്, മാർ തെയോഫിലോസ് മെത്രാപ്പോലീത്തമാരുടെ പ്രവൃത്തികളുടെ ഫലത്തിലേയ്ക്കു നോക്കുക. അപ്പോൾ അവരെ കൃത്യമായി തിരിച്ചറിയാനും മനസ്സിലാക്കാനും സാധിക്കും. അവർ ശരിയായിരുന്നു എന്നും അവരായിരുന്നു ശരി എന്നും തിരിച്ചറിയുവാൻ സാധിക്കും. മുൻവിധികളില്ലാതെ തുറന്ന മനസ്സോടെ വീക്ഷിക്കണമെന്നു മാത്രം. മലങ്കര സഭകളിലെ ഭിന്നതകൾക്കും പ്രതിസന്ധികൾക്കുമുള്ള ശാശ്വത പരിഹാരം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോഫീലോസ് മെത്രാപ്പോലീത്തായുംകൂടി തെളിച്ച പുനരൈക്യത്തിന്റെ വഴിയാണെന്ന് ദൈവവിജ്ഞാനീയവും സഭാശാസ്ത്രവും ബൈബിൾ വിജ്ഞാനീയവും ചരിത്രവും അറിയുന്ന ഏവരും അടിവരയിട്ട് സമ്മതിക്കുന്ന സത്യമാണ്. അറിവുമാത്രം അനുഭവത്തിലെത്തിക്കുകയില്ല. അതിന് ദൈവാത്മാവിനോടുള്ള തുറവി വേണം; സത്യത്തോടുള്ള സമർപ്പണം വേണം. ഇതിന്റെ അഭാവമാണ് മലങ്കരയിൽ നാം ഇന്ന് കാണുന്നത്. പരിഹാരം: ഉപവാസവും പ്രാർത്ഥനയും സാക്ഷ്യവും.







**റവ. ഡോ. കുര്യാക്കോസ് തടത്തിൽ**
(റെക്ടർ, മലങ്കര മേജർ സെമിനാരി)

# ഡോ. ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്ത

# പകരക്കാരൻ ഇല്ലാത്ത ഒന്നാമൻ

1961ൽ തിരുവല്ല മൈനർ സെമിനാരിയിൽ ചേർന്ന ഏബ്രഹാം കാക്കനാട്ട് എന്ന വൈദിക വിദ്യാർത്ഥി മൈനർ സെമിനാരി പഠനം പൂർത്തിയാക്കി തത്വശാസ്ത്ര പഠനത്തിനായി വടവാതൂർ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. പഠനത്തിൽ ഒന്നാമനായതുകൊണ്ട് സെമിനാരി അധികാരികൾ ബ്രദർ ഏബ്രഹാം കാക്കനാട്ടിനെ ദൈവശാസ്ത്രപഠനത്തിനായി റോമിലെ പ്രൊപ്പഗാന്താ (Propaganda) സെമിനാരിയിലേക്ക് അയച്ചു. റോമിലെ പഠനം പൂർത്തിയാക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് മാർപാപ്പയിൽ നിന്നും വൈദികപട്ടം സ്വീകരിക്കുവാൻ അവസരം ഉണ്ടായിട്ടും നാട്ടിൽ തിരിച്ചുവന്ന് സ്വന്തം രൂപാതാദ്ധ്യക്ഷൻ അഭി. സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയിൽനിന്ന് സ്വന്തം ഇടവകപ്പള്ളിയിൽവച്ച് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന്, ഇന്നത്തെ ബത്തേരി രൂപതയിലെ പള്ളികളിൽ സേവനം നടത്തി.

ഞാൻ 1977-ൽ തിരുവല്ല മൈനർ സെമിനാരിയിൽ ചേരുമ്പോൾ ഏബ്രഹാം കാക്കനാട്ടച്ചൻ രൂപതാ പ്രൊകുറേറ്റർ (Procurator) ആയി ജോലി ചെയ്യുകയായിരുന്നു. ആരുടെയും ശ്രദ്ധ ആകർഷിക്കുന്ന സുമുഖനായ ഒരു യുവവൈദികനെ ആദ്യമായിക്കണ്ട മാത്രയിൽ തന്നെ വൈദിക വിദ്യാർത്ഥികൾക്ക് അച്ചൻ ഒരു ആരാധനാപാത്രമായിരുന്നു. അച്ചന്റെ വശ്യമായ പുഞ്ചിരി, മനോഹരമായ ആരാധന, വെടിപ്പുള്ള വസ്ത്രധാരണം, ആരോടും ചങ്ങാത്തം കൂടാത്ത, എന്നാൽ സ്നേഹമുള്ള ഈ വൈദികന്റെ ചിത്രം എല്ലാവരുടേയും മനസ്സിൽ സ്ഥാനപ്രതിഷ്ഠ നേടിയിരുന്നു.

1979ൽ റോമിലേക്കുള്ള ഉപരിപഠനത്തിന് അഭി. ഐസക്ക് മാർ യൂഹാനോൻ തിരുമേനി കാക്കനാട്ട് അച്ചനെ അയച്ചു. റോമിലെ പ്രസിദ്ധമായ ബിബ്ലിക്കും യൂണിവേഴ്സിറ്റിയിൽ നിന്നും ലൈസൻഷിയേറ്റും ഉർബാനിയം യൂണിവേഴ്സിറ്റിയിൽ നിന്നും ബൈബിളിൽ ഡോക്ടറേറ്റും കരസ്ഥമാക്കി നാട്ടിൽ തിരിച്ചുവന്നു.

റോമിൽ പഠിക്കുന്ന സമയത്ത് അവധിക്കാലത്ത് ജർമ്മനി, സ്വിറ്റ്സർലണ്ട് എന്നിവിടങ്ങളിലെ പള്ളികളിൽ അവധിക്കാല ജോലിക്ക് സാധാരണ വൈദികർ പോകുമായിരുന്നു. കാക്കനാട്ടച്ചന് ഇറ്റാലിയൻ, ജർമ്മൻ ഭാഷകൾ ഭംഗിയായി കൈകാര്യം ചെയ്യുവാൻ അറിയുമായിരുന്നു.

അച്ചൻ ജർമ്മനിയിലെ ഒരു പള്ളിയിൽ ജർമ്മൻ ഭാഷയിൽ കുർബ്ബാന ചൊല്ലിയപ്പോൾ ഒരു ജർമ്മൻ കാരി സ്ത്രീ വിചാരിച്ചു ജർമ്മൻകാരൻ അച്ചനാണ് കുർബ്ബാന ചൊല്ലിയതെന്ന്. എന്നാൽ, കുർബ്ബാന കഴിഞ്ഞ് അച്ചൻ പുറത്തു വന്നപ്പോൾ അച്ചന്റെ കണ്ണുകൾ കണ്ടുമാത്രമാണ് ഇതു ഒരു ഇന്ത്യാക്കാര നാണെന്ന് മനസ്സിലായത്; കറുത്ത കണ്ണുകൾ കണ്ടാണ് തിരിച്ചറിഞ്ഞത്. കാരണം, ജർമ്മൻകാ രന്റെ കണ്ണുകൾ കറുത്തതല്ല. അച്ചന് ഒരു യഹൂദബ ന്ധം ഉള്ളതുകൊണ്ട് നല്ലനിറം. അതുപോലെ ഭംഗിയായി ജർമ്മൻ ഭാഷ സംസാരിക്കാനുള്ള കഴിവ്. ഇതാണ് അതിന്റെ കാരണം. മറ്റുള്ളവർക്ക് അസൂയ തോന്നത്തക്ക രീതിയിലുള്ള, അതുപോലെ തന്നെ മതിപ്പ് ഉളവാക്കത്തക്ക വ്യക്തിത്വമാണ് കാ ക്കനാട്ടച്ചന്റേത്. സ്വിറ്റ്സർലണ്ടിൽ അച്ചൻ ജോലി ചെയ്ത ഒരു പള്ളിയിൽ വികാരിയച്ചനും കാക്ക നാട്ടച്ചനും ഒരേ പ്രായം. അച്ചന്റെ പ്രസംഗം എല്ലാ വരും ശ്രദ്ധയോടെ കേട്ടിരുന്നു. ആൾക്കാർ പറയു വാൻ തുടങ്ങി വികാരിയച്ചനെക്കാൾ സുമുഖൻ, വികാരിയച്ചനെക്കാൾ നല്ല പ്രസംഗം; സാധാരണ ഒരിക്കലും സംഭവിക്കാവുന്ന കാര്യങ്ങളല്ല ഇതൊ ന്നും. വികാരിയച്ചനു ഈ ഇന്ത്യാക്കാരനച്ചനോട് അസൂയ ഉണ്ടായി. അതുകൊണ്ട് പള്ളിയിലെ ചുമതലക്കാരുടെ മുമ്പിൽവച്ച് വികാരിയച്ചൻ പറഞ്ഞു. ഫാ. ഏബ്രഹാം എന്റെ ടിവി കേടുവ രുത്തി. ടിവി ഒക്കെ യൂറോപ്പിൽ ഇറങ്ങിയ കാലമാ ണ്. കാക്കനാട്ടച്ചൻ ശമ്പളമായി കിട്ടിയ 3000 സ്വിസ് ഫ്രാങ്ക്, 'ഒരു മൂന്നു ടിവി വാങ്ങിച്ചോ' എന്ന് പറ ഞ്ഞ് തിരിച്ചുനൽകി പോന്നു. വികാരിയച്ചൻ സന്നിഗ്ദ്ധാവസ്ഥയിലായി. പണം വേണ്ട എന്നു പറഞ്ഞു. കാക്കനാട്ടച്ചൻ വികാരിയച്ചനോടു പറ ഞ്ഞു: ''എനിക്കു ശമ്പളം വേണ്ട, ഞാൻ കത്തോ ലിക്ക സഭയിൽ സേവനം ചെയ്തു എന്ന സംതൃ പ്തി മതി.'' ഈ സംഭവം ഇടവകക്കാർ അറിഞ്ഞ് അച്ചനോട് വലിയ മതിപ്പുണ്ടായി. ആൾക്കാർ പണം സ്വരൂപിച്ച് അച്ചന്റെ അക്കൗണ്ടിലേക്ക് അയച്ചു കൊടുത്തു. സാധാരണ മലയാളത്തിൽ ഒരു ചൊല്ലു ണ്ട്, ''സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കും.'' ആരുടെ മുമ്പിലും ആവശ്യം ഇല്ലാതെ തല കുനിക്കാത്ത അച്ചൻ ഏത് അർത്ഥത്തിലും ഒന്നാമനാണ്.

മലങ്കര കത്തോലിക്കാ സഭയുടെ കെട്ടുപണി യിൽ ശ്രദ്ധേയമായ പങ്കുവഹിച്ച ഒരാളാണ് മാർ ജൂലിയോസ് തിരുമേനി. ദൈവം തിരുമേനിയെ നമ്മുടെ സഭയെ ഉയർത്തി കാണിക്കുന്നതിന് പ്രത്യ ക്ഷമായും പരോക്ഷമായും ഉപകരണമായിഉപയോ ഗിച്ചിട്ടുണ്ട്.

## മലങ്കര മേജർ സെമിനാരി

മലങ്കര സെമിനാരിയുടെ പ്രാരംഭദിശയിൽ തിരുവനന്തപുരത്ത് പട്ടത്തുള്ള മൈനർ സെമിനാ രിയാണ് മേജർ സെമിനാരിയായി ഉപയോഗിച്ചു തുടങ്ങിയത്. തുടർന്ന്, തിരുവനന്തപുരം അതി രൂപത നൽകിയ 20 ഏക്കർ സ്ഥലത്ത് പുതിയ സെമിനാരി കെട്ടിടം നിർമ്മിച്ചത് അഭി. ജൂലി യോസ് തിരുമേനിയാണ്. മലങ്കര സഭയിലെ പള്ളികളിൽ പോയി ബോധവത്കരണം നടത്തി സഭാ വിശ്വാസികളിൽ നിന്ന് പണം പിരിച്ച് സെമി നാരി കെട്ടിടത്തിന്റെ പണിതുടങ്ങി. റോമിലെ പൗരസ്ത്യ തിരുസംഘത്തിൽ നിന്ന് അവിടെ ചെന്ന് സെമിനാരിക്ക് ലഭിക്കുവാനുള്ള വിഹിതം ചോദിച്ചുവാങ്ങി പണി പൂർത്തിയാക്കി. സഭാമക്കൾ നൽകിയ സംഭാവനകളുടെ മാഹാത്മ്യം കാണിക്കു വാൻ സെമിനാരിയുടെ പ്രവേശന കവാടത്തിൽ അ വരുടെ പേരുകൾ മാർബിളിൽ കൊത്തിവച്ചിട്ടുണ്ട്. മലങ്കര മേജർ സെമിനാരിക്ക് ആദ്യകെട്ടിടം നിർ മ്മിച്ച ഒന്നാമൻ മാർ ജൂലിയോസ് തിരുമേനിയാണ്.



## ചെങ്ങരൂർ വി. ഗീവർഗീസിന്റെ മഹത്തായ ദൈവാലയം

2000-ാമാണ്ട് വരെ മലങ്കര കത്തോലിക്ക സഭയിലെ പള്ളികൾ താരതമ്യേന ചെറുതായി രുന്നു. സഭയിൽ വലിയപള്ളി പണിയാനുള്ള

പ്രചോദനം തിരുമേനി പണിയിച്ച രണ്ട് നിലകളിലായുള്ള ചെങ്ങരൂർ പള്ളിയാണ്. ഈ പള്ളി കണ്ടാണ് മലങ്കര സഭയിൽ വലിയ പള്ളികൾ പണിയാൻ തുടങ്ങിയത്. ഇപ്പോഴും പുതിയ പള്ളികൾ പണിയാൻ തുടങ്ങുമ്പോൾ ഈ പള്ളി വന്നു കാണുന്നവരുണ്ട്. ചെങ്ങരൂർ പള്ളിയിൽ വികാരി ആകുവാനുള്ള ഭാഗ്യം എനിക്കും ഉണ്ടായിട്ടുണ്ട്. ഇന്നും ചെങ്ങരൂർ പള്ളിക്കാർ ഏത് കാര്യം പറയുമ്പോഴും ജൂലിയോസ് തിരുമേനിയെ അഭിമാനത്തോടെ ഓർക്കുന്നു. ചെങ്ങരൂർ പള്ളി കൂദാശയോട് അനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ സംബന്ധിക്കുവാൻ വന്ന ഓർത്തഡോക്സ് സഭയിലെ പരി. കാതോലിക്ക ബാവാ തിരുമേനി പരി. ബസ്സേലിയോസ് മാർതോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവാ തിരുമേനിയെ കാക്കനാട്ടച്ചൻ പള്ളി കൊണ്ടുകാണിച്ചു. പരി. കാതോലിക്ക ബാവാ തിരുമേനി അച്ചന്റെ കൈയിൽ പിടിച്ച് അമർത്തിക്കൊണ്ട് 'അച്ചാ, ഇതെന്താണ്, എത്ര ഗംഭീരം!' എന്ന് അതിശയത്തോടെ പറഞ്ഞു. ഈ പള്ളിയുടെ കൂദാശയുടെ തലേദിവസം ആ പ്രദേശത്ത് ഭൂചലനമുണ്ടായി. ഇടിമിന്നലും കാറ്റും ഉണ്ടായി. ചുറ്റുപാടുള്ള കെട്ടിടങ്ങൾക്ക് നാശനഷ്ടം ഉണ്ടായപ്പോഴും ഈ പള്ളിക്ക് ഒരു കേടുപാടും സംഭവിച്ചില്ല. ഈ ഭൂമി കുലുക്കവും ഇടിമിന്നലും എല്ലാം സാക്ഷിക്കുന്നത് യഹോവയായ ദൈവം ഈ പള്ളിയുടെ കൂദാശയിൽ ഇറങ്ങിവന്നു എന്നാണ്. കാരണം, യഹോവയായ ദൈവം സീനായ് മലയിൽ ഇറങ്ങി വന്നപ്പോൾ ഭൂമികുലുക്കവും മിന്നൽപ്പിണറുകളും ഉണ്ടായി. ഈ പള്ളിയുടെ ഓരോ കല്ലും പ്രാർത്ഥനയോടുകൂടിയല്ലാതെ വച്ചിട്ടില്ല. പണിയുടെ ഓരോ ഘട്ടത്തിലും അച്ചൻ വിശ്വാസികളെക്കൊണ്ട് ആരാധനയും വി. കുർബ്ബാനയും നടത്തി. അതുകൊണ്ട് ഒന്നും സംഭവിച്ചില്ല.

## പുഷ്പഗിരി മെഡിക്കൽ കോളേജ്

തിരുവല്ലാ രൂപത പോലുള്ള ഒരു ചെറിയ രൂപത സ്വാശ്രയ മെഡിക്കൽ രംഗത്ത് ആരെയും അത്ഭുതപ്പെടുത്തുന്ന ഒരു എടുത്തുചാട്ടം നടത്തിയതും കാക്കനാട്ട് അച്ചനെന്ന ഉരുക്കുമനുഷ്യന്റെ നിശ്ചയദാർഢ്യം ആണ്. കാലം ചെയ്ത ഗീവർഗീസ് മാർ തീമോത്തിയോസ് തിരുമേനിയും പിൻഗാമി ഐസക്ക് മാർ ക്ലിമീസ് തിരുമേനിയും പിൻബലം നൽകിയെന്നതുകൊണ്ടാണ്. കാക്കനാട്ടച്ചനെ ഉരുക്കുമനുഷ്യൻ എന്ന് വിശേഷിപ്പിച്ചത് പുഷ്പഗിരി മെഡിസിറ്റിയുടെ ഉദ്ഘാടന ചടങ്ങിന് എത്തിയ അന്തരിച്ച മുൻമന്ത്രി ശ്രീ. കെ. എം. മാണി സാർ ആണ്. തൃശ്ശൂർ അതിരൂപത പോലുള്ള, എല്ലാ അർത്ഥത്തിലും വലിയ രൂപതയ്ക്കുപോലും ഒരു മെഡിക്കൽ കോളേജ് തുടങ്ങുവാൻ പുഷ്പഗിരി മെഡിക്കൽ കോളേജ് പ്രചോദനമായി. മലങ്കര കത്തോലിക്ക സഭയെയും തിരുവല്ല അതിരൂപതയെയും പൊതുസമൂഹവും മറ്റ് ക്രൈസ്തവസഭകളും കൂടുതൽ ശ്രദ്ധയോടും മതിപ്പോടും കൂടെ കാണാൻ പുഷ്പഗിരി മെഡിക്കൽ കോളേജ് കാരണമായി. പുഷ്പഗിരിയെ



ഒരു ഡീംഡ് യൂണിവേഴ്സിറ്റി ആക്കുകയെന്ന ഉദ്ദേശ്യത്തോടെ 5 കോളേജുകൾ തുടങ്ങി.

സ്വാശ്രയ മെഡിക്കൽ രംഗത്ത് ന്യൂനപക്ഷ അവകാശങ്ങൾ നേടാൻവേണ്ടി ഏറ്റവും കൂടുതൽ നിയമയുദ്ധം നടത്തി വിജയം കണ്ടെത്തിയത് പുഷ്പഗിരിയാണെന്നും ഇതിന്റെ ആനുകൂല്യം എല്ലാ ന്യൂനപക്ഷങ്ങൾക്കും നേടിക്കൊടുത്തുവെന്നും നമുക്ക് അറിയാം. ഭരണ പക്ഷവും പ്രതിപക്ഷവും ഒരുമിച്ചുനിന്ന് എതിർത്തിട്ടും അതിനെയെല്ലാം മറികടന്ന് കത്തോലിക്ക സഭയുടെ അന്തസ്സും സേവനപാരമ്പര്യവും കാണിച്ചുകൊടുക്കുവാൻ എല്ലാവർക്കും വേണ്ടിയുള്ള നിയമപോരാട്ടത്തിന്റെ അമരക്കാരൻ ജൂലിയോസ് തിരുമേനിയാണ്. കേരളത്തിലെ ഒന്നാംനിര മെഡിക്കൽ കോളേജ് പുഷ്പഗിരി തന്നെയാണ്.

തത്വം നിലനിർത്തുന്നതിനും അവകാശം സംരക്ഷിക്കുന്നതിനും വേണ്ടി ഏത് യുദ്ധത്തിനും തയ്യാറുള്ള ഒരു യോദ്ധാവ് തന്നെയാണ് ജൂലി

യോസ് തിരുമേനി. പുഷപഗിരി മുന്നോട്ടുവച്ച എല്ലാ ആവശ്യങ്ങളും ശരിയാണെന്ന് കോടതിവിധികളിലൂടെ എല്ലാവർക്കും സമ്മതിക്കേണ്ടിവന്നു.

തിരുമേനി മുന്നോട്ട് വയ്ക്കുന്ന തത്വങ്ങളും ന്യായമായ അവകാശങ്ങളും മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കി കൊടുക്കുവാനുള്ള വലിയ പ്രാഗത്ഭ്യം പിതാവിനുണ്ട്. ഗൃഹപാഠം ചെയ്യാതെ ഒരു കാര്യത്തിനും ഇറങ്ങുന്നില്ല. ഒരു ഉദാഹരണം, സ്വാശ്രയ വിഷയങ്ങളുമായി ബന്ധപ്പെട്ട് തിരുവല്ലായിലെ ഒരു സമ്മേളനത്തിൽ മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറിയായിരുന്ന ശ്രീ. പിണറായി വിജയൻ പുഷ്പഗിരിയെയും കാക്കനാട്ട് അച്ചനെയും നിശിതമായി വിമർശിച്ചു. കാക്കനാട്ട് അച്ചൻ ശ്രീ. പിണറായി വിജയനെ വിളിച്ച്, 'താങ്കളുമായി ഒരു സ്വകാര്യ സംഭാഷണത്തിന് അവസരം തരണം, ഈ വിഷയങ്ങളെക്കുറിച്ച് ഞങ്ങളുടെ ഭാഗം പറയുവാൻ' എന്നാവശ്യപ്പെട്ടു. തിരുവനന്തപുരത്ത് എ.കെ.ജി. സെന്ററിൽ കാക്കനാട്ട് അച്ചനും വള്ളിക്കാട്ട് അച്ചനും ഒരുമിച്ചുചെന്ന് ശ്രീ. പിണറായി വിജയനെ കണ്ടു. 5 മിനിട്ട് കൊടുത്ത ശ്രീ. പിണറായി വിജയനുമായി 1 മണിക്കൂർ 55 മിനിട്ട് സംസാരിച്ചു. അദ്ദേഹത്തിന് പുഷ്പഗിരിയുടെയും കത്തോലിക്ക സഭയുടെയും നിലപാട് വ്യക്തമാക്കിക്കൊടുത്തു. ശ്രീ. പിണറായി വിജയന് അച്ചനോട് വലിയ മതിപ്പും സ്നേഹവും ഉണ്ടായി. ശാന്തമായും ലോജിക്കലായും കാര്യങ്ങൾ പറഞ്ഞ് അവതരിപ്പിക്കാനുള്ള വലിയ കഴിവ് ജൂലിയോസ് തിരുമേനിക്കുണ്ട്.

## മൂവാറ്റുപുഴ കത്തീഡ്രൽ

തിരുവല്ലാ പുഷ്പഗിരി തിരുവല്ലായുടെ ഒരു ലാന്റ്മാർക്ക് ആയിരിക്കുന്നതുപോലെ, മൂവാറ്റുപുഴ പട്ടണത്തിന്റെ ഒരു ലാന്റ്മാർക്ക് ആണ് മൂവാറ്റുപുഴ സെന്റ് ജോസഫ്സ് കത്തീഡ്രൽ. തിരുമേനിയെക്കുറിച്ച് ഒറ്റവാചകത്തിൽ പറയുകയാണെങ്കിൽ 'He is a man of great things.' തിരുമേനിയുടെ ചിന്തയിൽ ചെറിയ കാര്യങ്ങളില്ല, വലിയ കാര്യങ്ങൾ മാത്രമേയുള്ളൂ. കാരണം, ചെറിയ കാര്യങ്ങൾ ആർക്കും ചെയ്യാം. എന്നാൽ, വലിയ കാര്യങ്ങൾ വലിയ ഇച്ഛാശക്തിയുള്ളവർക്ക് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. മൂവാറ്റുപുഴ അരമന മലങ്കര സഭയിലെ വലിയ അരമനയാണ്. എന്തിനാണ് ഇത്രയും വലിയ അരമന എന്ന് ചോദിക്കുന്നവർ ഉണ്ടാകും. നമ്മുടെ സഭയുടെ ഏറ്റം നല്ല ദൈവശാസ്ത്രജ്ഞനും ഈ സഭയെ ഇന്നത്തെ ഉന്നതിയിൽ എത്തിച്ചതുമായ സിറിൾ ബസ്സേലിയോസ് കാതോലിക്ക തിരുമേനി ബത്തേരിയിൽ വലിയ പള്ളികളും അരമനയുമാണ് നിർമ്മിച്ചത്. എന്തിനാണ് ചെറിയ സമൂഹത്തിന് ഇത്ര വലിയ പള്ളികൾ എന്ന് തിരുമേനിയോട് ചോദിച്ചവരോട് തിരുമേനി പറയുന്നത് നമ്മുടെ ആത്മാഭിമാനം വർദ്ധിക്കണം. ഇന്നു നമ്മൾ ചെറുതായിരിക്കും നാളെ നമ്മൾ വലുതാകും. അതിലേക്കുള്ള ഒരു ചവിട്ടുപടിയാണിത്.

അഭി. ഏബ്രഹാം മാർ ജൂലിയോസ് തിരുമേനിയെക്കുറിച്ച് ഇവിടെ പ്രതിപാദിച്ചതും അദ്ദേഹത്തിന്റെ തനതായ സംഭാവനകളുടെ ഒരു സംക്ഷിപ്ത രൂപം മാത്രമാണ്. തിരുമേനിയുടെ വ്യക്തിജീവിതത്തിൽ ഒത്തിരി കാര്യങ്ങൾ അനുകരണീയമായിട്ടുണ്ട്.



### 1. ദൈവ വിശ്വാസം

ഉറച്ച ദൈവവിശ്വാസം ഉള്ള ഒരു പുരോഹിത ശ്രേഷ്ഠനാണ് മാർ ജൂലിയോസ് തിരുമേനി. വലിയ കാര്യങ്ങൾ ചെയ്യുവാൻ തിരുമേനിയെ പ്രേരിപ്പിക്കുന്ന വേദവാക്യം ഇതാണ് ''ഭയപ്പെടേണ്ട ഞാൻ കൂടെയുണ്ട്''. ഇത് തിരുമേനി പലപ്പോഴും പറയുന്നത് ഞാൻ നേരിട്ട് കേട്ടിട്ടുണ്ട്. പറയുക മാത്രമല്ല, ജീവിതത്തിൽ പ്രാവർത്തികമാക്കുന്നു. പുഷ്പഗിരിയിലെ ആളുകൾ പറയും, ''കാക്കനാട്ട് അച്ചൻ എത്ര താമസിച്ച് രാത്രിയിൽ വന്നാലും രാവിലെ കൃത്യം 6 മണിക്ക് ചാപ്പലിൽ പ്രാർത്ഥനയ്ക്കും കുർബ്ബാനയ്ക്കും ഉണ്ട്.''

## 2. ദൈവശാസ്ത്രജ്ഞനും വേദശാസ്ത്രജ്ഞനും

വേദശാസ്ത്രത്തിലും (ബൈബിൾ) ദൈവശാസ്ത്രത്തിലും (തിയോളജി) അഗാധമായ പാണ്ഡിത്യമുണ്ട്. എല്ലാ ദിവസവും വായനയ്ക്കും പഠനത്തിനുമായി മണിക്കൂറുകൾ മാറ്റി വയ്ക്കുന്നു. തിരുമേനിയുടെ കീഴിൽ പരിശീലനം നേടിയ മൂവാറ്റുപുഴയിലെ വൈദിക വിദ്യാർത്ഥികൾ എല്ലാവരും സാക്ഷിക്കുന്ന ഒരു കാര്യമുണ്ട്. രാവിലെ 4 മണി മുതൽ 6 മണി വരെ രണ്ട് മണിക്കൂർ എന്നും ബൈബിൾ വായിക്കും. നാല് ഭാഷയിലുള്ള വേദപുസ്തകങ്ങൾ (ഗ്രീക്ക്, ഹീബ്രു, ഇംഗ്ലീഷ്, മലയാളം) ഒരേ വേദഭാഗം നാല് ഭാഷകളിൽ വായിച്ച്, പ്രത്യേകിച്ച് മൂലഭാഷയായ ഹീബ്രു, ഗ്രീക്ക് ഭാഷകളിലുള്ളത് വായിച്ച് വേദഭാഗത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കും. അത് ഭംഗിയായി പ്രസംഗത്തിൽ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നു. ചെങ്ങരൂർ പള്ളിയിൽ അനേകം പ്രാവശ്യം ശവസംസ്കാര ശുശ്രൂഷയ്ക്ക് വന്നിട്ടുണ്ട്. മരണവും പുനരുത്ഥാനവുമായി ബന്ധപ്പെട്ട വേദഭാഗം വായിക്കും. പ്രസംഗങ്ങൾ ഒരിക്കലും ആവർത്തിച്ചിട്ടില്ല. എപ്പോഴും ഒരുങ്ങി മാത്രം പ്രസംഗിക്കുന്നു.

തിരുമേനി നടത്തിയിട്ടുള്ള സെമിനാർ പ്രബന്ധങ്ങൾ, വേദപുസ്തക വ്യഖ്യാനങ്ങൾ, ക്ലാസ്സുകൾ മുതലായവ ഈടുറ്റവയാണ്. തിരുമേനിയുടെ നിഘണ്ടുവിൽ അലസത എന്ന പദം ഇല്ല. അലസരെ തിരുമേനിക്ക് ഇഷ്ടമില്ലതാനും. ദിവസത്തിൽ ശരാശരി 14 മണിക്കൂറെങ്കിലും ജോലി ചെയ്യും; വായന, പഠനം, പുതിയ പുതിയ കാര്യങ്ങൾ പഠിക്കും, ജോലി ചെയ്യുന്ന മേഖലയിലെ എല്ലാകാര്യങ്ങളും മനസ്സിലാക്കി പഠിക്കും. പുഷ്പഗിരി മെഡിക്കൽ കേളേജിന്റെ ചുമതല ഉണ്ടായിരുന്നപ്പോൾ മെഡിക്കൽ രംഗത്തുള്ള എല്ലാകാര്യങ്ങളും പഠിച്ച് ഗൃഹപാഠം ചെയ്തുകൊണ്ടാണ് മെഡിക്കൽ കോളേജിലെ ചർച്ചകൾ എല്ലാം നടത്തിയത്.

## 3. ജോലി ചെയ്യാനുള്ള ഉത്സാഹം

വൈദിക വിദ്യാർത്ഥിയായി റോമിൽ പഠിക്കുമ്പോൾ അവധിക്കാലത്ത് ജർമ്മനിയിലും ഇറ്റലിയും ജോലിചെയ്ത് പോക്കറ്റ് മണി സമ്പാദിക്കുമായിരുന്നു. മലങ്കര സെമിനാരി കെട്ടിടം പണിയുന്ന സമയത്ത് വൈദിക വിദ്യാർത്ഥികളുടെ കൂടെ ശരിക്ക് ജോലി ചെയ്തുകൊണ്ട് ശരിക്കു പണി എടുപ്പിക്കുന്നതിനെക്കുറിച്ച് അന്നുള്ള സെമിനാരിക്കാർ പറയുമായിരുന്നു. ചെങ്ങരൂർ പള്ളി പണി നടക്കുമ്പോൾ സെമിത്തേരി ഭംഗിയാക്കുവാൻ കപ്പയും മുളകും കട്ടൻകാപ്പിയും കുടിച്ചുകൊണ്ട് ജനങ്ങളുടെ കൂടെ രാത്രി 2 മണി വരെ പണിയെടുക്കുന്നതും അവർ നന്ദിയോടെ ഓർക്കുന്നു. പുഷ്പഗിരി മെഡിക്കൽ കോളേജിൽ പണിനടക്കുമ്പോൾ ജെ.സി.ബി.ക്കാരൻ ഭക്ഷണം കഴിക്കാൻ പോകുമ്പോൾ ജെ.സി.ബി. ഉപയോഗിച്ച് പണി ചെയ്യുമായിരുന്നു. തിരുമേനി മടികൂടാതെ ജോലി ചെയ്യും. കൂട്ടത്തിൽ ഉള്ളവരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുകയും ചെയ്യും.

**പുഷ്പഗിരിയിലെ ആളുകൾ പറയും: "കാക്കനാട്ട് അച്ചൻ എത്ര താമസിച്ച് രാത്രിയിൽ വന്നാലും രാവിലെ കൃത്യം 6 മണിക്ക് ചാപ്പലിൽ പ്രാർത്ഥനയ്ക്കും കുർബ്ബാനയ്ക്കും ഉണ്ട്."**

## 4. മലങ്കര സഭയോടും ആരാധനാക്രമത്തോടും പൗരസ്ത്യരോടുമുള്ള സ്നേഹം

മലങ്കര സഭയെക്കുറിച്ചും അതിന്റെ തനിമയെക്കുറിച്ചും എവിടെയും അഭിമാനത്തോടെ അവതരിപ്പിക്കും. ആരെങ്കിലും മലങ്കര സഭയെ ഇകഴ്ത്തി പറഞ്ഞാൽ ഇനിയൊരിക്കലും അങ്ങനെ പറയാതിരിക്കത്തക്ക രീതിയിൽ വേണ്ടവിധം ബോദ്ധ്യപ്പെടുത്തും.

ഈ ലഘുലേഖനത്തിൽ തിരുമേനിയെക്കുറിച്ച് വളരെ സംക്ഷിപ്തമായി മാത്രം വിവരിക്കാനേ സ്ഥലമുള്ളൂ. തിരുമേനിയുടെ ജീവിതത്തെക്കുറിച്ച് സൂഷ്മമായി പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്ന ഒരു സത്യം തിരുമേനിയെക്കൊണ്ടുമാത്രം ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ തിരുമേനി നടത്തിയിരുന്നു. അത് മറ്റാരെക്കൊണ്ടും സാദ്ധ്യമല്ല. തിരുമേനിക്ക് പകരക്കാരൻ ഇല്ല. തിരുമേനിക്കു പകരം തിരുമേനി മാത്രം. മാർ ജൂലിയോസ് തിരുമേനി പകരക്കാരനില്ലാത്ത ഒന്നാമനാണ്.

■






റവ. ഫാ. വർഗീസ് അങ്ങാടിയിൽ
(ഫിനാൻസ് ഓഫീസർ,
മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ)


# ദൈവകാരുണ്യം സർവപ്രധാനം

## മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ ആപ്തവാക്യം

### ആമുഖം

എടുത്തുയർത്തിയവനെ പടുത്തുയർത്തും എന്ന ചിന്തയാണ് ഈ കുറിപ്പ് എഴുതുമ്പോൾ എന്റെ മനസിൽ ആദ്യം കടന്നുവരുന്നത്. വി. ഗ്രന്ഥത്തിന്റെ ഏടുകളിൽ അബ്രഹാം, മോശ തുടങ്ങി അനേകം വ്യക്തി ജീവിതങ്ങൾ പഴയനിയമത്തിലും പുതിയ നിയമത്തിലും ഇതിന്റെ ഉത്തമദൃഷ്ടാന്തങ്ങളായി നമ്മുടെ മുൻപിലുണ്ട്. സാധാരണത്വത്തിൽനിന്നും അസാധാരണത്വത്തിലേക്ക് തമ്പുരാൻ കൈപിടിച്ച് നടത്തുന്ന ഒരു ഇടയശ്രേഷ്ഠന്റെ ജീവിതവഴികളിൽ മൂവാറ്റുപുഴ ഭദ്രാസനാധിപനെന്ന പുതു നിയോഗം മലങ്കര സുറിയാനി കത്തോലിക്കാ സഭ ഏറെ അഭിമാനത്തോടെയും പ്രാർത്ഥനയോടെയും നോക്കികാണുകയാണ്.

### 1. കുടുംബം-ബാല്യം, വിദ്യാഭ്യാസം

കൊല്ലം ജില്ലയിൽ ഏനാത്ത് പ്രദേശത്തിന്റെ ഭാഗമായി സ്ഥിതിചെയ്യുന്ന പുതുശ്ശേരിഭാഗം (ഇപ്പോൾ പത്തനംതിട്ട ജില്ല) കൊച്ചുതുണ്ടിൽ ശ്രീ. ഫിലിപ്പോസ് ഉണ്ണുണ്ണിയുടെയും, പരേതയായ ശ്രീമതി ചിന്നമ്മയുടെയും 6 മക്കളിൽ മൂന്നാമത്തെ മകനായി 1959 ഏപ്രിൽ 8-ാം തീയതി അഭിവന്ദ്യ പിതാവ് ജനിച്ചു. കുഞ്ഞുകുട്ടി എന്നായിരുന്നു വിളിപ്പേര്. ജോൺ എന്നത് മാമ്മോദീസാ പേരും. രാജു, ഓമന (സി. കരുണ എസ്.ഐ.സി.), വിൽസൺ, വൽസമ്മ, ബിജു (ഫാ. ജോൺസൺ) എന്നിവർ സഹോദരങ്ങളാണ്. പുതുശേരിഭാഗം സെന്റ് ജോൺസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗമായിരുന്നു കൊച്ചുതുണ്ടിൽ കുടുംബം. പിതാവിന്റെ കണിശതയാർന്ന ആദ്ധ്യാത്മിക ജീവിതാനുഷ്ഠാനങ്ങളും

കഠിനാദ്ധ്വാനവും വത്സലമാതാവിന്റെ പ്രാർത്ഥനയിലധിഷ്ഠിതമായ ത്യാഗോജ്ജ്വല ജീവിതവും വൈദികരോടും സന്യസ്തരോടുമുള്ള കരുതലും കുഞ്ഞുകുട്ടിയിൽ സ്വാധീനം ചെലുത്തി. അത് ഇടവക ശുശ്രൂഷകളോടും വൈദിക ജീവിതത്തോടുമുള്ള അടുപ്പം ഊഷ്മളമാക്കി. മഹർഷിക്കാവ്, ഏനാത്ത്, കുളക്കട എന്നീ സർക്കാർ വിദ്യാലയങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി.

## 2. സെമിനാരി ജീവിതം - പരിശീലനം, പൗരോഹിത്യം

അടിസ്ഥാന വിദ്യാലയ പരിശീലനം പൂർത്തിയാക്കി 1975-ൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹാനുവാദത്തോടെ, ഇടവക വികാരി ബഹു. സാമുവൽ തുണ്ടിയിലച്ചന്റെ സഹായത്തോടെ തിരുവനന്തപുരം അതിഭദ്രാസനത്തിലെ സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. മൈനർ സെമിനാരി കാലയളവിൽ വന്ദ്യ ജോസഫ് ഞായല്ലൂർ, വന്ദ്യ ഗീവർഗീസ് മണ്ണിക്കരോട്ട് കോർഎപ്പിസ്ക്കോപ്പ, ബഹു. ജോസഫ് കോന്നാത്ത് (ജോസഫ് മാർ തോമസ് പിതാവ്) എന്നിവർ ബ്രദർ ജോണിന്റെ റെക്ടർമാരും വന്ദ്യ സേവ്യർ ഞായപ്പള്ളി അച്ചൻ ആത്മീയഗുരുവുമായിരുന്നു.

മൈനർ സെമിനാരി പഠനത്തിനുശേഷം ഫിലോസഫി പഠനം ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിലായിരുന്നു. തത്വശാസ്ത്ര പഠനത്തിനുശേഷമുള്ള ഒരു വർഷകാലത്തെ പ്രായോഗിക പരിശീലനം തിരുവനന്തപുരം മെത്രാപ്പോലിത്തൻ അരമന ഓഫീസിലും കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ (KCSL) മേൽനോട്ടം പാളയം സെന്റ് മേരീസ് പ്രോ-കത്തീഡ്രലിൽ താമസിച്ചും നിർവഹിച്ചു. അതേതുടർന്ന് ദൈവശാസ്ത്രപഠനത്തിനായി വീണ്ടും ആലുവ സെമിനാരിയിൽ എത്തിച്ചേർന്നു. ആ കാലയളവിൽ വന്ദ്യ ഗീവർഗീസ് പണിക്കരച്ചൻ റെക്ടറും വന്ദ്യ ജോസഫ് മാലിപറമ്പിൽ, മരിയ സൂസപാക്യം (സൂസൈപാക്യം പിതാവ്) എന്നീ വൈദികർ ആത്മീയ ഗുരുക്കന്മാരുമായിരുന്നു. പഠനത്തോടൊപ്പം, പാഠ്യേതര വിഷയങ്ങളിലും മികവ് പുലർത്തിയിരുന്ന ഈ കാലയളവിൽ ക്രിസ്തീയ വിശ്വാസത്തെ ആധാരമാക്കി രചിച്ച 'സ്നേഹ സ്വരൂപാ..., നായകാ ജീവദായകാ..., രക്ഷകാ ഗായകാ..., ആത്മ സ്വരൂപ...' എന്നീ ഗാനങ്ങൾ എക്കാലത്തെയും മികച്ച ക്രിസ്തീയ ഗാനശ്രേണിയിൽപ്പെടുന്നവയാണ്. ഗാനഗന്ധർവൻ പദ്മശ്രീ ഡോ. കെ. ജെ. യേശുദാസിന്റെ സ്വരമാധുരിയിൽ അവ ആലപിച്ചിരിക്കുന്നു എന്നത് ആ ഗാനങ്ങളുടെ ശ്രേഷ്ഠത വർദ്ധിപ്പിക്കുന്നു. ദൈവശാസ്ത്രപഠനം വിജയകരമായ രീതിയിൽ പൂർത്തിയാക്കി 1985 ഡിസംബർ 22-ാം തീയതി ഡീക്കൻ ജോൺ തുണ്ടിയത്ത്, ഡിക്കൻ വർക്കി ആറ്റുപുറത്ത് എന്നീ സതീർത്ഥ്യരോടൊപ്പം പുതുശ്ശേരിഭാഗം ഇടവകയിൽ അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ച് ഡിസംബർ



23-ാം തീയതി പ്രഥമ ദിവ്യബലിയർപ്പിച്ചു. നീണ്ട നാൾ പ്രാർത്ഥനയോടെ കാത്തിരുന്ന ഒരു സ്വപ്ന ത്തിന്റെ പൂർത്തീകരണമായിരുന്നു അത്.

## 3. വൈദിക ജീവിതം: തുടർപഠനം, മെത്രാൻ സ്ഥാനം

വൈദികനായുള്ള ആദ്യനിയമനം അഭിവന്ദ്യ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സെക്രട്ടറിയായിട്ടായിരുന്നു. ഈ കാല യളവിൽത്തന്നെ ബിരുദപഠനം ഒന്നാം റാങ്കോ ടെ പൂർത്തിയാക്കുകയും ചെയ്തു. അതിരൂപത മാര്യേജ് ട്രൈബ്യൂണൽ നോട്ടറിയായും ഈ സമ യം ശുശ്രൂഷ ചെയ്തു. ഈ ഉത്തരവാദിത്തങ്ങൾ ക്കിടയിലും നല്ലൊരു മിഷണറിയായി അനേകം ഇട വകകളിൽ സേവനം ചെയ്തു. അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവുമായി വ്യക്തിപരമായുള്ള ആത്മബന്ധ വും പ്രാർത്ഥനയിലധിഷ്ഠിതമായ ജീവിതവും സഭാ-സാമൂഹിക രംഗങ്ങളിലെ ഇടപെടലുകളും ലളിതമായ ജീവിതശൈലിയും പുതിയ കാഴ്ച പ്പാടുകളിലേക്ക് നവവൈദികനെ നയിച്ചു. ഏഴു വർഷക്കാലത്തെ ഈ ഉത്തരവാദിത്തം പൂർത്തിയാ ക്കി 1992-ൽ റോമിലെ പ്രശസ്തമായ പൊന്തി ഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സഭാനിയ മപഠനത്തിനായി അയയ്ക്കപ്പെട്ടു. 1995-ൽ സഭാ നിയമത്തിൽ ലൈസൻഷിയേറ്റും ഡോക്ട റേറ്റും അഭിമാനാർഹമാംവിധം പൂർത്തിയാക്കി. 1996-97 വരെയുള്ള കാലയളവിൽ ന്യൂയോർക്ക് അതിരൂപതയിൽ സഭാകോടതിയുടെ ജഡ്ജ്, ഡി ഫൻഡർ ഓഫ് ബോൺഡ് എന്നീ ശുശ്രൂഷകൾ നിർവഹിച്ചു. പഠനജീവിതത്തിന്റെ പ്രായോഗിക തലങ്ങളെ ഇത് കൂടുതൽ അർത്ഥവത്താക്കാൻ സഹായിച്ചു.

1997-ൽ മാതൃരൂപതയിൽ തിരികെയെത്തിയ ജോൺ കൊച്ചുതുണ്ടിലച്ചനെ തിരുവനന്തപുരം അതിരൂപത ചാൻസിലറായും മൈനർ സെമിനാരി റെക്ടറായും ഭാഗ്യസ്മരണാർഹനായ സിറിൾ മാർ ബസേലിയോസ് കാതോലിക്കാ ബാവാ നി യോഗിച്ചു. ഇതേ കാലയളവിൽത്തന്നെ അതിരൂപ തയുടെ ജുഡീഷ്യൽ വികാരിയായും ട്രൈബ്യൂ ണൽ ജഡ്ജ്, പ്രസ്ബിറ്ററൽ കൗൺസിൽ സെക്ര ട്ടറി, എപ്പാർക്കിയൽ കൺസൽട്ടേഴ്സ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. അതേ സമയം തന്നെ, വിവിധ ഇടവകകളിൽ സേവനവും അനു ഷ്ഠിച്ചു. 2005-ൽ മേജർ ആർക്കി എപ്പിസ്ക്കോ പ്പൽ കൂരിയായുടെ വൈസ്ചാൻസിലറായും മല ങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേക കാനൻ നിയമം ക്രോഡീകരിക്കുന്ന കമ്മിറ്റിയുടെ ജനറൽ കൺവീനറായും 2006-ൽ സഭയുടെ ഓർ ഡിനറി ട്രൈബ്യൂണലിന്റെ പ്രസിഡന്റായും പ രിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അദ്ദേ ഹത്തെ നിയമിച്ചു. മലങ്കര സുറിയാനി കത്തോ ലിക്കാസഭയുടെ പ്രഥമ മേജർ ആർച്ച് ബിഷപ്പ് -കാതോലിക്കോസ് സിറിൾ ബസേലിയോസ് ബാവായുടെ സഭാദർശനങ്ങളും ദീർഘവീക്ഷണ വും ആരെയും കേൾക്കാനുള്ള മനസും നയരൂപീ കരണ വൈദഗ്ധ്യവും ഫാ. ജോണിനെ ഈ കാല യവിൽ ഏറെ സ്വാധീനിച്ചു.

പാളയം സമാധാനരാജ്ഞി പ്രോ-കത്തീ ഡ്രൽ ബസിലിക്കയായി 2008-ൽ ഉയർത്തപ്പെട്ട പ്പോൾ അതിന്റെ പ്രഥമ റെക്ടറായി ഫാ. ജോൺ കൊച്ചുതുണ്ടിയെയാണ് അത്യഭിവന്ദ്യ ബസേലി യോസ് ക്ലീമിസ് കാതോലിക്കാ ബാവാ നിയമിച്ചത്. പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആ ഘോഷങ്ങൾ മാറ്റിവച്ച് രാജാജി നഗറിലെ (ചെങ്ക ൽചൂള) ചാപ്പൽ പുനരുദ്ധരിച്ച് അതിൽ കൃത ജ്ഞതാബലിയർപ്പണം നടത്തിയത് പൗരോഹി ത്യശുശ്രൂഷയുടെ സേവനമണ്ഡലങ്ങളിൽ പുതു സമർപ്പണത്തിന്റെയും സാക്ഷ്യത്തിന്റെയും നേർ തിരി തെളിക്കുന്നതായിരുന്നു. 2010-ൽ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയുടെ റെക്ട റായി ജോണച്ചനെ അത്യഭിവന്ദ്യ കാതോലി ക്കാബാവാ നിയമിച്ചു. 2013 വരെയുള്ള മൂന്നു വർഷ ക്കാലയളവിൽ കാതലായ പല മാറ്റങ്ങളും വരു ത്തുകയും നൂതനാഭിമുഖ്യത്തോടെയുള്ള പ്രവ ർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. 'എക്സോഡസ്' പോലെയുള്ള പദ്ധതികൾ അതി നൊരുദാഹരണം മാത്രമാണ്. 2014-ൽ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ കോർ ടീം മെമ്പറും കോ-ഓർഡിനേറ്ററുമായി അന്ന ത്തെ സി.ബി.സി.ഐ. പ്രസിഡന്റായിരുന്ന അത്യ ഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ നിയമിച്ചു. ഇന്ത്യയിലെ രാ ഷ്ട്രീയ-സാമൂഹ്യ രംഗങ്ങളിൽ സഭയുടെ അഭി പ്രായങ്ങളെ ക്രോഡീകരിക്കുന്നതിനായി ഭാരത കത്തോലിക്ക മെത്രാൻ സമിതിയെ സഹാ യിക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. സി. ബി.സി.ഐ.യുടെ ഡൽഹിയിലുള്ള ആസ്ഥാന കാര്യാലയത്തിൽ താമസിച്ചുകൊണ്ടുള്ള ഈ പ്രവ ർത്തനം സഭാബന്ധങ്ങളെയും വ്യക്തി ബന്ധങ്ങ

ളെയും കൂടുതൽ വിശാലമാക്കാൻ ഏറെ സഹായകമായി. 2015 മാർച്ച് 26-ന് ഗുഡ്ഗാവ് രൂപത നിലവിൽ വന്നപ്പോൾ അതിന്റെ പ്രഥമ വികാരി ജനറാളും ചാൻസിലറുമായി ബഹുമാനപ്പെട്ട അച്ചൻ നിയമിതനായി.

2016-ൽ മാതൃരൂപതയിൽ തിരിച്ചെത്തിയ ജോൺ കൊച്ചുതുണ്ടിൽ അച്ചനെ മേജർ അതിരൂപതയുടെ വികാരി ജനറാളായും ചാൻസിലറായും മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ നിയമിച്ചു. അരമനയോട് ചേർന്ന് ബേത്ത് ദുക്റോനോ (The House of Memories) എന്ന സഭാചരിത്ര മ്യൂസിയം രൂപീകരിക്കുക എന്ന അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ സ്വപ്നപദ്ധതിയുടെ നിർമാണത്തിന് ചുക്കാൻ പിടിക്കാൻ ഈ കാലയളവിൽ സാധിച്ചു.

പകൽ മേഘസ്തംഭമായും രാത്രിയിൽ അഗ്നിത്തൂണായും സംരക്ഷണവലയമൊരുക്കി, ചെങ്കടൽ നടുവിൽ വഴിയൊരുക്കി, അതിന്റെ വെള്ളം കൊണ്ട് കോട്ടകെട്ടി പരിപാലിച്ച് യഹോവയായ ദൈവം ഇസ്രായേൽ ജനതയെ രൂപപ്പെടുത്തുകയായിരുന്നു. ഇടറിയ വഴികളിൽ കൂടെയിരുന്നും തളർന്ന വഴികളിൽ മന്നാ പൊഴിച്ചും ഇസ്രായേൽ ജനത്തെ സർവശക്തനായ ദൈവം ശക്തിപ്പെടുത്തി. അവർക്ക് ദിശാബോധം നൽകാൻ മോശയേയും അഹറോനെയും തിരഞ്ഞെടുത്തതുപോലെ ദൈവം അച്ചനെയും വഴി നടത്തുകയായിരുന്നു. അതിന്റെ പ്രത്യക്ഷ സാക്ഷ്യമാണ് ഫാ. ജോൺ കൊച്ചുതുണ്ടിലിനെ 2017 ആസ്റ്റ് 5-ന് സഭയുടെ മെത്രാനായി തെരഞ്ഞെടുത്തിരിക്കുന്നു എന്ന അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രഖ്യാപനം. കരഘോഷത്തോടെ സെന്റ് മേരീസ് കത്തീഡ്രലിൽ എത്തിച്ചേർന്ന വിശ്വാസി സമൂഹം അതേറ്റെടുത്തു.

## 4. മെത്രാൻ പദവിയിൽ: പുതുനിയോഗങ്ങളിലേക്ക്

ദൈവനിയോഗത്തിന്റെ പുതുവഴികൾ താണ്ടാനുള്ള പ്രയാണത്തിന്റെ പ്രഥമഘട്ടമായ റമ്പാൻപട്ടം മാതൃദൈവാലയമായ പുതുശ്ശേരി ഭാഗം സെന്റ് ജോൺസ് ഇടവകയിൽവച്ച് 2017 ആഗസ്റ്റ് 19-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് ബാവായിൽ നിന്ന് സ്വീകരിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസനം അതിഥേയത്വം വഹിച്ച 87-ാം പുനരൈക്യ വാർഷിക-സഭാസംഗമ വേദിയായ അടൂർ മാർ ഈവാനിയോസ് നഗറിൽവച്ച് 2017 സെപ്തംബർ 21-ാം തീയതി വന്ദ്യ യൂഹാനോൻ കൊച്ചുതുണ്ടിൽ റമ്പാൻ അത്യഭിവന്ദ്യ കാതോലിക്കാ ബാവായുടെ കൈവയ്പിനാൽ മേല്പട്ടസ്ഥാനത്തേയ്ക്കുയർത്തപ്പെട്ടു. തദവസരത്തിൽ അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ ബാവ, ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ജാംബത്തീസ്ത ദിക്വാത്രോ എന്നിവരും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ പിതാക്കന്മാരും സഹോദരീസഭകളിലെ അഭിവന്ദ്യ പിതാക്കന്മാരും അസംഖ്യം വൈദികരും സന്യസ്തരും ദൈവജനവും സന്നിഹിതരായിരുന്നു.

5-ാം നൂറ്റാണ്ടിൽ പാലസ്തീനായിൽ ജീവിച്ചിരുന്ന സന്യാസിയായ വി. തെയഡോഷ്യസിന്റെ നാമം സ്വീകരിച്ച് യൂഹാനോൻ മാർ തെയഡോഷ്യസ് എന്നത് അഭിനവ മെത്രാന്റെ സ്ഥാനികനാമമായി നൽകപ്പെട്ടു. 'തെയോദോസിയോസ്' എന്ന ഗ്രീക്ക് പദത്തിന്റെ ലത്തീനിലുള്ള പദപ്രയോഗമാണ് തെയഡോഷ്യസ് എന്ന നാമം. 'തെയോസ്' (theos=God) 'ദോസിസ്' (dosis=giving) എന്ന മൂലപദങ്ങൾ കൂടിചേർന്നാണ് ഈ പദമുണ്ടായത്. 'ദൈവത്തിന് നൽകപ്പെട്ടത്' (Giving to God) എന്നാണ് തെയഡോഷ്യസ് നാമത്തിനർത്ഥം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയമായ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാൻ, ചാൻസിലർ, യൂറോപ്പ്-ഓഷ്യാനിയ പ്രദേശങ്ങളുടെ അപ്പസ്തോലിക് വിസിറ്റേറ്റർ എന്നീ ഉത്തരവാദിത്തങ്ങളാണ് പരിശുദ്ധ സുന്നഹദോസ് അഭിനവ മെത്രാനെ ഭരമേല്പിച്ച പുതുനിയോഗങ്ങൾ. 2017 ഒക്ടോബർ 5-ാം തീയതി കൂരിയായുടെ മെത്രാനെന്ന ഔദ്യോഗിക ചുമതലകൾ ഏറ്റെടുത്തു. അപ്പസ്തോലിക് വിസിറ്റേറ്ററുടെ ഉത്തരവാദിത്തങ്ങൾക്ക് തുടക്കം കുറിച്ചു. 2018 ഏപ്രിൽ 10-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പിൻതുടർച്ചാവകാശമുള്ള മെത്രാനായി അഭിവന്ദ്യ പിതാവ് നിയോഗിക്കപ്പെട്ടു. ഏപ്രിൽ 12-ാം തീയതി പുതിയ നിയോഗം ഔദ്യോഗികമായി ഏറ്റെടുത്തു. ഒരു വർഷം പിന്നിടുമ്പോൾ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തയായി 2019 ജൂൺ 12-ന് ഇടയശുശ്രൂഷയിലെ പുതുവഴികളിലേക്ക് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് നിയോഗമേറ്റെടുക്കുന്നു. ദൈവസ്നേഹവും മനുഷ്യ

സേവനവും അത്യുദാത്തമായി കരുതുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ പ്രവർത്തന രീതികൾ പിതാവിന് എന്നുമൊരു പ്രചോദനമാണ്.

## 5. സംഭാവനകൾ

സെമിനാരിക്കാലം മുതൽ തന്നെ പഠനത്തിലും പാഠ്യേതര കാര്യങ്ങളിലും അനിതരസാധാരണമായ പ്രകടനപാടവം പിതാവിനുണ്ടായിരുന്നു. ആ കാലയളവിൽ വിരചിതമായ ക്രിസ്തീയ ഭക്തിഗാന ഈരടികൾ അതിന്റെ വ്യക്തമായ നേർചിത്രങ്ങളാണ്. പുരോഹിതനായതിനു ശേഷവും ഇപ്പോൾ മേല്പട്ടശുശ്രൂഷയിലായതിനുശേഷവും അതിനായി പ്രത്യേകം സമയം കണ്ടെത്തുന്നു. ആറോളം പുസ്തകങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലുമായി ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അസംഖ്യം ഗാനങ്ങളും ഈടുറ്റ ലേഖനങ്ങളും പല സന്ദർഭങ്ങളിലായി പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്. ആശയങ്ങളെ സംവേദന മാധ്യമങ്ങളിലൂടെ പ്രകാശിതമാക്കാനുള്ള അസാധാരണ വ്യക്തിമികവ് അഭിവന്ദ്യ പിതാവിന് കൈമുതലായുണ്ട്.

## 6. വ്യക്തിമാഹാത്മ്യം

### 6.1. സഹവർത്തിത്വത്തിന്റെ സഹജഭാവം

എല്ലാവരെയും കൂട്ടിയിണക്കി ശുശ്രൂഷാമേഖലകളെ ഊഷ്മളമാക്കാനുള്ള ദൈവികകൃപ അഭിവന്ദ്യ പിതാവിനുണ്ട്. പ്രശ്നങ്ങളെ പ്രശ്നങ്ങളായി മാത്രം കാണാതെ, പരിഹാര വേദികളായി കാണണമെന്നാണ് പിതാവിന്റെ ആഗ്രഹം. അതുകൊണ്ടുതന്നെ, പ്രശ്നങ്ങൾക്ക് ആരെയും വേദനിപ്പിക്കാതെ പരിഹാരം നിർദേശിക്കാൻ പിതാവിന് സാധിക്കുന്നു. കൂടെയുള്ളവരെ കരുതാനും കേൾക്കാനും അറിയാനുമുള്ള നല്ല മനസ് പിതാവിനുണ്ട്. അധികാരത്തിന്റെ തലക്കനമല്ല, ആധികാരികതയുടെ സഹാനുഭാവം പിതാവിന്റെ പ്രവർത്തികളിലൂടെ നമുക്ക് വായിച്ചെടുക്കാൻ സാധിക്കും. കൂട്ടായ പ്രവർത്തനങ്ങളാണ് ശുശ്രൂഷയുടെ തേജോരൂപമെന്ന് പിതാവ് കരുതുന്നു. അത് മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുന്നു.

### 6.2. പ്രാർത്ഥനയുടെ മനുഷ്യൻ

മാതാപിതാക്കളിൽനിന്നും ഗുരുക്കന്മാരിൽ നിന്നും സ്വാംശീകരിച്ച പ്രാർത്ഥനാനുഭവങ്ങൾ അഭിവന്ദ്യ പിതാവിന്റെ ശുശ്രൂഷകൾക്കുള്ള അടി



സ്ഥാന പിൻബലമാണ്. മോശയുടെ കൈ താഴ്ന്നപ്പോഴൊക്കെ പരാജയപ്പെട്ടത് ഒരു സമൂഹമാണെന്ന വ്യക്തമായ ബോധ്യം പിതാവിനുണ്ട്. കൃത്യതയിലും വ്യക്തതയിലും പ്രാർത്ഥനകൾ നടത്തണമെന്ന് പിതാവിന് നിർബന്ധമാണ്. ഏതു കാര്യവും തുടങ്ങേണ്ടതും പൂർത്തീകരിക്കേണ്ടതും പ്രാർത്ഥനയിലായിരിക്കണം; അത് പ്രവർത്തനങ്ങളാണെങ്കിലും യാത്രകളാണെങ്കിലും. അഭിവന്ദ്യ ആർച്ച്ബിഷപ്പ് ഗ്രിഗോറിയോസ് പിതാവിന്റെ ശ്രേഷ്ഠമായ ഈ മാതൃക പിതാവ് സ്വജീവിതത്തിലും പ്രാവർത്തികമാക്കുന്നു. പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തി ആദ്ധ്യാത്മിക ജീവിതത്തെ തേജോമയമാക്കുന്നു.

### 6.3. ദൈവിക പ്രവർത്തികളുടെ മാനുഷിക മുഖം

തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന നല്ലൊരു മിഷണറിയാണ് അഭിവന്ദ്യ പിതാവ്. അജഗണങ്ങളെ അറിയുകയും അവയെ പേരുചൊല്ലി വിളിക്കുകയും ചെയ്യുന്ന നല്ല ഇടയൻ. ജനത്തിന്റെ ആവശ്യങ്ങളിൽ ജാഗ്രതയുള്ള അജപാലകൻ. 34 വർഷത്തെ അജപാലനശുശ്രൂഷയിൽ നല്ലൊരു ഭാഗം സമയവും ചിലവഴിച്ചത് മിഷൻ മേഖലകളിലായിരുന്നു. അതുകൊണ്ടുതന്നെ, സാധാരണക്കാരന്റെ ആവലാതികളും ആശങ്കകളും ആവശ്യങ്ങളും മനസിലാക്കാൻ പിതാവിന് എളുപ്പമാണ്. പൗരോഹിത്യ രജത ജൂബിലി ആഘോഷങ്ങളുടെ ആർഭാടങ്ങൾ മാറ്റിവച്ച് തിരുവനന്തപുരത്തെ രാജാജി നഗർ മിഷൻ കേന്ദ്രത്തിലെ ദൈവാലയനിർമിതിക്കായി പിതാവ് കൈക്കൊണ്ട ഉചിത തീരു

മാനം ഒരു പ്രദേശത്തെ ജനത്തെ മുഴുവൻ ആനന്ദതന്തുലരാക്കി. തീരുമാനങ്ങളെ അടിച്ചേല്പിക്കുകയല്ല, ശ്രദ്ധയോടെ കേട്ട് പരിഹാരം നിർദേശിക്കുകയാണ് പിതാവിന്റെ ശൈലി. എല്ലാവരെയും കേൾക്കാനും എല്ലാവരെയും ഉൾക്കൊള്ളാനും പിതാവിന് സാധിക്കുന്നു. ഇടവകയിലെ ഓരോ വിഭാഗം ജനത്തിന്റെയും (കുട്ടികൾ, യുവജനങ്ങൾ, മാതാപിതാക്കൾ, പ്രൊഫഷണൽസ്) ആവശ്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പിതാവിനുണ്ട്. ആരെയും മാറ്റിനിർത്താതെ എല്ലാവരെയും ചേർത്തുനിർത്തുന്ന, മുറിവേറ്റതിനെ വച്ചുകെട്ടുന്ന, നഷ്ടപ്പെട്ടതിനെ അന്വേഷിക്കുന്ന, നല്ല ഇടയന്റെ മനോഭാവങ്ങളോട് ചേർന്നുനിൽക്കുന്നൊരു മനസ് ഇടയവഴികളെ ശ്രേഷ്ഠകരമാക്കും.

### 6.4. കൃത്യതയും കണിശതയും

വ്യക്തതയുള്ള പ്ലാനിങ്ങും അത് നടപ്പിലാക്കാനുള്ള കർമകുശലതയും സ്വതസിദ്ധമായി പിതാവിനുള്ള പ്രത്യേകതയാണ്. പ്രഖ്യാപനങ്ങളെക്കാളുപരി പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം. ചെയ്യുന്ന കാര്യങ്ങൾ കൃത്യമായും ഭംഗിയായും വേഗത്തിലും ചെയ്യാൻ പിതാവ് എപ്പോഴും ശ്രദ്ധിക്കുന്നു. നമ്മുടെ താളപ്പിഴകൾ മറ്റൊരാളുടെ സമയം അപഹരിക്കാൻ പാടില്ല എന്നത് അഭിവന്ദ്യ പിതാവിന് ഏറെ നിർബന്ധമാണ്. പറയുന്ന കാര്യത്തിനും ചെയ്യുന്ന കാര്യത്തിനും കൃത്യതയും വ്യക്തതയുമുണ്ടാകും. ഓഫീസ് കാര്യങ്ങളിലും ഇടവക കാര്യങ്ങളിലും ഔദ്യോഗികതയുടെ പേരിൽ ആരെയും ബുദ്ധിമുട്ടിക്കാതെ സമയബന്ധിതമായി കാര്യങ്ങൾ ചെയ്യാനുള്ള കാർക്കശ്യം എപ്പോഴും പ്രകടിപ്പിക്കുന്നു. ഉത്തമനായ കാര്യദർശിയുടെ ശ്രേഷ്ഠമായ ജീവിതത്തെയാണ് അത് സൂചിപ്പിക്കുന്നത്.

### 6.5. നിലനിർത്തുന്ന വ്യക്തിബന്ധങ്ങൾ

വ്യക്തിത്വങ്ങളെ പരിചയപ്പെടാനും, സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കാനും പിതാവ് എപ്പോഴും ശ്രദ്ധിക്കുന്നു. സഭാശുശ്രൂഷകളിലേക്ക് ഈ വ്യക്തിബന്ധങ്ങളെ ചേർത്തുനിർത്താനും പിതാവ് ബദ്ധശ്രദ്ധനാണ്. മടികൂടാതെയുള്ള തുറന്നുപറച്ചിലുകളാണ് ഈ ബന്ധങ്ങളെ ഊഷ്മളമാക്കുന്നത്. ഇടവക സന്ദർശനവേളകളിലൊക്കെ ജനത്തിനിടയിലേക്ക് കടന്നുചെല്ലാൻ പിതാവിനൊരു മടിയുമില്ല. അറിയാത്തവരെ പേരുചോദിച്ച് അങ്ങോട്ട് പരിചയപ്പെടാനും ശ്രദ്ധിക്കും. 'മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അപ്രകാരം നിങ്ങൾ അവരോട് പെരുമാറുവിൻ' എന്ന തിരുവചനവാക്യം അന്വർത്ഥമാക്കിക്കൊണ്ട് സ്വഭാവത്തെ രൂപപ്പെടുത്തുക നല്ല ശുശ്രൂഷകന്റെ ബോധ്യമാർന്ന ദർശനമാണ്. ജീവിതത്തിലെ നാനാതുറകളിലുമുള്ള മനുഷ്യരെ പരിചയപ്പെടാനും, അവരുമായുള്ള സൗഹൃദങ്ങൾ പല മേഖലകളിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അഭിവന്ദ്യ പിതാവിന് സാധിച്ചിട്ടുണ്ട്. വിശാലമായ വ്യക്തിബന്ധങ്ങൾ, പിതാവ് എപ്പോഴും കാത്തുസൂക്ഷിക്കുന്നു. വൈദികരോടും സന്യസ്തരോടും എപ്പോഴും ഊഷ്മളമായ സ്നേഹം നിലനിർത്തുകയും അവരുടെ ആവശ്യങ്ങളറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്യുന്നു.

### 6.6. കഠിനാധ്വാന ശൈലി

കഠിനാധ്വാനം ജീവിതവ്രതമാക്കിയ ഒരു ഇടയനാണ് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലിത്ത. വൈദിക പരിശീലനം ആരംഭിച്ച നാൾ മുതൽ അക്കാര്യത്തിൽ പ്രത്യേകമായ കരുതൽ പിതാവിനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ, സഭയുടെ പല പ്രധാന ക്രമീകരണങ്ങളിലും രൂപപ്പെടുത്തലുകളിലും തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അഭിവന്ദ്യപിതാവിന് സാധിച്ചു. പരിശുദ്ധ സുന്നഹദോസും സഭാപിതാക്കന്മാരും തന്നിലർപ്പിച്ച ഉത്തരവാദിത്തങ്ങൾ തന്മയത്വത്തോടെ ചെയ്തുതീർക്കുവാൻ ഇതിലൂടെ പിതാവിന് സാധിച്ചു. ദീർഘസമയം വായനയ്ക്കും ഉത്തരവാദിത്തങ്ങൾ കൃത്യതയോടെ ചെയ്തുതീർക്കുന്നതിനും പിതാവ് പ്രത്യേകം ശ്രദ്ധിക്കുന്നു. ആനുകാലികമായ വിജ്ഞാനശാഖകളെ





പരിചയപ്പെടാനും സഭാ ശുശ്രൂഷകളിലെ നൂതനാഭിമുഖ്യങ്ങൾ മനസിലാക്കുന്നതിനും, സമയാസമയങ്ങളിൽ സഭാപഠനങ്ങൾ മനസിലാക്കുന്നതിനും ബോധ്യങ്ങൾ ഉറപ്പിക്കുന്നതിനും ശ്രമാപൂർവമായ പ്രയത്നങ്ങൾ യാതൊരു മടിയും കൂടാതെ നിർവഹിക്കുന്നു. ''എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും'' (ജെറ 3:15) എന്ന തിരുവചനവാക്യം പിതാവിന്റെ ശുശ്രൂഷകളെ മഹത്തരമാക്കുന്നു.

### 6.7. കാരുണ്യവഴികൾ

'ഈ ചെറിയവരിൽ ഒരുവന് നിങ്ങളിത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്' എന്ന തിരുവചനമൊഴികൾ പ്രായോഗികമാക്കുന്ന പ്രവർത്തനശൈലികൾ പൗരോഹിത്യ-മേല്പട്ട ശുശ്രൂഷാവേദികളിലുടനീളം നമുക്ക് കാണാൻ സാധിക്കും. വൈദികനായുള്ള മിഷൻ ശുശ്രൂഷാതലങ്ങളിലെല്ലാം അതിന്റെ ഉത്തമ സാക്ഷ്യങ്ങൾ നിരവധിയുണ്ട്. മേല്പട്ട സ്ഥാനാരോഹണ വേളയിൽ തന്റെ ആപ്തവാക്യമായി സ്വീകരിച്ച 'ദൈവകാരുണ്യം സർവപ്രധാനം' (God's Mercy is Sovereign) എന്നതുതന്നെ അതിന്റെ ഉത്തമ നിദർശനമാണ്. ദൈവകാരുണ്യം പ്രഥമമായി കരുതുന്നവന് അപരന്റെ ജീവിതവഴികളിൽ കാരുണ്യത്തിന്റെയും കരുതലിന്റെയും മൺചിരാതുകൾ തെളിക്കാതിരിക്കാനാവില്ല.

### 6.8. ഇടയവഴിയിലെ പുതുനിയോഗം

കല്ലടയാറിന്റെ തീരത്തുനിന്നും മൂവാറ്റുപുഴയാറിന്റെ തിരങ്ങളിലേക്കുള്ളൊരു പുതുപ്രയാണമാണ് മൂവാറ്റുപുഴ ഭദ്രാസനാധിപനെന്ന പുതുനിയോഗം. ''കർത്താവിൽ ശരണം വയ്ക്കുന്നവർ ഭാഗ്യവാന്മാർ' (സങ്കീ 2:12) കാരണം ''നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതും ഇല കൊഴിയാത്തതുമായ വൃക്ഷംപോലെയാണ് അവൻ. അവന്റെ പ്രവൃത്തികൾ സഫലമാകുന്നു'' (സങ്കീ 1:3). വിശാലമായ ഭൂപ്രദേശം ഉൾക്കൊള്ളുന്ന മൂവാറ്റുപുഴ ഭദ്രാസനം വളർച്ചയുടെ പടവുകൾ കയറുകയാണ്. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയാധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്ത വിരമിതനാകുന്ന അവസരത്തിലാണ് ഈ പുതിയ നിയോഗം സംലഭ്യമായിരിക്കുന്നത്. പിൻതുടർച്ചാവകാശമുള്ള മെത്രാനെന്ന നിലയിൽ കഴിഞ്ഞ ഒരു വർഷക്കാലം രൂപതയിലങ്ങോളമിങ്ങോളം സഞ്ചരിച്ച് വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും ഒരുമിച്ചുള്ള ശുശ്രൂഷകളെ മനസിലാക്കാനും ക്രമീകരിക്കാനും പ്രത്യേകം ശ്രദ്ധിച്ചു. വ്യത്യസ്തങ്ങളായ അനേകം പ്രേഷിതശുശ്രൂഷകൾക്ക് വളക്കൂറുള്ള ഈ മണ്ണിൽ പിതാവിന്റെ മികവാർന്ന നേതൃശൈലിയിലൂടെയും സംഘടനാവൈദഗ്ധ്യത്തിലൂടെയും പ്രാർത്ഥനാജീവിതത്തിലൂടെയും അവ ഓരോന്നും പ്രാവർത്തികമാക്കാൻ സാധിക്കും. അതിന് സർവശക്തനായ ദൈവം എല്ലാ കൃപകളും അഭിവന്ദ്യ പിതാവിന് നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

■

കവിത



# വിട..

ആകാശത്തിൻ കീഴേ സൂര്യൻ
ആശ്വാസക്കതിർ വീശുമ്പോൾ
ആരും കാണാതുള്ളൊരു നീറ്റൽ
അകതാരിൽ തുടികൊട്ടുകയായ്
ഓർക്കുകയാണാക്കാലം പരിചൊടു
പാരിലുദിച്ചൊരു താരകമേ
ആരോ മീട്ടും ശീലുകൾ പോലെ
രാഗവിലോലം പിറന്ന പുണ്യം
കാൽ നൂറ്റാണ്ടിൻ തികവിൽ വിരിഞ്ഞു
സ്നേഹപ്പെരുമഴ ദൈവവിളി
കുറുമൊഴി മുല്ലകൾ പൂത്തൊരു നാൾ
പട്ടമതേറ്റു നുരഞ്ഞു ദാഹ സ്വപ്നങ്ങൾ
പറയാനാവാ പലതുണ്ടിനിയും ചൊല്ലാൻ
ഓടി മറഞ്ഞൂ കാലമനുദിനമതി വേഗം
മൈക്കാവു പിന്നെയൗഞ്ഞിലും ചേർന്നതാ
മിടവകകളൊന്നിച്ചു ധന്യമായച്ചന്റെ സേവനത്താൽ
തിരുവല്ല രൂപതാ പ്രൊക്യൂറേറ്ററതുപോരാ
എസ്സെസ്സ് സൊസൈറ്റി ഡയറക്ടർ
സ്ഥാനവും പേറി
എബ്രഹാം കാക്കനാട്ടച്ചൻ മാറ്റുരയ്ക്കേ
വികാരിയായ് തീർന്നു തലവടി
രണ്ടിലുമൊന്നുപോലെ എന്തെന്തു
മാനങ്ങളെത്രമേലുണ്ടതു
വർണ്ണിപ്പതിന്നീ താളുകൾ മതിയാവതില്ല
രണ്ടായിരത്തെട്ടു ജനുവരിയില
ജപാലകശ്രേഷ്ഠനായതു-
മൊരുവാരം താണ്ടി മൂവാറ്റുപുഴ
രൂപതാദ്ധ്യക്ഷനായതും
ദൈവേച്ഛയെന്നല്ലാതെന്തുഞാൻ
ചൊല്ലേണ്ടു
എങ്ങോ പോയ് മറഞ്ഞൂ
വാക്കുകൾ
വിഷാദ സ്മൃതികളുമായിഴയുന്നെൻ
മാനസം
വ്യത്യസ്തനാകും പിതാവേയിനി
വിടചൊല്ലിടാം
അർപ്പണം ചെയ്യട്ടെ
ഞങ്ങളാദരപ്പൂവുകൾ!

# ആദരം

ആത്മ ഹർഷത്തിൻ നിറവിലാണിന്നു
മുവാറ്റുപുഴയിലെ രൂപതയൊന്നടങ്കം
പുതുശ്ശേരി തന്നോമനയിന്നിതാ
രൂപതത്തേരാളിയാകുന്ന തേറലിൽ!

തുഷ്ടിക്കണ്ണീർ ചുരത്തുന്ന മേഘവും
വാദ്യഘോഷപ്പെരുമ്പറ കൊട്ടുന്ന പ്രകൃതിയും
ആനന്ദനടനമാടുന്നൊരീ തരുലതകളും
ഇമ്പമായ് തമ്പുരു മീട്ടുന്ന തെന്നലു
മാവേശത്തിമിർപ്പിലാണെന്നതു പോരാ
കരഘോഷം മുഴക്കുവിന്നി, ന്നജഗണ
നിങ്ങളും
കാഹളമെന്നതു നീളേ
മുഴക്കണമാദരവാൽ
കർമ്മപഥത്തിലമരേണ്ടും
പിതാവിനിപ്പോൾ
കാമാന്തമോതുകസ്ഥാനാരോഹണാശംസകൾ!

**അയ്യനാടൻ (മാത്യു ജോൺ)**



# വർത്തമാനം

*"Documentation is a love letter that you write to your future self."*

*Damian Conway*



## വചന സന്ദേശം

**മോറാൻ മോർ ബസേലിയോസ്**
**ക്ലീമീസ് കാതോലിക്കാ ബാവ**
(മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്
മലങ്കര സുറിയാനി കത്തോലിക്കാ സഭ)

# ദൈവ കരവും കാരുണ്യവും

ദൈവത്തിന്റെ തിരുനാമത്തിന് മഹത്ത്വമുണ്ടായിരിക്കട്ടെ

നമ്മുടെ ഭദ്രാസനത്തിന്റെ ഔദ്യോഗികമായ ചുമതലയിൽ നിന്ന് വിരമിക്കുന്ന, ഈ പരി. കുർബാനയിൽ പ്രധാന കാർമികനായിരിക്കുന്ന അഭിവന്ദ്യനായ എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്താ തിരുമേനി, ഈ ഭദ്രാസനത്തിന്റെ അഭിനവ ഇടയൻ അഭിവന്ദ്യനായ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്താ തിരുമേനി, ഈ പരി. കുർബാനയിൽ സഹകാർമ്മികരായിരിക്കുന്ന അഭിവന്ദ്യരായ പിതാക്കന്മാരേ, പ്രിയപ്പെട്ട നമ്മുടെ സഹോദരി സഭകളിലെ പിതാക്കന്മാർ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, സ്നേഹമുള്ള മാതാപിതാക്കളേ, സഹോദരന്മാരേ, സഹോദരിമാരേ, കുഞ്ഞുങ്ങളേ,

നാമെല്ലാവരും ഏറെ സന്തോഷത്തോടുകൂടി ദൈവതിരുമുമ്പാകെ കൃതജ്ഞതയുടെ ബലി അർപ്പിക്കുകയാണ്. ദൈവം നമുക്ക് ഓരോരുത്തർക്കും നല്കുന്ന വിവരിക്കാനാവാത്ത കാരുണ്യത്തെക്കുറിച്ചും അവിടുത്തെ സംരക്ഷണത്തെക്കുറിച്ചും കൃതജ്ഞതയോടെ ഓർക്കുന്ന നിമിഷങ്ങളിലാണ് നാം. 63-ാം സങ്കീർത്തനത്തിൽ ഇപ്രകാരം നമ്മൾ പ്രാർത്ഥിക്കുന്നു: ''എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു, നിന്റെ വലതുകരം എന്നെ താങ്ങുകയും ചെയ്തു.'' 'കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു' എന്ന് വി. വേദപുസ്തകത്തിൽ അനേകം സന്ദർഭങ്ങളിൽ ദൈവത്തെ പിന്തുടർന്ന, നമുക്ക് മാതൃകയായിരിക്കുന്ന ദൈവമക്കളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. 'കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു.' കരവും കാരുണ്യവും

ഒരേ ദിശയിലേക്ക് നമ്മുടെ ശ്രദ്ധയേയും ഭക്തിയേയും കൊണ്ടുവരുന്നതാണ്. ദൈവത്തിന്റെ കരം എന്നത് അവിടുത്തെ സർവ്വശക്തിയും, സർവ്വാധിപത്യവും അവിടുന്ന് സ്രഷ്ടാവ് എന്ന വലിയ സത്യവും വെളിവാക്കുന്നതും, അതോടുചേർന്ന് അവിടുത്തെ സ്വഭാവം നമ്മെ ബോധ്യപ്പെടുത്തുന്നതുമായ അവിടുത്തെ കാരുണ്യം തന്നെയാണ്. ഈ പരിശുദ്ധ കുർബാന ഈ കരവും കാരുണ്യവും ഒരുമിച്ച് ചേരുന്ന അസുലഭമായ ഒരു സന്ദർഭമാണ്. അഭിവന്ദ്യനായ മാർ ജൂലിയോസ് മെത്രാപ്പോലീത്താ തിരുമേനി തന്റെ ഇടയശുശ്രൂഷയിൽ ആപ്തവാക്യമായി സ്വീകരിച്ചിരുന്നത് 'കർത്താവിന്റെ വലതുകരം കൈപിടിച്ച് നടത്തും' എന്നുള്ളതാണ്. അഭിവന്ദ്യ പിതാവിനെ സംബന്ധിച്ച് നാം പരിശോധിക്കുമ്പോൾ 'കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു' എന്ന ദൈവവചനം പിതാവിന്റെ മുമ്പിലും, പിമ്പിലും, വലത്തും, ഇടത്തും, താഴെയും, മീതെയും, ഉള്ളിലും എല്ലാവശത്തുമായി വ്യാപരിച്ചത് സത്യമായി ഗ്രഹിക്കാൻ നമുക്ക് കഴിയും. നാം പരിശോധിക്കുമ്പോൾ ഒരു കാര്യം വളരെ വ്യക്തമാണ്. ദൈവം മുൻപിൽ നടന്നത്, പിന്നാലെ നടന്ന് പിന്തുടരുമ്പോൾ അവിടുത്തെ കരം നമ്മെ താങ്ങുന്ന അനുഭവം: വന്ദ്യ പിതാവ് തന്റെ പൗരോഹിത്യത്തിന്റെ ആദ്യകാല ശുശ്രൂഷകൾ അവികസിതമായ മലബാർ പ്രദേശത്താണ് ആരംഭിച്ചത്. ചെറിയ മിഷൻ കേന്ദ്രങ്ങളായി ആരംഭിച്ച് പിന്നീട് വലിയ ക്രൈസ്തവ കേന്ദ്രങ്ങളായി മാറിയ മൈക്കാവ് പോലുള്ള പ്രദേശങ്ങളിലെ ശുശ്രൂഷകൾ പ്രത്യേകം സ്മരണീയമാണ്. പുതുതായി അനേകം കുടുംബങ്ങൾ തിരുസഭയുടെ ബന്ധത്തിൽ പ്രവേശിച്ചപ്പോൾ അവരെ ഉറപ്പിക്കുന്ന ഒരു മിഷനറിയായി അദ്ദേഹം വർത്തിച്ചു. കോഴിക്കോട് പ്രദേശങ്ങളിൽ നമ്മുടെ സഭയുടെ പല ഇടവകകൾക്ക് പ്രത്യേകമായ പൗരോഹിത്യത്തിന്റെ നൽവരശുശ്രൂഷകൾ നല്കി ആരംഭിക്കുന്നതിന് പിതാവ് ഏറെ ശ്രദ്ധിച്ചു. കർത്താവിന്റെ കരം അതിന് പിതാവിനെ ബലപ്പെടുത്തി.

പിന്നീടങ്ങോട്ട് ധാരാളം സന്ദർഭങ്ങളിൽ തിരുവല്ലാ രൂപതയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ, റോമിലെ പഠനം, വിദേശത്തുള്ള ശുശ്രൂഷ, ജറുസലേമിലെ ബൈബിൾ പഠനം തുടങ്ങിയ മേഖലകളിലൊക്കെ കർത്താവിന്റെ കരം ഗ്രഹിച്ച് മുന്നോട്ടുപോയ ഒരു വൈദികനായിരുന്നു അഭിവന്ദ്യ പിതാവ്. കർത്താവ് കൂട്ടിക്കൊണ്ട് പോകുന്ന ഒരു അനുഭവം, സംരക്ഷിക്കുന്ന അനുഭവം അദ്ദേഹത്തിന് ഉണ്ടായിരുന്നു. പ്രത്യേകിച്ച് നമ്മുടെ തിരുവല്ലാ രൂപതയുടെ അവിഭക്തമായ ഈ പ്രദേശങ്ങളിലെ ശുശ്രൂഷക്ക് അഭിവന്ദ്യരായ പിതാക്കന്മാരോടു ചേർന്ന് ഭാഗ്യസ്മരണാർഹനായ മാർ അത്തനാസിയോസ് തിരുമേനിയോടും, മാർ യൂഹാനോൻ തിരുമേനിയോടും, മാർ തിമോത്തിയോസ് തിരുമേനിയോടും ഒരുമിച്ച് നിന്ന് ശുശ്രൂഷ ചെയ്യുന്നതിന്, പിന്നീട് അഭിവന്ദ്യനായ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് പിതാവിനോട് ഒരുമിച്ച് ശുശ്രൂഷ ചെയ്യുന്നതിന്, എളിയവനായ എന്നോടൊപ്പം തിരുവല്ലാ രൂപതയിൽ ശുശ്രൂഷ ചെയ്യുന്നതിന് അഭിവന്ദ്യ പിതാവിന് ഇടയായി. ഈ സന്ദർഭങ്ങളിലെല്ലാം മുമ്പിൽ നിന്നിരുന്ന ചിത്രം, കർത്താവിന്റെ കരം പിടിച്ചുകൊണ്ട് നടക്കുന്ന ഒരു വലിയ ദൈവാമ്പേഷിയായ, ദൈവവിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് ദൈവപരിപാലനയിൽ മുന്നേറുന്ന ഒരു പൗരോഹിത്യ ശുശ്രൂഷയുടേതാണ്.

നാം പിതാവിനെ വലിയ സ്ഥാപനങ്ങളുടെ നടത്തിപ്പുകാരനും, സ്ഥാപകനും, ചുമതലക്കാരനുമായിയൊക്കെ വിശേഷിപ്പിക്കുമ്പോഴും അതിന്റെ അടിസ്ഥാനസത്യം തിരിച്ചറിഞ്ഞ് നാം ഉൾക്കൊള്ളുകയാണെങ്കിൽ, കർത്താവിന്റെ കരം പിടിക്കുമ്പോൾ കർത്താവ് സകലതും നമ്മക്കായി രൂപപ്പെടുത്തുന്ന ഒരു യഥാർത്ഥ ചിത്രം നമുക്ക് ദർശിക്കാൻ സാധിക്കും. ഇപ്രകാരമുള്ള കർത്താവിന്റെ കരംപിടിച്ചുകൊണ്ടുള്ള യാത്രയിൽ അനിതരസാധാരണമായ ഒരു നേതൃത്വം മധ്യതിരുവിതാംകൂറിലെ പുഷ്പഗിരി മെഡിക്കൽ കോളേജ് തുടങ്ങി, അനേകം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ പിതാവിന് കാഴ്ച്ചവയ്ക്കാൻ സാധിച്ചു. പിതാവ് തിരുവല്ലാ രൂപതയുടെ ഒരു വൈദികൻ എന്ന നിലയിൽ നടത്തിയ ശുശ്രൂഷയിലാണ് ദൈവകരം അദ്ദേഹം മുറുകെ പിടിച്ചതും, ദൈവകരം അദ്ദേഹത്തെ മുറുകെ പിടിച്ചതും: കൂട്ടായ്മയുടെയും തിരുസഭയുടെ അനുഗ്രഹീതമായ പിൻബലത്തിന്റെയും വലിയ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ ശുശ്രൂഷയെ ദൈവം അനുഗ്രഹിക്കുകയായിരുന്നു. ഒറ്റപ്പെട്ട ഒരു വ്യക്തിയുടെ സമർപ്പണത്തിന്റെ ഭാഗമായിട്ടല്ല, തിരുസഭയ്ക്ക് കാലാകാലങ്ങളിൽ ദൈവം കൊടുത്തുവരുന്ന വലിയ സംരക്ഷണത്തിന്റെ പുതിയ അനുഭവം, അവിടുത്തെ ആത്മാവിനെ പിന്തുടരുന്നവർക്ക് അവി

ടുത്തെ വലതുകരം താങ്ങായി നില്ക്കുന്ന ദൈവത്തിന്റെ വചനം അർത്ഥവത്തായി അവിടെ നമുക്ക് ബോധ്യപ്പെടുകയാണ്. പിതാവിലൂടെ ലഭിച്ചിട്ടുള്ള വലിയ അനുഗ്രഹങ്ങൾ മൂവാറ്റുപുഴ ഭദ്രാസനത്തിൽ വരുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഈ ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി ശുശ്രൂഷിച്ചുവരികേ, തിരുവല്ല മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് ആയി അദ്ദേഹം അവിടെ ചുമതലയേറ്റെടുത്തപ്പോൾ സഭ ഈ പ്രദേശത്തേക്ക് അഭിവന്ദ്യ മാർ ജൂലിയോസ് തിരുമേനിയെ നിയോഗിച്ചു. ഈ ഭദ്രാസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഭയുടെ അടിസ്ഥാന ശുശ്രൂഷയിൽ വേരുറപ്പിക്കുന്നതിനുമുള്ള ഒരു വലിയ കരുതലാണ് അഭിവന്ദ്യ പിതാവ് സമാരംഭിച്ചത്.

അല്മായ പ്രേഷിതരെ സുവിശേഷത്തിന്റെ വലിയ പ്രഘോഷകരാക്കി രൂപപ്പെടുത്തുന്ന ഒരു ശുശ്രൂഷയ്ക്ക് വേദപുസ്തക പണ്ഡിതനായ അഭിവന്ദ്യ പിതാവ് തുടക്കം കുറിച്ചതിൽ തെല്ലും അതിശയമില്ല. ഈ ശുശ്രൂഷയ്ക്ക് അഭിവന്ദ്യ പിതാവ് നൽകിയ വലിയ പ്രചോദനം അധികമാളുകൾ അറിഞ്ഞിട്ടില്ല എങ്കിലും സഭയിലും കർത്താവിന്റെ പദ്ധതിയിലും ഏറെ പ്രധാനപ്പെട്ടതാണ്. ദൈവത്തിന്റെ വചനം പ്രസംഗിക്കുകയാണ്, ദൈവത്തിന്റെ സുവിശേഷം, കർത്താവിലൂടെ ലഭിച്ച നല്ല വാർത്ത ലോകത്തെ അറിയിക്കുകയാണ് തിരുസഭയുടെ പ്രധാന ദൗത്യമെന്ന് പിതാവ് എല്ലായ്പ്പോഴും പറയുമായിരുന്നു. സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭയെന്ന നമ്മുടെ ഒന്നാമത്തെ സഭാ അസംബ്ലിയുടെ വിഷയം തിരഞ്ഞെടുത്തപ്പോൾ അതിന്റെ പ്രാരംഭ ചർച്ചകളും പ്രബന്ധവും സഭയ്ക്ക് മുഴുവനായി നല്കിയതും അഭിവന്ദ്യ പിതാവ് തന്നെയാണ്. സകല മനുഷ്യരും, വൈദികരുടെയും സമർപ്പിതരുടെയും ചുമതലയാണ് ദൈവവചനം പ്രസംഗിക്കുക എന്ന് പരിമിതമായി മനസ്സിലാക്കിയിരുന്ന കാലഘട്ടത്തിൽ നമ്മുടെ അല്മായ പ്രേഷിതരെ ആ ശുശ്രൂഷയിലേക്ക് പിതാവ് കൊണ്ടുവന്നു. ഞാൻ പറയും, കർത്താവിന്റെ കരം പിടിച്ച് മുമ്പോട്ട് പോയ ഈ ദൈവാനുഭവം, ഈ പൗരോഹിത്യനല്വരം അതിന്റെ യഥാർത്ഥ മർമ്മം കണ്ടെത്തിയത് ഈ ശുശ്രൂഷയിലാണ്.

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആസ്ഥാന ദൈവാലയം വന്ദ്യ പിതാവിന്റെ പ്രത്യേക ശ്രദ്ധയിൽ നമുക്ക് ലഭിക്കുകയുണ്ടായി. നമ്മുടെ സുറിയാനി സഭയുടെ മാറോനീത്താ പൈതൃകത്തിന്റെ ഭാഗമായുള്ള വി. ഷർബേലിന്റെ ജീവചരിത്രം നമ്മുടെ മലയാളക്കരയിലേക്ക് കൊണ്ടുവരുന്നതിന് നേതൃത്വം നല്കിയത് അഭിവന്ദ്യ പിതാവാണ്. വി. ഷർബേലിന്റെ ബഹുമാനാർത്ഥം കത്തീഡ്രലിന്റെ താഴെയുള്ള ചെറിയ ചാപ്പലിൽ വി. ഷർബേലിന്റെ തിരുശേഷിപ്പ് സൂക്ഷിച്ച് പ്രാർത്ഥിക്കുന്നത് സുറിയാനി പൈതൃകത്തിന്റെ ഭാവമുള്ള എല്ലാ സഭകളെയും ബന്ധിപ്പിക്കുന്ന ഒരു അനുഭവമാണ്. നമ്മുടെ ഭദ്രാസനത്തിന് ഒരു കാര്യാലയം, വിദഗ്ദ്ധമായ രീതിയിൽ, മനോഹരമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടി നമുക്ക് ലഭിച്ചു എന്നുള്ളതും ഒരു സഭയെ സംബന്ധിച്ചും ഭദ്രാസനത്തെ സംബന്ധിച്ചും നിസ്സാരമായി കാണാവുന്നതല്ല. വന്ദ്യപിതാവിന് ലഭിച്ച വളരെ പരിമിതമായ ഒരു സമയത്തിനുള്ളിൽ പിതാവ് ഈ ശുശ്രൂഷകൾ നിർവഹിച്ച് നമ്മെ അനുഗ്രഹിച്ചു. കർത്താവിന്റെ കരം പിടിച്ചുകൊണ്ട് മുമ്പോട്ടു പോകുമ്പോൾ കർത്താവ് നമ്മുടെ കരത്തെ ബലപ്പെടുത്തും.

അഭിവന്ദ്യ പിതാവ് ഔദ്യോഗികമായി ഈ ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന ഈ പരിശുദ്ധ കുർബാനയിൽ പത്രോസിനോട് നമ്മുടെ കർത്താവ് ചോദിച്ച ചോദ്യം നാം വായിച്ചു കേട്ടു. ഈ ചോദ്യത്തിന് മറുപടി നൽകി മേൽപ്പട്ടശുശ്രൂഷ ആരംഭിച്ച പിതാവ് ഇതേ ചോദ്യത്തിന് മറുപടി നൽകിക്കൊണ്ട് മേൽപ്പട്ടശുശ്രൂഷയിലെ പുതിയ ഭാവത്തിലേക്ക് പ്രവേശിക്കുന്നു. ഇവരേക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? മൂന്നു പ്രാവശ്യം ചോദിച്ചത് പത്രോസിന് ദുഃഖത്തിന് കാരണമായി, അതിന്റെ മൂലകാരണം പത്രോസിന് വ്യക്തമാണ്. മറ്റുള്ളവരുടെ മുമ്പിൽ ഗുരുവിനെ തള്ളിപ്പറഞ്ഞതിൽ ദുഃഖിതനായി കാണപ്പെട്ട പത്രോസ് പിന്നീട്, കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ എന്ന് സഹശിഷ്യന്മാരുടെ മുമ്പിൽ വച്ച് മൂന്ന് പ്രാവശ്യം ഏറ്റുപറയുന്ന ഒരു അനുഭവത്തിൽ അസ്വാഭാവികത ഒന്നുമില്ല. സാധാരണ നീതിയുടെ ക്രമം മാത്രം. തള്ളിപ്പറഞ്ഞവനെ തന്നെ ഏറ്റുപറയുന്ന അനുഭവമാണത്.

അഭിവന്ദ്യ ജൂലിയോസ് പിതാവ് ഔദ്യോഗികമായ ശുശ്രൂഷയിൽ നിന്ന് വിരമിച്ച് തന്റെ വിശ്രമജീവിതം ആരംഭിക്കുന്നു എന്ന് ഞാൻ പറ

യുന്നില്ല. അത്തരത്തിലുള്ള ഒരു വിശ്രമജീവിതം പിതാവിന് സാധിക്കും എന്ന് ഞാൻ കരുതുന്നു മില്ല. സഭയിലെ ഔദ്യോഗികമായ ഭരണനിർവ്വ ഹണ ശുശ്രൂഷയിൽ നിന്ന് മാറി പിതാവ് സഭാശു ശ്രൂഷ തുടരുകയാണ്. പിതാവിന്റെ ജീവിതത്തിൽ, ശ്ലൈഹിക ശുശ്രൂഷയിൽ നമുക്കും സഭയ്ക്കും പൊതുസമൂഹത്തിനും ലഭിച്ച ദൈവത്തിന്റെ വലിയ നടത്തിപ്പിനെ നന്ദിയോടുകൂടി നമുക്കോ ർക്കാം. ദൈവത്തിന്റെ കരവും കാരുണ്യവും വലിയ കരുതലിനെ സൂചിപ്പിക്കുന്നതാണ്, കരുത്തിനെ സൂചിപ്പിക്കുന്നതാണ്, ദൈവത്തിന്റെ നടത്തിപ്പിനെ സൂചിപ്പിക്കുന്നതാണ്. ദൈവത്തിന്റെ കരവും കാരു ണ്യവും ഒന്നാകുന്ന ഒരു അനുഭവം ഈ ഭദ്രാസന ത്തിൽ വരികയാണ്.

അഭിവന്ദ്യനായ തെയഡോഷ്യസ് തിരുമേനി സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം 'ദൈവകരുണ സർവ്വപ്രധാനം','God's Mercy is Sovereign' എന്നാണ്. കർത്താവിന്റെ കരം കൂടെയുണ്ടായിരുന്നു, കർ ത്താവിന്റെ കരുണ കൂടെയിരിക്കണം എന്ന യാഥാർ ത്ഥ്യം ഈ രണ്ട് പിതാക്കന്മാരുടെ ശുശ്രൂഷ അതി മനോഹരമായി ഈ കുർബാനയിൽ നമ്മെ ഓർ മ്മപ്പെടുത്തുന്നു. ഒരാൾ തുടങ്ങിവച്ചത് അല്ലെങ്കിൽ പരിശുദ്ധാത്മാവ് ജൂലിയോസ് പിതാവിൽ നല്കി യത് അഭിവന്ദ്യനായ തെയഡോഷ്യസ് പിതാവി ലൂടെ തുടരുകയാണ്. വൈരുധ്യമല്ല, മറിച്ച് കർ ത്താവിന്റെ കരുണയെ ആശ്രയിച്ച്, കർത്താവിന്റെ കരുണയാണ് സർവ്വപ്രധാനം എന്ന ബോധ്യത്തോ ടെ ഈ പരിശുദ്ധ കുർബാനയിൽ അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് തന്റെ അനുഗ്രഹക രമായ ശുശ്രൂഷ ആരംഭിക്കുകയാണ്. സ്ഥാനാ രോഹിതനാകുന്ന അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് വർത്തമാനകാലത്തിന്റെ പ്രത്യേകതകളെ ല്ലാം തിരിച്ചറിഞ്ഞ് അതിന്റെയെല്ലാം മദ്ധ്യേ നിന്നു കൊണ്ട്, ഒരു കാര്യം ലോകത്തോട് തന്റെ ഇടയ ശുശ്രൂഷയിൽ പറയുവാൻ ആഗ്രഹിക്കുന്നു:'God's Mercy is Sovereign -ദൈവകരുണ സർവ്വപ്രധാനം.' പണമല്ല, അധികാരമല്ല, മനുഷ്യന്റെ സാങ്കേതി കവിദ്യയിലെ വലിയ വില്പത്തിയല്ല, സംഘാ ടകവൈഭവമല്ല, മറ്റൊന്നുമല്ല, മറിച്ച് ദൈവ കരുണയാണ് സർവ്വപ്രധാനം. 'God's Mercy is Sovereign' എന്ന് പറയാൻ നമ്മുടെ ബുദ്ധി പല പ്പോഴും നമ്മെ അനുവദിക്കാറില്ല. നമ്മുടെ ബുദ്ധി ക്കതീതമായി ഒന്നുമില്ല എന്ന് കരുതുമ്പോൾ, നാം ഓർക്കേണ്ട കാര്യം, ദൈവം കരുണ ചൊരിയാതെ അവിടുത്തേക്ക് അവകാശപ്പെട്ട ഈ ഭൂമിയിൽ സ്ഥായിയായി ഒന്നും ചെയ്യുവാൻ നമുക്കാവില്ല എന്നതാണ്. ദൈവകരുണ, സർവ്വ പ്രധാനം. ഒരേ യൊരു കാര്യം മാത്രം കർത്താവ് ചോദിക്കുന്നു: നീ ഇവരേക്കാൾ അധികമായി, ഇവയെക്കാൾ അധി കമായി എന്നെ സ്നേഹിക്കുന്നുവോ? മറുപടി വ്യക്തമായി കർത്താവ് പ്രതീക്ഷിക്കുന്നു. 'Yes, Lord', ഇവരെക്കാൾ അധികമായി, ഇവയെക്കാൾ അധി കമായി ഞാൻ നിന്നെ സ്നേഹിക്കുന്നു.

മേല്പട്ട ശുശ്രൂഷയുടെ ഒരു പുതിയ ഭാവവും, ചരിത്രവും ഈ ഭദ്രാസനത്തിൽ ആരംഭിക്കുമ്പോൾ ഈ പരിശുദ്ധ കുർബ്ബാനയോട് ചേർന്ന് കർത്താ വിന് നമുക്ക് നന്ദിപറയുകയും അവിടുത്തോട് അപേക്ഷിക്കുകയും ചെയ്യാം. ഈ പരിശുദ്ധ കുർ ബ്ബാനയിലാണ് അഭിവന്ദ്യ ജൂലിയോസ് പിതാവ് തന്റെ ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്നതും, അഭി വന്ദ്യ തെയഡോഷ്യസ് പിതാവ് പുതിയ ശുശ്രൂഷ ആരംഭിക്കുന്നതും. 'ഈ കുർബ്ബാന അനുഗ്രഹവും, സമാധാനവും, ബലിയും, സ്തോത്രവു'മായി നമു ക്ക് നൽകപ്പെടുകയാണ്. ഈ ഭദ്രാസനത്തിന്റെ ശുശ്രൂഷയിൽ ഈ അഭിനവ മെത്രാപ്പോലീത്ത ചുമതലയേൽക്കുമ്പോൾ കാഴ്ചക്കാരുടെ, ദൂരെ നിൽക്കുന്നവരുടെ ഒരു മനോഭാവത്തിലല്ല ഈ ഭദ്രാസനത്തിലെ വൈദികരും സമർപ്പിതരും ദൈവ ജനവും ഈ ശുശ്രൂഷയിൽ ഉൾച്ചേരേണ്ടത്. ഒരു പുതിയ മെത്രാപ്പോലീത്താ ചുമതലയേല്ക്കുന്നു; ആവട്ടെ, ഇത് എങ്ങനെയിരിക്കുന്നു എന്ന് നമുക്ക് പരിശോധിക്കാം എന്ന മനോഭാവത്തോടു കൂടെ യല്ല നാം ഇവിടെ ആയിരിക്കേണ്ടത്. നല്ല കാര്യവി ചാരിപ്പുകാരനെക്കുറിച്ച് നാം സുവിശേഷത്തിൽ വായിക്കുന്നുണ്ട്, കൃത്യസമയത്ത് ഭക്ഷണം കൊടു ക്കുവാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്? മെത്രാപ്പോ ലീത്തായുടേയോ, വൈദികരുടേയോ മൃതസം സ്കാര ശുശ്രൂഷയിലും, ഓർമ്മദിനത്തിലും വായി ക്കുന്ന വേദഭാഗമായി മാത്രം അത് പരിഗണിക്കപ്പെ ടാതെ, നമ്മുടെ പൗരോഹിത്യ ശുശ്രൂഷയെയും മേല്പട്ട ശുശ്രൂഷയെയും സ്വാധീനിക്കേണ്ട ദൈവ വചനമായി നാം അതിനെ സ്വീകരിക്കണം. ജീവി ച്ചിരിക്കുമ്പോൾ നാം ചെയ്യേണ്ട ശുശ്രൂഷയെക്കു റിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ഈ വചനം.

സംഘാതാത്മകമായ കൂട്ടായ്മയുടെ ഒരു ശു ശ്രൂഷയിലാണ് അഭിനവ മെത്രാപ്പോലീത്താ ഈ ഭദ്രാസനത്തിന്റെ ചുമതലയേൽക്കുന്നത്. തന്റെ

ഭദ്രാസനത്തിൽ നിന്ന് എത്ര ആത്മാക്കളെ സ്വർഗ്ഗത്തിൽ എത്തിക്കാൻ കഴിയും എന്നതായിരിക്കും ഒരു ഭദ്രാസന മെത്രാപ്പോലീത്തായുടെ ഏറ്റവും വലിയ നേട്ടം. ആത്മാക്കളെ ദൈവസന്നിധിയിൽ എത്തിക്കുക എന്നത് ഒരു പഴയ വർത്തമാനമായും, പഴയ ശൈലിയായും പരിഗണിക്കപ്പെടുന്ന ഒരു കാലഘട്ടത്തിൽ സന്തോഷത്തോടും ഹൃദയ പരമാർത്ഥതയോടും കൂടെ ഞാൻ ഓർമ്മിപ്പിക്കട്ടെ: ഈ ഭദ്രാസനത്തിൽ നിന്ന് എത്ര ആത്മാക്കളെ ദൈവസന്നിധിയിൽ എത്തിക്കുവാൻ അഭിനവ മെത്രാപ്പോലീത്തായ്ക്ക് കഴിയും എന്നതാണ് ദൈവ തിരുമുമ്പിൽ ഏറ്റവും സ്വീകാര്യമായത്. നമ്മുടെ എല്ലാ കാര്യങ്ങളും ഭംഗിയായി ക്രമീകരിക്കുകയും എന്നാൽ അനേകർ നമ്മളിൽ നിന്നും ദൈവതിരുസാന്നിദ്ധ്യത്തിൽ നിന്നും മാറിപ്പോവുകയും ചെയ്യുന്ന ഒരനുഭവമുണ്ടായാൽ അതിന് നാം കണക്ക് കൊടുക്കേണ്ടതാണ്. കണക്ക് കൊടുക്കുമ്പോൾ ഓർത്തിരിക്കേണ്ടത് ഇതാണ്, സംഘാതാത്മകമായ ശുശ്രൂഷയുടെ പേരിലാണ് ഒരു ഭദ്രാസനത്തിലെ മെത്രാപ്പോലീത്താ മാത്രമല്ല അദ്ദേഹത്തിന്റെ സഹചാരികളായ വൈദികരും, സമർപ്പിതരും, ദൈവജനവും ഒന്നുപോലെ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടുന്നതും, സ്വീകാര്യരല്ലാതെ വരുന്നതും. കാഴ്ചക്കാരായി മാറി നിൽക്കാതെ, ദൂരെ നിൽക്കാതെ, കൂട്ടായ്മയിൽ പരിശുദ്ധാത്മ കൃപയിൽ ചേർന്നു നിന്ന് ശുശ്രൂഷിക്കുമ്പോൾ ദൈവം വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കും. ഈ സുവിശേഷം നമുക്ക് ശക്തി പകരട്ടെ. ഇവയെക്കാൾ, ഇവരെക്കാൾ, അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ മാർ അത്തനാസിയോസ് തിരുമേനിയും, യാക്കോബായ സുറിയാനി സഭയിലെ മാർ സേവേറിയോസ് തിരുമേനിയും, സീറോ മലബാർ സഭയിലേയും ലത്തീൻ സഭയിലേയും അഭിവന്ദ്യ പിതാക്കന്മാരും സന്നിഹിതരായിരിക്കുമ്പോൾ പ്രിയപ്പെട്ട മൂവാറ്റുപുഴ ഭദ്രാസനത്തിലെ ബഹു. വൈദികരേ, സമർപ്പിതരേ, ദൈവമക്കളേ, ഒരു കാര്യം ഇവരുടെ സാന്നിദ്ധ്യത്തിൽ നിങ്ങളെ ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവം നമ്മുടെ ഈ കൊച്ചുസഭയോട്, അപ്പസ്തോലിക സഭയോട് ഇത്രമാത്രം കരുണ കാണിക്കുന്നെങ്കിൽ അത് എന്തിന്റെ അടിസ്ഥാനത്തിലാണ്? ദൈവത്തിന്റെ ഒരു പദ്ധതിയുണ്ട്: സാർവത്രിക തിരുസഭയെക്കുറിച്ച്, സാർവത്രിക സഭയുടെ കൂട്ടായ്മയെക്കുറിച്ച് സജീവമായ ഒരു സാക്ഷ്യം കൊടുക്കുവാനുള്ള വലിയ നിയോഗം. അത് മറ്റൊന്നിന്റെയും അടിസ്ഥാനത്തിലല്ല, ജീവിതത്തിന്റെ നല്ല സാക്ഷ്യത്തിലും മാതൃകയിലുമാണ് നിർവ്വഹിക്കേണ്ടത്. നമ്മുടെ സ്നേഹവും, കാരുണ്യവും, ജീവിത മാതൃകയും, തിരുസഭയുടെ കൂട്ടായ്മയുമെല്ലാം പ്രകടമാക്കുന്ന ഒരു ക്രൈസ്തവ ജീവിതം ഈ ഭദ്രാസനത്തിൽ ബലപ്പെടുമ്പോൾ, ഈ സഭയുടെ അടിസ്ഥാന ദൗത്യമായ സുവിശേഷ പ്രഘോഷണം, കൂട്ടായ്മയിലെ സ്ഥിരീകരണം എന്നിവ കാലാനുസൃതമായ രീതിയിൽ പരിശുദ്ധാത്മാവ് നടത്തിക്കൊള്ളും.

അഭിവന്ദ്യ പിതാക്കന്മാരെയോർത്ത് നമുക്ക് ദൈവത്തിന് നന്ദി പറയാം. അഭിവന്ദ്യ ജൂലിയോസ് പിതാവിനെ ഓർത്ത് കർത്താവിന് നന്ദി പറയാം. അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനി ഈ ചുമതല ഇവിടെയേൽക്കുമ്പോൾ പിതാവ് ഒരു വർഷക്കാലമായി ഈ ഭദ്രാസനത്തിൽ വന്നു താമസിച്ച് പ്രാർത്ഥിച്ച്, പഠിച്ച്, മനസ്സിലാക്കി. നമ്മുടെ ജനങ്ങളോടും നമ്മുടെ വൈദികരോടും സമർപ്പിതരോടും ഈ പ്രദേശത്തുള്ള നമ്മുടെ എല്ലാ സഭാവിഭാഗങ്ങളോടും ചേർന്ന് ഈ ഭദ്രാസനത്തെ ബലപ്പെടുത്താൻ, മറ്റെല്ലാം മാറ്റിവച്ച് കർത്താവിനോടുള്ള സ്നേഹത്തെപ്രതി അഭിവന്ദ്യ പിതാവ് മുമ്പോട്ടു വരുമ്പോൾ, പ്രാർത്ഥനകൊണ്ടും, കൂട്ടായ്മകൊണ്ടും അദ്ദേഹത്തോട് ചേർന്നുനിന്ന് നമ്മുടെ ഈ ശുശ്രൂഷ മുന്നോട്ടു കൊണ്ടുപോകാം. തെറ്റിദ്ധരിക്കാതെ ഹൃദയത്തിൽ സ്വീകരിക്കുക: കർത്താവിന്റെ കരവും കർത്താവിന്റെ കാരുണ്യവും രണ്ടല്ല ഒന്നാണ്. രണ്ടും ദൈവത്തിന്റെ സാന്നിധ്യം ലോകം തിരിച്ചറിയേണ്ടുന്നതിനുള്ള അടയാളപ്പെടുത്തൽ മാത്രം. കരവും കാരുണ്യവും ഒരുമിച്ച് ഈ ത്രോണോസിൽ ചേരുമ്പോൾ, ത്രോണോസിനോട് ചേർന്നുനിന്ന് നമുക്ക് കർത്താവിന് നന്ദി പറയാം. അവിടുത്തേക്ക് എന്നുമെന്നും മഹത്ത്വമുണ്ടായിരിക്കട്ടെ.

■



അദ്ധ്യക്ഷ പ്രസംഗം

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ**
(മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് മലങ്കര സുറിയാനി കത്തോലിക്കാ സഭ)

# ദൈവകൃപയിൽ പ്രയാണം ചെയ്യുന്ന മൂവാറ്റുപുഴ ഭദ്രാസനം

ദൈവത്തിന്റെ തിരുനാമത്തിന് മഹത്ത്വമുണ്ടായിരിക്കട്ടെ.

സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷനായ, നമ്മുടെ സഭയോട് എല്ലാ കാലത്തും ഏറ്റവും ഹൃദയ അടുപ്പം കാത്തുസൂക്ഷിക്കുന്ന അത്യഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവേ, നമ്മുടെ സഹോദരി സഭകളിലെയും നമ്മുടെ സഭയിലെയും അഭിവന്ദ്യരായ പിതാക്കന്മാർ, ജനപ്രതിനിധികൾ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, മാതാപിതാക്കൾ, സഹോദരങ്ങൾ, വാത്സല്യമുള്ള കുഞ്ഞുമക്കൾ, സുഹൃത്തുക്കൾ,

നമ്മൾ ഒരു അനുമോദന സമ്മേളനത്തിലും നന്ദി പറയുന്ന ചടങ്ങിലും സംബന്ധിക്കുകയാണ്.

അഭിവന്ദ്യ കർദ്ദിനാൾ തിരുമേനിയുടെ സാന്നിദ്ധ്യം നമുക്ക് വലിയ സന്തോഷം പകരുന്നു. അഭിവന്ദ്യ പിതാവിനോടും സീറോ മലബാർ സഭയോടും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുള്ള വലിയ സ്നേഹവും ആദരവും ബന്ധവും ഈ സമയത്ത് സന്തോഷത്തോടെ ല്ലാവരുടെയും പേരിൽ ഞാൻ അറിയിച്ചുകൊള്ളുന്നു.

നമ്മുടെ സഹോദരി സഭകളിലെ രണ്ട് അഭിവന്ദ്യരായ പിതാക്കന്മാരുടെ സാന്നിധ്യം വലിയ സന്തോഷം തരുന്നു. അഭിവന്ദ്യനായ മാർ അത്തനാസിയോസ് തിരുമേനി മലങ്കര ഓർത്തഡോക്സ് സഭയുടെ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയാണ്.

എന്റെ മെത്രാഭിഷേകം മുതലുള്ള എല്ലാ ചടങ്ങുകളിലും അഭിവന്ദ്യ പിതാവ് സ്നേഹത്തോടുകൂടി സന്നിഹിതനായിരുന്നു. മൂവാറ്റുപുഴ പ്രദേശത്തുകൂടി ഞാൻ വരുമ്പോൾ അഭിവന്ദ്യ പിതാവിന്റെ അടുക്കൽ മുൻകൂട്ടി വിളിക്കാതെ പോവുകയും അൽപസമയം അവിടെ ചിലവഴിക്കുകയും ചെയ്യുന്ന ഒരു നല്ല അനുഭവം ഉണ്ട്. പിതാവിന്റെ സാന്നിദ്ധ്യം നമുക്ക് സഭയായി വലിയ സന്തോഷം പകരുന്നു. അഭിവന്ദ്യ തെയഡോഷ്യസ് പിതാവിനെ, ഏറ്റം അടുത്തുള്ള മെത്രാപ്പോലീത്തയായ അത്തനാസിയോസ് തിരുമേനിയുടെകൂടി സ്നേഹത്തിന് ഇവിടെ ഭരമേൽപ്പിക്കുന്നു. പിതാവിന്റെ സാന്നിധ്യത്തിന് സഭയുടെ സ്നേഹമറിയിക്കുന്നു.

അഭിവന്ദ്യ തെയോഫിലോസ് തിരുമേനി മലങ്കര യാക്കോബായ സഭയുടെ അറിയപ്പെടുന്ന ഒരു ദൈവശാസ്ത്രജ്ഞനാണ്. കത്തോലിക്കാ ദൈവശാസ്ത്ര പഠനകേന്ദ്രത്തിൽ ദൈവശാസ്ത്രം പഠിച്ച്, ഗവേഷണം ചെയ്ത അഭിവന്ദ്യ പിതാവ് നമ്മുടെ ബനഡിക്ട് പാപ്പ തിരുമേനിയുടെ ശിഷ്യ ഗണത്തിലെ അംഗവുമാണ്. കത്തോലിക്ക സഭയോടും എന്നോടും ഏറ്റം അടുപ്പമുള്ള പിതാവാണ്. വെട്ടിക്കൽ സെമിനാരിയിലെ റെസിഡന്റ് മെത്രാപ്പോലീത്തായും യൂറോപ്പിലെ മലങ്കര യാക്കോബായ സുറിയാനി ക്രൈസ്തവരുടെ ചുമതലക്കാരനുമായ അഭിവന്ദ്യ പിതാവ് നമ്മുടെ കൂട്ടായ്മയിൽ സന്നിഹിതനായതിലുള്ള സന്തോഷം പ്രത്യേകമായി അറിയിക്കുന്നു.

നമ്മുടെ ഈ പ്രദേശത്തിന്റെ എം.പി. ആയിരിക്കുന്ന പ്രിയപ്പെട്ട ഡീൻ കുര്യാക്കോസ് കേരളത്തിൽ വലിയ ഭൂരിപക്ഷം നേടിയെടുത്ത ഒരു യുവ പാർലമെന്റേറിയനാണ്. അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. എല്ലാവിധമായ ദൈവാനുഗ്രഹങ്ങളും നേരുന്നു. നമ്മുടെ സാധാരണക്കാരായ കർഷകരുടെ വിഷയങ്ങൾ പാർലമെന്റിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി അവതരിപ്പിക്കുന്നതിനും ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമുള്ള വലിയ നേതൃത്വം ഡീൻ കുര്യാക്കോസിന്റെ ഭാഗത്തുനിന്നുണ്ടാകും എന്ന് എനിക്ക് പ്രതീക്ഷയുണ്ട്. എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

അഭിവന്ദ്യ ജൂലിയോസ് തിരുമേനി ഔദ്യോഗികമായ ഭരണനിർവ്വഹണത്തിൽ നിന്ന് വിരമിക്കുന്നു. എന്നാൽ പിതാവിന്റെ ഇടയശുശ്രൂഷ തുടരുന്നു. പിതാവിന്റെ ശുശ്രൂഷയിൽ ദൈവത്തിന്റെ കരം എപ്പോഴും കൂടെയുണ്ട്. ഇനിയും ആ കരം പിതാവിനെ നയിക്കും. വളരെ ബലിഷ്ടമായ ഒരു അടിത്തറ അഭിവന്ദ്യ ആർച്ച് ബിഷപ്പ് കൂറിലോസ് തിരുമേനി ഇവിടെയിട്ടു. അഭിവന്ദ്യ ജൂലിയോസ് പിതാവ് അതിന്മേൽ പടുത്തുയർത്തി. ഇനിയങ്ങോട്ട് ദൈവത്തിന്റെ കരുണയെ മുറുകെപ്പിടിച്ചുകൊണ്ടുള്ള പ്രയാണമാണ്. അഭിവന്ദ്യ ജൂലിയോസ് പിതാവിന് നമ്മുടെ സഭയുടെ എല്ലാ നന്ദിയും ഞാൻ സന്തോഷത്തോടുകൂടി അറിയിക്കുന്നു.

'ദൈവത്തിന്റ കരുണയാണ് സർവ്വ പ്രധാനം' എന്ന ആപ്തവാക്യവുമായി അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്ത് തന്റെ ശുശ്രൂഷ ആരംഭിക്കുകയാണ്. അഭിവന്ദ്യ പിതാവിനെക്കുറിച്ചുള്ള വലിയ വിലയിരുത്തലുകളും പ്രതീക്ഷകളും എല്ലാം നാം ഈ ദിവസങ്ങളിൽ പത്രമാധ്യമങ്ങളിലും പങ്കുവയ്ക്കലിലും ഒക്കെ വായിക്കുകയുണ്ടായി. ഏൽപ്പിക്കുന്ന ശുശ്രൂഷയോട് 100% വിധേയത്വവും വിശ്വസ്തതയും പുലർത്തിക്കൊണ്ടുള്ള പിതാവിന്റെ കഠിനാധ്വാനം എപ്പോഴും ദൈവം മാനിച്ചിട്ടുണ്ട്. ഈ ഭദ്രാസനത്തിന്റെ കെട്ടുപണിയിലും വളർച്ചയിലും പരിമിതികൾക്കപ്പുറത്തേക്ക് ദൈവകൃപയിൽ ഈ ഭദ്രാസനത്തെ നയിക്കുന്നതിന് അഭിവന്ദ്യ പിതാവിന്റെ ശുശ്രൂഷ ഏറെ പ്രയോജനപ്പെടും എന്നതിൽ യാതൊരു സംശയവുമില്ല. വന്ദ്യപിതാവിനോട് ചേർന്നുനിന്നുകൊണ്ട് ഈ ഭദ്രാസനത്തെ കെട്ടിപ്പടുക്കുന്നതിന് എല്ലാവർക്കും പ്രത്യേകമായ ശ്രദ്ധ ഉണ്ടാകണം, കരുതൽ ഉണ്ടാകണം, സദാ ബന്ധമുണ്ടാകണമെന്ന് ഈ ഭദ്രാസനത്തിന്റെ മക്കളെ സ്നേഹത്തോടെ ഞാൻ ഓർമ്മപ്പെടുത്തട്ടെ.

അഭിവന്ദ്യ പിതാവിന് നമ്മുടെ സഭയുടെ എല്ലാ അനുഗ്രഹങ്ങളും സന്തോഷത്തോടുകൂടി ഞാൻ നേരുന്നു. ഈ അനുഗ്രഹീതമായ ശുശ്രൂഷ ഫലപ്രദമായി, സ്നേഹനിർഭരമായി ക്രമീകരിച്ച നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരെയും വികാരി ജനറാളച്ചന്റെ നേതൃത്വത്തിലുള്ള സംഘത്തെയും അല്മായ പ്രേഷിതരെയും സമർപ്പിതരെയും, നമ്മുടെ ഉപകാരികളും സ്നേഹിതരുമായി ഭദ്രാസനത്തോട് അടുത്ത് നിൽക്കുന്ന ഏറ്റം പ്രിയപ്പെട്ടവരെയും നന്ദിയോടുകൂടി ഓർത്ത് എല്ലാ ഭാവുകങ്ങളും ദൈവാനുഗ്രഹങ്ങളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

■



ഉദ്ഘാടന പ്രസംഗം

# ദൈവാനുഗ്രഹ സമൃദ്ധിയിൽ മലങ്കര കത്തോലിക്കാ സഭ

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
(മേജർ ആർച്ചുബിഷപ്പ്, സീറോ മലബാർ സഭ)

മലങ്കര കത്തോലിക്കാ സഭ വിശുദ്ധരും പണ്ഡിതരും അജപാലന ശ്രേഷ്ഠരുമായ പിതാക്കന്മാരാൽ അനുഗ്രഹീതമാണ്. സാർവത്രിക സഭയ്ക്കു തന്നെ ബോദ്ധ്യപ്പെട്ടിട്ടുള്ള വസ്തുതയാണിത്. അതുതന്നെയാണ് നമ്മുടെ മലങ്കര കത്തോലിക്കാ സഭയുടെ ഏറ്റവും വലിയ സമ്പത്ത്. ശ്രേഷ്ഠരായ പിതാക്കന്മാർ, അവരുടെ വിശുദ്ധി, അജപാലന വൈഭവം, സ്നേഹം, വാത്സല്യം, കൂട്ടായ്മ പരിപോഷിപ്പിക്കുന്ന അവരുടെ പ്രവർത്തനങ്ങൾ ഇവയെല്ലാം അവരോട് കൂടുതൽ ഇടപഴകുന്നതുകൊണ്ട് തൊട്ടറിയുന്ന വ്യക്തിയാണ് ഞാൻ. എല്ലാത്തിനും അതിവിശിഷ്ടമായ നേതൃത്വം കൊടുത്തുകൊണ്ട് നമ്മുടെ കാതോലിക്കാ ബാവാ തിരുമേനി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വളരെ നല്ല ഒരു ദൈവാനുഗ്രഹ സമൃദ്ധിയിലാണ് നമ്മുടെ മലങ്കര കത്തോലിക്കാ സഭ എന്നതിൽ സീറോ മലബാർ സഭയ്ക്കുള്ള സന്തോഷം ഞാനീ സന്ദർഭത്തിൽ അറിയിക്കുകയാണ്.

നമ്മുടെ ഏബ്രഹാം മാർ ജൂലിയോസ് പിതാവ് സ്ഥാനമൊഴിയുന്നു. തിരുമേനി മലങ്കര കത്തോലിക്കാ സഭയ്ക്കും കേരളത്തിലെ സഭയ്ക്കും ഭാരതത്തിലെ സഭയ്ക്കുമൊക്കെ ചെയ്തിട്ടുള്ള സേവനങ്ങളെക്കുറിച്ച് പലവുരു നിങ്ങൾ കേട്ടിട്ടുണ്ടാവും. നമുക്കെല്ലാം അത് സുവ്യക്തമാണ്. അദ്ദേഹം പണ്ഡിതനായ ഒരു മെത്രാപ്പോലീത്തയാണ്. ബൈബിളിലും ദൈവശാസ്ത്രത്തിലും അഗാധമായ ജ്ഞാനമുണ്ട്. എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ മുൻ നിരയിലായ മലങ്കര കത്തോലിക്കാ സഭയെ അതിന്റെ വളർച്ചയ്ക്ക് വളരെയേറെ സഹാ

യിച്ച വ്യക്തിയാണ് അദ്ദേഹം. ഇവിടെ പടുത്തുയർത്തിയ സ്ഥാപനങ്ങളെക്കുറിച്ചും പ്രത്യേകിച്ച് ഈ കത്തീഡ്രൽ ദേവാലയത്തെക്കുറിച്ചും അതുപോലെതന്നെ പുഷ്പഗിരി മെഡിക്കൽ കോളേജിനെക്കുറിച്ചും ഇവിടെ പരാമർശിക്കപ്പെട്ടു. മലങ്കര കത്തോലിക്കാ സഭയ്ക്ക് മാത്രമല്ല സീറോ മലബാർ സഭയ്ക്കും അതുപോലെ മറ്റ് സഭകൾക്കും കേരളത്തിലെ സർക്കാരിനുപോലും നന്നായിട്ടറിയാവുന്ന അദ്ദേഹത്തിന്റെ സേവനങ്ങളെല്ലാം ഈ സന്ദർഭത്തിൽ നമുക്ക് അനുസ്മരിക്കാം.

പിതാവിനോട് എനിക്ക് വളരെയധികം ബഹുമാനവും ആദരവുമുണ്ട്. അദ്ദേഹം എല്ലാ സഭാപ്രവർത്തനങ്ങളിലും ഏതെങ്കിലും സന്ദേശമുൾക്കൊള്ളുന്ന പ്രഭാഷണങ്ങളാണ് നടത്തുക. ജനുവരിമാസത്തിൽ നടത്തുന്ന എക്യുമെനിക്കൽ പ്രാർത്ഥനാ സമ്മേളനങ്ങളിലെ പിതാവിന്റെ പ്രസംഗങ്ങൾ ഞാൻ പ്രത്യേകമായി ശ്രദ്ധിച്ചിട്ടുണ്ട്. തിരുമേനി സഭയ്ക്ക് ചെയ്ത എല്ലാ സേവനങ്ങളുടേയും അടിസ്ഥാനത്തിൽ തിരുമേനിക്ക് ഞാൻ എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുകയാണ്. യാത്ര പറയുകയാണ്; സീറോ മലബാർ സഭയുടെ പേരിൽ ഒരു ആശ്ലേഷം നൽകുന്നു.

മൂവാറ്റുപുഴ രൂപതയുടെ പുതിയ ഇടയനായ അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനി എല്ലാം പുതുതാക്കും. പുതുമയുടെ ഒരു സന്ദേശവും പ്രവർത്തനവുമായിരിക്കും ഇനി ഇവിടെ നടക്കാൻ പോകുന്നത്. ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സെക്രട്ടറിയായി ആരംഭിച്ച ശുശ്രൂഷയാണ് ഇപ്പോഴും അദ്ദേഹം തുടരുന്നത്. അദ്ദേഹം വളരെ സമർത്ഥനാണെന്ന് എനിക്ക് നേരിട്ട് മനസ്സിലായിട്ടുണ്ട്. ഈ വസ്തുത മനസ്സിലാക്കി തന്നെയാണ് സഭയുടെ സിനഡ് കാതോലിക്കാ ബാവാ തിരുമേനിയുടെ ആശീർവാദത്തോടെ അദ്ദേഹത്തെ പടിപടിയായി ഉയർത്തി മൂവാറ്റുപുഴയിലേക്ക് കൊണ്ടുവന്നത്. തോമസ് മാർ കുറിലോസ് തിരുമേനിയും ഇപ്പോൾ സ്ഥാനമൊഴിഞ്ഞ ഏബ്രഹാം മാർ ജൂലിയോസ് തിരുമേനിയും ഈ രൂപതയിൽ ചെയ്ത പ്രവർത്തനങ്ങളെല്ലാം യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി തീർച്ചയായും തുടരും. തിരുവചന സന്ദേശം ഇവിടെ പ്രാവർത്തികമാകും. ''അപ്പോളോസ് നട്ടു, പൗലോസ് നനച്ചു, ദൈവം വളർത്തി.'' ദൈവം ഈ രൂപതയെ വളർത്തിക്കൊണ്ടിരിക്കുകയാണ്, ഈ രൂപത ഇനിയും വളരും എന്നതിന് യാതൊരു സംശയവുമില്ല. തെയഡോഷ്യസ് തിരുമേനി ചെറുപ്പമായതുകൊണ്ട്, കൂടുതൽ ആരോഗ്യത്തോടുകൂടിയുള്ള പ്രവർത്തനം നിങ്ങൾക്ക് പ്രതീക്ഷിക്കാം. സഭയുടെ എല്ലാതലങ്ങളുമായിരിക്കും തിരുമേനിയുടെ പ്രവർത്തനമേഖലകൾ എന്നാണ് പത്രത്തിൽ നിന്നും ഞാൻ വായിച്ചു മനസ്സിലാക്കിയിരിക്കുന്നത്. വളരെ വിശാലമായൊരു





വീക്ഷണം തീരുമേനിക്കുണ്ട് എന്നാണ് അതിന്റെ അർത്ഥം. അതെല്ലാം ഇവിടെ പ്രാവർത്തികമാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

നമ്മുടെ മലങ്കര കത്തോലിക്കാ സഭയുടെ സാന്നിദ്ധ്യം വഴി ഓർത്തഡോക്സ് സഭയ്ക്കും യാക്കോബായ സഭയ്ക്കും ഒരു വലിയ ഐക്യത്തിന്റെ ഭാവി ഉണ്ടാകണമെന്ന് വ്യക്തിപരമായി ഞാൻ ആഗ്രഹിക്കുന്നു. അതിന് അനുയോജ്യമായ പ്രദേശമാണ് മൂവാറ്റുപുഴ. ഈ പ്രദേശത്തിന്റെ പ്രത്യേകമായ സാഹചര്യങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ഐക്യത്തിന്റെ തലത്തിൽ നമ്മുടെ സഭയുടെ മുന്നേറ്റം ഇവിടെയുണ്ടാകുവാൻ ഇടയാവട്ടെ എന്നാണ് എന്റെ ആശംസയും പ്രാർത്ഥനയും. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായാൽ പോലും നമ്മൾ എപ്പോഴും മനസ്സ് മടുക്കാതെ മുന്നോട്ട് പോകണം. അതിന് നമ്മുടെ ഈ തിരുമേനിമാരുടെ സാന്നിദ്ധ്യം തീർച്ചയായും നിങ്ങൾക്ക് ഉപകരിക്കും എന്നാണ് എന്റെ പ്രത്യാശ.

മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയിൽ നമുക്ക് സന്തോഷിക്കാം. വളരെയേറെ മിഷൻ പ്രവർത്തനങ്ങൾ നമുക്ക് ചെയ്യാനുണ്ട്. നമ്മുടെ രണ്ട് സഭകൾക്കും ഭാരതം മുഴുവനും മിഷൻ പ്രവർത്തനം നടത്താനുള്ള സാഹചര്യം പുതുതായി സംജാതമായിരിക്കുകയാണ്. അതിനാൽ സഭാമക്കളിൽ നിന്ന് വൈദികരായും സിസ്റ്റേഴ്സായും പ്രേഷിതരായും ധാരാളം പേർ മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

രണ്ട് വർഷം മുൻപ് തിരുവനന്തപുരത്ത് അഭിവന്ദ്യ ബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന പ്രേഷിതരെ അയയ്ക്കുന്ന ശുശ്രൂഷയിൽ ഞാൻ പങ്കെടുത്തു. എനിക്ക് വളരെയധികം സന്തോഷം തോന്നി. സീറോ മലബാർ സഭ പോലും അത്തരത്തിൽ പ്രേഷിതരെ അയയ്ക്കുന്ന ശുശ്രൂഷ ഇതുവരെ നടത്തിയിട്ടില്ല. എങ്കിലും സീറോ മലബാർ സഭയിൽ നിന്ന് അനേകർ എല്ലാ സഭകളിലേക്കും പ്രേഷിതരായി പോകുന്നുണ്ട്. അങ്ങനെയുള്ള ഒരു പ്രേഷിത മുന്നേറ്റം മലങ്കര കത്തോലിക്കാ സഭയ്ക്കും ഉണ്ടാകണം. അതിനായി നല്ല പ്രേഷിതരെ ആവശ്യമുണ്ട്. ഒരു വർഷത്തേക്കോ രണ്ടു വർഷത്തേക്കോ ഭൗതികമായ കാര്യങ്ങളിൽ നിന്ന് വേറിട്ടുനിന്ന് പ്രേഷിത പ്രവർത്തനത്തിനായി അല്മായർ പോകുന്ന ഒരു ശൈലിയുണ്ടാകണമെന്ന് സീറോ മലബാർ മക്കളോട് പറഞ്ഞത് ഈ അവസരത്തിൽ ഞാൻ ഓർമ്മിക്കുന്നു. അക്കാര്യം ഏതെങ്കിലും രീതിയിൽ വിഭാവനം ചെയ്ത് സഭയുടെ പ്രേഷിത മുന്നേറ്റം സാധിച്ചെടുക്കണമെന്ന് ഈ സന്ദർഭത്തിൽ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

സീറോ മലബാർ സഭയോട് ചേർന്നുനിന്ന് പ്രവർത്തിക്കുന്ന മലങ്കര കത്തോലിക്കാ സഭയോടുള്ള നന്ദി ഞാൻ ഈ സന്ദർഭത്തിൽ പ്രകടിപ്പിക്കുകയാണ്. ബാവാ തിരുമേനി അക്കാര്യത്തിൽ എന്നോടൊപ്പവും ഞങ്ങളുടെ സിനഡിനൊപ്പവുമുണ്ട് എന്നത് കൃതജ്ഞതാപൂർവ്വം ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു. സീറോ മലബാർ സഭയുടെ നാമത്തിൽ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിക്ക് എല്ലാവിധ ഭാവുകങ്ങളും അഭിനന്ദനങ്ങളും ആശംസിക്കുന്നു. അദ്ദേഹത്തെ ഞാൻ ആശ്ലേഷിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

■

ആശംസ



# ദൈവ വിശ്വാസവും സഭാസ്നേഹവും മൂവാറ്റുപുഴയുടെ നന്മകൾ

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
(ആർച്ചുബിഷപ്പ്, തിരുവല്ല അതിഭദ്രാസനം)

മലങ്കര സഭയിൽ മൂവാറ്റുപുഴ ഭദ്രാസനത്തിന് ഏറെ പ്രസക്തിയുണ്ട്. വാണിജ്യ നഗരമെന്ന് കേൾവികേട്ട അറബിക്കടലിന്റെ റാണിയായ കൊച്ചിയും, സാംസ്കാരിക തലസ്ഥാനമെന്നറിയപ്പെടുന്ന തൃശൂരും, ഏറ്റം വലിയ നഗരവും കേരളത്തിന്റെ നെല്ലറയുമായി വിശേഷിപ്പിക്കപ്പെടുന്ന പാലക്കാടും, കൈത്തറികൊണ്ട് ഭരതത്തിന്റെ മാഞ്ചസ്റ്റർ എന്നറിയപ്പെടുന്ന തമിഴകത്തെ കോയമ്പത്തൂരും ഉൾക്കൊള്ളുന്ന വിശാലമായ ഭൂപ്രദേശം കൊണ്ടനുഗ്രഹീതമാണ് മൂവാറ്റുപുഴ രൂപത. 2003ൽ നിലവിൽ വന്ന ഈ ഭദ്രാസനം ഇന്ന് അനുഗ്രഹീതയായി മുന്നേറുകയാണ്. അതിന്റെ പ്രഥമ ഇടയൻ എന്ന നിലയിൽ എനിക്കു വലിയ അഭിമാനവും ആ രൂപതയെക്കുറിച്ച് ഒരുപാടു സ്വപ്നങ്ങളും ഉണ്ട്. അതു നിവൃത്തിയാക്കുവാൻ ദൈവം നല്ല ഇടയന്മാരെ തന്നുകൊണ്ടിരിക്കുന്നു. എനിക്കു ബഹു. വൈദികരിൽ നിന്നും സിസ്റ്റേഴ്സിൽ നിന്നും അല്മായ സഹോദരങ്ങളിൽ നിന്നും ലഭിച്ച വലിയ സ്നേഹവും പിന്തുണയും മായാതെ മനസിൽ നിറഞ്ഞു നിൽക്കുന്നു. നൈയ്യാമികമായി രണ്ടു രൂപതകളാണ് തിരുവല്ലയും മൂവാറ്റുപുഴയും എങ്കിലും മനസുകൊണ്ടും സ്നേഹംകൊണ്ടും ജീവിതക്രമം കൊണ്ടും പ്രത്യേകിച്ചും സഭാസ്നേഹം കൊണ്ടും ഒന്നാണ്. ആ പൊക്കിൾകൊടി ബന്ധത്തെ ശക്തമായി കാത്തുസൂക്ഷിക്കാൻ എല്ലാവരും പ്രത്യേകിച്ചും വൈദികരും വിശ്വാസികളും ശ്രമിക്കുന്നത് ഏറെ സന്തോഷത്തോടെ ആസ്വദിക്കുന്നു. ഈ ബന്ധത്തിനു പോറൽ വീഴാൻ ആരും ഇടയാക്കരുത്. എന്തെന്നാൽ ഇതു ദൈവികമായ ഒരു ബന്ധമാണ്. സഭയുടെ ഐക്യത്തിന്റെ ചിഹ്നമാണ്.

തന്റെ ഔദ്യോഗിക ഭരണ ചുമതലയിൽ നിന്നും മാറിയുള്ള ഇടയശുശ്രൂഷക്കായി ഒരുങ്ങുന്ന അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ്പിതാവിന് എല്ലാ ഭാവുകങ്ങളും നേരുകയാണ്. ആരോഗ്യവും ക്രിയാത്മകമായ വിശ്രമജീവിതവും ആശംസിക്കുകയാണ്. എപ്പോളും പ്രവർത്തനനിരതനായ പിതാവിന് ഈ വിശ്രമം ഏറെ ഫലദായകമാക്കുവാൻ സാധിക്കും എന്ന് ഞാൻ കരുതുന്നു. പിതാക്കന്മാരുടെ ഇടയിലെ ദൈവശാസ്ത്രജ്ഞനാണ് അഭിവന്ദ്യ ജൂലിയോസ് പിതാവ്. മലങ്കര കത്തോലിക്കാ സഭയ്ക്ക് ഇന്ന് ഏറ്റം ആവശ്യം

അതിന്റെ ദൈവശാസ്ത്രപരമായ ബലപ്പെടുത്ത ലാണ്. ദൈവശാസ്ത്രംകൊണ്ട് സമ്പന്നമാണ് ഈ സഭ. എന്നാൽ അവ സാധാരണക്കാരുടെ ജീവിതക്രമങ്ങളിലേക്കും വൈജ്ഞാനിക തലങ്ങളിലേക്കും വിന്യസിപ്പിക്കേണ്ടതുണ്ട്. ഒരേ സമയത്ത് ബൈബിൾ പണ്ഡിതനും അതേസമയത്ത് ഭാഷാവിദഗ്ദ്ധനും എന്ന നിലയിൽ അഭിവന്ദ്യ പിതാവിന്റെ സേവനം ഈ മേഖലയ്ക്ക് അനിവാര്യമാണ്. പിതാവിന്റെ സേവനങ്ങൾക്ക് നന്ദി അർപ്പിക്കുന്നു. എപ്പോഴും പുതിയ കാര്യങ്ങളും പുതിയ ചിന്തകളുംകൊണ്ട് ശ്രദ്ധേയനായ പിതാവിന്റെ വിശ്രമകാലം ഇപ്രകാരമുള്ള ഒരു വൈജ്ഞാനിക മേഖലയ്ക്ക് ശക്തി പകരുവാൻ ഇടയാകട്ടെ എന്നു ആശംസിക്കുന്നു. പ്രിയ പിതാവിന്റെ തിരുവല്ല അതിരൂപതയിലെ സേവനവും നേതൃത്വവും ഏറെ നന്ദിയോടെ ഓർക്കുന്നു. ദൈവം പിതാവിനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.





മൂവാറ്റുപുഴയുടെ പുതിയ ഇടയൻ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് ഇതിനകം തന്നെ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചുകഴിഞ്ഞു. വിനീതനും വാഗ്മിയും ദൈവഭക്തനുമായ പിതാവ് നമ്മുടെ രൂപതയ്ക്ക് തികച്ചും ഒരു അനുഗ്രഹമാണ്. വൈദികരെ കോർത്തിണക്കി ശുശ്രൂഷാ മേഖലകൾ ശാക്തീകരിക്കുന്നതിന് പിതാവിനു സാധിക്കും. പിതാവിന്റെ ഗവേഷണപ്രബന്ധം തന്നെ ഇപ്രകാരമുള്ള ബന്ധത്തെ ആധാരമാക്കിയുള്ളതായിരുന്നു. ഒരുപാടു നന്മയുള്ള പിതാവ്; നന്മ ചെയ്യണമെന്നാഗ്രഹിക്കുന്ന പിതാവ്; അതിനു നിശ്ചയദാർഢ്യമുള്ള പിതാവ്. മൂവാറ്റുപുഴക്കാർക്ക് അനുഗ്രഹമായി ഇതാ പുതിയ ഇടയൻ കടന്നുവരുന്നു.

പിതാവിന്റെ സ്വരമാധുര്യവും അതിന്റെ ഗാംഭീര്യവും ആരെയും ആകർഷിക്കും. വളർച്ചയുടെ പിരിമുറുക്കത്തിലുള്ള സാമ്പത്തിക ഭാരങ്ങളും വെല്ലുവിളികളും സധൈര്യം നേരിടാൻ പിതാവിനു കഴിയും.

മൂവാറ്റുപുഴ രൂപതയുടെ നന്മ അതിലെ കുടുംബങ്ങളിലെ ദൈവവിശ്വാസവും വൈദികരോടും സഭയോടുമുള്ള വലിയ സ്നേഹബന്ധവുമാണ്. 'അമ്മയെ മറന്നാലും അന്ത്യോക്യായെ മറക്കില്ല' എന്നതിന്റെ പ്രകരണങ്ങൾ അനുഭവിച്ചു വന്നതുകൊണ്ടാവാം, ഒരു പക്ഷെ, ഇത്രമാത്രം സഭാബന്ധവും വിശ്വാസവും. പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് കടന്നുവന്നതിന്റെ തീവ്രമായ അഭിമാനബോധവും അതു സാക്ഷ്യമായി പ്രകടിപ്പിക്കുവാനുള്ള നിശ്ചയദാർഢ്യവും എന്നും പ്രശംസനീയമാണ്. തെയഡോഷ്യസ് പിതാവിന്റെ പ്രധാന ഉത്തരവാദിത്തം ഈ സഭാവബോധം ശക്തമാക്കുന്നതിനും സമർപ്പണത്തിലൂടെ പൊതു സമൂഹത്തിലും കുടുംബങ്ങളിലും ഐക്യത്തിന്റെ ആവശ്യകത ഊട്ടിയുറപ്പിക്കുവാനുമായിരിക്കണം. പല വിഷമതകളിലൂടെ കടന്നുപോകുന്ന ജനസമൂഹത്തിന് നേരായ പാത തുറന്നുകാട്ടുവാൻ ദൈവം അയച്ച അഭിഷിക്തനാണ് മാർ തെയഡോഷ്യസ്. കലഹവും വിദ്വേഷവും പോർവിളികളും നമ്മെ എങ്ങും കൊണ്ടെത്തിക്കുകയില്ല. സ്നേഹത്തിനു മാത്രമെ ഭാവിയുള്ളു. അഭിവന്ദ്യ പിതാവിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

■

ആശംസാ പ്രസംഗം



**മോസ്റ്റ് റവ. ഡോ. കുര്യാക്കോസ്**
**മാർ തെയോഫിലോസ് മെത്രാപ്പോലീത്ത**
(റെസിഡന്റ് മെത്രാപ്പോലീത്ത, ഉദയഗിരി സെമിനാരി, വെട്ടിക്കൽ)

# സമ്പന്നയായ മൂവാറ്റുപുഴ രൂപത

മലങ്കര കത്തോലിക്കാ സഭയും വ്യക്തിപരമായി ഞാനും തമ്മിൽ വളരെ വലിയ ഒരു അടുപ്പമുണ്ട്. മലങ്കര കത്തോലിക്കാ സഭയുടെ ആദരണീയനായ ബാവാ തിരുമേനി കർദ്ദിനാൾ സ്ഥാനവുമേറ്റ് മലങ്കരയിലേക്ക് വന്നപ്പോൾ അദ്ദേഹത്തിന് ആദ്യത്തെ സ്വീകരണം നൽകിയത് ബലഹീനനായ ഞാനാണ്. ദുബായ് വിമാനത്താവളത്തിൽവച്ച് ഒരു സ്നേഹാലിംഗനം നൽകി മലങ്കരയിലെ മക്കളുടെ അഭിവാദനവും ഹൃദയം നിറഞ്ഞ ആശംസയും നേരുവാനുള്ള ഭാഗ്യം എനിക്കുണ്ടായി.

മൂവാറ്റുപുഴ രൂപതയും ബലഹീനനായ ഞാനും തമ്മിലൊരു വലിയ ബന്ധമുണ്ട്. എന്റെ മെത്രാപ്പോലീത്ത സ്ഥാനവും മൂവാറ്റുപുഴ രൂപതയും സമപ്രായക്കാരാണ്. 2003-ലാണ് ഈ രൂപത ഇവിടെ രൂപംകൊണ്ടത്. ആ വർഷം തന്നെയാണ് ഞാൻ മെത്രാപ്പോലീത്തയായത്. അന്ന് മുതൽ പ്രത്യേകിച്ച് ഇവിടത്തെ അഭിവന്ദ്യ പിതാക്കന്മാരുമായും ഭദ്രാസനവുമായും സ്വന്തം എന്ന ബന്ധമാണ് നിലനിൽക്കുന്നത്. അത്തരത്തിലുള്ള സ്നേഹവും ആദരവുമാണ് ബലഹീനനായ എനിക്ക് ഈ സഭയിൽനിന്നും ലഭിച്ചിരിക്കുന്നത്. മലങ്കര കത്തോലിക്കാ സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ രൂപതകളിൽ ഒന്നാണെങ്കിലും ഏറ്റവും സമ്പന്നമായ ഒരു രൂപതയാണ് മൂവാറ്റുപുഴ എന്ന് പറയുവാൻ എനിക്ക് മടിയില്ല. ഈ രൂപതയ്ക്ക് ലഭിച്ച മൂന്ന് പിതാക്കന്മാരാണ് ഈ രൂപതയുടെ സമ്പന്നത. മലങ്കര കത്തോലിക്കാ സഭയിലെ ഏറ്റവും പ്രഗത്ഭരായ മൂന്നു പേരെയാണ് മൂവാറ്റുപുഴയ്ക്ക് ലഭിച്ചത്. ആരാധനാക്രമത്തിലും ആദ്ധ്യാ

ത്മികതയിലും അഗ്രഗണ്യനായ തോമസ് മാർ കൂറിലോസ് പിതാവിനെയാണ് ഇവിടുത്തെ ഒന്നാമത്തെ മെത്രാപ്പോലീത്തയായി നമുക്ക് ലഭിച്ചത്. അഡ്മിനിസ്ട്രേഷൻ, മാനേജ്മെന്റ് തലങ്ങളിൽ പഴയ ഏബ്രഹാം കാക്കനാട്ടച്ചനെ വെല്ലാൻ വേറൊരു ആളുണ്ടെന്ന് നമ്മൾ വിശ്വസിക്കുന്നില്ല. തൊടുന്നതെല്ലാം പൊന്നാക്കി മാറ്റുന്ന ശ്രേഷ്ഠനായ ബൈബിൾ പണ്ഡിതൻ ഏബ്രഹാം മാർ ജൂലിയോസ് പിതാവിനെ ഇടയനായി ലഭിക്കാനുള്ള ഭാഗ്യം മൂവാറ്റുപുഴ രൂപതയ്ക്ക് കൈവന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. നമുക്കൊക്കെ ചിന്തിക്കാവുന്നതിനപ്പുറത്തുള്ള ഒരിടയനെയാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. കത്തോലിക്കാ സഭയുടെ കാനൻ നിയമത്തിൽ പ്രാവീണ്യം നേടി സഭയിലെ ജഡ്ജി സ്ഥാനംവരെ അലങ്കരിച്ച പ്രഗത്ഭനായ തെയഡോഷ്യസ് പിതാവിനെയാണ് ഇപ്പോൾ മൂവാറ്റുപുഴ രൂപതയ്ക്ക് ലഭിച്ചിരിക്കുന്നത്. അതിനാൽ ഈ രൂപത ധന്യവതിയാണ്.

***ഈ രൂപതയ്ക്ക് ലഭിച്ച മൂന്ന് പിതാക്കന്മാരാണ് ഈ രൂപതയുടെ സമ്പന്നത. മലങ്കര കത്തോലിക്കാ സഭയിലെ ഏറ്റവും പ്രഗത്ഭരായ മൂന്നു പേരെയാണ് മൂവാറ്റുപുഴയ്ക്ക് ലഭിച്ചത്.***

സൂന്ത്രോണീസോ എന്ന വാക്കിന് തത്തുല്യമായി സുറിയാനി ഭാഷയിൽ സ്യോം, ത്രോണീസോ എന്ന രണ്ടു വാക്കുകളുണ്ട്. ത്രോണീസൊ (ത്രോണോസ്) എന്നാൽ ദൈവിക സിംഹാസനം എന്നാണ് അർത്ഥം. സ്യോം എന്ന വാക്കിന് വയ്ക്കുക, ഉയർത്തുക എന്നീ അർത്ഥങ്ങളാണ് ഉള്ളത്. അതിനാലാണ് ശുശ്രൂഷാമദ്ധ്യേ അഭിവന്ദ്യ പിതാവിനെ സിംഹാസനത്തിലിരുത്തി ഉയർത്തിയത്. എന്റെ സൂന്ത്രോണീസോ ശുശ്രൂഷാവേളയിൽ സന്നിഹിതനായിരുന്ന മാർത്തോമാ മെത്രാപ്പോലീത്താ തിരുമേനി ആശംസ നേർന്ന് സംസാരിച്ചപ്പോൾ പറഞ്ഞ വാക്കുകൾ ഞാൻ ഈയവസരത്തിൽ ഓർക്കുകയാണ്. ''തിരുമേനിയെ ഇവരെല്ലാവരും കൂടി ഉയർത്തി. എത്രമാത്രം മുകളിലേക്ക് ഉയർത്തുന്നുവോ അത്രമാത്രം മുകളിൽ നിന്നായിരിക്കും ചിലപ്പോൾ നമ്മെ താഴേക്കിടുന്നത്. അതിനാൽ ഒരു കണ്ണ് എപ്പോഴും നിലത്തുവേണം.'' ഉന്നത സ്ഥാനത്തേക്ക് ദൈവം നമ്മെ വിളിച്ച് നിയോഗിക്കുമ്പോൾ ഈ വാക്കുകൾ നാം മനസ്സിൽ സൂക്ഷിക്കണം.

മൂവാറ്റുപുഴ രൂപത വിശ്വസ്തയായ ഒരു രൂപതയാണ്. ഇവിടുത്തെ മക്കൾ വിശ്വസ്തരാണ്. വ്യക്തിപരമായി ഞാനും ഈ ദേശക്കാരനാണ്. ഞാൻ താമസിക്കുന്ന വെട്ടിക്കൽ പ്രദേശത്തെ മലങ്കര കത്തോലിക്കാ ഇടവകയുമായി എല്ലാ കാര്യങ്ങളിലും ബന്ധപ്പെട്ട് നിൽക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. അഭിവന്ദ്യ തെയഡോഷ്യസ് പിതാവിനെ ഉന്നതമായ ഈ സ്ഥാനത്തേക്ക് ദൈവം വിളിച്ച് നിയോഗിച്ചിരിക്കുമ്പോൾ ദൈവികശുശ്രൂഷയുടെ മഹത്ത്വം അഭിവന്ദ്യ പിതാവിലൂടെ അനുഭവിക്കുവാനുള്ള ഭാഗ്യം മൂവാറ്റുപുഴ ഭദ്രാസനത്തിലെ ദൈവജനത്തിന് ദൈവം പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

യാക്കോബായ സുറിയാനി സഭ വലിയ പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ അഭിവന്ദ്യ ആലഞ്ചേരി പിതാവും സ്നേഹനിധിയായ കാതോലിക്കാ ബാവായും നൽകുന്ന ആശ്വാസവും കരുതലും സ്നേഹവും ഏറെ നന്ദിയോടെ ഓർമ്മിക്കുന്നു. ഒരു പള്ളി നഷ്ടപ്പെട്ടാലും അവിടെ ആരാധന മുടങ്ങാൻ ഇടവരുത്താതെയുള്ള ചില ക്രമീകരണങ്ങളെക്കുറിച്ച് അഭിവന്ദ്യ ജൂലിയോസ് പിതാവ് സൂചിപ്പിച്ചു. യാക്കോബായ സഭയുടെ നന്ദിയും സ്നേഹവും വളരെ വിനയത്തോടുകൂടെ അറിയിക്കുന്നു. ശ്രേഷ്ഠ ബാവാ തിരുമേനിയുടെ പേരിലും കത്തോലിക്കാ-സിറിയൻ ഓർത്തഡോക്സ് ദൈവശാസ്ത്ര സമിതിയുടെ സഹാദ്ധ്യക്ഷൻ എന്ന എളിയ ചുമതലയുടെ പേരിലും, നമ്മുടെ ഡയലോഗ് കമ്മീഷന്റെ പേരിലും അഭിവന്ദ്യ പിതാക്കൻമാർക്ക് യാക്കോബായ സുറിയാനി സഭയുടെ ഭാവുകങ്ങളും എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

■

**ആശംസാ പ്രസംഗം**

**മോസ്റ്റ് റവ. ഡോ. തോമസ്**
**മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ**
(കണ്ടനാട് ഈസ്റ്റ് ഭദ്രാസനം)

# പുതിയ തിരുമേനി ദൈവദാനം



മൂവാറ്റുപുഴ അരമനയും അഭിവന്ദ്യ പിതാക്കന്മാരുമായും വളരെ അനൗപചാരികവും ഹൃദ്യവുമായ ബന്ധമാണ് എന്നും എനിക്കുള്ളത്. മൂവാറ്റുപുഴ രൂപത സ്ഥാപിക്കപ്പെട്ട സന്ദർഭത്തിലും അഭിവന്ദ്യ കൂറിലോസ് തിരുമേനി ആദ്യ മെത്രാപ്പോലീത്തയായി അവരോധിക്കപ്പെട്ടപ്പോഴും ആ ചടങ്ങിൽ പങ്കെടുക്കുവാനും സംസാരിക്കുവാനുമുള്ള അവസരം ലഭിച്ചത് നന്ദിയോടെ അനുസ്മരിക്കുന്നു. അന്നുമുതൽ ഇവിടുത്തെ ഓരോ പിതാക്കന്മാരോടും വളരെ വലിയ ബന്ധത്തിലും സൗഹൃദത്തിലുമാണ് ഞാൻ കഴിഞ്ഞിട്ടുള്ളത്.

അഭിവന്ദ്യ കൂറിലോസ് തിരുമേനിയെ വളരെ ചുരുക്കമായിട്ടേ കാണാറുള്ളൂ എന്നു വരികിലും അദ്ദേഹവുമായുള്ള പഴയ ബന്ധം ഇന്നും നിലനിൽക്കുന്നു. അഭിവന്ദ്യ ജൂലിയോസ് തിരുമേനിയും ഞാനും ഏകദേശം ഒരേസമയത്ത് പഠനസംബന്ധമായി ജർമ്മനിയിൽ ഉണ്ടായിരുന്നവരാണ്. ആ ബന്ധം ഇവിടെ വന്നപ്പോഴും വളരെ സുഗമമായും ഭംഗിയായും നിലനിന്നു. എന്റെ അറുപതാം ജന്മദിനത്തിനു തിരുമേനി ആയിരുന്നു വിശിഷ്ടാതിഥി. അദ്ദേഹത്തിന്റെ ഇവിടുത്തെ പ്രവർത്തനങ്ങൾ ഔപചാരികമായി അവസാനിക്കുമ്പോൾ അനുഗ്രഹകരമായ ഒരു ശിഷ്ടായുസ് ജഗദീശ്വരൻ അദ്ദേഹത്തിന് നൽകട്ടെ എന്ന് പ്രത്യേകമായി പ്രാർത്ഥിക്കുന്നു.

കാതോലിക്കാ ബാവാ തിരുമേനിയുടെ മെത്രാഭിഷേകവേളയിൽ എന്റെ സാന്നിദ്ധ്യം ഉണ്ടാകണം എന്ന് ആഗ്രഹിച്ച് എന്നെ ക്ഷണിക്കാൻ അദ്ദേഹം രണ്ട് പ്രാവശ്യം കടന്നുവന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. അദ്ദേഹം തിരുമൂലപുരത്തു വച്ച് നടന്ന അദ്ദേഹത്തിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുക്കാൻ സാധിച്ചു. കാതോലിക്കാ ബാവായുമായി അനൗപചാരികമായ അടുപ്പം ഇന്നും നിലനിൽക്കുന്നു.

പുതിയ അരമനയുടെ കൂദാശാവേളയിലാണ് അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനിയെ ആദ്യമായി പരിചയപ്പെടാൻ എനിക്ക് ഇടവന്നത്. വളരെ സൗഹാർദ്ദപൂർവ്വം ഇടപെടുന്ന അദ്ദേഹവുമായി മുൻകാല പിതാക്കന്മാരോട് ഉണ്ടായിരുന്നതിലും ഉപരിയായ ഒരു ബന്ധം സൃഷ്ടിക്കപ്പെടട്ടെ എന്നാത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. നമ്മുടെ ഭദ്രാസനത്തിന് നിയോഗിക്കപ്പെട്ടിരിക്കുന്ന പുതിയ തിരുമേനി ദൈവത്തിന്റെ ദാനമാണ്. തെയഡോഷ്യസ് എന്ന നാമത്തിന്റെ അർത്ഥം ദൈവത്തിന്റെ ദാനമെന്നാണ്. ഈ ഭദ്രാസനത്തിന് ദൈവത്തിന്റെ ദാനമായി ലഭിച്ച അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ഭദ്രാസനം ആത്മീയമായും ഭൗതികമായുമെല്ലാം ശക്തമായ വളർച്ച പ്രാപിക്കട്ടെ എന്ന് പ്രത്യേകമായി പ്രാർത്ഥിക്കുന്നു. മൂവാറ്റുപുഴ ഭദ്രാസനത്തിനും അതിന്റെ ഇടയനായി ചുമതലയേറ്റ അഭിവന്ദ്യ പിതാവിനും എല്ലാ ഭാവുകങ്ങളും സിദ്ധിക്കട്ടെ എന്നാശംസിക്കുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

■



ആശംസാ പ്രസംഗം

അഡ്വ. ഡീൻ കുര്യാക്കോസ് MP
(ഇടുക്കി ലോകസഭ മണ്ഡലം)

# സാധാരണക്കാരെ സേവിക്കുന്ന മലങ്കര കത്തോലിക്കാ സഭ

ഒരു ജനപ്രതിനിധി ആയി മാറിയതിനുശേഷം ആദ്യമായിട്ടാണ് ഇതുപോലെ ഒരു ചടങ്ങിന് സാക്ഷ്യം വഹിക്കുന്നത്. തീർച്ചയായും ദൈവത്തിന്റെ കരുണാവർഷം ചൊരിഞ്ഞുനിൽക്കുന്ന ഈ വേദിയിൽ വരാനും എല്ലാവരേയും കാണുവാനും കഴിഞ്ഞതിൽ ഞാൻ ദൈവത്തോട് നന്ദി രേഖപ്പെടുത്തുകയാണ്. മൂവാറ്റുപുഴ രൂപതയുടെ പുതിയ അദ്ധ്യക്ഷനായി ചുമതലയേൽക്കുന്ന അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനിക്ക് എല്ലാവിധ ആശംസകളും ഈ അവസരത്തിൽ പ്രത്യേകമായി അറിയിക്കുന്നു. ഒരു വിദ്യാർത്ഥിസംഘടനാ പ്രവർത്തകനായിരുന്ന കാലഘട്ടം മുതൽ എനിക്ക് അഭിവന്ദ്യ ജൂലിയോസ് തിരുമേനിയെ നേരിട്ട് പരിചയപ്പെടുന്നതിന് സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ അഭിമാനഗോപുരമായി ഉയർന്നുനിൽക്കുന്ന പുഷ്പഗിരി മെഡിക്കൽ കോളേജും മറ്റ് ഒട്ടനവധി സഭാസ്ഥാപനങ്ങളും നമുക്ക് സംഭാവന നൽകിയ ജൂലിയോസ് തിരുമേനിയുടെ സൗമ്യസാന്നിദ്ധ്യം കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലമായി മൂവാറ്റുപുഴയുടെ ഓരോ വളർച്ചയുടെ ഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. ഏവരുടെയും മനസ്സ് പിടിച്ചുപറ്റിക്കൊണ്ടാണ് അദ്ദേഹം മുന്നോട്ട് പോയത്. ഗുണകരമായ ഒട്ടേറെ ഇടപെടലുകൾ നടത്തിയ അഭിവന്ദ്യ ജൂലിയോസ് തിരുമേനിക്ക് എല്ലാ യാത്രമംഗളങ്ങളും ഈ അവസരത്തിൽ ഞാനറിയിക്കുന്നു.

കഴിഞ്ഞ ഒരു വർഷക്കാലമായി അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനിയുടെ സാന്നിദ്ധ്യം ഇവിടെയുണ്ട്. പ്രളയവും ദുരന്തവും നമ്മുടെ നാടിനെ ഗ്രസിച്ച കാലഘട്ടത്തിൽ സഭയുടെ എല്ലാത്തരം പ്രവർത്തനങ്ങളെയും മനുഷ്യനന്മയ്ക്കായി വിനിയോഗിക്കുന്നതിനുള്ള കാര്യമാത്രസജ്ജമായ ഒരു ഇടപെടൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായി. ഈ നാട്ടിലെ ജനങ്ങളെല്ലാംതന്നെ തിരുമേനിയുടെ ദയാവയ്പുകൾ ഇന്നും ഓർക്കുന്നു. അദ്ദേഹത്തിന്റെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങളിലൂടെ മൂവാറ്റുപുഴ രൂപത കൂടുതൽ ഉന്നതിയിലേക്ക് പ്രവേശിക്കും എന്ന കാര്യത്തിൽ സംശയമില്ല.

മലങ്കര കത്തോലിക്ക സഭ നമ്മുടെ നാടിനു നൽകിയിട്ടുള്ള സംഭാവനകൾ നിരവധിയാണ്. ഒരുപക്ഷെ, സർക്കാരും രാഷ്ട്രീയപാർട്ടികളുമൊക്കെ പരാജയപ്പെടുന്നിടത്ത്, അവയുടെ പരിമിതികൾ തുടങ്ങുന്നിടത്ത് മനുഷ്യനെ സഹായിക്കാൻ, സാധാരണക്കാരനെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താൻ എന്നുമെപ്പോഴും ഓടിയെത്തുന്നത് സഭാസമൂഹങ്ങളാണ്. വിദ്യാഭ്യാസരംഗത്ത് എന്നും കെടാവിളക്കായി നിൽക്കുന്ന മാർ ഈവാനിയോസ്

കോളേജും ആരോഗ്യരംഗത്ത് ഏറ്റവും സ്തുത്യർഹമായ സേവനം സാധാരണക്കാർക്ക് നൽകിവരുന്ന ഒരുപാട് ധർമ്മസ്ഥാപനങ്ങളും സംഭാവന ചെയ്ത മലങ്കര കത്തോലിക്കാ സഭയുടെ ഭാവി പ്രവർത്തനങ്ങൾ ഏറ്റവും നല്ല രീതിയിൽ മുൻപോട്ടുപോകും എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഏറ്റവും അഭിവന്ദ്യനായ കർദിനാൾ ക്ലീമീസ് പിതാവിന്റെ നേതൃത്വത്തിൽ ഈ സഭയ്ക്ക് അത്യുന്നതമായ പദങ്ങളിലേക്ക് കടന്നുചെല്ലാൻ കഴിഞ്ഞിട്ടുണ്ട്.



കഴിഞ്ഞു പോയ വർഷങ്ങളിൽ തിരുവനന്തപുരം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളുമായി ഞാൻ മുൻപോട്ടു പോയപ്പോൾ എന്നും എപ്പോഴും സ്നേഹാന്വേഷണങ്ങളുമായി എന്നെ അനുഗ്രഹിച്ച മഹത് വ്യക്തിത്വമാണ് ക്ലീമീസ് പിതാവ്. പിതാവിന്റെയും മറ്റുള്ളവരുടെയും ഉപദേശനിർദ്ദേശങ്ങൾ എപ്പോഴും എനിക്ക് ലഭിച്ചിട്ടുണ്ട്. അഭിവന്ദ്യ പിതാക്കന്മാരുടെ പ്രാർത്ഥനകൾ രാഷ്ട്രീയ നേതൃരംഗത്ത് തുടക്കക്കാരനായി കടന്നുവരുന്ന എനിക്ക് ഏറെ ഗുണകരമായിരുന്നു. എന്റെ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും അനുഗ്രഹാശീർവാദങ്ങൾ ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.









അഭിവന്ദ്യ പിതാക്കൻമാരുടെ വാക്കുകൾ നൂറുശതമാനം ശിരസാ വഹിച്ചുകൊണ്ട് സാധാരണക്കാരും പാവപ്പെട്ടവരും കൃഷിക്കാരും തൊഴിലാളികളുമടങ്ങുന്ന ഇടുക്കി പാർലമെന്ററി മണ്ഡലത്തിന്റെ എല്ലാ തലത്തിലുമുള്ള സമൂഹനന്മയെ കരുതിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാനുള്ള അനുഗ്രഹാശീർവാദങ്ങൾ നിങ്ങൾ എല്ലാവരുടേയും ഭാഗത്തുനിന്നുണ്ടാകണം. സ്ഥാനമൊഴിയുന്ന ജൂലിയോസ് തിരുമേനിക്കും സ്ഥാനമേറ്റെടുക്കുന്ന തെയഡോഷ്യസ് തിരുമേനിക്കും എല്ലാവിധ മംഗളാശംസകളും പ്രാർത്ഥനാശംസകളും നേരുന്നു.

■

ആശംസാ പ്രസംഗം



**വെരി റവ. ഡോ. ജോസ് കുരുവിള OIC**
(സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം)

# കർത്താവ് തിരഞ്ഞെടുത്തവർ ഭാഗ്യവാൻമാർ

സങ്കീർത്തനം 65:4ൽ നാം ഇപ്രകാരം വായിക്കുന്നു. ''കർത്താവേ അങ്ങയുടെ ആലയത്തിൽ വസിപ്പാൻ അങ്ങ് തിരഞ്ഞെടുത്തവർ ഭാഗ്യവാൻമാർ. അവർ അങ്ങയുടെ ഭവനത്തിന്റെ സമൃദ്ധികൊണ്ട് സംതൃപ്തിയോടെ ജീവിക്കട്ടെ.'' ദീർഘകാലം വൈദികനായും കഴിഞ്ഞ 11 വർഷക്കാലം ഈ രൂപതയുടെ സാരഥിയായും ദൈവത്തിന്റെ ഭവനത്തിൽ അതിന്റെ സംതൃപ്തിയോടെ ജീവിച്ച് നമ്മെയൊക്കെ ബലപ്പെടുത്തിയ അഭിവന്ദ്യ ജൂലിയോസ് പിതാവിന് സഭയിലെ, പ്രത്യേകിച്ച് ഈ പ്രദേശത്തെ എല്ലാ സന്യസ്തരുടെയും നാമത്തിലുള്ള നന്ദിയും സ്നേഹവും കടപ്പാടും പ്രത്യേകമായി അറിയിക്കുന്നു.

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ, പത്രോസിനെ മാറ്റിനിർത്തിയിട്ട് കർത്താവ് ചോദിച്ചു. ''നീ എന്നെ സ്നേഹിക്കുന്നുവോ?'' പത്രോസ് പറഞ്ഞു: ''നിനക്കറിയാം ഞാൻ നിന്നെ സ്നേഹിക്കുന്നു.'' ഇടയ്ക്ക് ചില വീഴ്ചകൾ ഒക്കെ വന്നു. രണ്ടാമതും ചോദിക്കുന്നു: ''നീ എന്നെ സ്നേഹിക്കുന്നുവോ?'' പത്രോസ് പറഞ്ഞു: ''തീർച്ചയായിട്ടും.'' മൂന്നാമത്തേത് ഉത്തരമില്ലാത്ത ഒരു ചോദ്യമായിരുന്നു. നിറഞ്ഞ മിഴികളോടെ പത്രോസ് പറഞ്ഞു ''അങ്ങ് എല്ലാം അറിയുന്നു.'' ദൈവതിരുമുമ്പാകെ എല്ലാം അറിയുന്ന കണ്ണുകളോടുകൂടെ ഈ രൂപതയെ ഭരിക്കാനുള്ള എല്ലാ കൃപകളും അഭിവന്ദ്യ തെയഡോഷ്യസ് തിരുമേനിക്ക് ലഭിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്, സന്യസ്തരുടെ പേരിലുള്ള പ്രാർത്ഥനകളും കൃതജ്ഞതയും പ്രത്യേകമായി അറിയിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

■

ആശംസാ പ്രസംഗം



**വെരി റവ. ഫാ. ചെറിയാൻ ചെന്നിക്കര**

(സെക്രട്ടറി, പ്രെസ്ബിറ്ററൽ കൗൺസിൽ)



# മുന്തിരിച്ചെടിയോട് ചേർന്ന് നിൽക്കുന്ന ശാഖകൾ

കഴിഞ്ഞ 11 വർഷങ്ങൾ മൂവാറ്റുപുഴ ഭദ്രാസനത്തെ കൂടുതൽ വളർച്ചയിലേക്ക് നയിക്കുവാൻ ദൈവത്താൽ പ്രത്യേകമായി നിയോഗിക്കപ്പെട്ട അഭിവന്ദ്യ ജൂലിയോസ് പിതാവ് വൈദികരായ ഞങ്ങളോട് കാണിച്ചിട്ടുള്ള കരുതലും സ്നേഹവും ഈയവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. ഈ രൂപതയുടെ വളർച്ചയിൽ ഇവിടുത്തെ വൈദികർ അഭിവന്ദ്യ പിതാവിനോടുചേർന്ന് പ്രവർത്തിച്ചിട്ടുണ്ട്. യോഹന്നാന്റെ സുവിശേഷം 15-ാംഅദ്ധ്യായത്തിൽ നമ്മൾ വായിക്കുന്നതുപോലെ മുന്തിരിച്ചെടിയും ശാഖകളും ചേർന്ന് പ്രവർത്തിക്കുമ്പോഴാണ് ഫലം പുറപ്പെടുവിക്കാൻ സാധിക്കുന്നത്. 2003-ൽ രൂപത ആരംഭിച്ചപ്പോൾ ഈ രൂപതയിലെ വൈദികർ അഭിവന്ദ്യ കൂറിലോസ് തിരുമേനിയോട് ചേർന്നു പ്രവർത്തിച്ച് ഈ രൂപതയുടെ അടിസ്ഥാനം ഉറപ്പിച്ചു. അഭിവന്ദ്യ ജൂലിയോസ് തിരുമേനി ഈ രൂപതയെ ഭൗതികമായും ആത്മീയമായും കൂടുതൽ പുരോഗതിയിലേക്ക് നയിച്ച പിതാവാണ് എന്ന് അഭിമാനത്തോടുകൂടി വൈദികരായ ഞങ്ങൾക്ക് പറയാൻ സാധിക്കും. അഭിവന്ദ്യ പിതാവ് ഈ രൂപതയ്ക്ക് നൽകിയിട്ടുള്ള എല്ലാ നന്മകളെയും, പ്രത്യേകിച്ച്, വൈദികരായ ഞങ്ങളോട് കാണിച്ചിട്ടുള്ള എല്ലാ സ്നേഹത്തെയും ആദരവിനെയും ഞങ്ങൾക്കു ചെയ്തുതന്നിട്ടുള്ള എല്ലാ നന്മകളെയും ഓർത്തുകൊണ്ട് എല്ലാ വൈദികരുടെയും നാമത്തിലുള്ള നന്ദിയും സ്നേഹവും കടപ്പാടും അഭിവന്ദ്യ പിതാവിനെ അറിയിക്കുന്നു.

ദൈവം കാലാകാലങ്ങളിൽ അനുയോജ്യരായ പിതാക്കന്മാരെ ദൈവജനത്തിന് നൽകുന്നു. അഭിവന്ദ്യ തെയഡോഷ്യസ് പിതാവ് ഒരു വർഷക്കാലം ഈ രൂപതയിൽ ശുശ്രൂഷ ചെയ്തുകഴിഞ്ഞു. അഭിവന്ദ്യ പിതാവിനെ ദൈവം പ്രത്യേകമായി നിയോഗിച്ച് ഈ രൂപതയിലേക്ക് അയച്ചതാണെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. ഈ രൂപതയിലെ എല്ലാ വൈദികരുടെയും സഹകരണവും പിന്തുണയും അഭിവന്ദ്യ പിതാവിന് ഉണ്ടായിരിക്കും. അഭിവന്ദ്യ പിതാവിന്റെയും രൂപതയിലെ വൈദികരുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഈ രൂപത ഇനിയും കൂടുതൽ വളരട്ടെ എന്ന് ഞാനാശംസിക്കുന്നു. ദൈവനാമം വാഴ്ത്തപ്പെടട്ടെ. ■



ആശംസ

**റവ. സി. ഗ്ലാഡിസ് SIC**
(മദർ പ്രൊവിൻഷ്യാൾ,
ബഥനി സിസ്റ്റേഴ്സ്, മൂവാറ്റുപുഴ)

# ചാരിതാർത്ഥ്യത്തോടെ പുതുയുഗത്തിലേക്ക് മൂവാറ്റുപുഴ ഭദ്രാസനം

മൂവാറ്റുപുഴ രൂപതയുടെ ദ്വിതീയമെത്രാൻ അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്ത തിരുസഭയുടെ കാനോനിക നിയമമനുസരിച്ച് തന്റെ അജപാലന ശുശ്രൂഷയിൽനിന്നും ഔദ്യോഗികമായി വിരമിക്കുകയും ഒപ്പം രൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് പുതിയ ദൗത്യവുമായി സ്ഥാനാരോഹണം ചെയ്യപ്പെടുകയുമാണ്. ഈ അവസരത്തിൽ നന്ദി നിറഞ്ഞ ഹൃദയത്തോടും ഏറെ സ്നേഹത്തോടും ബഥനി



മക്കൾ അഭിവന്ദ്യ പിതാക്കൻമാർക്ക് പ്രാർത്ഥനാപൂർവ്വം എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



അഭിവന്ദ്യ മാർ ജൂലിയോസ് പിതാവിന്റെ കാലഘട്ടം ചാരിതാർത്ഥ്യത്തോടുകൂടി മാത്രമേ അനുസ്മരിക്കുവാൻ സാധിക്കുകയുള്ളു. ദീർഘവീക്ഷണത്തോടുകൂടിയുള്ള അഭിവന്ദ്യ പിതാവിന്റെ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. ദൈവവചനത്തിലധിഷ്ഠിതമായ അഭിവന്ദ്യ പിതാവിന്റെ പ്രഭാഷണങ്ങൾ ദൈവജനത്തെ പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക് നയിച്ചു എന്ന് നിസംശയം പറയാൻ സാധിക്കും. ദൈവസ്നേഹത്തിലധിഷ്ഠിതമായ ഓരോ ചുവടുവയ്പ്പും രൂപതയെ അഭിവൃദ്ധിയുടെ പടവുകളിലേക്ക് നയിച്ചു. വന്ദ്യ പിതാവിന്റെ ശ്രേഷ്ഠമായ ശുശ്രൂഷകൾ ദൈവമക്കൾക്കെന്നും അനുഗ്രഹമായി ഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ശ്രേഷ്ഠാചാര്യ പദവിയിൽനിന്നും വിരമിക്കുന്ന അഭിവന്ദ്യ പിതാവിനെ സംബന്ധിച്ച് ഉണ്ണീശോയെ കരങ്ങളിലെടുത്ത് പ്രാർത്ഥിക്കുന്ന ശിമയോന്റെ പ്രാർത്ഥന ഏറെ അന്വർത്ഥമാണ്. ''കർത്താവെ അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമെ''. അഭിവന്ദ്യ പിതാവിന്റെ വിശ്രമജീവിതം അനേകർക്ക് ആശ്വാസവും, സന്തോഷവും, അനുഗ്രഹവുമായി തീരുവാൻ, വചനത്തിന്റെ ചുരുളുകൾ പിതാവിലൂടെ പങ്കുവയ്ക്കപ്പെടുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു; ആശംസിക്കുന്നു.



ഏറെ പ്രതീക്ഷകളുമായി പുതിയ ശ്രേഷ്ഠാചാര്യൻ ദൗത്യം ആരംഭിക്കുന്ന ഈ വേളയിൽ സർവ്വശക്തനായ ദൈവം പിതാവിനെ നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ വാക്കുകളും പ്രവർത്തനങ്ങളും ഏറെ ആകർഷണീയമാണ്. ദീർഘകാലത്തെ വിവിധ മേഖലകളിലുള്ള പിതാവിന്റെ ഭരണപരിചയസമ്പത്ത് മൂവാറ്റുപുഴ രൂപതയ്ക്ക് പുതിയ ഊർജ്ജം നൽകുമെന്നതിൽ സംശയമില്ല. വ്യക്തിബന്ധങ്ങളിലൂടെ നൂതന സരണികൾ വെട്ടിതുറക്കാനുള്ള വന്ദ്യപിതാവിന്റെ കഴിവ് ദൈവത്തിന്റെ പ്രത്യേക കൃപയായികാണുന്നു. മോശയെ പോലെ പിതാവിന്റെ കരങ്ങൾ എന്നും ഉയർന്നിരിക്കട്ടെ. ജോഷ്വായെ പോലെ മൂവാറ്റുപുഴ രൂപതയിലെ ദൈവജനത്തെ നയിക്കുവാൻ സർവ്വശക്തനായ ദൈവം വന്ദ്യ പിതാവിന്റെ കൂടെ എപ്പോഴും വസിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അഭിവന്ദ്യ പിതാക്കൻമാർക്ക് എല്ലാവിധമായ ദൈവാനുഗ്രഹങ്ങളും പരിശുദ്ധാത്മാവിന്റെ നിറവിൽ വ്യാപരിക്കുവാനുള്ള കൃപയും ലഭിക്കുമാറാകട്ടെ എന്ന് പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

■

മറുപടി പ്രസംഗം



# ശുശ്രൂഷാ പൗരോഹിത്യം

## കൈമാറ്റം ചെയ്യപ്പെടേണ്ടത്

മോസ്റ്റ് റവ. ഡോ. ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്ത

അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി ഈ കുർബാന മദ്ധ്യേ സൂചിപ്പിച്ചതുപോലെ ഞാൻ തിരഞ്ഞെടുത്ത ആപ്ത വാക്യം 'നിന്റെ വലതുകരം എന്നെ കൈപിടിച്ച് നടത്തും' എന്നുള്ളതാണ്. പതിനൊന്ന് വർഷവും നാലുമാസവും കഴിഞ്ഞ് ഞാനിവിടെ നിൽക്കുമ്പോൾ ഈ വചനം ശക്തമായ രീതിയിൽ എന്നെ അനുധാവനം ചെയ്തു എന്ന് എനിക്ക് പറയാൻ സാധിക്കും. ദൈവത്തിന്റെ കരം എന്ന് പറയുന്നത് പരിശുദ്ധാത്മാവാണ്. വേനി ക്രെയാത്തോർ സ്പിരിത്തൂസ് (*Veni creator Spiritus*) എന്ന ലത്തീൻ ഗീതത്തിൽ പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുന്നത് ദിജിത്തൂസ് പത്തേർണേ (*digitus Paternae*) പിതാവായ ദൈവത്തിന്റെ വിരൽ എന്നാണ്. കരവും വിരലും പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളാണ്. അപ്പസ്തോലികസഭയിൽ അപ്പസ്തോലൻമാരോടൊപ്പം പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവാണ്. എല്ലായിടത്തും പുറപ്പെട്ട് ചെന്ന് സുവിശേഷമറിയിച്ച ശ്ലീഹൻമാരോടൊപ്പം കർത്താവിന്റെ കരം പ്രവർത്തിച്ചു. ദൈവത്തിന്റെ കരവും നമ്മുടെ കരങ്ങളും ചേരുമ്പോഴാണ് സഭയിൽ വളർച്ച ഉണ്ടാകുന്നത്.

അറുപത്തിരണ്ടര വയസിലാണ് ഞാൻ മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെട്ടത്. പഴയ രീതിയിൽ അറുപതാം വയസ്സിൽ ഷഷ്ടിപൂർത്തി ആഘോഷിക്കുമ്പോൾ വൃദ്ധൻമാരുടെ പട്ടികയിൽ ചേർക്കപ്പെടുകയാണ്. അഭിവന്ദ്യ ബാവാ തിരുമേനിയുടെ കാലത്താണ് പിതാവും സൂന്നഹദോസും ചേർന്ന് എന്നെ മെത്രാനായി തിരഞ്ഞെടുത്തതും, പിതാവ് തന്നെയാണ് ഈ മൈതാനത്തുവച്ച് എന്നെ മെത്രാനായി അഭിഷേകം ചെയ്തതും. അഭിവന്ദ്യ ക്ലീമിസ് കാതോലിക്കാ ബാവാ പുരോഹിതനായിട്ട് ഇന്നലെ 34 വർഷം പൂർത്തീകരിച്ചു. ഞാൻ പുരോഹിതനായിട്ട് 49 വർഷം കഴിഞ്ഞു. പൗരോഹിത്യ ശുശ്രൂഷയിൽ യാത്രപറച്ചിൽ ഒരു പുതുമയുള്ള കാര്യമല്ല. ഓരോ പള്ളിയിൽ സാധാരണ മൂന്ന് വർഷത്തേക്കാണ് ഒരു വൈദികൻ നിയോഗിക്കപ്പെടുന്നത്. ഞാനിരുന്ന ചില പള്ളികളിൽ ഏഴര വർഷംവരെ ഇരുന്നിട്ടുണ്ട്. നാം ഇങ്ങനെ യാത്ര പറഞ്ഞ് മുമ്പോട്ട് പോകുന്നവരാണ്. അവസാനം ഒരു Good-bye ഉണ്ട്; 'സൽബസ്ളോമ്മോ'. അവിടം വരെ യാത്രപറച്ചിൽ ആണ്. ഒരാളെ അഭിവാദനം ചെയ്യുമ്പോഴും യാത്ര പറയുമ്പോഴും ബൈബിളിൽ ഉപയോഗിക്കുന്ന വാക്ക് 'ഹായ്റേ' അല്ലെങ്കിൽ 'ഹായ്റേത്തേ' (Rejoice) എന്നാണ്. ഞാൻ യാത്ര പറയുമ്പോഴും Good-bye പറയുന്നതിന് പകരം rejoice എന്ന് മാത്രമാണ് പറയാൻ ആഗ്രഹിക്കുന്നത്. എന്റെ യാത്രപറച്ചിലിൽ അനേകരോടൊപ്പം ഞാനും സന്തോഷിക്കുന്നു.



ഒരുലക്ഷത്തിഇരുപതിനായിരം മനുഷ്യർ ഒരു മതിലിനുള്ളിൽ വസിച്ചിരുന്ന ഒരു വലിയ പട്ടണമായിരുന്നു നിനെവേ. വലത്തും ഇടത്തതും ഏതാണെന്ന് അറിയാത്തവരായിരുന്നു അവിടുത്തെ മനുഷ്യർ. ഇന്നത്തെ ആധുനിക സമൂഹത്തിന്റെ സ്ഥിതിയും അതാണ്. They do not know what is right and what is wrong. Right and left എന്ന് പ

റഞ്ഞാൽ right and wrong എന്നാണ്. നന്മയേത് തിന്മയേത് എന്നറിയാൻ വയ്യാത്ത ഒരു വലിയ ആശയക്കുഴപ്പത്തിലാണ് നമ്മുടെ സമൂഹവും ഒര ളവിൽവരെ നമ്മുടെ സഭയും. അതിനാൽ ഒരു നി ലപാട് എടുക്കേണ്ടത് സഭയുടെ ആവശ്യമാണ്. തെറ്റും ശരിയും ഏതെന്ന് സഭാനേതൃത്വത്തിലു ള്ളവർ തറപ്പിച്ച് പറയേണ്ട കാലഘട്ടമാണിത്.

വിശ്രമം അറിയാത്ത ഒരു ജീവിതശൈലിയാ യിരുന്നു എന്റേത്. വിശ്രമം എന്ന് പറയുമ്പോൾ ശ്രമം ഇല്ലാത്ത സമയം എന്നാണല്ലോ. എന്റെ വിശ്രമജീവിതത്തിനുവേണ്ടി ഞാൻ ബോധപൂർവ്വം ഒരുങ്ങിയിട്ടുണ്ട്. പ്രധാനമായും ഞാൻ സമയം ചിലവഴിക്കുന്നത് പുസ്തകങ്ങളോടൊപ്പമാണ്. ബൈബിൾ പുസ്തകങ്ങളുടെ ഒരു വലിയ ശേഖരം എന്റെ ലൈബ്രറിയിൽ ഉണ്ട്. സമയമെടുത്ത് ഈ കാര്യങ്ങളൊക്കെ പഠിക്കുകയും പഠിപ്പിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യണമെന്നാണ് ഞാൻ എപ്പോഴും ആഗ്രഹിച്ചിരുന്നത്. അതിനാൽ എനി ക്കൊരിക്കലും ഏകാന്തത അനുഭവപ്പെടുകയില്ല. ഇത്തരം ചെറിയ ശുശ്രൂഷകൾ മൂവാറ്റുപുഴ രൂപ തയിലും നമ്മുടെ സഭയിലെ മറ്റ് രൂപതകളിലും ചെയ്യാൻ ഞാൻ സന്നദ്ധനാണ്. ഒരു മെത്രാന്റെ ശുശ്രൂഷ വിരമിക്കലോടുകൂടി തീരുന്നില്ല. അത് തീരുന്നത് കബറടക്കത്തോടുകൂടി മാത്രമാണ്. അതുവരെയും നമ്മൾ ശ്രമിച്ചുകൊണ്ടു തന്നെയിരി ക്കണം. ജർമ്മൻ ഭാഷയിൽ ഒരു ചൊല്ലുണ്ട് 'besser ausbrennen als ausrosten' (better burn out than rust out). തുരുമ്പ് പിടിച്ച് ഇല്ലാതാകുന്നതിനേക്കാൾ മെച്ചമാണ് കത്തിയെരിഞ്ഞ് തീരുന്നത്. പ്രവർത്ത നക്ഷമതയോടുകൂടി മുമ്പോട്ട് പോവുക.

ഒരു ധ്യാനഗുരു വൈദികരുടെ ധ്യാനത്തിൽ പറഞ്ഞു, നമുക്ക് മുൻപോട്ടാണ് രണ്ടു കണ്ണുകളും. മുൻപിൽ ഉള്ളതിനെയേ കാണാൻ സാധിക്കുക യുള്ളൂ. പുറകിലുള്ളത് കാണാൻ കഴിയുകയില്ല. അതുകൊണ്ട് നിന്റെ പുറകിൽ എന്തുണ്ട് എന്നു ള്ളത് പുറകിൽനിന്ന് നിന്നെ നോക്കുന്നവർക്ക് മാത്രമേ വിധിക്കാൻ പറ്റു. വിമർശനം എന്ന് പ റയുന്നത് നമുക്ക് കാണാൻ സാധിക്കാത്ത ഒരു വശം വേറൊരാൾ കാണുന്നതാണ്. പക്ഷേ ചിലർ എന്റെ പുറകിൽ മാത്രമേ നോക്കാറുണ്ടായിരുന്നു ള്ളു. എന്റെ മുന്നിലും കൂടി ഒന്ന് നോക്കണം എന്ന് അഭ്യർത്ഥിക്കണമെന്ന് എനിക്ക് തോന്നിയിട്ടുണ്ട്.

ശുശ്രൂഷാപൗരോഹിത്യം ആരും കൈയിൽ ഒതുക്കുന്നതല്ല. അത് കൈമാറ്റം ചെയ്യപ്പേടേണ്ടതാ ണ്. അഹറോൻ അവന്റെ ശുശ്രൂഷ കഴിഞ്ഞപ്പോൾ ദൈവം പറഞ്ഞു: ഇനി നീ അടുത്ത ആൾക്ക് കൈ മാറുക. അതുകൊണ്ട് ഈ അധികാരകൈമാറ്റം അപ്പസ്തോലിക ശുശ്രൂഷയുടെ അവിഭാജ്യമായ ഒരു ഘടകമാണ്.

അഭിവന്ദ്യ തെയോഡോഷ്യസ് പിതാവിനെ ക്കുറിച്ച് ബാംഗ്ലൂർ CBCI നടന്ന അവസരത്തിൽ കാതോലിക്കാ ബാവാ തിരുമേനി എന്നെ മുറിയി ലേക്ക് വിളിച്ച് ചോദിച്ചു: ''പിതാവിന്റെ retirement age ഒക്കെ ആകുന്നല്ലോ; ആരെയാണ് പിതാവിന്റെ പിൻഗാമിയായിട്ട് നിർദ്ദേശിക്കുക?'' ഞാൻ പറഞ്ഞു: ''നിർദ്ദേശം എന്റേതല്ല, അത് സൂനഹദോസിന്റേതാ ണ്''. ബാവാ തിരുമേനി തുടർന്ന് ചോദിച്ചു: ''തെയ ഡോഷ്യസ് പിതാവിനെ അങ്ങോട്ട് വിട്ടാൽ എങ്ങി നെയുണ്ടാകും?'' ഞാൻ പറഞ്ഞു: ''തീർച്ചയായും ഞാനും ആ രൂപതയും സന്തോഷത്തോടുകൂടി



അദ്ദേഹത്തെ സ്വീകരിക്കും.'' ആ വാക്കുകൾ ഏക ദേശം ഒന്നേകാൽ വർഷങ്ങൾക്കുശേഷം ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുകയാണ്. അഭിവന്ദ്യ തെയ ഡോഷ്യസ് പിതാവിനെ ഏകദേശം മുപ്പത് വർ ഷക്കാലമായി അടുത്തറിയാം. അദ്ദേഹത്തിന്റെ കഴിവുകൾ, മാനുഷികമായ മുഖവും നയവും, സ്വതസിദ്ധമായ പ്രവർത്തനശൈലി, പ്രാർത്ഥനാ ജീവിതം, സംഗീതത്തിലുള്ള പ്രാവീണ്യം, മനു ഷ്യരോട് ബന്ധപ്പെടാനുള്ള പ്രത്യേകമായ കഴിവ് ഇവയൊക്കെ അദ്ദഹത്തിന്റെ മുഖമുദ്രകളാണ്. ഈ ഭദ്രാസനത്തെ ശുശ്രൂഷിക്കുവാൻ അദ്ദേഹത്തിനി



നിയും നീണ്ട പതിനഞ്ചു വർഷങ്ങളുണ്ട്. ദീർഘമായ ഈ ശുശ്രൂഷാകാലം ദൈവത്തിന്റെ പ്രത്യേകമായ പരിശുദ്ധാത്മകൃപയാൽ അനുഗ്രഹകരമാകട്ടെ. അദ്ദേഹത്തിന്റെ വലിയ നേതൃത്വത്തിൽ ഈ രൂപത ഉത്തരോത്തരം പുരോഗമിക്കട്ടെ എന്ന് മാത്രമേ എനിക്ക് ആശംസിക്കുവാനും പ്രാർത്ഥിക്കുവാനും ഉള്ളു. ഇന്നലെവരെ അദ്ദേഹം ഞാൻ പറയുന്നതുപോലെ ചെയ്തിരുന്നു. ഇന്നു മുതൽ അദ്ദേഹം പറയുന്നതുപോലെ ആയിരിക്കും ഞാൻ ചെയ്യുക. ഒരു കാര്യം എനിക്ക് പറയാൻ ഉണ്ട്. ഞാൻ പണിത ഈ പള്ളിയിൽ ഇതിന് താഴെ കബർ ക്രമീകരിച്ചിട്ടുണ്ട്. ഞാൻ കാലംചെയ്യുമ്പോൾ എന്നെ ഈ പള്ളിയിൽ ത്തന്നെ അടക്കണം എന്നതാണ് എന്റെ അഭിലാഷം.

അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ മുൻകൂർ അനുവാദത്തോടുകൂടി എന്റെ അടുത്തിരുന്ന തെയോഫിലോസ് തിരുമേനിയോട് ഞാനൊരു കാര്യം പറഞ്ഞിട്ടുണ്ട്. യാക്കോബായ സഭയിലോ ഓർത്തഡോക്സ് സഭയിലോ ശുശ്രൂഷകൾ നടത്താൻ, കൂദാശകൾ നടത്താൻ എവിടെയെങ്കിലും ഒരു തടസ്സം നേരിട്ടാൽ മൂവാറ്റുപുഴ രൂപതയിലെ എല്ലാ പള്ളികളും അവർക്ക് സ്വതന്ത്രമായി ഉപയോഗിക്കാം. ഏതെങ്കിലും കാരണവശാൽ യാക്കോബായ സഭാംഗങ്ങളോ ഓർത്തഡോക്സ് സഭാംഗങ്ങളോ പെരുവഴിയിലോ പന്തലിലോ വിശുദ്ധ കുർബാന ചൊല്ലാൻ ഇടയാകരുത്. കൂദാശ ചെയ്യപ്പെട്ട പള്ളികൾ നമ്മൾ അവർക്കായി തുറന്ന് കൊടുക്കണം. എല്ലാ ഇടവകക്കാരുടെയും അറിവിലേക്കാണ് ഞാൻ ഇക്കാര്യം പൊതുവായി പറയുന്നത്.



എന്നെ ശ്രവിച്ചവർക്ക്, എന്നെ ഇത്രനാളും താങ്ങിയവർക്ക്, എന്നോട് സഹകരിച്ചവർക്ക്, പ്രത്യേകിച്ച് വൈദികസമൂഹത്തിന്, ദൈവജനത്തിന്, നമ്മുടെ സന്യസ്തർക്ക് എല്ലാവർക്കും ഒരിക്കൽകൂടി നന്ദി പറഞ്ഞുകൊണ്ട് ഞാൻ വിടവാങ്ങുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

■

മറുപടി പ്രസംഗം



# ഒരുമയോടെ
# സാക്ഷ്യ വീഥികളിലേക്ക്

**മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത**

ദൈവതിരുനാമത്തിന് മഹത്ത്വമുണ്ടായിരിക്കട്ടെ. പരിശുദ്ധാത്മാവ് അഗ്നിയായി നിറവോടെ പരിലസിക്കുന്ന പെന്തിക്കോസ്തിക്കാലത്ത്, തിരുഹൃദയവണക്കത്തിനായി പ്രത്യേകം നീക്കിവച്ച ഈ ജൂൺ മാസത്തിൽ, തിരുഹൃദയത്തണലിൽ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ഇടയസ്ഥാനമേൽക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇക്കഴിഞ്ഞ ദിവസം ഉത്തരേന്ത്യയിൽനിന്ന് വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ച ഒരു ബിഷപ്പിന്റെ കത്ത് എനിക്ക് ലഭിച്ചു. മൂന്നു വാചകങ്ങളാണ് ആ കത്തിന്റെ ഉള്ളടക്കം. "Bishopji, I remind you. This is not a dignity, but a service. Bishopji, it is not really installation, but it is annihilation or *Kenosis*. It is not enthronement, but crowning of thorns". തന്റെ ജീവിതാനുഭവത്തിൽനിന്ന് അദ്ദേഹം എഴുതിയ ഈ കത്ത് ഫ്രെയിം ചെയ്തു വയ്ക്കത്തക്ക രീതിയിൽ ഞാൻ സൂക്ഷിച്ചിട്ടുണ്ട്. ഒരു ശ്രേഷ്ഠ പുരോഹിത ജീവിതത്തിന്റെ അടിസ്ഥാനങ്ങളും ദർശനങ്ങളും ആഴങ്ങളുമൊക്കെ ഈ വാക്കുകളിലുണ്ട്. പക്ഷേ, ഇവിടെയൊക്കെ എനിക്ക് ശക്തി പകരുന്നത് എന്റെ ആപ്തവാക്യമാണ്: 'ദൈവത്തിന്റെ കരുണ സർവ്വപ്രധാനം'. മലങ്കര സുറിയാനി ആരാധനാക്രമത്തിലെ ഖണ്ഡിപ്പിന്റെ ശുശ്രൂഷാസമയത്ത് പുരോഹിതൻ ഇപ്രകാരം രഹസ്യമായി പ്രാർത്ഥിക്കുന്നു: ''എന്റെ കടങ്ങളും പാപങ്ങളും നോക്കുമ്പോൾ അങ്ങേ കരുണ പർവ്വതങ്ങളേക്കാൾ ഭാരമുള്ളതാണ്.'' ദൈവത്തിന്റെ കരുണ പർവ്വതങ്ങളേക്കാൾ ഭാരമുള്ളതാണ് എന്നോർക്കുമ്പോൾ, എന്റെ ബലഹീനതയും എന്റെ മറ്റു പോരായ്മകളൊന്നും എന്നെ അശക്തനാക്കുന്നില്ല, ശക്തനാക്കുന്ന ദൈവം കൂടെയുണ്ട് എന്ന ബോദ്ധ്യമാണ് ലഭിക്കുന്നത്.

നന്ദി പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. ഇനിയുള്ള ജീവിതം നന്ദിയുടേതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ജന്മം തന്ന മാതാവിനും പിതാവിനും, താങ്ങും തണലുമായിരിക്കുന്ന സഹോദരങ്ങൾക്കും സ്നേഹത്തിൽ പൊതിഞ്ഞ ബന്ധുമിത്രാദികൾക്കും നാട്ടുകാർക്കും സ്വന്തം ഇടവകക്കാർക്കും വികാരി അച്ചൻമാർക്കും, ദൈവതിരുനാമത്തിൽ നന്ദി അർപ്പിക്കുന്നു.

എന്നെ സൺഡേസ്കൂളിലും എൽ.കെ.ജി. മുതൽ ബിരുദാനന്തര ബിരുദം വരെ സ്കൂളുകളിലും സെമിനാരികളിലും പഠിപ്പിച്ച, എനിക്കു വെളിച്ചമായിരുന്ന എന്റെ ഗുരുഭൂതരുടെ പാദങ്ങളിൽ ഞാൻ താണുവണങ്ങുന്നു.

സഭയുടെ ഉന്നത നേതൃത്വത്തിൽ ആയിരിക്കുന്ന ഫ്രാൻസിസ് മാർപാപ്പയോടും പൗരസ്ത്യ തിരുസംഘത്തോടും അതോടൊപ്പം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ സുന്നഹദോസിനോടുമുള്ള നന്ദിയും ആദരവും വിധേയത്വവും അറിയിക്കുന്നു.



പൂർവ്വസൂരികളുടെ ഒരു നിര എന്റെ മുന്നിലുണ്ട്. മാർ ഈവാനിയോസ് പിതാവിനെ കാണാൻ കൊതിക്കുന്ന ഒരു മനസ്സ്, കേൾക്കാൻ കൊതിക്കുന്ന ഒരു കാത് എപ്പോഴും എനിക്ക് ഉണ്ടായിരുന്നു. സ്വർഗ്ഗത്തിൽ അദ്ദേഹത്തെ കാണുമെന്ന വലിയ പ്രത്യാശ മനസ്സിലുണ്ട്. മാർ ഗ്രീഗോറിയോസ് തിരുമേനി എന്നെ സെമിനാരിയിലെടുത്തു. വൈദികാഭിഷേകം നൽകി. ആറു വർഷം അദ്ദേഹത്തിന്റെ സെക്രട്ടറിയായി നിയമിച്ചു. ഉപരിപഠനത്തിനയച്ചു. എന്നെ ഞാനാക്കിയ മഹത് വ്യക്തിയാണ് അഭിവന്ദ്യ പിതാവ്. സഭയുടെ അടിസ്ഥാനങ്ങളെ ബലപ്പെടുത്താനും സ്നേഹിക്കാനും എന്നെ ഏറെ പഠിപ്പിച്ച് എനിക്ക് മാർഗ്ഗനിർദ്ദേശം നൽകിയ ആദ്യത്തെ കാതോലിക്കാ ബാവാ സിറിൾ ബസേലിയോസ്. ഈ പൂർവ്വ സൂരികളെ നന്ദിയോടെ ഓർത്തു അവരുടെ പാദങ്ങളിൽ ഞാൻ വണങ്ങുന്നു.

പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സ് മലങ്കരസുറിയാനി കത്തോലിക്കാ സഭയ്ക്ക് പകരം വയ്ക്കാനില്ലാത്ത ഒരു ആത്മീയ നേതൃത്വമാണ്. ചങ്ക് പിളർന്ന് നൽകുന്ന കരുതലും സ്നേഹവും പിതാ

വിൽനിന്ന് അനുഭവിച്ചവർ ഏറെയുണ്ട്. പാവങ്ങളെ മാത്രമല്ല, കൂടെ നിൽക്കുന്നവരെ ഹൃദയം കൊടുത്ത്, നെഞ്ചോടുചേർത്ത് സ്നേഹിക്കാൻ ഇത്ര വലിയൊരു ഹൃദയം ദൈവം നൽകിയ ഈയൊരു നേതൃത്വം മലങ്കരസഭയുടെ അനുഗ്രഹമാണ്, മലങ്കര സഭയുടെ അഭിമാനമാണ്. എനിക്ക് മേൽപട്ടസ്ഥാനം നൽകി എന്നെ മൂവാറ്റുപുഴ ഭദ്രാസനത്തിലേക്ക് നിയോഗിച്ചു. ഇന്നലെയും ഇന്നുമായി ഈ മഹനീയ സാന്നിദ്ധ്യം കൊണ്ടനുഗ്രഹിച്ചു. അദ്ദേഹത്തോടുള്ള വിധേയത്വം ഒന്നുകൂടി ഏറ്റു പറഞ്ഞുകൊണ്ട് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു.

സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരിൽ



കർദ്ദിനാൾ തിരുമനസ്സുകൊണ്ട് വൈദികനായി P.O.C. യിൽ ശുശ്രൂഷിക്കുന്ന കാലം മുതലേ എനിക്ക് അറിയാം. പ്രതിസന്ധികളിൽ പതറാതെ, തമ്പുരാനോട് ചേർന്ന് അതിനെയൊക്കെ അതിജീവിക്കാൻ കരുത്തുള്ള ഒരു ആത്മീയ നേതൃത്വമാണ് അഭിവന്ദ്യ പിതാവിന്റേത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം സീറോ മലബാർ സഭയെ മുഴുവനും പ്രതിനിധാനം ചെയ്യുന്നുവെന്ന് ഞാൻ തിരിച്ചറിയുന്നു. ഈ ഭദ്രാസനത്തിന്റെ പേരിലുള്ള, മലങ്കര കത്തോലിക്കാ സഭയുടെ പേരിലുള്ള അകൈതവമായ നന്ദി കർദ്ദിനാൾ തിരുമേനിയെ അറിയിക്കുന്നു.

കാലത്തിനു മുകളിൽ പറക്കാൻ ചിറകുള്ള, മനസ്സുള്ള, ശക്തിയുള്ള ഒരു മീവൽപ്പക്ഷിയാണ് ഏബ്രഹാം മാർ ജൂലിയോസ്. അദ്ദേഹത്തെ മനസ്സിലാക്കാൻ ഇനിയും കാലങ്ങൾ കഴിയും. അദ്ദേഹത്തിന്റെ ചിന്തകൾക്കും കാലുകൾക്കും ചിറകുകളുമുണ്ട്. അദ്ദേഹം സ്വപ്നം കാണുന്നത് ചെറിയ കാര്യങ്ങളല്ല. വലിയ കാര്യങ്ങൾ ചെയ്യാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു ആത്മീയ നേതൃത്വമാണ്. ഇക്കഴിഞ്ഞ ഒരു വർഷമായി അദ്ദേഹത്തിന്റെ നിഴലായി ഞാൻ കൂടെ നടന്നപ്പോൾ അത് പഠിക്കാനും തിരിച്ചറിയാനും കഴിഞ്ഞു. നിരന്തരമായ പ്രാർത്ഥനയുടെ ഒരു ഭാവം, ആരാധനക്രമങ്ങളോടുള്ള ആത്മാർത്ഥത, ദീർഘവീക്ഷണത്തോടുകൂടെയുള്ള പ്രവർത്തനങ്ങൾ, വിശ്രമമില്ലാത്ത ജീവിതശൈലി ഇവയൊക്കെ എനിക്കേറെ പ്രചോദനമാണ്. വന്ദ്യ പിതാവ് തുടങ്ങിവച്ച കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള കൃപയ്ക്കായി ഞാൻ പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ ആത്മീയ നേതൃത്വം, സാന്നിദ്ധ്യം എനിക്ക് എപ്പോഴും താങ്ങായിരിക്കും, തണലായിരിക്കും. നന്ദി പറഞ്ഞു തീർക്കുന്നില്ല. തുടർന്നും ഞങ്ങൾ നന്ദിയോടെ, സ്നേഹത്തിൽ പരസ്പരം സംവദിച്ചും കണ്ടും കേട്ടും ജീവിക്കാമെന്ന് ഉറപ്പ് നൽകുന്നു.

പേരെടുത്തു നന്ദി പറയാൻ അനേകർ ഇവിടെ ഉണ്ട്. അതെങ്ങനെയാണ് സാധിക്കുക എന്നറിയില്ല. അഭിവന്ദ്യ പിതാക്കൻമാരുടെ പേരുകൾ വായിക്കുക മാത്രം ചെയ്യുന്നു. മാർ മാത്യു അറയ്ക്കൽ, മാർ ജോസ് പുളിക്കൽ, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ടോണി നീലങ്കാവിൽ, മാർ ജോർജ്ജ് പുന്നക്കോട്ടിൽ, മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ, ഡോ. സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ, ഡോ. ജെയിംസ് ആനാപറമ്പിൽ, ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്താ, തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ, കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത, ഇവിടെ സന്നിഹിതരായ എല്ലാ പിതാക്കൻമാരെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പിതാക്കൻമാരെയും ദൈവതിരുസന്നിധിയിൽ സ്മരിച്ചുകൊണ്ട്, അവരോടുള്ള എന്റെ നന്ദി അറിയിക്കുന്നു.

നമ്മുടെ നാടിന്റെ അനിഷേധ്യ നേതാവായ ശ്രീമാൻ ഡീൻ കുര്യാക്കോസ് ഇവിടെ സന്നിഹിതനാണ്. അദ്ദേഹത്തിന്റെ പുതിയ സ്ഥാനലബ്ധിയിൽ മൂവാറ്റുപുഴ ഭദ്രസനത്തിനും ഇവിടെ കൂടിയിരിക്കുന്ന എല്ലാവർക്കുമുള്ള സന്തോഷം അറിയിച്ചു കൊണ്ട് പുതിയ സ്ഥാനലബ്ധി നാടിനും നമ്മുടെ സമൂഹത്തിനും വിശിഷ്യാ ഞങ്ങളുടെ സഭയ്ക്കും അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥിച്ചു

കൊണ്ട് ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. ഇവിടെ സന്നിഹിതരായിരിക്കുന്ന അഭിവന്ദ്യരായ വികാരി ജനറൽ അച്ചൻമാർ, സുപ്പീരിയർ ജനറൽസ്, പ്രൊവിൻഷ്യൽസ്, കോർ എപ്പിസ്ക്കോപ്പാമാർ, വൈദികർ, സന്ന്യസ്തർ, സിസ്റ്റേഴ്സ്, വൈദിക വിദ്യാർത്ഥികൾ, ഇവരോടെല്ലാമുള്ള ഹൃദയം നിറഞ്ഞ നന്ദി ഒറ്റവാക്കിൽ അറിയിക്കുകയാണ്.

വളരെ ദൂരം ത്യാഗം സഹിച്ചു വന്ന വൈദികരെയും അല്മായ സഹോദരങ്ങളെയും പ്രത്യേകിച്ച് മാതൃ ഇടവകയിൽ നിന്ന്, മാതൃ രൂപതയിൽ നിന്ന്, മറ്റ് രൂപതകളിൽ നിന്ന് ത്യാഗപൂർവ്വം കടന്നു വന്ന എല്ലാ അൽമായ പ്രേഷിതരെയും ഓർത്തു ദൈവ തിരുമുമ്പിൽ നന്ദിയർപ്പിക്കുന്നു.

മൂവാറ്റുപുഴ ഭദ്രാസനത്തിലെ വൈദികരേ, സന്യസ്തരേ, അല്മായ പ്രേഷിതരേ, ഞാനിവിടെ നിങ്ങളോടു കൂടെ ജീവിക്കുവാൻ, ആയിരിക്കുവാൻ നിയോഗം ലഭിച്ച വ്യക്തിയാണ്. ദൈവം ആയുസ്സ് നൽകുന്ന ദിവസങ്ങൾവരെ ഞാൻ ഇവിടെ ഉണ്ടാകും. അഭിവന്ദ്യ പിതാക്കന്മാർ സൂചിപ്പിച്ചതുപോലെ എന്റെ മനസ്സും എനിക്കുള്ളതും സർവ്വതും ഈ രൂപതയ്ക്കു വേണ്ടി, ഇതിന്റെ വളർച്ചയ്ക്കു വേണ്ടി ഉപയോഗിക്കുമെന്ന് നിങ്ങളുടെ മുന്നിൽ വാഗ്ദാനം ചെയ്യുകയാണ്.

പ്രിയപ്പെട്ട പ്രേഷിതരേ, ദൈവജനമേ, മോശയുടെ കൈ ഉയർത്തിവച്ച് ജനം വിജയം കണ്ടതുപോലെ നിങ്ങളുടെ പ്രാർത്ഥന കൊണ്ട് എന്റെ കൈ ഉയർത്തുമെങ്കിൽ, അഹറോനെപ്പോലെ കൂടെനിന്ന് വൈദികസഹോദരങ്ങൾ സഹായിക്കുമെങ്കിൽ, സന്യസ്തർ എന്നെ അനുഗ്രഹിക്കുമെങ്കിൽ നമുക്ക് ഈ മൂവാറ്റുപുഴ ഭദ്രാസനം മലങ്കര കത്തോലിക്കാ സഭയുടെ ഒരു വലിയ സാക്ഷ്യമായി രൂപപ്പെടുത്താൻ കഴിയുമെന്ന് ഞാൻ ഉറപ്പു നൽകുന്നു. അതിന് നമുക്കൊരുമിച്ച് പ്രവർത്തിക്കാം, മുന്നോട്ടു പോകാം. പങ്കുവച്ച്, പരസ്പരം സംവദിച്ച്, പരസ്പരം ബഹുമാനിച്ച്, ആദരിച്ച് മുന്നേറാൻ സർവ്വശക്തനായ ദൈവം നമുക്ക് കരുത്ത് നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഇന്നത്തെ ഈ മീറ്റിംഗിന്, ഇന്നത്തെ പരിപാടികൾക്കെല്ലാം വിവിധ കമ്മിറ്റികൾ രൂപപ്പെടുത്തിയിരുന്നു. അതിന്റെയെല്ലാം കോ-ഓർഡിനേറ്ററായി വർത്തിച്ചത് രൂപതയുടെ വികാരി ജനറാൾ ആയ മോൺ. കുന്നുംപുറത്തച്ചനാണ്. അച്ചന്റെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ നിരന്തരം ത്യാഗോജ്ജ്വലമായി ശുശ്രൂഷ ചെയ്തതിന്റെ വെളിച്ചമാണ് നാമിവിടെ അനുഭവിക്കുന്നത്. ഓരോരുത്തരുടെയും പേരെടുത്ത് പറയുന്നില്ല. ഇതിനുവേണ്ടി നേതൃത്വം വഹിച്ച എല്ലാവരെയും ഏതെങ്കിലും രീതിയിൽ സഹായിച്ച എല്ലാ കമ്മിറ്റികളെയും ഓർത്ത് എല്ലാവരുടേയും പേരിൽ നന്ദിയർപ്പിക്കുന്നു.

കൂരിയാ മെമ്പേഴ്സ് സാബു മുളകുകൊടിയിലച്ചൻ, തോമസ് ഞാറക്കാട്ടച്ചൻ, കുര്യാക്കോസ് കറുത്തേടത്തച്ചൻ, പോൾ കാരാമേൽ കോയിക്കലച്ചൻ, ഗായകസംഘാംഗങ്ങൾ എന്നിവരെയെല്ലാം ഏറ്റം ആദരവോടെ ഓർക്കുന്നു. എനിക്ക് ഉപഹാരങ്ങൾ നൽകിയ എല്ലാവരെയും ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു.

ഏലീശാ ഏലിയായോട് നടത്തിയ പ്രാർത്ഥന ഇത്തരുണത്തിൽ ഓർക്കുന്നു. ഇക്കാലത്ത് സഭയെയും സമൂഹത്തെയും നയിക്കണമെങ്കിൽ എനിക്ക് രണ്ടിരട്ടി ശക്തി വേണം. ഏലിയായുടേതിനേക്കാൾ ആത്മീയ തീക്ഷ്ണത, മാനസിക പക്വത, പ്രവാചക പക്വത ഇവയെല്ലാം എനിക്ക് വേണം. അതിനുവേണ്ടി, പ്രിയപ്പെട്ട എല്ലാവരും പ്രാർത്ഥിക്കണം. എങ്കിൽ മാത്രമേ, എളിയവനായ എനിക്ക് ഈ രൂപതയെ മലങ്കര സഭയുടെ ഒരു സാക്ഷ്യമാക്കിത്തീർക്കാൻ കഴിയൂ.

മൂവാറ്റുപുഴ പ്രദേശത്തുള്ള പൊതുസമൂഹത്തോടും സാമൂഹ്യ രാഷ്ട്രീയ നേതാക്കളോടും വിവിധ സഭാ സമൂഹത്തിൽപെട്ട മേലദ്ധ്യക്ഷൻമാരോടും സഭാമക്കളോടും ചേർന്ന് ഇവിടെ പ്രവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സഭയുടെ മാത്രമല്ല, സമൂഹത്തിന്റെ പൊതുനന്മയ്ക്കായി എന്നെത്തന്നെ അടുത്ത വർഷങ്ങളിൽ, അടുത്ത ദിവസങ്ങളിൽ സമർപ്പിക്കണമെന്ന് ആഗ്രഹിക്കുന്നു.

പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിലാണ് നമ്മുടെ രൂപത. അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥത്തിൻകീഴിൽ, മാർ തോമ്മാ ശ്ലീഹായുടെ കാവലിൻ കീഴിൽ എന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ തെയഡോഷ്യസിന്റെ പ്രത്യേക മാദ്ധ്യസ്ഥത്തിൽ, പരിശുദ്ധനായ മാർ ഈവാനിയോസ് പിതാവിന്റെ മാദ്ധ്യസ്ഥത്തോട് ചേർത്ത് എന്റെ അപേക്ഷകളെയും എന്റെ നിയോഗങ്ങളെയും എന്റെ രൂപതയേയും എന്റെ മക്കളെയും എന്റെ പുരോഹിതരെയും സന്യസ്തരെയും സമർപ്പിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

■


മലങ്കര കത്തോലിക്കാ സഭ മൂവാറ്റുപുഴ രൂപതയുടെ പുതിയ ബിഷപ്പിന്റെ സ്ഥാനാരോഹണ സമ്മേളനം ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു.
കർത്തവ്യ നിർവഹണത്തിന്റെ ധന്യതയിൽ മാർ യൂലിയോസ്
ഡോ.യൂഹാനോൻ മാർ തെയോഡേഷ്യസിന്റെ സ്ഥാനാരോഹണം 12ന്
യൂഹാനോൻ മാർ തെയഡോഷ്യസിന്റെ സ്ഥാനാരോഹണം 12 ന്
മൂവാറ്റുപുഴ: മലങ്കര സുറിയാനി കത്തോലിക്കാ സഭ മൂവാറ്റുപുഴ രൂപതയുടെ ത്രിതീയാധ്യക്ഷനായി ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ് 12 നു സ്ഥാനമേൽക്കും. മൂവാറ്റുപുഴ വാഴപ്പിള്ളി സെന്റ് ജോസഫ്സ് കത്തീഡ്രലിൽ രാവിലെ ഒമ്പതിന് സ്ഥാനമൊഴിയുന്ന ബിഷപ് ഏബ്രഹാം മാർ യൂലിയോസ് വിശുദ്ധ കുർബാന ... ത്രാപ്പോലീത്തയ്ക്ക് അനുമോദനവും അർപ്പിക്കും. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യും. കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ അധ്യക്ഷത വഹിക്കും. യാക്കോബായ സഭ സെമിനാരി മെത്രാപ്പോലീത്ത കുര്യാക്കോസ് മാർ തെയോഫിലോസ്, കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത തോമസ് മാർ അത്തനാസിയോസ്, നിയുക്ത എംപി ഡീൻ ...
ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മൂവാറ്റുപുഴ രൂപത ബിഷപ്പ്
ഇഷ്ടം ആത്മീയതയും സംഗീതവും
വിരമിക്കുന്നതു വിശ്രമജീവിതത്തിനല്ല
Syro-Malankara Catholic Church
Diocese of Muvattupuzha
Invitation
INSTALLATION
(Sunthroniso)
12th June, 2019
(Wednesday), 9.00 am
St. Joseph's Cathedral,
Muvattupuzha
Syro- Malankara Catholic Church
EPARCHY OF MUVATTUPUZHA
FAREWELL & INSTALLATION
Your Beatitude/ Your Grace / Your Excellency,
With immense joy and gratitude I invite Your Beatitude/ Your Grace/ Your Excellency to a Dinner Party on 2019 June 11th (Tuesday) in Bishop's House, Vazhappilly, Muvattupuzha at 07.00 p.m. in connection with my Retirement and Installation of Most Rev. Yoohanon Mar Theodosius as Metropolitan of Muvattupuzha. I would like to solicit your presence on this special occasion.
For further information, the Holy Qurbono shall take place at 9.30 am and the installation of the new Metropolitan at 11.15 a.m. on 12th June 2019 in St. Joseph's Metropolitan Cathedral at Muvattupuzha.
Live in the power of the Risen Lord!
+ Mar Julios
+ Abraham Mar Julios
05 May 2019
Vimalagiri Bishop's House,
Vazhappilly, Muvattupuzha.
ഡോ. യൂഹാന്നോൻ മാർ തെയഡോഷ്യസ് ...
ഇനി മൂവാറ്റുപുഴയുടെ വലിയ ഇടയൻ
കരുണയോടെയും സ്നേഹത്തോടെയും ...
...ജനത്തിനൊപ്പം
...ഹാം മാർ യൂലിയോസ്: സഭയ്ക്കും ...ും മുഖശ്രീ ചാർത്തിയ ബിഷപ്പ്
മലങ്കര സഭാ മെത്രാപ്പോ...
പ്രചോദനം - മാർ ആലഞ്ചേ...
സഭാവളർച്ചയിൽ ഏവർക്കും കരുതലുണ്ടാവണം: മാർ ക്ലീമിസ്
ഏബ്രഹാം മാർ യൂലിയോസ് സ്ഥാനമൊഴിയുന്നു
ആശംസകളും പ്രാർഥനകളുമായി മെത്രാന്മാർ
...സഭയിൽ പ്രേഷിതാഭിമുഖ്യം സജീവമാകണം: മാർ ആലഞ്ചേരി
Thu, 13 June 2019 https://epaper.deepika.com/c/40321790
...ഹാനോൻ മാർ തെയഡോഷ്യസ് മൂവാറ്റുപുഴ മെത്രാനായി ചുമ...
സംഗീതം നെഞ്ചിലേറ്റി മൂവാറ്റുപുഴയുടെ വലിയ ഇടയൻ
ഏബ്രഹാം മാർ ജൂലിയോസ് എഴുപത്തിയഞ്ചിന്റെ നിറവിൽ
ഏബ്രഹാം മാർ ജൂലിയോസ്
Thu, 13 June 2019 https://epaper.deepika.com/c/40321704

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ

**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**

നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2019

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

**പത്തനംതിട്ട -മൂവാറ്റുപുഴ ഭദ്രാസനങ്ങളിലെ**
**ഭദ്രാസനാദ്ധ്യക്ഷന്മാരുടെ നിയമനവും സ്ഥാനാരോഹണവും**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

നല്ല ഇടയനായ ദൈവം തന്റെ അജഗണങ്ങളെ നയിക്കുന്നതിനും, വിശുദ്ധീകരിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, അവയെ പേരുചൊല്ലി വിളിക്കുന്നതിനുമായി (യോഹ 10:1; മർക്കോ 3:13-15; അ.പ്ര. 20:28) കാലാകാലങ്ങളിൽ ശ്രേഷ്ഠരായ ഇടയന്മാരെ സഭയ്ക്ക് നൽകി അതിനെ പരിപാലിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അർത്ഥവത്തായ ഒരു കാര്യമാണിത്. ഇടയശുശ്രൂഷകൾക്ക് നൈയാമികമായ അതിർവരമ്പുകൾ സഭ നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നു. പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്ത, മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്ത എന്നീ പിതാക്കന്മാർ 75-ാം വയസിലേക്ക് പ്രവേശിക്കുകയാണ്. കത്തോലിക്കാസഭയുടെ പൊതുനിയമപ്രകാരം 75 വയസ് പ്രഖ്യാപിത ശുശ്രൂഷകളിൽനിന്നുള്ള വിരമിയ്ക്കലിന്റെ അവസരമായി നിശ്ചയിച്ചിരിക്കുന്നു. അതിൻപ്രകാരം നമ്മുടെ ഈ രണ്ട് അഭിവന്ദ്യ പിതാക്കന്മാരും അവരുടെ ഔദ്യോഗിക ശുശ്രൂഷാമണ്ഡലങ്ങളിൽ നിന്നും വിരമിക്കുകയാണ് എന്ന് സഭാമക്കളേവരെയും ഞാനറിയിക്കുന്നു. ഈ അവസരത്തിൽ അഭിവന്ദ്യ പിതാക്കന്മാർക്ക് എല്ലാ ആശംസകളും, പ്രാർത്ഥനയും കൃതജ്ഞതയും സഭയുടെ പേരിൽ ഞാൻ നേരുകയാണ്. വിരമിതരാകുന്ന മെത്രാപ്പോലിത്താമാരെ സഭാ നിയമപ്രകാരം ബിഷപ്പ് എമിരിത്തൂസ് എന്നാണറിയപ്പെടുക.

**പത്തനംതിട്ട ഭദ്രാസനം :** തിരുവനന്തപുരം മേജർ അതിഭദ്രാസനം വിഭജിച്ച് പത്തനംതിട്ട ഭദ്രാസനം 2010 ജനുവരി 25-ന് നിലവിൽ വന്നു. 2010 മാർച്ച് 20-ന് പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായി അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്താ സ്ഥാനാരോഹിതനായി. പത്തനംതിട്ട ഭദ്രാസനാധ്യക്ഷനായുള്ള ഒൻപതു വർഷവും, മേല്പട്ട സ്ഥാനത്തുള്ള 21 വർഷവും, പൗരോഹിത്യ ജീവിതത്തിലെ 46 സംവത്സരങ്ങളും പിന്നിടുന്ന അഭിവന്ദ്യ പിതാവിന്റെ സഭാശുശ്രൂഷകളെ നന്ദിയോടെ ഓർക്കാനുള്ള അസുലഭാവസരം കൂടിയാണിത്. ലാളിത്യമാർന്ന ജീവിതത്തിലൂടെയും ത്യാഗപൂർവമായ പ്രാർത്ഥനയിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും തന്നെ ഭരമേൽപ്പിച്ച മേൽപ്പട്ട ശുശ്രൂഷ അഭിവന്ദ്യ പിതാവ് സ്തുത്യർഹമായി നിർവഹിച്ചു. ശൈശവദശയിലായിരുന്ന മാർത്താണ്ഡം ഭദ്രാസ

നത്തെയും, പത്തനംതിട്ട ഭദ്രാസനത്തെയും ഇന്ന് കാണുന്ന ഔന്നത്യങ്ങളിലേക്ക് ഉയർത്താൻ ദൈവം നിയോഗിച്ച ഇടയശ്രേഷ്ഠൻ. അതിന്റെ സത്ഫലങ്ങളായി അനേകം ദൈവാലയങ്ങളും, മിഷൻ സെന്ററുകളും, വിദ്യാഭ്യാസ- ആതുരാലയ കേന്ദ്രങ്ങളും ഈ രണ്ട് ഭദ്രാസനങ്ങളിലുമായി തലയെടുപ്പോടെ നിലനിൽക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശുശ്രൂഷാമേഖലകളെ ഈ പ്രദേശങ്ങളിൽ ധന്യമാക്കിയ അഭിവന്ദ്യ തിരുമേനിക്ക് സഭയുടെ പ്രാർത്ഥനാശംസകൾ ഞാൻ നേരുന്നു.

പത്തനംതിട്ട ഭദ്രാസനത്തിന്റെ പുതിയ ഇടയനായി ഇപ്പോൾ പിൻതുടർച്ചാവകാശമുള്ള മെത്രാനായി ശുശ്രൂഷ നിർവഹിക്കുന്ന അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി 2019 ജൂൺ 8-ാം തീയതി മെത്രാപ്പോലിത്തയായി സ്ഥാനാരോഹിതനാവുകയാണ്. 1978 ഡിസംബർ 22-ന് പൗരോഹിത്യശുശ്രൂഷയിൽ പ്രവേശിച്ച അഭിവന്ദ്യ പിതാവ് 2010-ൽ മെത്രാനായി ഉയർത്തപ്പെട്ടു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രോട്ടോസിഞ്ചെലൂസായും, ഉന്നത വിദ്യാഭ്യാസമേഖലയിലെ പ്രശംസനീയമായ അദ്ധ്യാപക, പ്രധാനാദ്ധ്യാപക നേതൃത്വവും, പരിശുദ്ധാത്മ നൽവരങ്ങളെ മുൻനിർത്തിയുള്ള ആത്മീയ ശുശ്രൂഷകളിലെ നേതൃസ്ഥാനീയവും, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായി 2010 മുതൽ 2018 വരെയുള്ള അജപാലനശുശ്രൂഷയും ഏറെ ശ്ലാഘനീയമായി നിർവഹിക്കപ്പെട്ടതിനുശേഷമാണ് ഈ ഉത്തരവാദിത്തത്തിലേക്ക് കടന്നുവരുന്നത്. കാലത്തിനനുസൃതമായി പത്തനംതിട്ട ഭദ്രാസനത്തെ നയിക്കുവാൻ ദൈവം എല്ലാ അനുഗ്രഹങ്ങളും അഭിവന്ദ്യ പിതാവിന് നൽകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**മൂവാറ്റുപുഴ ഭദ്രാസനം:** തിരുവല്ലാ അതിഭദ്രാസനം വിഭജിച്ച് 2003 ജനുവരി 15-ാം തീയതി സ്ഥാപിതമായ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയാദ്ധ്യക്ഷനായി 2008 ഫെബ്രുവരി 9-ാം തീയതി അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി സ്ഥാനാരോഹിതനായി. 11 വർഷക്കാലം ഭദ്രാസനത്തെ ആത്മീയമായും ഭൗതീകമായും വളർത്താൻ ദൈവാഭിമുഖ്യത്തോടെ അഭിവന്ദ്യ തിരുമേനി പ്രവർത്തിച്ചു. ഭാവിയെ മുൻനിർത്തിയുള്ള വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുത്തു. ഭദ്രാസന ദൈവാലയം, രൂപതാകാര്യാലയം, മോറിയ ധ്യാനകേന്ദ്രം ഇവയൊക്കെ അഭിവന്ദ്യ പിതാവിന്റെ ശുശ്രൂഷാകാലത്ത് രൂപതയ്ക്ക് ലഭിച്ച നന്മകളാകുന്നു. കോയമ്പത്തൂർ മേഖലയിൽ ഇക്കാലത്ത് നടത്തിയ മിഷൻപ്രവർത്തനങ്ങൾ പ്രശംസനീയംതന്നെ. ഇടയനടുത്ത ഔത്സുക്യത്തിൽ തന്നെ ഏൽപ്പിച്ച മേൽപ്പട്ടശുശ്രൂഷ അദ്ദേഹം ഭംഗിയായി നിർവഹിച്ചു. ഏവരേയും ഒന്നിപ്പിക്കുവാൻ പ്രത്യേകം താല്പര്യം കാണിച്ചു. പണ്ഡിതനും ദൈവശാസ്ത്രജ്ഞനുമായ അഭിവന്ദ്യ തിരുമേനിയുടെ ശുശ്രൂഷകളെ സഭയുടെ പേരിൽ നന്ദിയോടെ ഓർക്കുന്നു; പ്രാർത്ഥിക്കുകയും ആശംസകൾ നേരുകയും ചെയ്യുന്നു.

അഭിവന്ദ്യ പിതാവിന്റെ തുടർച്ചയായി ഇപ്പോൾ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ കോ-അഡ്ജുത്തോർ ബിഷപ്പും, നമ്മുടെ സഭാ ആസ്ഥാന കാര്യാലയമായ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായുടെ മെത്രാനും, യൂറോപ്പ്-ഓഷ്യാനിയായുടെ അപ്പസ്തോലിക വിസിറ്റേറ്ററുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി 2019 ജൂൺ 12-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ത്രിദീയാധ്യക്ഷനായി സ്ഥാനമേറ്റെടുക്കുകയാണ്. 1985 മുതൽ നമ്മുടെ സഭയിൽ പൗരോഹിത്യ ശുശ്രൂഷയിൽ അഭിവന്ദ്യ പിതാവ് വ്യാപൃതനാണ്. 2017-ൽ മെത്രാനായി ഉയർത്തപ്പെട്ടു. തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയുടെ റെക്ടർ, ജുഡീഷ്യൽ വികാർ, മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ വൈസ്-ചാൻസിലർ, സഭാകോടതിയുടെ അദ്ധ്യക്ഷൻ, ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിന്റെയും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെയും സിഞ്ചെലൂസ്, സി.ബി.സി.ഐ.യുടെ കോർ-ടീം അംഗം, തുടങ്ങിയ പദവികളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചതിനുശേഷമാണ് ഈ പുതിയ ശുശ്രൂഷാ സംവിധാനം ഏറ്റെടുക്കുന്നത്. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കും, പ്രേഷിതശുശ്രൂഷകൾക്കും അഭിവന്ദ്യ പിതാവിന്റെ നേതൃപാടവവും പ്രാർത്ഥനാ ജീവിതവും ഏറെ സഹായകരമാകട്ടെ! എല്ലാ ശുശ്രൂഷകളും ഏറ്റം ഫലദായകമാകാൻ സർവേശ്വരൻ കൃപ ചൊരിയട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെയും അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് പിതാവിന്റെയും സഭാശുശ്രൂഷകളെ സഭയുടെപേരിൽ ഏറെ നന്ദിയോടെ ഞാൻ ഓർക്കുന്നു; നല്ല

ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരിലൂടെ നമ്മുടെ സഭയ്ക്ക് ലഭ്യമായ എല്ലാ നന്മകളെയും നന്ദിയോടെ ഓർക്കുന്നതിനും പുതിയ ഇടയന്മാർക്ക് പ്രാർത്ഥനാശംസകളും നമ്മുടെ പിൻബലവും അറിയിക്കുന്നതിനുമുള്ള അവസരങ്ങളാണ് ജൂൺ 8, 12 എന്നീ തീയതികൾ എന്ന കാര്യം നിങ്ങളെ ഞാൻ ഏറെ താൽപര്യത്തോടെ അറിയിക്കുന്നു. പത്തനംതിട്ട ഭദ്രാസനത്തിലെ സ്ഥാനാരോഹണ ശുശ്രൂഷ ജൂൺ 8-ാം തീയതി രാവിലെ 8 മണിക്കും മൂവാറ്റുപുഴ ഭദ്രാസനത്തിലെ സ്ഥാനാരോഹണ ശുശ്രൂഷ ജൂൺ 12-ാം തീയതി രാവിലെ 9 മണിക്കുമായിരിക്കും. ഈ രണ്ട് ശുശ്രൂഷകളിലേക്കും സഭാമക്കളേവരെയും ഞാൻ പ്രത്യേകം ക്ഷണിക്കുന്നു. പ്രാർത്ഥന കൊണ്ടും സാന്നിധ്യംകൊണ്ടും ഈ ചടങ്ങുകളെ പ്രത്യേകം അനുഗ്രഹകരമാക്കണം.

പരിശുദ്ധാത്മ നിറവിനായി ഒരുങ്ങുന്ന പെന്തിക്കൊസ്തിയുടെ ഈ കാലയളവിൽ അതിന്റെ നിറവിനായി ജാഗ്രതയോടെ നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ സഭാശുശ്രൂഷകൾ കൂടുതൽ അനുഗ്രഹപ്രദമാകുവാൻ ഒരുക്കത്തോടെയുള്ള ഒരു കാത്തിരിപ്പുകാലം നമുക്ക് ആവശ്യമാണ്. സെഹിയോൻ മാളികയിൽ പരിശുദ്ധ അമ്മയുടെമേലും ശ്ലീഹന്മാരുടെമേലും ആവസിച്ച സ്വർഗീയ നൽവരങ്ങൾ സഭയുടെ മേലും നമ്മുടെ ശുശ്രൂഷകളുടെമേലും വന്നാവസിക്കുവാൻ നമുക്ക് തീഷ്ണതയോടെ പ്രാർത്ഥിക്കാം.

ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

23.05.2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

# THE SYRO-MALANKARA CATHOLIC CHURCH

Moran Mor Baselios Cardinal Cleemis
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 3/2019

## സർക്കുലർ

### കാലംചെയ്ത അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിനെക്കുറിച്ചുള്ള അനുസ്മരണം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

തിരുവല്ലാ അതിഭദ്രാസനത്തിന്റെ അഞ്ചാമത്തെ അദ്ധ്യക്ഷനും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സീനിയർ മെത്രാപ്പോലിത്തായുമായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ് നമ്മിൽനിന്ന് 2019 ജൂൺ 4-ന് സ്വർഗീയഭവനത്തിലേക്ക് യാത്രയായത് ഏവരും അറിഞ്ഞിരുന്നല്ലോ. ഈ അവസരത്തിൽ സഭ മുഴുവന്റെയും ആദരവും, അനുശോചനവും, പ്രാർത്ഥനയും തിരുവല്ലാ അതിഭദ്രാസന മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയെയും ബഹു. വൈദികരേയും സന്യസ്തരെയും, ദൈവജനത്തെയും കുടുംബാംഗങ്ങളെയും പ്രത്യേകം അറിയിക്കുന്നു.

2003 മാർച്ച് 19-ന് ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലകളിൽനിന്നും വിരമിച്ച്, തിരുവല്ലാ അതിഭദ്രാസനത്തിലെ പള്ളിമലയിലും പുഷ്പഗിരി മെഡിക്കൽ കോളേജിലുമായി വിശ്രമജീവിതം നയിച്ചുവരവെ 2019 ജൂൺ 4-ാം തീയതി വെളുപ്പിന് 3.15-ന് പുഷ്പഗിരി മെഡിക്കൽ കോളേജിൽവച്ച് അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ് കാലംചെയ്തു. പ്രത്യേക പ്രാർത്ഥനകൾക്കുശേഷം അംശവസ്ത്രങ്ങൾ ധരിപ്പിച്ച് അഭിവന്ദ്യ പിതാവിന്റെ ഭൗതികശരീരം പുഷ്പഗിരി ഹോസ്പിറ്റൽ ചാപ്പലിൽ പൊതുദർശനത്തിനായി വച്ചു. 4 മണിയോടെ കബറടക്കത്തിന്റെ ഒന്നാം ശുശ്രൂഷ ഞാൻ അവിടെ നിർവഹിച്ചു. അതിനുശേഷം അഭിവന്ദ്യ പിതാവിന്റെ ഭൗതികശരീരവും വഹിച്ചുകൊണ്ടുള്ള നഗരികാണിക്കൽ നടത്തി. വൈകിട്ട് 6 മണിക്ക് സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ എത്തിച്ച അഭിവന്ദ്യ പിതാവിന്റെ ഭൗതികശരീരം പൊതുദർശനത്തിനായി അവിടെത്തന്നെ ക്രമീകരിക്കുകയും തുടർന്ന് സന്ധ്യാപ്രാർത്ഥനയും കബറടക്കശുശ്രൂഷയുടെ രണ്ടാം ക്രമവും സന്നിഹിതരായിരുന്ന അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം നടത്തുകയും ചെയ്തു. 5-ാം തീയതി രാവിലെ തിരുവല്ലാ അതിഭദ്രാസന മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടെ മുഖ്യ കാർമികത്വത്തിൽ വി. കുർബാനയർപ്പിച്ചു.

കബറടക്കദിവസമായ 6-ാം തീയതി രാവിലെ 7 മണിക്ക് നടത്തപ്പെട്ട വി. കുർബാനയ്ക്ക് ഞാൻ മുഖ്യകാർമികത്വം വഹിച്ചു. തിരുവല്ലാ അതിഭദ്രാസന മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ഏബ്രഹാം മാർ യൂലിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, സാമുവേൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, തോമസ് മാർ അന്തോണിയോസ് എന്നീ പിതാക്കന്മാർ സഹകാർമികരായിരുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് കബറടക്കശുശ്രൂഷയുടെ എട്ടാമത്തെയും അവസാനത്തെയും ക്രമം നടത്തി 4.30 മണിയോടെ അഭിവന്ദ്യ പിതാവിന്റെ ഭൗതികശരീരം ശുശ്രൂഷകൾ പൂർത്തിയാക്കി തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ അടക്കംചെയ്തു.

ഭൗതികശരീരം പൊതുദർശനത്തിനായി വച്ച പുഷ്പഗിരി മെഡിക്കൽ കോളേജിലും, സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിലുമായി അനേകായിരങ്ങൾ അഭിവന്ദ്യ പിതാവിനെ അവസാനമായി കാണുന്നതിനും, പ്രാർത്ഥനകളോടെ അന്തിമോപചാരം അർപ്പിക്കുവാനുമായി കടന്നുവന്നു.

സമാപനശുശ്രൂഷയിൽ സീറോ മലബാർ, ലത്തീൻ, മലങ്കര യാക്കോബായ, മാർത്തോമ്മാ, സി.എസ്. ഐ. സഭകളിലെ അഭിവന്ദ്യ പിതാക്കന്മാരും രാഷ്ട്രീയ-സാമൂഹ്യ-മത രംഗങ്ങളിലെ പ്രതിനിധികളും അനേകം വൈദികരും, സന്യസ്തരും, സെമിനാരി വിദ്യാർത്ഥികളും, വിവിധ ഭദ്രാസനങ്ങളിൽനിന്നും എത്തിച്ചേർന്ന അസംഖ്യം വിശ്വാസികളും, കുടുംബാംഗങ്ങളും ദേശവാസികളും പ്രാർത്ഥനയോടെ പങ്കുച്ചേർന്നു.

തിരുവല്ലാ അതിഭദ്രാസനത്തെ ഇന്ന് കാണുന്ന ഔന്നത്യങ്ങളിലേക്ക് ദീർഘവീക്ഷണത്തോടെ നയിച്ച വിനയാന്വിതനും, മനുഷ്യസ്നേഹിയും, സൗമ്യപ്രകൃതത്തിന്റെ മൂർത്തീഭാവവും സർവോപ രി ദൈവതൃക്കരങ്ങളിൽ സ്വയം സമർപ്പണം ചെയ്തു ജീവിതം നയിച്ച ശ്രേഷ്ഠവ്യക്തിത്വത്തിനുടമ യുമായിരുന്നു അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി. ആവശ്യക്കാരന്റെ മുന്നിൽ അന്നമായും, ആവേശമായും വന്ദ്യപിതാവ് കടന്നുവരുമായിരുന്നു. ഉള്ളതൊക്കെ നൽകാൻ മടികാ ണിക്കാത്ത ലഭിച്ച താലന്തുകളൊക്കെ അൻപതും, അറുപതും, നൂറുമായി വർദ്ധിപ്പിച്ച ജാഗ്രതയുള്ള ഭൃത്യനായിരുന്നു ആ വത്സല പിതാവ്. ദൈവപരിപാലനയിലുള്ള വിട്ടുവീഴ്ചയില്ലാത്ത ആശ്രയത്വം ആ ജീവിതത്തിന്റെ സവിശേഷതയായിരുന്നു. അതുകൊണ്ടുതന്നെ ചോദിച്ചവരാരും നൽകാതിരുന്നിട്ടില്ല, ചോദിച്ചവർക്കാർക്കും കിട്ടാതെയുമിരുന്നിട്ടില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയും ദരി ദ്രരെയും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഔദാര്യത്തോടെ സഹായിച്ച സാധുജനസംരക്ഷകനും മഹാനുഭാവിയുമായിരുന്നു അഭിവന്ദ്യ പിതാവ്. പാവപ്പെട്ടവർക്ക് വലിയ പിൻബലവും, അവരോട് പ്രത്യേക പരിഗണനയും കാണിച്ചിരുന്നു.

92 വയസുവരെ സഭാശുശ്രൂഷകളിൽ ഭാഗ്യമോടെ ജീവിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പ്രഥമ സീനിയർ മെത്രാപ്പോലിത്തയാണ് അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ്. 66 വർഷത്തെ സഭാശുശ്രൂഷയിൽ 31 വർഷം മേല്പട്ടക്കാരനായി ജീവിക്കാൻ പിതാവിന് ഭാഗ്യം ലഭിച്ചു. ബലഹീനനായ ഞാനുൾപ്പെടെ 5 അഭിവന്ദ്യ പിതാക്കന്മാരുടെയും, നിരവധി വൈദികരുടെയും ഗുരുഭൂതനുംകൂടിയായിരുന്നു അഭിവന്ദ്യ പിതാവ്. 80-ലധികം വൈദികർക്ക് കൈവയ്പ് ശുശ്രൂഷയും 200-ലധികം വൈദികാർത്ഥികൾക്ക് പരിശീലനവും നൽകിയിട്ടുണ്ട്. തിരുവല്ലാ അതിഭദ്രാസനത്തിൽ ഇന്ന് തലയെടുപ്പോടെ നിലകൊള്ളുന്ന ഇടവകകളും, വൈദികമന്ദിരങ്ങളും, വിദ്യാഭ്യാസ-ആതുരാ ലയ കേന്ദ്രങ്ങളും, പാസ്റ്ററൽ സെന്ററുകളും, മറ്റ് ധർമസ്ഥാപനങ്ങളും, തിരുവല്ലാ പബ്ലിക് സ്റ്റേഡിയവും പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും, നയചാതുര്യത്തിന്റെയും, പൊതുസമൂഹത്തോടുള്ള കരുത ലിന്റെയും ഉത്തമബിംബങ്ങളാണ്. കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന് ഒരു മെഡിക്കൽ കോളേ ജ് എന്ന സ്വപ്നം പുഷ്പഗിരിയിലൂടെ യാഥാർത്ഥ്യമായതും അഭിവന്ദ്യ പിതാവിന്റെ കാലത്താണ്.

തിരുവല്ലാ നഗരത്തിന്റെ ഒരു അനിഷേധ്യസാന്നിധ്യമായിരുന്നു അഭിവന്ദ്യ പിതാവ്. അവിടുത്തെ പൊതുപ്രവർത്തനരംഗത്തും വിവിധ മതവിഭാഗങ്ങളോടും, സഹോദരീ സഭകളോടും ഒരുമിച്ചുള്ള പ്ര വർത്തനങ്ങളിൽ വ്യാപരിക്കാനും അഭിവന്ദ്യ പിതാവിന് സാധിച്ചു. സഭൈക്യത്തിന്റെ വക്താവുകൂടിയാ യിരുന്ന അഭിവന്ദ്യ പിതാവ് തിരുവല്ലായിൽ തുടങ്ങിയതാണ് എക്യുമെനിക്കൽ അഷ്ടദിന പ്രാർത്ഥന, ഐക്യക്രിസ്തുമസ്, ക്ലെർജി ഫെലോഷിപ്പ് എന്നിവ. നല്ല ഇടയന്റെ സ്നേഹപ്രകൃതവും, ഒരു പിതാ വിനടുത്ത കരുതലും ആ ശ്രേഷ്ഠജീവിതത്തിന്റെ ഒളിമങ്ങാത്ത പ്രകടനങ്ങളായിരുന്നു.

ആരാധനാജീവിതത്തോട് അനിതരസാധാരണമായ ഭക്തിയും, നിഷ്ഠയും വച്ചുപുലർത്തിയിരു ന്നു. ദീർഘനേരം വി. കുർബാനയുടെ മുൻപിൽ ദൈവാലയത്തിൽ പ്രാർത്ഥനയിൽ മുഴുകിയിരുന്നു. നിഷ്ഠയോടെയുള്ള ജീവിതക്രമങ്ങൾ ആ മഹത്ജീവിതത്തിന്റെ സവിശേഷതയായിരുന്നു. സി.ബി.സി. ഐ.യുടെയും, കെ.സി.ബി.സി.യുടെയും ഉപാധ്യക്ഷ പദവികളിലേക്കും അഭിവന്ദ്യ പിതാവ് തെരഞ്ഞെ ടുക്കപ്പെട്ടിരുന്നു. കാരിത്താസ് ഇന്ത്യയുടെ ചെയർമാനായിരുന്ന സന്ദർഭത്തിൽ ലത്തൂരിലെ ഭൂകമ്പപ്ര ദേശങ്ങളിലെ പുനരധിവാസപ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമായിരുന്നു. കരുതലും കാരുണ്യവും പകർന്ന ഇടയശ്രേഷ്ഠനായിരുന്നു വന്ദ്യ പിതാവ്. അനേകം സൗഹൃദങ്ങളും ബന്ധങ്ങളും രൂപത യുടെയും സഭയുടെയും വളർച്ചയ്ക്കായി അഭിവന്ദ്യ പിതാവ് രൂപപ്പെടുത്തിയെടുത്തു. ഡൽഹിയിൽ മിഷൻ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി നിന്നത് അഭിവന്ദ്യ പിതാവായിരുന്നു. വൈദികരെ യും, സന്യസ്തരെയും, ദൈവജനത്തെയും ഹൃദയത്തോട് ചേർത്തുനിർത്തിയ വാത്സല്യവാനായ പിതാവായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ ചുണ്ടേവാലേൽ അച്ചനെന്ന തീഷ്ണവാനായ മിഷ

ണറി തിമോത്തിയോസ് പിതാവായി തീർന്നപ്പോഴും ജനമനസുകളിൽ സ്ഥിരപ്രതിഷ്ഠ നേടിയ വ്യക്തി സാന്നിധ്യമായി നിലകൊണ്ടു. അതിന്റെ ഉത്തമസാക്ഷ്യമായിരുന്നു വന്ദ്യപിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ പങ്കുചേർന്ന ജനസഞ്ചയം.

31 വർഷകാലയളവിലെ മേല്പട്ടശുശ്രൂഷയിൽ 16 വർഷകാലം വിരമിത മെത്രാനായി തിരുവല്ലാ അതിഭദ്രാസനത്തിനും, മലങ്കര സഭയ്ക്കും പ്രാർത്ഥനാ സാന്നിധ്യമായി അഭിവന്ദ്യ പിതാവ് നിലകൊണ്ടു. പരാതികളും പരിഭവങ്ങളുമില്ലാതെ പുഷ്പഗിരി മെഡിക്കൽ കോളേജിൽ ശുശ്രൂഷയുടെ അവസാന കാലഘട്ടത്തിൽ അഭിവന്ദ്യ പിതാവ് ചിലവഴിച്ചു. ആ സമയങ്ങളിൽ സഭയുടെ മുഴുവൻ കരുതലും, സ്നേഹവും അനുഭവിക്കുവാൻ അഭിവന്ദ്യ പിതാവിന് സാധിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ പിതാക്കന്മാരുടെയും മഹനീയ സാന്നിധ്യത്തിൽ കന്തീലാശുശ്രൂഷ ആഘോഷമായി സ്വീകരിക്കുവാനുള്ള ഭാഗ്യം അഭിവന്ദ്യ പിതാവിനുണ്ടായി. തിരുവല്ലാ അതിരൂപതയുടെ സ്നേഹമസൃണമായ കരുതലും, കാവലും അഭിവന്ദ്യപിതാവിന്റെ വിശ്രമകാലയളവിൽ സംലഭ്യമായി എന്നത് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പേരിൽ ഏറെ നന്ദിയോടെ ഞാൻ അനുസ്മരിക്കുകയാണ്. അതിഭദ്രാസനത്തിന്റെ അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടെ പ്രത്യേകമായ നേതൃത്വം ഈ കാര്യങ്ങളിൽ ഉണ്ടായിരുന്നു എന്നത് ഏറെ ശ്ലാഘനീയമാണ്. പിതാവിന്റെ വ്യക്തിപരമായ ആഘോഷങ്ങളും, ആദ്ധ്യാത്മിക ജീവിതത്തിനാവശ്യമായ കാര്യങ്ങളും സമയാസമയങ്ങളിൽ ഒരു കുറവുംകൂടാതെ നിർവഹിച്ചുകൊടുക്കുന്നതിൽ തിരുവല്ലാ അതിഭദ്രാസനം പ്രത്യേകമായ താല്പര്യം പ്രകടിപ്പിച്ചു. സഭയുടെ പേരിലുള്ള പ്രത്യേക ആദരവും നന്ദിയും ഈ സമയത്ത് ഞാൻ അറിയിക്കുകയാണ്. അതോടൊപ്പം അഭിവന്ദ്യ പിതാവിന്റെ ദേഹവിയോഗത്തിൽ അനുശോചനമറിയിക്കുകയും ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും കബറടക്ക ശുശ്രൂഷയിൽ പങ്കുചേരുകയും ചെയ്ത ഏവരോടും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കുള്ള പ്രത്യേകമായ കടപ്പാടും കൃതജ്ഞതയും ഞാനറിയിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ കുടുംബാംഗങ്ങളെയും ഈയവസരത്തിൽ നന്ദിയോടെ ഞാനോർക്കുന്നു.

അഭിവന്ദ്യ പിതാവിന്റെ 40-ാം ചരമദിനം മാർ ഈവാനിയോസ് പദയാത്രയുടെ ക്രമീകരണങ്ങൾക്കായി ഒരുദിവസം മുൻപേ 2019 ജൂലൈ 13-ാം തീയതി ശനിയാഴ്ച തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ നടത്തപ്പെടുന്നതാണ്. അന്നേദിവസം രാവിലെ 8.30-ന് പ്രഭാതപ്രാർത്ഥനയും തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരുടെയും വൈദികരുടെയും നേതൃത്വത്തിൽ ആഘോഷമായ സമൂഹബലിയും കബറിങ്കൽ ധൂപപ്രാർത്ഥനയും ശ്രാദ്ധ ഊണും ഉണ്ടായിരിക്കുന്നതാണ്. 40-ാം ചരമദിനമായ ജൂലൈ 14-ാം തീയതി, ഞായറാഴ്ച, നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസ ആശ്രമങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് ധൂപം വയ്ക്കേണ്ടതാണ്. സഭയുടെ ഔദ്യോഗിക ദുഃഖാചരണം പ്രമാണിച്ച് ഈ ദിവസങ്ങളിലെ മാറ്റിവയ്ക്കാവുന്ന എല്ലാ ആഘോഷപരിപാടികളും മാറ്റിവയ്ക്കുവാൻ ഏവരും പ്രത്യേകം ശ്രദ്ധിക്കണം.

പൗരോഹിത്യ ഗുണവിശേഷണങ്ങളാൽ അലംകൃതനായ, ഇടയശുശ്രൂഷയിലെ മാനുഷികമുഖമായിരുന്ന അഭിവന്ദ്യ പിതാവിന്റെ ശ്രേഷ്ഠമായ ജീവിതമാതൃക നമുക്ക് അനുകരിക്കാം. ആത്മീയതലങ്ങളിൽ പിതാവ് ചൊല്ലിത്തന്ന വചനസന്ദേശങ്ങൾ ആഴത്തിൽ മനസിലാക്കി, എല്ലാറ്റിലുമുപരി ദൈവസ്നേഹം പ്രകടഭാവമായി, വിളിച്ചവന്റെ വാക്ക് കേട്ട് വലയിറക്കാൻ നമുക്ക് സന്നദ്ധരാകാം. അങ്ങനെ സഭയിലും സമൂഹത്തിലും പുതുസങ്കീർത്തനത്തിന്റെ വാഹകരാകാം. അതിനായി വന്ദ്യതാതന്റെ മാധ്യസ്ഥം നമുക്ക് കൂട്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

25.06.2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

## അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ

കോട്ടയം ജില്ലയിൽ മണർകാടിനടുത്തുള്ള അമയന്നൂരിൽ അനുഗൃഹീതമായ ചുണ്ടേവാലേൽ കുടുംബത്തിൽ വന്ദ്യ ജേക്കബ് കശീശായുടെയും കാർത്തികപള്ളിൽ പുത്തൻപീടികയിൽ അന്നമ്മയുടെയും സീമന്തപുത്രനായി 1928 ഫെബ്രുവരി 2-ാം തീയതി അഭിവന്ദ്യ പിതാവ് ഭൂജാതനായി. ജോർജ് എന്ന മാമ്മോദിസാ പേരിൽ അമയന്നൂർ സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ മാമ്മോദിസ സ്വീകരിച്ചു. അമയന്നൂർ സർക്കാർ എൽ. പി. സ്കൂളിൽ പ്രാഥമിക വിദ്യഭ്യാസവും, മണർകാട് ഇട്ടി മെമ്മോറിയൽ സ്കൂളിൽ (ഇപ്പോൾ ബഥനി സിസ്റ്റേഴ്സ് നടത്തുന്ന ഇൻഫന്റ് ജീസസ് സ്കൂൾ) മിഡിൽ സ്കൂൾ പഠനവും, കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസവും നടത്തി. 1940-ൽ ബഹുമാനപ്പെട്ട ജേക്കബ് കശീശായും കുടുംബവും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. ബഹുമാനപ്പെട്ട ഏബ്രഹാം മാരേട്ട് (സീനിയർ) അച്ചനാണ് ഈ കുടുംബത്തെ കത്തോലിക്കാ സഭയിൽ ചേർത്തത്. 1943-ൽ പത്താം ക്ലാസ് പഠനം പൂർത്തിയാക്കി അഭിവന്ദ്യ സേവേറിയോസ് പിതാവിന്റെ അനുഗ്രഹാശിസുകളോടെ തിരുവല്ലാ ചെറുപുഷ്പഗിരി (ഇപ്പോഴത്തെ ഇൻഫന്റ് മേരീസ്) മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിനായി ചേർന്നു. തുടർന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനത്തിനായി 1945-ൽ സിലോണിലെ (ഇപ്പോഴത്തെ ശ്രീലങ്ക) കാൻഡി സെമിനാരിയിൽ ചേർന്നു. പരിശീലനങ്ങൾ പൂർത്തിയാക്കി 1953 ഓഗസ്റ്റ് 24-ന് കാൻഡി സെമിനാരിയിൽവച്ച് ബിഷപ്പ് ഗ്ലെനിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു.

അതേവർഷം നാട്ടിൽ തിരിച്ചെത്തിയ ബഹുമാനപ്പെട്ട ജോർജ് ചുണ്ടേവാലേൽ അച്ചൻ കോതമംഗലം, നെല്ലിമറ്റം, അമയന്നൂർ എന്നിവിടങ്ങളിൽ വികാരിയായി. 1956-ൽ രൂപതാപ്രൊക്കുറേറ്റർ, 1958-ൽ മൈനർ സെമിനാരി റെക്ടർ എന്നീ ശുശ്രൂഷകൾക്കുശേഷം 1963-ൽ ഉപരിപഠനത്തിനായി റോമിലേക്ക് അയയ്ക്കപ്പെട്ടു. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്ന് ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ഉപരിപഠന ബിരുദം കരസ്ഥമാക്കി 1967-ൽ തിരിച്ചെത്തിയ ചുണ്ടേവാലേൽ ജോർജ്ജച്ചൻ ദീർഘകാലം മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, വികാരി ജനറാൾ, രൂപതാ അഡ്മിനിസ്ട്രേറ്റർ എന്നീ ഉത്തരവാദിത്തങ്ങളിൽ നിയമിതനായി.

അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ പിതാവിന്റെ നിര്യാണത്തെതുടർന്ന് 1988 മെയ് 19-ന് ഭദ്രാസനാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. 1988 ജൂൺ 26-ന് മാതൃഇടവകയായ അമയന്നൂർ ദൈവാലയത്തിൽവച്ച് റമ്പാൻസ്ഥാനവും, 1988 ഓഗസ്റ്റ് 6-ന് തിരുവല്ലാ സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽവച്ച് ഗീവർഗീസ് മാർ തിമോത്തിയോസ് എന്ന പേരിൽ അഭിവന്ദ്യ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് മെത്രാഭിഷേകവും സ്വീകരിച്ചു. 'നീ പറഞ്ഞത് അനുസരിച്ച് ഞാൻ വലയിറക്കാം' എന്നതായിരുന്നു പിതാവിന്റെ ആപ്തവാക്യം.

ഭദ്രാസനത്തിന്റെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാക്കുവാൻ 1997 ജൂലൈ 17-ാം തീയതി അഭിവന്ദ്യ കൂറിലോസ് പിതാവിനെ സഹായമെത്രാനായും പിന്നീട് 2003 ഫെബ്രുവരി 6-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനം രൂപീകൃതമായപ്പോൾ അതിന്റെ പ്രഥമ ഇടയനായും നിയമിച്ചു. 75 വയസ് പൂർത്തിയായപ്പോൾ 2003 മാർച്ച് 19-ന് അദ്ദേഹം ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലകളിൽനിന്നും വിരമിച്ച് തിരുവല്ലാ പള്ളിമലയിൽ താമസമാക്കുകയും ചെയ്തു. ആരോഗ്യപരമായ കാരണങ്ങളാൽ പിന്നീട് താമസം പുഷ്പഗിരി മെഡിക്കൽ കോളേജിലേക്ക് മാറ്റി.

അതിപ്രഗത്ഭനായ റെക്ടർ എന്ന നിലയിൽ 18 വർഷക്കാലം ബത്തേരി, മൂവാറ്റുപുഴ, തിരുവല്ല, പുത്തൂർ എന്നീ ഭദ്രാസനങ്ങളിലെ ഒട്ടനവധി വൈദികരെ വാർത്തെടുക്കുകയും എൺപതിൽപ്പരം വൈദികർക്ക് കൈവയ്പിലൂടെ വൈദികപട്ടം നൽകുകയും ചെയ്തു. പതിനഞ്ച് വർഷക്കാലം ദീർഘദൃഷ്ടിയോടെ ഭദ്രാസനത്തെ നയിച്ച വന്ദ്യപിതാവിന്റെ കാലയളവ് നേട്ടങ്ങളുടെ സമയമായിരുന്നു. തിരുവല്ലാ അതിരൂപതയിലും മൂവാറ്റുപുഴ രൂപതയിലുമായി 65 പള്ളികൾ, 21 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, 20 സാമൂഹിക ക്ഷേമപ്രവർത്തന സെന്ററുകൾ, കത്തീഡ്രൽ ഹാൾ ഉൾപ്പെടെ 35 ഹാളുകൾ,

അസംഖ്യം വൈദികമന്ദിരങ്ങൾ, സ്ഥാപനങ്ങൾ, മതബോധനത്തിനും അജപാലന ശുശ്രൂഷകൾക്കുമായി കട്ടപ്പന, പീച്ചി, തിരുവല്ല എന്നിവിടങ്ങളിലായി സ്ഥാപിച്ച മൂന്ന് പാസ്റ്ററൽ സെന്ററുകൾ എന്നിവ അഭിവന്ദ്യ പിതാവിന്റെ അജപാലന ദീർഘവീക്ഷണത്തിന്റെ നേർകാഴ്ചകളാണ്. പുഷ്പഗിരി മെഡിക്കൽ കോളേജ്, മാക്ഫാസ്റ്റ് കോളേജ്, ഒട്ടനവധി സ്കൂളുകൾ, ബി.എഡ് കോളേജ് എന്നിവ പിതാവിന്റെ അജപാലന വിദ്യാഭ്യാസ സാമൂഹിക പ്രതിബദ്ധതകളുടെ സംഭാവനകളാണ്.

അഭിവന്ദ്യ പിതാവിന്റെ മിഷൻ ദർശനം രൂപതയുടെ വളർച്ചയ്ക്ക് കാരണമായി. ധാരാളം മിഷനുകൾ സ്ഥാപിക്കുവാനും, ഹൈറേഞ്ചിലും, അട്ടപ്പാടിയിലും കേരളത്തിനു പുറത്ത് ഡൽഹിയിലും ധാരാളം ഇടവകകൾ സ്ഥാപിക്കുവാനും, സ്ഥലങ്ങൾ വാങ്ങിക്കുവാനും, സ്ഥാപനങ്ങളും ഇടവകകളും പുതുക്കി പണിയാനും പിതാവിന് സാധിച്ചു.

പാവപ്പെട്ടവരോട് പക്ഷംചേരുന്നതിന്റെ ഭാഗമായി ദളിത് കുട്ടികൾക്കുള്ള ഹോസ്റ്റലുകൾ ചുങ്കപ്പാറയിലും തിരുമൂലപുരത്തും, മാന്നാറിലും പിതാവ് സ്ഥാപിച്ചു. അവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടു. ദളിത് ക്രൈസ്തവാവകാശങ്ങൾക്കുവേണ്ടി അറസ്റ്റ് വരിക്കാനും ആ വിഷയം അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനും അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിന് സാധിച്ചു.

ബോധന സാമൂഹികക്ഷേമ പ്രവർത്തനങ്ങളിലൂടെ അനേകം പാവപ്പെട്ടവർക്കു സഹായങ്ങൾ എത്തിച്ചുകൊടുത്തു. പിതാവ് സ്ഥാപിച്ച തിരുവല്ലായിലെ അഭയ ഭവൻ, കാക്കനാട്ട് പ്രവർത്തിച്ചിരുന്ന പ്രോവിഡൻസ് ഹോം (ഇപ്പോൾ മോറിയാ ധ്യാനകേന്ദ്രം) തുടങ്ങിയ അഗതിമന്ദിരങ്ങൾ പിതാവിന്റെ പരസ്നേഹത്തിന്റെ നിത്യസ്മരണകളായി നിലകൊള്ളുന്നു.

അഭിവന്ദ്യ തിമോത്തിയോസ് പിതാവിന്റെ ഭൗതികശരീരം പൊതുദർശനത്തിന് വച്ചിരുന്ന സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവർ തങ്ങളുടെ ആത്മീയാചാര്യന് അന്തിമോപചാരം അർപ്പിച്ചു. സീറോ-മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലിത്താ കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ആർച്ച്ബിഷപ് മാർ മാത്യൂ മൂലക്കാട്ട്, ആർച്ച്ബിഷപ് ഡോ. സൂസൈപാക്യം, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ജോർജ് വലിയമറ്റം, മാർ ജേക്കബ് മനത്തോടത്ത്, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസ് പുളിക്കൽ, മാർ ജോസഫ് പണ്ടാരശേരിൽ, ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ, ബിഷപ് സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ, ബിഷപ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ, ബിഷപ് ജോസഫ് കരിയിൽ, ബിഷപ് ക്രിസ്തുദാസ്, ഓർത്തഡോക്സ് സഭയിലെ മാത്യൂസ് മാർ തിമോത്തിയോസ്, അലക്സിയോസ് മാർ യൗസേബി യോസ്, ജോഷ്വാ മാർ നിക്കോദിമോസ്, മാർത്തോമ്മാ സഭാ അദ്ധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, ഡോ. യുയാക്കിം മാർ കുറിലോസ്, ജോസഫ് മാർ ബർണബാസ്, ഡോ. ഏബ്രഹാം മാർ പൗലോസ്, ക്നാനായ സഭയിലെ ആർച്ച്ബിഷപ് കുര്യക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത, കുര്യക്കോസ് മാർ ഇവാനിയോസ്, കുര്യക്കോസ് മാർ ഗ്രീഗോറിയോസ്, യാക്കോബായ സഭയിലെ തോമസ് മാർ തിമോത്തിയോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ്, സക്കറിയാസ് മാർ പോളിക്കാർപ്പോസ്, സി.എസ്. ഐ. ബിഷപ് തോമസ് സാമുവൽ എന്നിവർ പ്രാർത്ഥനകൾ നടത്തി. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, രാജ്യസഭ മുൻ ഉപാധ്യക്ഷൻ പി. ജെ. കുര്യൻ, മുൻ ഗവർണർ കുമ്മനം രാജശേഖരൻ, എം.പി.മാരായ കൊടിക്കു ന്നിൽ സുരേഷ്, ആന്റോ ആന്റണി, എ. എം. ആരിഫ്, എം.എൽ.എമാരായ സി. എഫ്. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, മാത്യു ടി. തോമസ്, രാജു ഏബ്രഹാം, മോൻസ് ജോസഫ്, വീണാ ജോർജ്, മുൻ എം.പി. മാരായ പി. സി. തോമസ്, ഫ്രാൻസിസ് ജോർജ്, മുൻ എം.എൽ.എ.മാരായ പി. സി. വിഷ്ണുനാഥ്, ജോസഫ് എം. പുതുശേരി, നഗരസഭാദ്ധ്യക്ഷൻ ചെറിയാൻ പോളച്ചിറയ്ക്കൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ്ജ് മാമ്മൻ കൊണ്ടൂർ, കെ.പി.സി.സി. ട്രഷറർ ജോൺസൺ ഏബ്രഹാം, മുൻ ഡി. ജി.പി. ശ്രീ. ജേക്കബ് പുന്നൂസ് തുടങ്ങിയവരും തിരുവല്ലായിലെ ജനപ്രതിനിധികളും പൗരപ്രമുഖരും രാഷ്ട്രീയനേതാക്കളും അന്തിമോപചാരം അർപ്പിക്കാനെത്തി.

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 3/2019

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

**ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്**
**മെത്രാപ്പോലീത്തായുടെ 66-ാം ഓർമ്മപ്പെരുന്നാൾ**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

സത്യബോധത്തിന്റെ നേർവഴികാട്ടി, മലങ്കരയുടെ ആരാധനാ പൈതൃകങ്ങളെ കാത്തുസൂക്ഷിച്ച്, സഭൈക്യത്തിന്റെ പ്രവാചകദൗത്യമേറ്റെടുത്ത ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 66-ാം ഓർമ്മത്തിരുന്നാൾ 2019 ജൂലൈ 1 മുതൽ 15 വരെ വിവിധങ്ങളായ പരിപാടികളോടെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയൊന്നാകെ ആചരിക്കുകയാണ്. ഓർമ്മപ്പെരുന്നാൾ ദിനമായ ജൂലൈ 15-ന് പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രലിൽവച്ച് നടക്കുന്ന ഓർമ്മപ്പെരുന്നാൾ ശുശ്രൂഷയിൽ അലക്സാൺഡ്രിയായിലെ കോപ്റ്റിക് കത്തോലിക്കാ സഭാതലവനും പാത്രിയർക്കീസു മായ അത്യഭിവന്ദ്യ ഇബ്രാഹീം ഐസക് സെദ്രാക് ഗാദ് എൽസായദ് ബാവാ മുഖ്യാതിഥിയായി പങ്കെടുക്കും. ഈ ഓർമ്മതിരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ സഭാമക്കളേവരെയും ഹൃദയപൂർവം ഞാൻ സ്വാഗതം ചെയ്യുന്നു.

അശാന്തിയുടെയും അനൈക്യത്തിന്റെയും കാർമേഘം പടർന്നിരുന്ന മലങ്കര സഭാനഭസിൽ വ്യക്തികൾക്കല്ല ദൈവൈക്യത്തിനാണ് പ്രഥമസ്ഥാനമെന്ന് ഉറക്കെ പ്രസ്താവിക്കുകയും അതിനായി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത ശ്രേഷ്ഠപിതാവായിരുന്നു ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി. താൻ അംഗമായിരുന്ന സഭയുടെ ഉന്നമനത്തിനായി രാപകലില്ലാതെ അധ്വാനിച്ചു. കിട്ടാവുന്ന സാഹചര്യങ്ങളിലെല്ലാം സഭാതനയരെ സ്വന്തം ചിലവിൽ കൊണ്ടുപോയി ഉന്നത വിദ്യാഭ്യാസവും ജോലിസാധ്യതകളും കാട്ടികൊടുത്തു. അഭ്യസ്തവിദ്യരായ അനേകർക്ക് പുതിയ മേഖലകൾ കണ്ടെത്തുവാൻ അത് ഏറെ സഹായകമായി. സ്വന്തം സഭയുടെ വളർച്ച മാത്രമായിരുന്നു അതിനു പിന്നിൽ. അതിനിടയിലും സത്യാന്വേഷണത്തിന്റെ കൈവഴികളിലൂടെ അദ്ദേഹം സഞ്ചരിച്ചു. സ്വന്തം അധ്വാനവും, ആഗ്രഹങ്ങളും അതിന് തടസമാകുമെന്ന് തിരിച്ചറിഞ്ഞ ആ നിമിഷം മുതൽ സർവവും ത്യജിക്കാനായി ആശ്രമജീവിതത്തിന്റെ നെരിപ്പോടിൽ അഭയംതേടി. അതിൽ, ജീർണതകളുടെ സഭാസംസർഗങ്ങളെ എരിയിച്ചു തീർക്കാൻ ശ്രമംചെയ്ത ആ സന്യാസവര്യൻ സത്യത്തിന്റെ

ഏകമാർഗം പുനരൈക്യമെന്ന സത്യസഭാസംസർഗമെന്ന് തിരിച്ചറിഞ്ഞപ്പോൾ, മുണ്ടൻമലയെന്ന ഔന്നത്യഗോപുരത്തെ, താൻ സ്വയം ആർജിച്ചെടുത്ത വസ്തുവകകളെ ഉപേക്ഷിച്ച് ഇറങ്ങിപുറപ്പെടാനുള്ള ധീരത കർമകുശലനായ പിതാവ് ലോകത്തിന് കാട്ടികൊടുത്തു. പ്രതിയോഗികൾപോലും അതിശയമായി അതിനെ പ്രകീർത്തിക്കുമ്പോൾ ഉപേക്ഷിക്കലുകൾ എത്രയോ ശ്രേഷ്ഠകരമെന്ന് ആ വന്ദ്യതാതൻ നമ്മെ ഓർമപ്പെടുത്തുന്നു.

മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും സഭയുടെ പൊതുവായ ഓർമ്മത്തിരുനാൾ ആഘോഷങ്ങൾ 2019 ജൂലൈ 1 മുതൽ 15 വരെ വന്ദ്യപിതാവിന്റെ കബർ സ്ഥിതിചെയ്യുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടത്തപ്പെടുന്നതാണ്. 1-ാം തീയതി മുതൽ 14-ാം തീയതിവരെ എല്ലാദിവസവും കബർ ചാപ്പലിൽ വി. കുർബാനയും, മധ്യസ്ഥ പ്രാർത്ഥനയും, വിവിധ ഭക്തസംഘടനകളുടെയും, സന്യാസ സമൂഹങ്ങളുടെയും, പ്രാർത്ഥനാകൂട്ടായ്മകളുടെയും നേതൃത്വത്തിൽ പ്രാർത്ഥനകളും നടത്തപ്പെടും. വ്യക്തികളായും കൂട്ടായ്മകളായും വന്ന് അതിൽ സംബന്ധിക്കുന്നത് ഏറെ അനുഗ്രഹപ്രദവും നമ്മുടെ സഭാസ്നേഹത്തിന്റെ ഉത്തമസാക്ഷ്യവുമാണ്. വന്ദ്യപിതാവിന്റെ ഓർമതിരുന്നാളിനോടനുബന്ധിച്ച് നമ്മുടെ ഭക്തസംഘടനകളുടെയും, ഇടവകകളുടെയും, രൂപതകളുടെയും നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിലായി പഠനപരിപാടികളും, ക്വിസ് മത്സരങ്ങളും സെമിനാറുകളും നടത്തുന്നു എന്നത് ഏറെ പ്രോത്സാഹജനകമാണ്. നമ്മുടെ പൊതുവായ ആഘോഷങ്ങൾക്ക് തടസം നേരിടാത്ത രീതിയിൽ ആ കാര്യങ്ങൾ ക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. എല്ലാ ദിവസവും കബർ ചാപ്പലിനോടു ചേർന്ന് വി. കുമ്പസാരത്തിനുള്ള അവസരവും ഉണ്ടായിരിക്കുന്നതാണ്.

സഭയുടെ രണ്ടാം അസംബ്ലിക്ക് ഒരുക്കമായി നാം സ്വീകരിച്ചിരിക്കുന്ന 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന ആപ്തവാക്യത്തെ മുൻനിർത്തി കുടുംബങ്ങളുടെ വിശുദ്ധീകരണമെന്ന നിയോഗം ഈ വർഷത്തെ നമ്മുടെ പദയാത്രയുടെ പൊതുനിയോഗമായി സ്വീകരിക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ കുടുംബങ്ങളുടെയും ലോകത്തിലെ എല്ലാം കുടുംബങ്ങളുടെയും വിശുദ്ധീകരണമാണ് ഇതിലൂടെ സഭ ലക്ഷ്യംവയ്ക്കുന്നത്. അതിനാൽ കുടുംബാംഗങ്ങൾ ഒരുമിച്ച് ഈ നിയോഗത്തിൽ പദയാത്രയിൽ അണിചേരുന്നത് ഏറെ അനുഗ്രഹകരമാണ്; ലോകത്തിനൊരു മാതൃകയുമാണ്. ഒരു ദിവസമെങ്കിലും അതിനായി സമയം കണ്ടെത്തണമെന്ന് പ്രിയ സഭാമക്കളെ ഞാൻ ഓർമപ്പെടുത്തുന്നു. വന്ദ്യപിതാവിന്റെ ഓർമതിരുനാളിനോടനുബന്ധിച്ച് സഭയായി നാം ഏറ്റെടുത്തിരിക്കുന്ന 15 നോമ്പ് (ജൂലൈ 1-15) കൃത്യതയോടെ അനുഷ്ഠിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. പദയാത്രയിൽ മുഴുവൻസമയവും പങ്കെടുക്കുന്നവർ ഇതിൽ വീഴ്ച വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. പദയാത്രമൂലം യാതൊരുവിധത്തിലുമുള്ള ബുദ്ധിമുട്ടും പൊതുസമൂഹത്തിന് ഉണ്ടാവുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തുകയും വേണം.

മുൻകാലങ്ങളിലേതുപോലെ ഈ വർഷവും സഭയുടെ പ്രധാന പദയാത്ര മലങ്കര സുറിയാനി കത്തോലിക്കാ യുവജന പ്രസ്ഥാനം (MCYM)സഭാതലസമിതിയുടെ പ്രത്യേക നേതൃത്വത്തിൽ സഭയിലെ എല്ലാ സംഘടനകളുടെയും പങ്കാളിത്തത്തോടെ 2019 ജൂലൈ 10-ാം തീയതി ബുധനാഴ്ച പെരുന്നാട് മുണ്ടൻമലയിൽനിന്നും രാവിലെ 6 മണിക്ക് നടത്തപ്പെടുന്ന വി. കുർബാനയോടുകൂടി ആരംഭിക്കുന്നതാണ്. ഇതോടൊപ്പം, നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളിൽ തിരുവല്ല, മൂവാറ്റുപുഴ, ബത്തേരി, മാവേലിക്കര, മാർത്താണ്ഡം, ഗുഡ്ഗാവ് എന്നീ ഭദ്രാസനങ്ങളിൽ നിന്നും, പൂന-കട്കി എക്സാർക്കേറ്റിൽനിന്നും, പദയാത്രകൾ ആരംഭിച്ച് പ്രധാന പദയാത്രയോട് ചേരുന്നതുമായിരിക്കും. 14-ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണിക്ക് പ്രധാന പദയാത്രയ്ക്ക് കബറിങ്കൽ സ്വീകരണം നൽകും. തുടർന്ന് 5.30 മണിക്ക് സന്ധ്യാപ്രാർത്ഥനയും സഭാതലസുവിശേഷസംഘം 6-ാം ബാച്ച് അംഗങ്ങളുടെ കൈവയ്പു ശുശ്രൂഷയും നടക്കും. അതിനുശേഷം മെഴുകുതിരി നേർച്ച പ്രദക്ഷിണം, കബറിൽ ധൂപപ്രാർത്ഥന, ശ്ലൈഹിക ആശിർവാദം, ജാഗരണ പ്രാർത്ഥന എന്നിവയുണ്ടായിരിക്കും.

ഓർമ്മതിരുന്നാൾ ദിവസമായ 15-ാം തീയതി രാവിലെ 8.00-ന് കോപ്ടിക് കത്തോലിക്കാസഭയുടെ പാത്രിയർക്കീസ് അത്യഭിവന്ദ്യ ഇബ്രാഹീം ഐസക് സെദ്രാക് ഗാദ് എൽസായദ് ബാവായ്ക്ക് കത്തീഡ്രൽ കവാടത്തിൽ സ്വീകരണം നൽകും. തുടർന്ന് പ്രഭാതനമസ്കാരം, ആഘോഷമായ വിശുദ്ധ സമൂ

ഹബലി, കബറിൽ ധൂപപ്രാർത്ഥന, നേർച്ച, ശ്രാദ്ധസദ്യ എന്നിവയുണ്ടായിരിക്കും. സമൂഹബലിക്ക് നമ്മുടെ എല്ലാ ബഹുമാനപ്പെട്ട വൈദികരും സഹകാർമികരായി പങ്കുചേരണമെന്ന് ഞാനാഗ്രഹിക്കുന്നു. ഈ തിരുകർമ്മങ്ങളിൽ പങ്കുചേർന്ന് വന്ദ്യപിതാവിനോടുള്ള നമ്മുടെ ബന്ധവും, വിശുദ്ധ നാമകരണ നടപടികളിലേക്കുള്ള പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനയുടെ പിൻബലവും നൽകി ശക്തിപ്പെടുത്തണമെന്ന് പ്രിയ സഭാമക്കളേവരെയും ഞാൻ ഓർമിപ്പിക്കുന്നു.

സാവൂളിനെപ്പോലെ, തിരിച്ചറിഞ്ഞ സത്യത്തെ സധൈര്യം പ്രഘോഷിച്ച മലങ്കരയുടെ പൗലോസാണ് ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലിത്താ. ലഭ്യമാകാമായിരുന്ന സകല സ്ഥാനങ്ങളും ആഡംബരങ്ങളും ആനുകൂല്യങ്ങളും ആദർശധീരനായ ആ വത്സലപിതാവ് ധീരോദാത്തം വേണ്ടെന്നുവച്ചതിന്റെ പ്രത്യക്ഷസാക്ഷ്യങ്ങളാണ് നമ്മുടെ സഭയ്ക്ക് ഇന്ന് സ്വന്തമായതെല്ലാം. ''തന്നെ സ്നേഹിക്കുന്നവർക്ക് തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു'' എന്നത് എത്രയോ സത്യം. ആ വന്ദ്യതാതന്റെ കാലടികളെ പ്രാർത്ഥനയോടെ പിൻചെല്ലാം. വിശുദ്ധ പദവി പ്രാപിക്കാൻ ജാഗ്രതയോടെ പ്രാർത്ഥിക്കാം.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,
കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

25.06.2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

**MALANKARA CATHOLIC CHURCH**
DIOCESE OF MUVATTUPUZHA

PL No 1/2019 Date: 05/04/2019

## ഇടയലേഖനം

## ഉയിര്‍പ്പുതിരുനാള്‍ - 2019

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും മൂവാറ്റുപുഴ രൂപതയുടെ മെത്രാപ്പോലീത്താ ഏബ്രഹാം മാര്‍ ജൂലിയോസ് മെത്രാപ്പോലീത്തായില്‍നിന്നും, നമ്മുടെ അധികാരത്തില്‍ കീഴിലുള്ള വന്ദ്യ കോര്‍എപ്പിസ്ക്കോപ്പാമാര്‍ക്കും, ബഹു. വൈദികര്‍ക്കും, സന്യാസിനികള്‍ക്കും, ശെമ്മാശന്‍മാര്‍ക്കും, വിശ്വാസികളേവര്‍ക്കും വാഴ്വ്.

വന്ദ്യ കോര്‍എപ്പിസ്ക്കോപ്പാമാരേ, ബഹു. വൈദികരേ, സന്യാസിനി സന്യാസികളേ, ശെമ്മാശന്‍മാരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വാത്സല്യ കുഞ്ഞുങ്ങളേ,

നമ്മുടെ പ. കുര്‍ബ്ബാന പരസ്യമായി ആരംഭിക്കുമ്പോള്‍ ജനം ചൊല്ലുന്ന ''സ്വഭാവപ്രകാരം മരണമില്ലാത്തവനും'' എന്ന ചെറിയ വിശ്വാസ പ്രമാണം ആറാം നൂറ്റാണ്ടില്‍ ജീവിച്ചിരുന്ന അന്ത്യോക്യായിലെ വി. സേവേറിയോസ് രചിച്ചതാണ്. അതില്‍ ''തന്റെ മരണത്താല്‍ ഞങ്ങളുടെ മരണത്തെ ചവിട്ടി മെതിച്ചവനും'' (He who trampled our death with his death) എന്ന പ്രയോഗം ഉല്പത്തി 3:15 - ലേക്ക് വിരല്‍ചൂണ്ടുന്നതാണ്. ''സ്ത്രീയുടെ സന്തതി സര്‍പ്പത്തിന്റെ തല ചവിട്ടിഞെരിക്കും'' എന്ന പ്രവചനം യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമാണ് സാര്‍ത്ഥകമായത്.

എ.ഡി. 54-ാം ആണ്ടോടുകൂടി രചിക്കപ്പെട്ട കൊറീന്ത്യര്‍ക്കുള്ള ഒന്നാം ലേഖനത്തില്‍ വി. പൗലോസ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി കാണുന്നത് ഉയിര്‍പ്പിലാണ്: ''എനിക്ക് ലഭിച്ചത് (പാരമ്പര്യം) സര്‍വ്വ പ്രധാനമായി കരുതി നിങ്ങള്‍ക്ക് ഏല്പിച്ചു തന്നു. വിശുദ്ധ ലിഖിതങ്ങളില്‍ പറഞ്ഞിട്ടുള്ളതുപോലെ ക്രിസ്തു നമ്മുടെ പാപങ്ങള്‍ക്ക് വേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും, എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംനാള്‍ ഉയിര്‍പ്പിക്കപ്പെടുകയും ചെയ്തു.'' ഈ സദ്വാര്‍ത്തയായിരുന്നു അപ്പസ്തോലിക പ്രഘോഷണത്തിന്റെ കാതല്‍.

**1. ഉത്ഥാനം: നമ്മുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ആണിക്കല്ല്:** ''ക്രിസ്തു ഉയിര്‍പ്പിക്കപ്പെട്ടിട്ടില്ലെങ്കില്‍ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്. നിങ്ങള്‍ നിങ്ങളുടെ പാപങ്ങളില്‍ തന്നെ വര്‍ത്തിക്കുന്നു. ക്രിസ്തുവില്‍ നിദ്രപ്രാപിച്ചവര്‍ നശിച്ചു പോവുകയും ചെയ്തിരിക്കുന്നു.'' (1 കോറി. 15:17-18)

നമ്മുടെ പ്രത്യാശയുടെ നങ്കൂരവും യേശുവിന്റെ ഉയിര്‍പ്പിലാണ് ഉറപ്പിക്കപ്പെട്ടിരിക്കുന്നത്: ''അവന്‍ മരണത്തെ ഇല്ലാതാക്കുകയും തന്റെ സുവിശേഷത്തിലൂടെ ജീവനും അനശ്വരതയും വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ സുവിശേഷത്തിന്റെ പ്രഘോഷകനും അപ്പസ്തോലനും പ്രബോധകനുമായി ഞാന്‍ നിയമിതനായിരിക്കുന്നു... ഞാന്‍ അതില്‍ ലജ്ജിക്കുന്നില്ല. എന്തെന്നാല്‍ ആരിലാണ് ഞാന്‍ വിശ്വാസമര്‍പ്പിച്ചിരിക്കുന്നതെന്ന് എനിക്കറിയാം (1 തിമോ. 1:10-12)

നാമും നമ്മുടെ മരിച്ചുപോയവരും ഒരിക്കല്‍ ഉയിര്‍ക്കുമെന്നുള്ള പ്രത്യാശയുടെ അടിസ്ഥാനവും ഉത്ഥിതനായ കര്‍ത്താവാണ്: ''നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യ ഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയില്‍ നിന്ന് ഉയിര്‍പ്പിക്കപ്പെട്ടു. ഒരു മനുഷ്യന്‍ വഴി മരണം ഉണ്ടായതുപോലെ, ഒരു മനുഷ്യന്‍ വഴി പുനരുത്ഥാനവും ഉണ്ടായി. ആദത്തില്‍ എല്ലാവരും മരണാധീനരാകുന്നതുപോലെ ക്രിസ്തുവില്‍ എല്ലാവരും പുനര്‍ജീവിക്കും'' (1 കോറി. 15:20-22)

**2. ഉത്ഥാനവും ശിഷ്യത്വത്തിന്റെ ഉറപ്പും :** കർത്താവ് ഉയിർത്ത് പിതാവിന്റെ സന്നിധിയിലേക്ക് കരേറുന്നതിനു മുമ്പ് 40 ദിവസം ഈ ഭൂമിയിൽ തന്നെ ചെലവഴിച്ചു. തന്റെ പീഡാനുഭവ രാത്രിയിൽ ചിതറിപ്പോയ ശിഷ്യന്മാരെ ഒരുമിച്ച് കൂട്ടുന്നതിനും, താൻ ജീവിച്ചിരിക്കുന്നു എന്ന് തെളിയിക്കുന്നതിനുമാണ് പരിശ്രമിച്ചത്. യേശു പലവട്ടം ശിഷ്യർക്ക് പ്രത്യക്ഷനായി. അവരോടൊപ്പം ഭക്ഷണം കഴിച്ചു. തന്റെ മുറിപ്പാടുകൾ അവരെ കാണിച്ചുകൊടുത്തു. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരോടൊപ്പം സഹയാത്രികനായി. ലോകം മുഴുവൻ സുവിശേഷം അറിയിക്കുവാൻ തക്കവണ്ണം അവരെ ധൈര്യപ്പെടുത്തുകയും പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തുകയും ചെയ്തു. കർത്താവിനെ തള്ളിപ്പറഞ്ഞവനും, കർത്താവിനെ വിട്ട് ഓടിപ്പോയവരും കർത്താവിനെ പ്രതി രക്തസാക്ഷികളായിത്തീർന്നു.

**3. പുനരുത്ഥാനത്തിന്റെ ശക്തി അനുദിന ജീവിതത്തിൽ :** സഭയെ പീഡിപ്പിച്ചിരുന്ന വി. പൗലോസ് മാനസാന്തര ജീവിതത്തിന്റെ ലക്ഷ്യം കണ്ടെത്തിയത് താഴെപ്പറയുന്നു: ''അത് അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെ ഞാൻ അറിയുന്നതിനും, അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും അവന്റെ മരണത്തോടു താദാത്മ്യപ്പെടുന്നതിനും വേണ്ടിയാണ്'' (ഫിലി 3:10)

വിവാഹിതർ അവരുടെ കൂട്ടായ ജീവിതത്തിന്റെ നന്മയും സ്നേഹവും അനുഭവിക്കുന്നത് വിവാഹ ദിവസമോ, അതിന്റെ വാർഷികത്തിലോ മാത്രമല്ല, പ്രത്യുത എല്ലാ ദിവസവുമാണല്ലോ. അതുപോലെ ഉയിർപ്പിന്റെ ശക്തി ഓരോ ദിവസവും അനുഭവവേദ്യമാകണം. പ്രത്യേകിച്ചും അനുദിന ജീവിത ക്ലേശങ്ങളിലും മരണത്തിലും വേർപാടിലും നമുക്ക് ആശ്വാസം പകരുന്നത് പുനരുത്ഥാന ചിന്തയാണ്.'' പൗലോസ് പറയുന്നു: ''നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്ന് കരുതുന്നു (റോമ 8:18).

**4. പുനരുത്ഥാനവും ഞായറാഴ്ചയാചരണവും :** കർത്താവിന്റെ ഉയിർപ്പിന്റെ ആഘോഷമാണ് ആഴ്ചയുടെ ഒന്നാം ദിവസമായ ഞായറാഴ്ചയിൽ നടക്കുന്ന വി.കുർബാനക്കൂട്ടായ്മ. തിരുവത്താഴ മാളികയിൽ നടന്ന സംഭവങ്ങളുടെ ആവർത്തനമാണ് എമ്മാവൂസിലേക്കു പോയ രണ്ടുശ്ലീഹന്മാരുടെ വീട്ടിൽ നടന്നത്. ഉത്ഥാനശേഷം അവർക്ക് ഒരുമിച്ച് പ്രത്യക്ഷപ്പെട്ട അവസരത്തിലും ഗെനേസറത്ത് തടാക തീരത്തും കുർബാനയെ അനുസ്മരിപ്പിക്കുന്ന ഭക്ഷണം നടന്നു. അപ്പസ്തോലികകാലത്ത് ഭവനങ്ങളിൽ ''അപ്പം മുറിക്കൽ'' ശുശ്രൂഷയുണ്ടായിരുന്നു. അതിന്റെ വികസിതരൂപമാണ് ഞായറാഴ്ചകളിൽ നമ്മുടെ പള്ളികളിൽ നടക്കുന്നത്. ഉത്ഥിതന്റെ ശക്തിയും മഹത്ത്വവും ദർശിക്കുവാനാണ് നാം പള്ളിയിൽ വരുന്നത്. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിലൂടെയാണ് യേശുവിന്റെ ശക്തി വെളിപ്പെടുന്നത്. ഒരു മുല്ലപ്പൂമാലയെ കൂട്ടിയോജിപ്പിക്കുന്നത് ഓരോ പൂവിലും കൂടി പോകുന്ന ചരടാണ്. അതുപോലെ വ്യത്യസ്തരായ നമ്മെ ഒന്നായി കോർത്തിണക്കുന്നത് ഉത്ഥിതന്റെ സമ്മാനമായ പരിശുദ്ധാത്മാവാണ്.

കർത്താവ് ശിഷ്യന്മാർക്ക് ഓരോ തവണ പ്രത്യക്ഷപ്പെട്ടപ്പോഴും രണ്ടു കാര്യങ്ങൾ പറഞ്ഞു: ''ഭയപ്പെടേണ്ട,'' ''നിങ്ങൾക്കു സമാധാനം.'' ലോകം തരുന്നതുപോലെയുള്ള കാലികസമാധാനമല്ല, പ്രത്യുത നിത്യതവരെയും നീണ്ടുപോകുന്ന സമാധാനമാണ് യേശുക്രിസ്തു നൽകുന്നത്.

ഈ വലിയ പെരുനാളിൽ നമുക്ക് സന്തോഷിക്കാം. പരസ്പരം സമാധാനം നൽകിക്കൊണ്ട് നമുക്ക് പാടാം: ''ശ്ലോമോ, ശ്ലോമോ അടുത്തവർക്കും ദൂരസ്ഥന്മാർക്കും! യേശു സത്യമായി ഉയിർത്തെഴുന്നേറ്റു. ഹല്ലേലൂയ്യാ!

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നാമെല്ലാവരോടുംകൂടെ സദാ വർദ്ധിക്കുമാറാകട്ടെ. ആയത് നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയും ദൈവമാതാവുമായ പരി. കന്യകാമറിയാമിന്റെയും നമ്മുടെ കാവൽപിതാവായ മാർ തോമാശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

+ Mar Julios

✠ **ഏബ്രഹാം മാർ ജൂലിയോസ്**
മൂവാറ്റുപുഴ മെത്രാപ്പോലീത്താ

വിമലഗിരി ഭദ്രാസന മന്ദിരം,
മൂവാറ്റുപുഴ.

# MALANKARA CATHOLIC CHURCH

DIOCESE OF MUVATTUPUZHA

Prot No 2/2019 **CIRCULAR** Date: 15/04/2019

## ഏതാനും അറിയിപ്പുകൾ

വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

1. നമ്മുടെ രൂപതയിലെ ബഹു. ജോർജ് അറയ്ക്കമ്യാലിൽ ശെമ്മാശനും ബഹു. ജോസഫ് കുടിലിൽ ശെമ്മാശനും ഏപ്രിൽ 23 ചൊവ്വാഴ്ച മൂവാറ്റുപുഴ കത്തീഡ്രലിൽ വച്ച് പുരോഹിതരായി അഭിഷിക്തരാകുന്നതാണ്. തിരുപ്പട്ട ശുശ്രൂഷ രാവിലെ 7.30-ന് ആരംഭിക്കുന്നതും 11.30-ന് അവസാനിക്കുന്നതുമാണ്. പൗരോഹിത്യം സ്വീകരിക്കുന്നവരിൽ പരിശുദ്ധാത്മ നൽവരങ്ങൾ വന്നു നിറയുന്നതിനും, അവർ ആജീവനാന്തം വിശ്വസ്തരായി ക്രിസ്തുവിന്റെയും അവിടുത്തെ സഭയുടെയും യഥാർത്ഥ ശുശ്രൂഷകരായി വർത്തിക്കുവാനുള്ള അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

2. കേരളത്തിൽ ലോകസഭാ തെരഞ്ഞെടുപ്പ് നടക്കുന്നത് ഏപ്രിൽ 23-ന് ആണല്ലോ. പല കാരണങ്ങൾ കൊണ്ട് വളരെ നിർണ്ണായകമായ ഒരു തെരഞ്ഞെടുപ്പാണിത്. ഇൻഡ്യാ മഹാരാജ്യത്തിന്റെ അഖണ്ഡത, ജനാധിപത്യ സ്വഭാവം, മതനിരപേക്ഷത, എല്ലാ മതങ്ങൾക്കും സ്വന്ത വിശ്വാസം കാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം, അവശവിഭാഗങ്ങളുടെ മുന്നേറ്റം, മത-ഭാഷാന്യൂനപക്ഷങ്ങളുടെ സംരക്ഷണം എന്നിവയെല്ലാം അന്യൂനം നിലനിൽക്കേണ്ടതാണ്. പ്രായപൂർത്തിയായ എല്ലാവർക്കും തിരിച്ചറിയൽ കാർഡും, വോട്ടേഴ്സ് ലിസ്റ്റിൽ പേരും ഉണ്ടെന്നും ഉറപ്പുവരുത്തുക. നമ്മുടെ ബാലറ്റ് ബുദ്ധിപൂർവ്വം നന്മയുടെ വിജയത്തിനായി നമുക്ക് വിനിയോഗിക്കാം. വോട്ടു രേഖപ്പെടുത്തുക നമ്മുടെ പൗരാവകാശമാണ്. അതിനാൽ വോട്ടിംഗിൽ നിന്ന് ആരും മാറി നിൽക്കരുത്.

3. 2008 ഫെബ്രുവരി 9-ന് ആണല്ലോ ഞാൻ മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്തയായി ശുശ്രൂഷയിൽ പ്രവേശിച്ചത്. ഇപ്പോൾ പതിനൊന്ന് വർഷവും നാലുമാസവും പൂർത്തിയാക്കി, കാനോനികമായ പ്രായപരിധിയനുസരിച്ച്, സഭാനിയമം അനുശാസിക്കുന്നതുപോലെ, വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള അപേക്ഷ ഞാൻ പരി. സൂനഹദോസിന് സമർപ്പിക്കുകയും, അഭിവന്ദ്യ പിതാക്കന്മാർ അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിലെ ധാരണ പ്രകാരം 2019 ജൂൺ 12-ന് ഞാൻ സ്ഥാനത്തുനിന്നു വിരമിക്കുന്നതും, ഇതിനകം എന്റെ പിൻഗാമിയായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ യൂഹാനോൻ മാർ തിയഡോഷ്യസ് തിരുമേനി മൂവാറ്റുപുഴ മെത്രാപ്പോലീത്തയായി ഉത്തരവാദിത്തം ഏറ്റെടുക്കുന്നതുമാണ്.

മൂവാറ്റുപുഴ കത്തീഡ്രലിൽ രാവിലെ 9.30–ന് ആരംഭിക്കുന്ന പരി. കുർബാനയിലും, സ്ഥാനാരോഹണകർമ്മത്തിലും, തുടർന്നുള്ള സമ്മേളനത്തിലും പങ്കെടുക്കുവാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഇത് മുൻകൂറായ ഒരറിയിപ്പ് മാത്രമാണ്. വേണ്ട ആലോചനകൾക്ക് ശേഷം വിശദമായ പരിപാടികൾ മെയ് മാസം ആരംഭത്തിൽ അറിയിക്കുന്നതാണ്. പുതിയ മെത്രാപ്പോലീത്തായ്ക്ക് വേണ്ടിയും, എനിക്ക് വേണ്ടിയും പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

4. സ്ഥാനാരോഹണ ചടങ്ങുകൾക്കു മുമ്പായി നമ്മുടെ രൂപതയിലെ എല്ലാ പള്ളികളുടെയും സ്ഥാപനങ്ങളുടെയും കണക്ക് സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ, പള്ളികളുടെയും ഇതര സ്ഥാപനങ്ങളുടെയും ചുമതല വഹിക്കുന്നവർ 2019 മെയ് 15 –നകം, തങ്ങളുടെ ചുമതലയിലുള്ള മേല്പറഞ്ഞ സ്ഥാപനങ്ങളുടെ ആഡിറ്റ് ചെയ്ത നടപ്പുവർഷത്തെ കണക്ക് ബഹുമാനപ്പെട്ട പ്രൊക്കുറേറ്റർ അച്ചന്റെ ഓഫീസിൽ നൽകേണ്ടതാണ്.

നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Julios

**✠ ഏബ്രഹാം മാർ ജൂലിയോസ്**
മൂവാറ്റുപുഴ മെത്രാപ്പോലീത്താ

വിമലഗിരി ഭദ്രാസന മന്ദിരം,
മൂവാറ്റുപുഴ

# MALANKARA CATHOLIC CHURCH
DIOCESE OF MUVATTUPUZHA

PL No. 2/2019 Date: 01/06/2019

## ഇടയലേഖനം

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും മൂവാറ്റുപുഴ രൂപതയുടെ മെത്രാപ്പോലീത്താ ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായിൽനിന്നും, നമ്മുടെ അധികാരത്തിൽ കീഴിലുള്ള വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാർക്കും, ബഹു. വൈദികർക്കും, സന്യാസിനികൾക്കും, ശെമ്മാശൻമാർക്കും, വിശ്വാസികളേവർക്കും വാഴ്വ്.

വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, ബഹു. വൈദികരേ, സന്യാസിനി സന്യാസികളേ, ശെമ്മാശൻമാരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വാത്സല്യ കുഞ്ഞുങ്ങളേ,

ആദ്യമായി പെന്തിക്കൊസ്തി പെരുന്നാളിന്റെ നൽവരങ്ങൾ ഏവർക്കും ആശംസിക്കുന്നു! 50-ാം പെരുന്നാൾ സഭയുടെ ഉദ്ഘാടനദിവസമായി കണക്കാക്കപ്പെടുന്നു. ഉന്നതത്തിൽനിന്നുള്ള ശക്തി ധരിച്ചു കഴിഞ്ഞപ്പോൾ ആദ്യശിഷ്യർക്ക് വിശ്വാസത്തിലുള്ള സ്ഥൈര്യവും സാക്ഷ്യജീവിതത്തിനുള്ള ധൈര്യവും ലഭിച്ചതുപോലെ, പരിശുദ്ധാത്മാവ് നമ്മളെയും യഥാർത്ഥ ക്രിസ്തു ശിഷ്യരും സാക്ഷികളുമാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

10.03.2019-ൽ ഞാൻ മലങ്കര കത്തോലിക്കാസഭയുടെ പരി. സുന്നഹദോസിൽ വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കാനുള്ള അപേക്ഷ നൽകി. അതിന് മറുപടിയായി 10.05.2019-ന് പ. ബാവാതിരുമേനിയുടെ കല്പനയനുസരിച്ച് ഈ മാസം 11ന് വിശ്രമജീവിതത്തിലേക്ക് കടക്കുന്നതും ജൂൺ 12ന് അഭിവന്ദ്യ യൂഹാനോൻ മാർ തിയഡോഷ്യസ് തിരുമേനി മൂവാറ്റുപുഴ മെത്രാപ്പോലീത്തയായി സ്ഥാനാരോഹിതനാകുന്നതുമാണ്. പുതിയ മെത്രാൻ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതോടുകൂടി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ജീവിതത്തിൽ പുതിയ ഒരു അദ്ധ്യായം തുറക്കുകയാണല്ലോ. പിതാവിന് എല്ലാ മംഗളങ്ങളും പരിശുദ്ധാത്മനടത്തിപ്പും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു!

എഴുപത്തിയഞ്ച് വയസ്സിൽ റിട്ടയർ ചെയ്യുന്ന മെത്രാന്മാരെ സംബന്ധിച്ച് പരി. ഫ്രാൻസിസ് മാർപാപ്പ 2018 ഫെബ്രുവരി 15ന് ഒരു അപ്പസ്തോലിക പ്രബോധനം പുറപ്പെടുവിച്ചു. അതിന്റെ പേര് "Imperare a congedarsi" (വിടപറയാൻ അഭ്യസിക്കുക) എന്നാണ്. അതിൽ മാർപാപ്പ പറയുന്നു: സഭാശുശ്രൂഷയുടെ അന്ത്യം എന്ന് പറയുന്നത് ആ ശുശ്രൂഷയുടെ അവിഭാജ്യഘടകം തന്നെയാണ്. അധികാരത്തിൽ നിന്ന് മാറി നിൽക്കാനും, സ്വയം അനിവാര്യനാണ് എന്ന സങ്കല്പത്തിൽനിന്ന് വിടുതൽ നേടുവാനും പ്രാർത്ഥനയിൽ ശക്തി കണ്ടെത്തണം. വിടപറയലിന്റെ ആത്മീയത അപ്പസ്തോലപ്രവൃത്തികൾ 20: 17-38 വരെയുള്ള വാക്യങ്ങളിൽ വായിച്ചെടുക്കാൻ സാധിക്കും. വി. പൗലോസ് മൂന്നുവർഷം എഫേസൂസിൽ താമസിച്ചു, അവിടുത്തെ സഭാസമൂഹത്തെ പടുത്തുയർത്തി. അവസാനം കപ്പൽ കയറി ജെറുസലേമിലേക്ക് പോകും മുമ്പായി എഫേസൂസിലെ മൂപ്പന്മാരെ (വൈദികരെ) കടൽക്കരയിൽ വിളിച്ചുകൂട്ടി താൻ ചെയ്ത ഓരോ കാര്യവും സുതാര്യമായി വിസ്തരിക്കുന്നുണ്ട്. അത് സ്വയമഹിമയ്ക്ക് വേണ്ടിയായിരുന്നില്ല, പ്രത്യുത അപ്പസ്തോലിക പാരമ്പര്യത്തിന്റെ കൈമാറ്റം ആയിരുന്നു.

ഒരു അപ്പസ്തോലന്റെ സുപ്രധാന കടമ രണ്ടുകാര്യങ്ങളിൽ ഒതുങ്ങുന്നു. 'ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം' (അപ്പ: 6:4). മറ്റനേകം കടമകൾ കാലക്രമത്തിൽ വന്നു ചേർന്നെങ്കിലും അടിസ്ഥാനപരമായ കർത്തവ്യങ്ങൾ പ്രാർത്ഥനയും വചനഘോഷണവുമാണ്. എല്ലാ ദിവസങ്ങളിലും യാമ പ്രാർത്ഥനകളിലും വ്യക്തിപരമായ പ്രാർത്ഥനകളിലും രൂപതയിലെ ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനായി മാദ്ധ്യസ്ഥം നടത്തിയിട്ടുണ്ട്. ദൈവവചനം സ്വയം വായിക്കാനും പഠിക്കാനും വചനഘോഷണത്തിലൂടെയും വചനാദ്ധ്യാപനത്തിലൂടെയും പ്രബോധനം നടത്താനും ഞാൻ ദിനംപ്രതി ശ്രദ്ധിച്ചിട്ടുണ്ട്. മലങ്കരസഭയുടെ ആരാധനക്രമങ്ങളും കൂദാശകളും അവയുടെ പവിത്രതയിലും നിഷ്ഠയിലും അനുഷ്ഠിക്കുവാനും അത് അടുത്ത തലമുറയ്ക്ക് പകർന്നു നൽകാനും ശ്രദ്ധിച്ചിട്ടുണ്ട്.

എന്റെ ശുശ്രൂഷാകാലത്ത് മൂവാറ്റുപുഴ രൂപതയിൽ 20 പേർക്കും, ബഥനി ആശ്രമത്തിൽ 5 പേർക്കും വൈദികപട്ടം നൽകിയിട്ടുണ്ട്. ഒരുകാലത്ത് കത്തോലിക്കാസഭയിലെ അനുസരണവും അച്ചടക്കവും ലോകത്തിനു മുഴുവൻ മാതൃകയായിരുന്നു. ഇന്ന് ചില സഭകളിലും രൂപതകളിലുമുള്ള അവയുടെ അഭാവവും ശൈഥില്യവും ദൈവജനത്തിന് മുഴുവൻ ഉതപ്പു നൽകുന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ. അനൈക്യത്തിന്റെ വിത്തുവിതയ്ക്കുന്ന പൈശാചികശക്തികളെ ചെറുക്കുവാൻ ആവശ്യമായ പരിശുദ്ധാത്മശക്തിക്കായി പ്രാർത്ഥിക്കാം.

ഒരു വ്യക്തിസഭയുടെ ഫലദായകത്വം അളക്കുന്നത് അവിടെയുള്ള മിഷൻ പ്രവർത്തനത്തിൽ നിന്നാണ്; എത്രപേർ നമ്മുടെ പ്രാർത്ഥനയാലും ക്രൈസ്തവ സാക്ഷ്യത്താലും ക്രിസ്തുശിഷ്യരായിത്തീർന്നു? കഴിഞ്ഞ പതിനൊന്നു വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ പുതിയ മൂന്ന് മിഷനുകളും തമിഴ്നാട്ടിൽ നാലു മിഷനുകളും തുടങ്ങാൻ സാധിച്ചിട്ടുണ്ട്. പുതുതായി സഭയിൽ ചേർന്നവർക്ക് വിശ്വാസത്തിലുള്ള സ്ഥൈര്യം ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ ഏതാണ്ട് എഴുപത് കുടുംബങ്ങൾക്ക് വീടു പണിയാനോ വീടിന്റെ കേടുപാടുകൾ പോക്കാനോ സഹായം നൽകിയിട്ടുണ്ട്. എല്ലാ വർഷവും കുറെ വിദ്യാർത്ഥികൾക്ക് പഠന സഹായം, വിവാഹ സഹായം, രോഗികൾക്കുള്ള സഹായം എന്നിവ നൽകിയിട്ടുണ്ട്. തൊഴിയൂരും വടകോടുമുള്ള ഭവനങ്ങളിൽ നിരാലംബരായ പുരുഷന്മാർക്കും സ്ത്രീകൾക്കും അഭയമരുളുന്നു. 2018 ആഗസ്റ്റിലെ പ്രളയകാലത്ത് രൂപതയും സമൃദ്ധിയും ചേർന്നു നൂറുകണക്കിന് കുടുംബങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. 'ദരിദ്രരെക്കുറിച്ചുള്ള കരുതൽ' സഭയുടെ മുഖമുദ്രയാണ്. അത് അങ്ങനെതന്നെ മുമ്പോട്ടു പോകണം.

ഇതിനകം 12 ദൈവാലയങ്ങളും 2 വൈദികവസതികളും കൂദാശ ചെയ്തിട്ടുണ്ട്. 2 ദൈവാലയങ്ങളും ഒരു വൈദികവസതിയും ഇപ്പോൾ നിർമ്മാണദശയിലാണ്. നമ്മുടെ കത്തീഡ്രൽ, രൂപതാകാര്യാലയം, മറ്റു കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു സാഹസിക യത്നമായിരുന്നു. ക്യാൻവാസില്ലാതെ പടം വരയ്ക്കാൻ സാധിക്കില്ലല്ലോ. 12 സ്ഥലങ്ങളിൽ ചെറുതും വലുതുമായ വസ്തുക്കൾ വാങ്ങിയിട്ടുണ്ട്. രൂപതയുടെ ഭാവി പ്രവർത്തനങ്ങളെ കൂടി കരുതി വാങ്ങിയിട്ടുള്ളതാണ്.

മൂവാറ്റുപുഴ ഭദ്രാസനത്തിലെ ദൈവജനം 'ഇടയൻ' എന്ന നിലയിൽ എന്നെ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്തിട്ടുണ്ട്. ജനത്തിന് കഴിവതും സംലഭ്യനാകുവാനും ഇടവകകൾ സന്ദർശിക്കാനും, മനുഷ്യരെ വിശ്വാസത്തിൽ ഉറപ്പിക്കാനും രോഗത്തിന്റെയും മരണത്തിന്റെയും അവസരത്തിൽ കൂടെനിൽക്കാനും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. രൂപതയിലെ എല്ലാ വൈദികരോടും സന്യസ്തരോടും വലിയ കടപ്പാടുണ്ട്. എന്നെ പ്രോത്സാഹിപ്പിച്ചവർക്കും വിമർശിച്ചവർക്കും നന്ദിയുണ്ട്. എന്നാൽ ആരെങ്കിലും എന്നെ പുകഴ്ത്തിയപ്പോൾ പൊങ്ങിപ്പോവുകയോ, ഇകഴ്ത്തിയപ്പോൾ താണുപോവുകയോ ചെയ്തില്ല. എന്റെ കടമകൾ ചെയ്തു മുമ്പോട്ടുപോയി. 'കല്പിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാരാണ്. കടമ നിർവ്വഹിച്ചതേയുള്ളൂ എന്നു പറയുവിൻ'(ലൂക്കാ 17:10) എന്ന കർതൃകല്പനയനുസരിച്ച് കൃതാർത്ഥതയോടെ വിടവാങ്ങുന്നു. എന്റെ ബലഹീനതകൾ താങ്ങിയ നിങ്ങൾക്കെല്ലാം നന്ദി പറയുന്നു. എന്നെ മാനസികമായി വേദനിപ്പിച്ചിട്ടുള്ള എല്ലാവർക്കും

വേണ്ടി എന്നും പ്രാർത്ഥിച്ചിട്ടുണ്ട്. ഞാൻ ആരെയെങ്കിലും വേദനിപ്പിച്ചുവെങ്കിൽ അവരോട് മാപ്പപേക്ഷിക്കുന്നു.

വി. പൗലോസ് തെസലോനിക്കായിൽ തന്റെ വചനഘോഷണത്താൽ മാനസാന്തരപ്പെട്ടവരുടെ വിശ്വാസത്തെയും ശരണത്തെയും സ്നേഹത്തെയും ഓർത്ത് ദൈവത്തിന് അനുദിനം നന്ദി പറയുമായിരുന്നു. (1 തെസ.1:2-3). അവർ തന്നെയായിരുന്നു അദ്ദേഹത്തിന്റെ 'പ്രത്യാശയും, ആനന്ദവും അഭിമാനത്തിന്റെ കിരീടവും' (1 തെസ. 2:19). കർത്താവിന്റെ പ്രത്യക്ഷത്തിൽ ഓരോ അജഗണവുമായിരിക്കും ഇടയന്റെ പ്രത്യാശയും ആനന്ദവും കിരീടവും.

ദൈവം എല്ലാവരെയും അനുഗ്രഹിക്കുകയും കൃപയിൽ കാത്തുസൂക്ഷിക്കുകയും ചെയ്യട്ടെ!

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നാമെല്ലാവരോടും കൂടെ സദാ വർദ്ധിക്കുമാറാകട്ടെ. ആയത് നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയും ദൈവമാതാവുമായ പരിശുദ്ധ കന്യകാമറിയാമിന്റെയും നമ്മുടെ കാവൽ പിതാവായ മാർ തോമാശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

+ Mar Julios

✠ **ഏബ്രഹാം മാർ ജൂലിയോസ്**
മൂവാറ്റുപുഴ മെത്രാപ്പോലീത്താ

വിമലഗിരി ഭദ്രാസന മന്ദിരം,
മൂവാറ്റുപുഴ.

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കൂട്ടായ്മയിലും
മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ
**യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പൊലീത്തായിൽനിന്നും**
ഭദ്രാസനത്തിന്റെ അജപാലന പരിധിയിലുള്ള
എല്ലാ വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

Prot. No. PL 01/2019

ദൈവതിരുനാമത്തിന് മഹത്ത്വമുണ്ടായിരിക്കട്ടെ!

വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ വിശ്വാസികളേ,

''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16:15) എന്ന ക്രിസ്തുവചനത്തിന്റെ ആജ്ഞാശക്തിയാൽ മാല്യങ്കരയെന്ന മലയാളമണ്ണിൽ മാർതോമ്മാശ്ലീഹ സുവിശേഷസാക്ഷ്യം നൽകി. ആ പാരമ്പര്യത്തിന്റെ ഇഴയടുപ്പത്തിന് ഊടും പാവും നെയ്ത ക്രൈസ്തവസാക്ഷ്യങ്ങളുടെ ഇടയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സാന്നിധ്യം അനിർവചനീയമാണ്. അതിൽ പ്രത്യേകമായൊരു സ്ഥാനം 2003–ൽ രൂപീകൃതമായ മൂവാറ്റുപുഴ ഭദ്രാസനത്തിനുണ്ട്. അതിന്റെ മൂന്നാമത്തെ അധ്യക്ഷനായി, 2019 മാർച്ച് 11 മുതൽ 15 വരെ സമ്മേളിച്ച സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ബലഹീനനായ എന്നെ തെരഞ്ഞെടുത്തു. തുടർന്ന്, 2019 ജൂൺ 12–ന് നമ്മുടെ ഭദ്രാസന ദൈവാലയത്തിൽവച്ച് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവായുടെ ഉത്തരവിനാൽ (Prot. No. 02/2019) ഭദ്രാസനത്തിന്റെ ചുമതലകൾ ഞാൻ ഏറ്റെടുക്കുകയും ചെയ്ത വിവരം നിങ്ങളെയേവരെയും അറിയിക്കുന്നു. മഹത്തായ ഈ ശുശ്രൂഷയ്ക്ക് എളിയവനായ എന്നെ നിയോഗിക്കാൻ അനുമതി നൽകിയ ആഗോള കത്തോലിക്കാ സഭാതലവൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായോടും, പൗരസ്ത്യ തിരുസംഘത്തോടും, ഇന്ത്യയിലെ അപ്പസ്തോലിക് ന്യുൺഷ്യയോടും, നമ്മുടെ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോടും മൂവാറ്റുപുഴ ഭദ്രാസനത്തിനും, ഭദ്രാസനാദ്ധ്യക്ഷനെന്ന നിലയിൽ എനിക്കുമുള്ള നന്ദിയും കടപ്പാടും വിധേയപൂർവം അറിയിക്കുന്നു.

നമ്മുടെ ഭദ്രാസനം രൂപീകൃതമായതിന്റെ 16–ാം വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. തിരുവല്ലാ അതിഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തൻ ആർച്ച്ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടെ നേതൃത്വത്തിൽ തുടക്കംകുറിച്ച് ഭദ്രാസന പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമിടാൻ വന്ദ്യപിതാവിന്റെ ഇടയശുശ്രൂഷ സഹായകമായി. തുടർന്ന്, ഇപ്പോൾ സ്ഥാനമൊഴിഞ്ഞ അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലിത്തായുടെ 11 വർഷത്തെ ഇടയശുശ്രൂഷയിൽ നമ്മുടെ ഭദ്രാസനം അഭിമാനകരമാംവിധം വളർന്നു. മുൻഗാമികളായ രണ്ടു വന്ദ്യപിതാക്കന്മാരെയും ദൈവതിരുമുമ്പിൽ സമർപ്പിച്ച് നന്ദി പറയുന്നു. കീഴില്ലത്തെ ഇതുവരെ താമസിച്ചുകൊണ്ടിരുന്ന ഭവനത്തിൽതന്നെ ആയിരിക്കും അഭിവന്ദ്യ ജൂലിയോസ് തിരുമേനി തന്റെ വിശ്രമകാലം ചിലവഴിക്കുക.

പിതാവിന്റെ തുടർന്നുള്ള ജീവിതം ഏറെ അനുഗ്രഹകരമാകാൻ പ്രത്യേകം നമുക്ക് പ്രാർത്ഥിക്കാം. **വി. കുർബാനയിലെ 1-ാമത്തെ തുബ്ദേനിൽ (മധ്യസ്ഥപ്രാർത്ഥന) ഭദ്രാസന അദ്ധ്യക്ഷന്റെ പേരിനുശേഷം അഭിവന്ദ്യ പിതാവിന്റെ പേരുംചേർത്ത് വായിക്കണമെന്ന കാര്യം ഏവരെയും ഞാൻ പ്രത്യേകം ഓർമിപ്പിക്കുന്നു.**

മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷനെന്ന ഈ പുതിയ ശുശ്രൂഷ ബലഹീനനായ ഞാനേറ്റെടുക്കുമ്പോൾ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും നിസ്വാർത്ഥമായ സഹകരണവുമാണ് എനിക്ക് ഏറെ ആവശ്യം. സുന്ത്രോണീസോ (സ്ഥാനാരോഹണം) കർമത്തിൽ നമ്മുടെ പ്രിയപ്പെട്ട വൈദികരും, സന്യസ്തരും, കുട്ടികളും, യുവജനങ്ങളും, അല്മായരും വിശ്വാസിസമൂഹം ഒന്നടങ്കവും പ്രകടമാക്കിയ വലിയ പിന്തുണയ്ക്കും, സാന്നിധ്യത്തിനും പ്രത്യേകമായ നന്ദി വ്യക്തിപരമായും, ഭദ്രാസനത്തിന്റെപേരിലും, സഭയുടെപേരിലും ഞാനറിയിക്കുന്നു.

കാലോചിതമായി വചനാധിഷ്ഠിത സാക്ഷ്യജീവിതം നയിക്കുവാൻ നമ്മുടെ കുടുംബങ്ങളെ സ്നേഹത്തിൽ പ്രാപ്തരാക്കുക എന്നതാണ് ഇടയശുശ്രൂഷയിലെ എന്റെ പ്രഥമ ലക്ഷ്യം. കാരണം, സമൂഹത്തിന്റെയും, സഭയുടെയും ചെറുപതിപ്പായ കുടുംബബന്ധങ്ങൾ ഊഷ്മളവും, പരസ്നേഹാധിഷ്ഠിതവുമായാൽ പ്രവർത്തിക്കാൻ എളുപ്പമാണ്. ഇടവകയുടെയും സഭാസംഘടനയുടെയുമെല്ലാം അംഗങ്ങൾ ഓരോരോ കുടുംബങ്ങളിൽനിന്നുമാണ് വരുന്നത്. പരിശുദ്ധവും നിസ്വാർത്ഥവുമായ കുടുംബാന്തരീക്ഷത്തിൽനിന്നുമാത്രമേ നല്ല ദൈവവിളികളും നല്ല ഇടവകസമൂഹങ്ങളും ഉണ്ടാവുകയുള്ളൂ. അതിനാൽ ആദ്യം നല്ല വയലുകളായി കുടുംബങ്ങൾ ഒരുക്കപ്പെടണം. ഓരോ കുടുംബവും ഓരോ കൊച്ചു പള്ളിയാകണം. അവിടെനിന്നു മാത്രമേ അൻപതും അറുപതും നൂറുംമേനി ഫലങ്ങൾ പുറപ്പെടുകയുള്ളൂ. ചുരുക്കിപറഞ്ഞാൽ **'കൃപനിറയുന്ന കുടുംബങ്ങൾ'** നമുക്കുണ്ടാകണം. രണ്ടാമതായി പൊതുസമൂഹ നിർമിതിയിൽ നമ്മുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. അതിന് കൂട്ടായ ആലോചനകളും തീരുമാനങ്ങളും കൈക്കൊള്ളേണ്ടതുണ്ട്. മൂന്നാമതായി പുതിയ മിഷൻ പ്രവർത്തനങ്ങളും, മിഷൻ പ്രദേശങ്ങളും കണ്ടെത്തി നമ്മുടെ സഭാപ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും പുനരൈക്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യണം. സഭൈക്യത്തിന്റെ സംഗമ ഭൂമികയാണ് നമ്മുടെ ഭദ്രാസനം. ഈ വിഷയത്തിൽ നിരന്തരമായ പ്രാർത്ഥനയും ജാഗ്രതയും സഭാമക്കൾക്ക് ഉണ്ടാകണം. ഇതിനെല്ലാം, ഏറെ മുന്നൊരുക്കങ്ങളും പ്രാപ്തരായ വ്യക്തിത്വങ്ങളും അനുഗുണമായ വിഭവശേഷിയും നമുക്കേറെ ആവശ്യമുണ്ട്. വൈദികരുടെ കൂട്ടായ്മയും സമർപ്പണസാക്ഷ്യവും വലിയ മുന്നേറ്റങ്ങൾക്ക് വഴി തുറക്കും. 'മനസുണ്ടെങ്കിൽ മാർഗവുമുണ്ടാകും' എന്ന തത്വം നമുക്ക് മറക്കാതിരിക്കാം. കഠിനാധ്വാനത്തിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും മാത്രമേ നമുക്ക് വളരാൻ സാധിക്കുകയുള്ളൂ. നമ്മുടെ സഭയുടെ കഴിഞ്ഞ 89 വർഷത്തെ വളർച്ച അതാണ് നമ്മെ പഠിപ്പിക്കുന്നത്.

നമ്മുടെ ഭദ്രാസനത്തിന്റെ ശുശ്രൂഷ ഏറ്റെടുക്കുന്നതിൽ എനിക്കേറെ അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. കോ-അഡ്ജുത്തോർ ബിഷപ്പായുള്ള കഴിഞ്ഞ ഒരു വർഷക്കാലത്തെ എന്റെ ജീവിതം നമ്മുടെ ഭദ്രാസനത്തെ കൂടുതൽ അടുത്തറിയുന്നതിന് എനിക്ക് സഹായകമായി. ആത്മാർത്ഥമായി ശുശ്രൂഷാമണ്ഡലങ്ങളിൽ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള നമ്മുടെ വൈദിക-സന്യസ്തകൂട്ടായ്മയും, സഭയെയും, സഭാപിതാക്കന്മാരെയും സ്നേഹിക്കുകയും, കരുതുകയും, നിസ്വാർത്ഥസേവനം നിർവഹിക്കുകയും ചെയ്യുന്ന കുട്ടികളും യുവജനങ്ങളും അടങ്ങുന്ന അല്മായസമൂഹവും നമ്മുടെ ഭദ്രാസനത്തിന്റെ വലിയ സമ്പത്തായി ഞാൻ കരുതുന്നു. മൂവാറ്റുപുഴ മുതൽ പൊള്ളാച്ചിവരെ നീണ്ടുകിടക്കുന്ന നമ്മുടെ ഭദ്രാസനത്തിൽ ഏറെ മുന്നേറ്റങ്ങൾ നമുക്കൊരുമിച്ച് നടത്തേണ്ടതുണ്ട്. കാലത്തിനനുസൃതമായ അനേകം വെല്ലുവിളികൾ നമുക്ക് ചുറ്റുമുണ്ട്. വെല്ലുവിളികൾ നമ്മളെ കൂടുതൽ പ്രവർത്തനസജ്ജരാക്കുന്നതിനുവേണ്ടിയാണ്. നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ ആത്മാർത്ഥതയും, ദൈവാഭിമുഖ്യവും ഉള്ളതായിത്തീരണം എന്ന് അത് നമ്മെ ഓർമ്മപ്പെടുത്തുന്നു.

യേശുക്രിസ്തുവിൽ ഏറ്റം പ്രിയമുള്ളവരേ നിങ്ങളാണ് എന്റെ കരുത്തും, കൈയ്യും, കാലും, കണ്ണും, കാതും. നിങ്ങളിലൂടെയാണ് ഞാൻ പ്രവർത്തിക്കേണ്ടത്. 'ദൈവകാരുണ്യം സർവപ്രധാനമായി' കരുതി ദൈവികമായ ഈ ശുശ്രൂഷ നമുക്കൊരുമിച്ച് ചെയ്യാം. സ്വീകരണ ചടങ്ങുകളും ആർഭാടങ്ങളും

മാറ്റിവച്ച് പാവപ്പെട്ടവരിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. വചനത്തിന്റെ നിറവിൽ പ്രകൃതിയെ പെറ്റമ്മ യായും പോറ്റമ്മയായും കണ്ട് അതിന്റെ സംരക്ഷകരാകാം. നമ്മുടെ ഭദ്രാസനത്തിൽനിന്ന് വൈദികാ ന്തസിലേക്കും, സന്യാസ ജീവിതത്തിലേക്കും നല്ല ദൈവവിളികൾ ഉണ്ടാകുവാൻ വിളവിന്റെ നാഥ നോട് നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം. മൺമറഞ്ഞ നമ്മുടെ സഭയുടെ പൂർവസൂരികളുടെ മാധ്യസ്ഥവും പരേതരായ നമ്മുടെ വൈദികരുടെയും വിശ്വാസികളുടെയും പ്രാർത്ഥനകളും അതിന് നമ്മെ ശക്തി പ്പെടുത്തട്ടെ.

ആയത് ദൈവമാതാവും നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയുമായ പരിശുദ്ധ കന്യകാ മറിയത്തിന്റെയും, ഭാരതത്തിന്റെ അപ്പസ്തോലൻ മാർ തോമാശ്ലീഹായുടെയും, സകല പരിശുദ്ധരുടെ യും, ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെയും മാദ്ധ്യസ്ഥം നമുക്ക് കോട്ട യായിരിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+ Mar Theodosius

✠ **യൂഹാനോൻ മാർ തെയഡോഷ്യസ്**

മൂവാറ്റുപുഴ ഭദ്രാസനമെത്രാപ്പോലിത്താ

18.06.2019,

മൂവാറ്റുപുഴ അരമന.

# സഭാതല വാർത്തകൾ

## ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ് കാലംചെയ്തു

തിരുവല്ലാ അതിഭദ്രാസനത്തിന്റെ അഞ്ചാമത്തെ അദ്ധ്യക്ഷനും മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ സീനിയർ മെത്രാപ്പോലിത്തായുമായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ് 2019 ജൂൺ 4-ന് സ്വർഗീയഭവനത്തിലേക്ക് യാത്രയായി. 6ന് സെന്റ് ജോൺസ് മെട്രോപ്പോലിത്തൻ കത്തീഡ്രലിൽ വച്ചു നടന്ന കബറടക്ക ശുശ്രൂഷയ്ക്ക് സഭയുടെ തലവനും പിതാവുമായ മോറാൻമോർ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു.

## പത്തനംതിട്ട ഭദ്രാസന അദ്ധ്യക്ഷനായി മാർ ഐറേനിയോസ് പിതാവിന്റെ സ്ഥാനാരോഹണം

പത്തനംതിട്ട ഭദ്രാസനത്തിന്റെ പുതിയ അദ്ധ്യക്ഷനായി അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെ സ്ഥാനാരോഹണം 2019 ജൂൺ 8-ാം തീയതി മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിൽ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽവച്ച് നടത്തപ്പെട്ടു. രാവിലെ 8 മണിക്ക് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. അതിനെ തുടർന്നായിരുന്നു സ്ഥാനാരോഹണ ശുശ്രൂഷകൾ.

## സഭാതലസുവിശേഷസംഘം

സഭാതല സുവിശേഷസംഘത്തിന്റെ ആറാം ബാച്ചിന്റെ അവസാന പരിശീലനപരിപാടി 2019 മെയ് 2, 3, 4 തീയതികളിൽ തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി, ബഹു. ഫാ. ആന്റണി കാക്കനാട്ട്, ബഹു. ഫാ. ആന്റണി കല്ലിൽ എന്നിവർ ക്ലാസുകൾ നയിച്ചു. വിവിധ ഭദ്രാസനങ്ങളിൽനിന്നും 55 പേർ ഇതിൽ പങ്കെടുത്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭാതല സുവിശേഷസംഘത്തിന്റെ 7-ാം ബാച്ചിന്റെ മൂന്നാമത്തെ പരിശീലന പരിപാടി 2019 ജൂൺ 20, 21, 22 തീയതികളിൽ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടത്തപ്പെട്ടു. വിവിധ ഭദ്രാസനങ്ങളിൽനിന്നും 70 പേർ ഇതിൽ സംബന്ധിച്ചു.

## സഭാതലസുവിശേഷസംഘം-മഹാസംഗമം

സുവിശേഷസംഘം സഭാതലത്തിൽ പരിശീലനംനേടി കൈവയ്പ് സ്വീകരിച്ച അംഗങ്ങളുടെ മഹാസംഗമം 2019 മെയ് 18-ാം തീയതി തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി, ബഹു. ഫാ. ആന്റണി കാക്കനാട്ട്, ബഹു. ഫാ. ആന്റണി കല്ലിൽ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി. വിവിധ ഭദ്രാസനങ്ങളിൽനിന്നും 150-ഓളം പേർ ഇതിൽ സംബന്ധിച്ചു.

## ഓറിയന്റേഷൻ പ്രോഗ്രാം

തിരുവനന്തപുരം സെന്റ് മേരീസ് മേജർ സെമിനാരിയിലെ ഒന്നാം വർഷ ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ പ്രോഗ്രാം 2019 ജൂൺ 3 മുതൽ 8 വരെയുള്ള തീയതികളിൽ തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടത്തപ്പെട്ടു. വിവിധ ഭദ്രാസനങ്ങളിൽ നിന്നും 36 വൈദിക വിദ്യാർത്ഥികൾ സംബന്ധിച്ചു.

■

# ഭദ്രാസന വാർത്തകൾ

## മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷനായി ബിഷപ്പ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് സ്ഥാനമേറ്റു

പ്രാർത്ഥനാ ചൈതന്യം നിറഞ്ഞുനിന്ന മൂവാറ്റുപുഴ കത്തീഡ്രലിൽ ആയിരക്കണക്കിന് വിശ്വാസ സമൂഹത്തെ സാക്ഷി നിർത്തി ബിഷപ്പ് ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷനായി സ്ഥാനമേറ്റു. അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി. കുർബ്ബാനക്കുശേഷം നടന്ന സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്ക ബാവ മുഖ്യകാർമ്മികത്വം വഹിച്ചു. തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ്, ബിഷപ്പ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ബിഷപ്പ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം, ബിഷപ്പ് ഡോ. ജോസഫ് മാർ തോമസ്, ബിഷപ്പ് ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ്, ബിഷപ്പ് ഡോ. സാമുവേൽ മാർ ഐറേനിയോസ്, ബിഷപ്പ് ഡോ. തോമസ് മാർ അന്തോണിയോസ്, പുനലൂർ ബിഷപ്പ് ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ, കാഞ്ഞിരപ്പിള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ, സഹായ മെത്രാൻ മാർ ജോസ് പുളിക്കൻ, കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ, ആലപ്പുഴ സഹായമെത്രാൻ മാർ ജെയിംസ് ആനാപറമ്പിൽ, വിജയപുരം രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ തെക്കേത്തെച്ചേരിൽ, പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ്പ് തോമസ് ചക്യത്ത്, തൃശൂർ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ സഹകാർമ്മികരായിരുന്നു. യാക്കോബായ സഭാ ബിഷപ്പുമാരായ കുര്യാക്കോസ് മാർ തെയോഫിലോസ്, എബ്രഹാം മാർ സേവേറിയോസ്, ഓർത്തഡോക്സ് സഭ കണ്ടനാട് മെത്രാപ്പോലീത്ത തോമസ് മാർ അത്തനാസിയോസ് എന്നിവർ ശുശ്രൂഷകളിൽ പങ്കുചേർന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് മെത്രാപ്പോലീത്തായെ രൂപതാദ്ധ്യക്ഷ സ്ഥാനത്തേക്ക് നിയോഗിച്ചുകൊണ്ടുള്ള മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയുടെ നിയമനകല്പന, എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയുമായ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനി വായിച്ചു. അഭിനവ മെത്രാപ്പോലീത്ത സിംഹാസനത്തിലിരുന്ന് 'ഞാൻ നല്ല ഇടയനാകുന്നു' എന്ന വചനഭാഗമെടുത്ത് ഏവൻഗേലിയോൻ വായിച്ചു. തുടർന്ന് സിംഹാസനത്തിലിരുന്ന മെത്രാപ്പോലീത്തായെ ഏഴ് വൈദികർ ചേർന്ന് ഉയർത്തുകയും യോഗ്യൻ എന്നർത്ഥമുള്ള 'ഓക്സിയോസ്' ചൊല്ലിയപ്പോൾ വിശ്വാസ സമൂഹം അത് ഏറ്റുപറയുകയും ചെയ്തു. മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റ മെത്രാപ്പോലീത്ത കാതോലിക്കാ ബാവയോട് വിധേയത്വംപ്രഖ്യാപിച്ചുകൊണ്ട് കൈ ചുംബിക്കുകയും സഹമെത്രാപ്പോലീത്തമാർക്ക് സ്നേഹചുംബനം നൽകുകയും ചെയ്തു. തുടർന്ന് വൈദിക, സന്യാസ, സന്യാസിനി, അല്മായ, യുവജന, വിദ്യാർത്ഥി പ്രതിനിധികൾ പുതിയ ഭദ്രാസന മെത്രാപ്പോലീത്തായുടെ കരങ്ങൾ ചുംബിച്ചുകൊണ്ട് വിധേയത്വം പ്രകടിപ്പിച്ചു. പുതിയ മെത്രാപ്പോലീത്ത, കാതോലിക്ക ബാവയോടും സഹമെത്രാപ്പോലീത്തമാരോടും ചേർന്ന് വിശ്വാസ സമൂഹത്തിന് ശ്ലൈഹീക വാഴ്‌വ് നൽകിയതോടെ ശുശ്രൂഷ സമാപിച്ചു. സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് മുവാറ്റുപുഴ ഭദ്രാസനത്തിൽ നിന്നും സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും വിവിധ സഭകളിൽ നിന്നും മെത്രാപ്പോലീത്തമാരും വൈദികരും സന്യസ്തരും അല്മായരും ഉൾപ്പടെ ആയിരക്കണക്കിനാളുകൾ പങ്കെടുത്തു.

## മലങ്കര കത്തോലിക്ക സഭയിലെ മെത്രാപ്പോലീത്തമാർ പണ്ഡിതരും വിശുദ്ധരും

മലങ്കര കത്തോലിക്ക സഭയിലെ മെത്രാപ്പോലീത്തമാർ പണ്ഡിതരും അവരുടെ വിശുദ്ധമായ ജീവിതവും സഭാശുശ്രൂഷയുടെ സമർപ്പണവും എക്കാലവും മാതൃകയും പ്രചോദനകരവുമാ

ണെന്നും സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. സുന്ത്രോണീസോ ശുശ്രൂഷയെ തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുസമ്മേളനത്തിന് മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ അദ്ധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴ രൂപതയുടെ സർവ്വോന്മുഖമായ വളർച്ചക്കും മൂവാറ്റുപുഴ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനും രൂപതയുടെ ഉത്തരവാദിത്വം നിറവേറ്റാൻ പുതിയ മെത്രാപ്പോലീത്തക്ക് സാധിക്കട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. സാമൂഹ്യ പ്രവർത്തനങ്ങളിൽ മലങ്കര സഭയുടെ പ്രവർത്തനങ്ങളോട് ചേർന്ന് സ്വന്തം മണ്ഡലം കൂടി ഉൾപ്പെടുന്നുവെന്നത് അഭിമാനകരമാണെന്ന് ആശംസാ സന്ദേശത്തിൽ ഇടുക്കി എം.പി. ഡീൻ കുര്യാക്കോസ് അഭിപ്രായപ്പെട്ടു. ഓർത്തഡോക്സ് സഭ കണ്ടനാട് മെത്രാപ്പോലീത്ത തോമസ് മാർ അത്തനാസിയോസ്, യാക്കോബായ സഭ സെമിനാരി മെത്രാപ്പോലീത്ത കുര്യാക്കോസ് മാർ തെയോഫിലോസ്, ബഥനി സുപ്പീരിയർ ജനറൽ ഫാ. ജോസ് കുരുവിള ഒ.ഐ.സി., ബഥനി സന്യാസിനി പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഗ്ലാഡിസ് എസ്.ഐ.സി., രൂപതാ വികാരി ജനറൽ ഫാ. വർഗ്ഗീസ് കുന്നുംപുറം, ഫാ. ചെറിയാൻ ചെന്നിക്കര, പാസ്റ്റർ കൗൺസിൽ സെക്രട്ടറി വി.സി. ജോർജ്ജുകുട്ടി എന്നിവർ ആശംസകൾ നേർന്നു.

## വൈദികപട്ടം സ്വീകരിച്ചു

മൂവറ്റുപുഴ ഭദ്രാസനത്തിനുവേണ്ടി 2019 ഏപ്രിൽ 23-ാം തീയതി ബഹു. ഡീക്കൻ ജോസഫ് കുടിലിലും ബഹു. ഡീക്കൻ ജോർജ് അറയ്ക്കമ്യാലിലും അഭിവന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായിൽ നിന്നും അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ വൈദികപട്ടം സ്വികരിച്ചു. ബഹു. ജോസഫ് അച്ചൻ ഏപ്രിൽ 24ന് ഓണക്കൂറിലും ബഹു. ജോർജ്ജ് അച്ചൻ ഏപ്രിൽ 26ന് നീറാമുകളും പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

## ജൂലിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

റോമിലെ വിശുദ്ധ ജൂലിയോസ് പാപ്പായുടെ നാമം സ്വീകരിച്ചിരിക്കുന്ന അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലിത്തായുടെ നാമഹേതുക തിരുനാൾ ഏപ്രിൽ 30ന് കത്തീഡ്രൽ ദേവാലയത്തിൽവച്ച് ആഘോഷിച്ചു. അഭിവന്ദ്യ ജൂലിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ സമൂഹബലിയും തുടർന്ന് അനുമോദന സമ്മേളനവും നടന്നു. അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്ത ആശംസകൾ നേർന്ന് സംസാരിച്ചു. മൂവാറ്റുപുഴ എം.എൽ.എ. എൽദോ ഏബ്രഹാം, മുൻ എം.പി. ശ്രീ. ഫ്രാൻസിസ് ജോർജ്ജ്, മുൻ എം.എൽ.എ. ശ്രീ. ജോണി നെല്ലൂർ എന്നിവർ സന്നിഹിതരായിരുന്നു.

## വൈദികരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും സംയുക്ത യോഗം നടന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിന്റെ സ്ഥാനാരോഹണത്തെക്കുറിച്ചും. അഭിവനന്ദ്യ ഏബ്രഹാം മാർ ജൂലിയോസ് പിതാവിന്റെ യാത്രയയപ്പിനെക്കുറിച്ചും ആലോചിക്കുന്നതിനായി ബഹുമാനപ്പെട്ട വൈദികരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും ഒരു സംയുക്ത യോഗം ഏപ്രിൽ 30ന് ഉച്ചയ്ക്ക് 2 മണിക്ക് മൂവാറ്റുപുഴ ഭദ്രാസന കാര്യാലയത്തിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ സ്ഥാനാരോഹണത്തിന്റെയും യാത്രയയപ്പിന്റെയും ചടങ്ങുകൾ ഹൃദ്യവും ലളിതവുമായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ചടങ്ങുകളുടെ നടത്തിപ്പിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കമ്മിറ്റിയുടെ ജനറൽ കൺവീനറായി മോൺ. റവ. ഫാ. വർഗീസ് കുന്നുംപുറത്തെയും ജനറൽ സെക്രട്ടറിയായി പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. വി.സി. ജോർജ്ജ്കുട്ടിയെയും യോഗം തെരഞ്ഞെടുത്തു. തുടർന്ന് 17 വിവിധ കമ്മിറ്റികളിലേക്ക് ചെയർമാൻമാരെയും കൺവീനർമാരെയും അംഗങ്ങളെയും തെരഞ്ഞെടുത്തു. വിവിധ കമ്മിറ്റികളുടെയും അതിലെ അംഗങ്ങളുടെയും ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു.

## STEERING COMMITTEE

| Sl.No. | Committee | Designation | Name |
|---|---|---|---|
| 1 | | Patron | Most Rev. Dr. Abraham Mar Julios |
| 2 | | Co- Patron | Most Rev. Dr. Yoohanon Mar Theodosius |
| 3 | | Gen. Convenor | V. Rev. Msgr. Varghese Kunnumpuram |
| 4 | | Gen.Secretary | V C Georgekutty |
| 5 | Members | | V. Rev Dr. Jose Mariadas OIC |
| 6 | | | Rev. Mother Little Flower SIC |
| 7 | | | Rev. Mother Gladis SIC |
| 8 | | | V. Rev. Fr. Kuriakose Mulakukodiyil |
| 9 | Finance | Chairman | V. Rev. Fr. Kuriakose Nellattu |
| 10 | | Convenor | K M Philip Kadavil |
